# യഥാസ്ഥാനപ്പെടുവിൻ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# യഥാസ്ഥാനപ്പെടുവിൻ

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Binu Varghese, Dentcare

●

Printed at
Sterling Print House, Cochin - 682 041

●

Price: ` 70

●

All rights reserved with the publisher

# ആമുഖം

നമുക്ക് ജീവിതവിജയം നേടണമെന്നുണ്ട്. അതിന് നാം ഒരളവിൽ പരിശ്രമിക്കുന്നുണ്ട്. ഒരു കാലത്തുണ്ടായിരുന്ന സ്നേഹസൗഭാഗ്യങ്ങളിലേക്ക് നമുക്ക് മടങ്ങി എത്തണമെന്നു മുണ്ട്. നഷ്ടപ്പെട്ടുപോയ നല്ല കാലത്തേക്ക് തിരിച്ചുവരുവാൻ ആഗ്രഹിക്കുന്നവരാണ് നമ്മിൽ പലരും. അതിനുള്ള നേർവഴി വരച്ചുതരിക എന്നതാണ് 'യഥാസ്ഥാനപ്പെടുവിൻ' എന്ന ഈ ഗ്രന്ഥം.

"With patience, persistence and perseverance, you can overcome mountains" എന്നാണ് മഹാത്മാഗാന്ധി പറഞ്ഞിട്ടു ള്ളത്. ക്ഷമയും ശുഭാപ്തിവിശ്വാസവും സഹിഷ്ണുത മുറ്റിയ ആഗ്രഹവും ഉണ്ടെങ്കിൽ നിങ്ങൾക്ക് ഗിരിശൃംഗമായ വിഘ്ന ങ്ങളെ മറികടക്കാൻ പറ്റും.

ജീവിതത്തിൽ തടസ്സങ്ങളുണ്ട്. ഒരിക്കൽ ഡോ. സുകു മാർ അഴീക്കോട് ക്ലാസ്സിൽ ഞങ്ങളോടു പറഞ്ഞു: "മഹാമേരു പോലെ ഉയർന്നു നിൽക്കുന്ന മാർഗ്ഗവിഘ്നങ്ങളെ കണ്ട് നിങ്ങൾ ഭയന്നോ ചാഞ്ചല്യമാർന്നോ നിൽക്കരുത്. 'വരുവിൻ, എന്നെ കീഴടക്കുവിൻ' എന്ന് പർവ്വതം നിങ്ങളെ മാടി വിളിക്കുന്നു."

നഷ്ടസൗഭാഗ്യങ്ങളെ തിരികെ കിട്ടാനുള്ള യത്നത്തിൽ പരാജയപ്പെടുന്നവർക്ക് പ്രത്യാശ പകരുന്നവയാണ് യേശുക്രി സ്തുവിന്റെ വചനങ്ങൾ. "ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്ക;" "നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുന്നതെന്തിന്?" "എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് ആശ്വാസം നൽകും" (I will give you rest) എന്നിങ്ങനെ പ്രോത്സാഹന

ത്തിന്റെ വചനം പറഞ്ഞ് യേശുക്രിസ്തു ജനകോടികളെ സാന്ത്വനപ്പെടുത്തി.

ശ്രീ രാമകൃഷ്ണപരമഹംസരുടെ ശിഷ്യനായിരുന്ന സ്വാമി വിവേകാനന്ദൻ പറഞ്ഞു: "യേശുവിന്റെ കാലത്ത് ഞാൻ ജീവിച്ചിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ കാൽ കഴുകുമായിരുന്നു; കണ്ണീരുകൊണ്ടല്ല, എന്റെ ഹൃദയരക്തം കൊണ്ട്."

യേശുക്രിസ്തുവിന്റെ വചനം ജീവദായകമാണ്; ആശ്വാസമേകുന്നതാണ്. കഴിഞ്ഞ ഇരുപത്തൊന്നു നൂറ്റാണ്ടുകളായി എത്രയെത്ര ദു:ഖിതരെയാണ് ആ വചനം സമാധാനപ്പെടുത്തിയത്.

"Impossibility is the word that is found in the dictionary of fools" (അസാദ്ധ്യമെന്ന വാക്ക് വിഡ്ഢികളുടെ നിഘണ്ടുവിൽ മാത്രമേ കാണുകയുള്ളൂ) എന്ന് പറഞ്ഞ നെപ്പോളിയൻ ബോണപ്പാർട്ട് ഒരു കാലത്ത് 'യൂറോപ്പിലെ സിംഹം' എന്ന് അറിയപ്പെട്ടിരുന്നു. എന്നാൽ വാട്ടർലൂ യുദ്ധത്തിൽ പരാജയപ്പെട്ട് 1815-ൽ അദ്ദേഹം സെന്റ് ഹെലീനാ ദ്വീപിൽ നാടുകടത്തപ്പെട്ടു കഴിയുമ്പോൾ ശൂന്യതയിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു: "അലക്സാണ്ടർ ഗ്രീക്കു സാമ്രാജ്യം സ്ഥാപിച്ചു; സീസർ റോമൻ സാമ്രാജ്യം സ്ഥാപിച്ചു; ഞാനും സ്ഥാപിച്ചു ഒരു സാമ്രാജ്യം-ഫ്രഞ്ചുസാമ്രാജ്യം. എന്നാൽ ഈ സാമ്രാജ്യങ്ങളെല്ലാം തകർന്നു. ക്രിസ്തു മനുഷ്യഹൃദയങ്ങളിൽ സ്ഥാപിച്ച സ്നേഹത്തിന്റെ സാമ്രാജ്യം ഇന്നും നിലനില്ക്കുന്നു. അല്ലയോ ഗലീലക്കാരാ, അവിടുന്നത്രേ ജേതാവ്. അവിടുത്തെ സാമ്രാജ്യം എക്കാലത്തും നിലനില്ക്കും." ("Oh, Galilean, thou hast won.")

ക്രിസ്തുവിനെ വിളിച്ചാൽ നഷ്ടസൗഭാഗ്യങ്ങൾ നേടിയെടുക്കാം. ജയജീവിതം സ്വായത്തമാക്കാം. പിന്നിട്ട വഴികളിലേക്ക് നോക്കി നിരാശപ്പെടാതെ മുന്നോട്ടു പ്രത്യാശയോടെ മുന്നേറുക. അതാണ് സെന്റ് പോൾ പറഞ്ഞത്.

*“ലഭിച്ചുകഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തു യേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവച്ച് പിന്തുടരുന്നതേയുള്ളൂ. സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്ന് നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന്ന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൻ ദൈവത്തിന്റെ പരമ വിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു.”*

*ഫിലിപ്പിയർ 3 : 12 – 14*

അതിനെന്താണ് ചെയ്യേണ്ടത്? നാം ദിനംപ്രതി നമ്മെ ത്തന്നെ ശോധനചെയ്ത്, നമ്മുടെ നിരൂപണങ്ങൾ, മനോഭാവ ങ്ങൾ, actions മാത്രമല്ല reactions, ഉൾത്തട്ടിലമർന്നുകിടക്കുന്ന പാപത്തിന്റെ വാസനകൾ, നമ്മുടെ ലക്ഷ്യങ്ങൾ എല്ലാം ശോധ നചെയ്ത് തിരുത്തി തിരുത്തിപ്പോകേണ്ടതാണ്. “The unexamined life is not worth living” എന്ന് സോക്രട്ടീസ് പറഞ്ഞി ട്ടുള്ളത് ഓർക്കുക.

പഴയകാല വീഴ്ചയിൽനിന്നും പരാജയങ്ങളിൽനിന്നും പാഠങ്ങൾ പഠിക്കുക. നവോന്മേഷത്തോടെ ലാക്കിലേക്ക് കുതി ക്കുക. തളരാതെ, മനം പതറാതെ മുന്നേറുക.

അതിന് ഈ ഗ്രന്ഥം നിങ്ങളെ സഹായിക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു, ആശംസിക്കുന്നു. ഇതിന്റെ പ്രകാശന ത്തിന്റെ പിന്നിൽ പ്രവർത്തിച്ച സ്നേഹോഷ്മളകരങ്ങളെ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു.

ഏവർക്കും യഥാസ്ഥാനപ്പെടുവാനുള്ള സൗഭാഗ്യം സംപ്രാപ്തമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

നിങ്ങളുടെ സ്വന്തം,

**യോഹന്നാൻ സാർ.**

## ഒന്ന്

*"തീർച്ചയ്ക്ക്, സഹോദരന്മാരേ, സന്തോഷിപ്പിൻ; യഥാസ്ഥാനപ്പെടുവിൻ; ആശ്വസിച്ചുകൊൾവിൻ; ഏകമനസ്സുള്ളവരാകുവിൻ; സമാധാനത്തോടെ ഇരിപ്പിൻ; എന്നാൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം നിങ്ങളോടുകൂടെ ഇരിക്കും. വിശുദ്ധചുംബനംകൊണ്ട് അന്യോന്യം വന്ദനം ചെയ്വിൻ."* *2 കൊരിന്ത്യർ 13 : 11, 12*

അപ്പൊസ്തലനായ പൗലോസ്, കൊരിന്തിലുള്ള ദൈവമക്കളെ പ്രബോധിപ്പിക്കുന്ന ഒടുവിലത്തെ പ്രബോധന വാക്യങ്ങളാണിത്. കൊരിന്ത്യർക്കുള്ള രണ്ടാമത്തെ ലേഖനത്തിൽ കൊരിന്ത്യസഭയിലുള്ള ചില അരുതായ്കകളെ അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. സഭകളിൽ അംഗസംഖ്യ വർദ്ധിക്കുന്തോറും ദൈവികമല്ലാത്ത ചില അനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും കടന്നുവരാറുണ്ട്.

പലതരത്തിലുള്ള ആളുകൾ കൂടിച്ചേർന്ന് വരുമ്പോൾ പരസ്പരമുള്ള ഈർഷ്യ, പിണക്കം, അസൂയ, ചിലപ്പോൾ ദൈവവേലയിൽ പോലും അസൂയ, കൃപാവരങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള അവരുടെ തെറ്റായ ധാരണകൾ, അതെല്ലാം കൊരിന്ത്യസഭയിൽ ഉണ്ടായിരുന്നു.

കൊരിന്ത്യർക്കെഴുതിയ ഒന്നാമത്തെ ലേഖനത്തിൽ ആത്മാവിന്റെ കൃപാവരങ്ങളെക്കുറിച്ച് അപ്പൊസ്തലൻ പറയുന്നുണ്ട്. വിവേചനവരം, വെളിപ്പാടുകൾ, ദർശനങ്ങൾ, രോഗശാന്തിവരം, ഭൂതങ്ങളുടെമേൽ അധികാരം എന്നിങ്ങനെ

യുള്ള അനേകം ആത്മീയവരങ്ങൾ! ഏതെങ്കിലും കൃപാവരമുള്ളവർ ഏറ്റവും വിനയത്തോടെയും അവർക്ക് ഏതെങ്കിലും പ്രത്യേകതയുണ്ടെന്ന് ഭാവിക്കാതെ വളരെ സൗമ്യതയോടെയും ഇരിക്കണമെന്ന് അപ്പൊസ്തലൻ പറയുന്നുണ്ട്. ആത്മീയ വരങ്ങൾ ഉപയോഗിക്കുന്നത് വളരെ കരുതലോടെ വേണമെന്ന് അപ്പൊസ്തലൻ ഊന്നിപ്പറയുന്നു.

കൊരിന്ത്യയിലെ വിശ്വാസികൾക്കുണ്ടായ വേറെ ഒരു വലിയ പ്രയാസം അവർ തമ്മിലുള്ള ഇണക്കക്കുറവാണ്. "നിങ്ങളിൽ ഈർഷ്യയും പിണക്കവും ഇരിക്കെ നിങ്ങൾ ശേഷം മനുഷ്യരെപ്പോലെ അല്ലയോ" എന്ന് അപ്പൊസ്തലൻ അവരെ ചോദ്യം ചെയ്യുന്നു.

ചിലർ പൗലോസിന്റെ പക്ഷക്കാരെന്ന് പറയുന്നു. ചിലർ കേഫാവിന്റെ പക്ഷക്കാരെന്ന് പറയുന്നു. ചിലർ അപ്പല്ലോസിന്റെ പക്ഷക്കാരെന്ന് പറയുന്നു. അങ്ങനെ പക്ഷം തിരിഞ്ഞുള്ള കിടമത്സരങ്ങൾ ഒന്നാം നൂറ്റാണ്ടിൽത്തന്നെ സഭയിൽ ഉണ്ടായിരുന്നു.

കൊരിന്ത് അന്നത്തെ മുഖ്യ വ്യാപാരകേന്ദ്രമായിരുന്നു. അവിടെ അനേകർ ക്രിസ്തുവിശ്വാസത്തിലേക്ക് വന്നു. എന്നാൽ അപ്പൊസ്തലൻ ഈ ലേഖനം എഴുതുന്ന കാലമായപ്പോഴേക്കും വലിയൊരു കെടുതിയാണ് ആ സഭയ്ക്ക് സംഭവിച്ചത്. അവരുടെ ആദ്യവിശ്വാസം നഷ്ടപ്പെട്ടു. ആത്മീയമായ നിലവാരം ഇടിഞ്ഞുപോയി.

ആത്മീയത്തിൽ നല്ല കെട്ടുറപ്പുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ അവർ ആത്മീയത്തിൽ അധഃപതിച്ചുപോയി. കാരണം, പരസ്പരമുള്ള ഭിന്നാഭിപ്രായങ്ങൾ! ഓരോ വേദവാക്യം വച്ചുകൊണ്ട് അവർ മല്ലടിക്കുകയും പോരടിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതെല്ലാം അപ്പൊസ്തലന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു.

അപ്പൊസ്തലൻ ഒരു സമയത്ത് പറയുന്നുണ്ട്: "സകല

സഭകളേയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും എനിക്കുണ്ട്" (2 കൊരിന്ത്യർ 11 : 28) എന്ന്. അനേകംപേർ കൊരിന്ത്യസഭയിൽ വന്നു. പക്ഷേ, അവരെക്കുറിച്ച് അപ്പൊസ്തലൻ ചിന്താഭാരപ്പെടുകയാണ്. അവർ ആത്മീയമൂല്യം നഷ്ടപ്പെടുത്തിയാൽ അവർക്ക് ദൈവരാജ്യം കിട്ടുകയില്ലല്ലോ എന്ന ആത്മീയഭാരമാണ് അപ്പൊസ്തലന്. ഏതൊരു ഉദ്ദേശ്യത്തോടെ ക്രിസ്തുവിശ്വാസത്തിലേക്ക് വന്നുവോ അത് നഷ്ടപ്പെട്ടുപോകുന്നു.

കൊരിന്ത്യയിലെ വിശ്വാസികൾക്ക് ദൈവസന്നിധിയിൽ ഒരു മൂല്യബോധമുണ്ടായിരുന്നു; ഒരു നല്ല ആത്മീയനിലവാര മുണ്ടായിരുന്നു. കർത്താവ് അവരെ പ്രശംസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അവരുടെ ആത്മീയനിലവാരത്തെക്കുറിച്ച് കർത്താവിന് നല്ല അഭിപ്രായമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് നഷ്ടപ്പെടുത്തിക്കളഞ്ഞിരിക്കുന്നു.

ഇന്ന് അവർ കർത്താവിന്റെ വശത്തുനിന്ന് മാറി ശത്രുപക്ഷത്തേയ്ക്ക്, പൈശാചികന്റെ പക്ഷത്തേയ്ക്ക് മാറിപ്പോയിരിക്കുന്നു. വചനം കേട്ടവരാണ്, മാനസാന്തരം അനുഭവിച്ചവരാണ്, ദൈവവചനത്തിന്റെ മർമ്മം ഗ്രഹിച്ച വരാണ്, കൃപാവരങ്ങൾ പ്രാപിച്ചവരാണ്. അവരിൽ ചിലർ പ്രാർത്ഥിച്ചാൽ രോഗശാന്തി കിട്ടുമായിരുന്നു. അവരിൽ ചിലർ ദൈവത്തിന്റെ വചനം ഉദ്ധരിക്കുമ്പോൾ അവിടെ ആത്മാവ് വ്യാപരിച്ചിരുന്നു.

അവരിൽ ചിലർ ദൈവികമർമ്മങ്ങൾ പ്രസ്താവിക്കു മായിരുന്നു. എന്നാൽ ഇന്ന് ദൈവസന്നിധിയിലുള്ള പദവി പോയി. ആത്മികമൂല്യങ്ങൾ വിലയിടിഞ്ഞുപോയി. ആത്മീയമായ ശ്രേഷ്ഠതകളും നന്മകളും തകർന്നുപോയി. വളരെ ദയനീയമായ സ്ഥിതിയാണ് കൊരിന്ത്യസഭയ്ക്ക് വന്നത്.

അപ്പൊസ്തലൻ വളരെ വേദനയോടെയാണ് പറയുന്നത്:

ഇനി ഒരു പോംവഴിയേ ഉള്ളൂ. നിങ്ങൾ യഥാസ്ഥാനപ്പെടുവിൻ! നിങ്ങൾ എവിടെനിന്ന് മാറിപ്പോയോ, അവിടെ തിരികെ വരുവിൻ. നിങ്ങൾക്കുണ്ടായിരുന്ന അനുഗ്രഹങ്ങളെല്ലാം നഷ്ടപ്പെടുത്തിയെന്ന് നിങ്ങൾ തിരിച്ചറിയുവിൻ.

ഒരുകാലത്ത് നിങ്ങൾക്ക് ആത്മാവിന്റെ തീ ഉണ്ടായിരുന്നു. നിങ്ങൾ അന്ന് വിവിധ ഭാഷകളിൽ സംസാരിച്ചിരുന്നു. ദൂതന്മാരുടേയും മനുഷ്യരുടേയും ഭാഷകളിൽ സംസാരിച്ചിരുന്നു. ഭാഷാവരം കിട്ടിയിരുന്നു. വ്യാഖ്യാനവരം കിട്ടിയിരുന്നു. ഭൂതങ്ങളുടെമേൽ അധികാരം കിട്ടിയിരുന്നു. എല്ലാമുണ്ടായിരുന്നു. എന്നാൽ വ്യക്തിപരമായ ചില ലാഭങ്ങളായി മാത്രമേ അവർ അത് കണ്ടുള്ളൂ.

എന്റെ ചില നന്മകൾകൊണ്ടാണ് ഈ കൃപാവരം ലഭിച്ചത് എന്ന് അവർ അഭിമാനിച്ചു. ഒരാളെക്കണ്ടാൽ അവരുടെ ഉള്ളിൽ ദൈവത്തിന്റെ ആത്മാവാണോ അതോ ദുഷ്ടന്റെ ദുരാത്മാവാണോ എന്ന് തിരിച്ചറിയാനുള്ള വിവേചനം അവർക്കുണ്ടായിരുന്നു. അതെല്ലാം അവർ വളരെ അഭിമാനമായി കണ്ടു. അതിൽ അവർ പ്രശംസിച്ചു. അങ്ങനെ അവരുടെ ജീവിതത്തിൽ വളരെ തെറ്റുകൾ സംഭവിച്ചു.

നമ്മുടെ ജീവിതത്തിലേയ്ക്ക് തിരിഞ്ഞുനോക്കിയാൽ നമുക്ക് അനേകം കാര്യങ്ങൾ ഗ്രഹിക്കാൻ സാധിക്കും. യഥാസ്ഥാനപ്പെടേണ്ട ആവശ്യകതയെക്കുറിച്ച് മനസ്സിലാകും. നമുക്ക് ദൈവസന്നിധിയിൽ ഒരു അനുഗൃഹീതമായ സ്ഥാനം ഉണ്ടായിരുന്നു.

ദൈവം നമ്മെക്കുറിച്ച് അഭിമാനത്തോടെ മാലാഖമാരോട് സംസാരിക്കാറുണ്ടായിരുന്നു. “ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല” (എബ്രായർ 11 : 16) എന്ന് എബ്രായ ലേഖനത്തിൽ കർത്താവ് പറയുന്നു. ഇന്ന കൂട്ടായ്മയിലെ ദൈവമക്കളുടെ ദൈവം ആണ് ഞാനെന്ന് പറയാൻ കർത്താവിന് ലജ്ജയില്ലാത്ത ഒരു കാലമുണ്ടായിരുന്നു.

ഒരു കാലത്തുണ്ടായിരുന്ന ആത്മാവിന്റെ തീക്ഷ്ണത നമുക്കുണ്ടോ? ഇല്ല എന്നുള്ളതാണ് സത്യം. എന്നാൽ ഇന്ന് നമുക്ക് പറ്റിയിരിക്കുന്ന വലിയൊരു അപകടം നാം സ്വർഗ്ഗത്തോളം ഉയർന്നുപോയതുപോലെയുള്ള ഒരു ചിന്തയാണ്.

“നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളം വരെ താഴ്ന്നുപോകും” എന്ന് കർത്താവ് പറഞ്ഞു. കർത്താവിന്റെ വീര്യപ്രവൃത്തികൾ പലതും കഫർന്നഹൂമിൽ നടന്നു. അതുമൂലം അവർ അഭിമാനം കൊണ്ടു. ഞങ്ങളുടെ ദേശത്താണ് കർത്താവ് വന്നത്, ഞങ്ങളുടെ ദേശത്താണ് കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് എന്ന് അവർ അഭിമാനത്തോടെ പറഞ്ഞുകൊണ്ടിരുന്നു. കർത്താവ് തന്നെ അവരോട് പറഞ്ഞു: “നീ നിന്നിൽത്തന്നെ പ്രശംസിച്ച് ഉയർന്നിരിക്കുകയാണ്.”

നമ്മിൽ പലരും ആത്മീയ അഹങ്കാരമുള്ളവരാണ്. ഞങ്ങൾ സത്യവചനം കിട്ടുന്നവരാണ്, സത്യവചനം പറയുന്നവരാണ് എന്നൊരു തോന്നൽ നമുക്കുണ്ട്. എന്നാൽ ഇന്ന് ആത്മീയമായ മൂല്യങ്ങൾ, ആത്മീയമായ ശ്രേഷ്ഠതകൾ നഷ്ടപ്പെട്ടു പോയിരിക്കുന്നു. പ്രിയപ്പെട്ടവരേ, നിങ്ങൾക്കിത് തന്നെത്താൻ മനസ്സിലാക്കാൻ സാധിക്കുന്നുണ്ടോ?

ദൈവം നമ്മെ ആക്കിയ സ്ഥാനത്താണോ നാം നിൽക്കുന്നത്? ദൈവം ഓരോരുത്തർക്കും അർഹമായ സ്ഥാനങ്ങൾ തന്നിരുന്നു. അനുഗൃഹീതമായ പദവികൾ തന്നിരുന്നു. മാലാഖമാർക്ക് നാം പരിചിതരായിരുന്നു. സ്വർഗ്ഗത്തിലെ മാലാഖമാർ നമ്മെക്കുറിച്ച് സന്തോഷിച്ചിരുന്നു.

ഇന്നോ, നമ്മുടെ ജീവിതത്തിലെ പാപങ്ങൾ കണ്ടിട്ട്, അഹങ്കാരവും സ്വാർത്ഥതയും കണ്ടിട്ട്, സ്ഥാനമോഹവും ഇണക്കക്കുറവും പിണക്കവും കണ്ടിട്ട് ദൈവത്തിന്റെ മാലാഖമാർ പരസ്പരം കെട്ടിപ്പിടിച്ച് കരയുകയാണ്.

മാലാഖമാർ കരയാൻ കാരണം, ഉന്നതമായ ഒരു സ്ഥാനം

ഈ ദൈവദാസനു കിട്ടിയതായിരുന്നല്ലോ; പക്ഷേ, അവൻ ആ സ്ഥാനം നഷ്ടപ്പെടുത്തിയല്ലോ എന്നുള്ള വേദനകൊണ്ടാണ്. ഇന്ന് പലരും പല കക്ഷികളായി മാറുന്നു. ചിലർ ചില ദൈവമക്കളെ പൂജിക്കുന്നു. ചിലർ കുട്ടിദൈവമക്കളെ മനസ്സിൽ മെനഞ്ഞ് അവരെ പ്രസാദിപ്പിക്കാൻ നോക്കുന്നു.

അതെല്ലാം ഭോഷ്ക്കാണ്. അതെല്ലാം തിന്മയാണ്. ഒരു ദൈവപൈതലിനേയും നിങ്ങൾ പൂജിക്കരുത്. ഒരു ദൈവപൈതലിനേയും നിങ്ങൾ അമിതമായി ആദരിക്കുകയും വേണ്ട. പൂജിയ്ക്കാനും ആരാധിയ്ക്കാനും കർത്താവായ യേശുക്രിസ്തു ഉണ്ട്. ക്രിസ്തുമാത്രം! ഇടയൻ ക്രിസ്തുവാണ്. നായകൻ ക്രിസ്തുവാണ്. ക്രിസ്തു മാത്രമാണ് രക്ഷിതാവ്. ഇത് ഒരിക്കലും നമ്മുടെ ജീവിതത്തിൽ മറന്നുപോകരുത്.

കൂട്ടായ്മയിൽ ചിലർ ദൈവത്തെ കാണേണ്ടതിനു പകരം മനുഷ്യരെ കാണുന്നു. ഇന്ന് മനുഷ്യരുടെ അടുക്കലേക്ക് ആളുകൾ ഓടുകയാണ്. മനുഷ്യരുടെ അടുക്കൽ ചെന്ന് സങ്കടങ്ങൾ പറയുകയാണ്. അത് തെറ്റായ ഒരു പ്രവണതയാണ്.

നിങ്ങൾ പോകേണ്ടത് ക്രിസ്തുവിന്റെ പാദപീഠത്തിലേക്കാണ്. വചനം കേട്ടതിനുശേഷം നിങ്ങൾ തനിയെ ക്രിസ്തുവിന്റെ പാദപീഠത്തിൽ ഇരിക്കണം. നിങ്ങളെത്തന്നെ കാണണം. നിങ്ങളുടെ പാപങ്ങൾ ഓരോന്നോരോന്നായി കണ്ട് അത് ഏറ്റുപറഞ്ഞുപേക്ഷിച്ചിട്ട് കർത്താവേ, എന്നെ കൈക്കൊള്ളണമേ, എന്റെ പാപം ക്ഷമിക്കണമേ എന്നുപറഞ്ഞ് പ്രാർത്ഥിക്കണം.

ഇന്ന് അങ്ങനെയുള്ള അനുതാപം നമ്മുടെ ജീവിതത്തിൽ ഇല്ലാതെ പോയിരിക്കുന്നു. ഇന്ന് പലർക്കും അറിവുണ്ട്, പ്രസംഗിക്കുവാൻ വിഷയമുണ്ട്, പക്ഷേ, ജീവിതസാക്ഷ്യമില്ല.

“ഇപ്പോൾ പിടിച്ച മീനുകളിൽ ചിലത് കൊണ്ടുവരുവിൻ” (യോഹന്നാൻ 21 : 10) എന്ന് കർത്താവ് പറഞ്ഞു. എത്രപേർക്ക് ഇപ്പോൾ പിടിച്ച മീനുകൾ കൊണ്ടുവരാനുണ്ട്? ഇപ്പോൾ

പിടിച്ച മീനുകൾ എന്ന് പറഞ്ഞാൽ ഈയിടെ കിട്ടിയ അനുഭവങ്ങളാണ്. സാക്ഷ്യം പറയുന്നവർ വർഷങ്ങൾക്ക് മുമ്പ് കിട്ടിയ അനുഭവം പറയുന്നു. അത് വേണ്ട എന്നല്ല. എന്നാൽ പുതിയ അനുഭവങ്ങൾ പ്രാപിക്കേണ്ടിയിരിക്കുന്നു.

യഥാർത്ഥമായ അനുഭവം എന്താണ്? എന്റെ ജീവിതത്തിൽ ഇന്ന തെറ്റുണ്ട് എന്ന് കർത്താവ് എനിക്ക് കാണിച്ചുതന്നു. കർത്താവ് എനിക്ക് ശുദ്ധീകരണത്തിനുള്ള വാക്കുകൾ തന്നു. അതാണ് ശരിയായ സാക്ഷ്യവചനം. സാക്ഷ്യം പറയുക മാത്ര മല്ല നമ്മുടെ ജീവിതത്തിൽ വ്യക്തമായ സാക്ഷ്യം ഉണ്ടായിരി ക്കണം.

ജീവിതത്തിൽ സാക്ഷ്യമില്ലാതെ സാക്ഷ്യം പറയുന്നവർ ധാരാളം പേരുണ്ട്. നമ്മുടെ ജീവിതത്തിൽ ധാർമ്മികമൂല്യങ്ങൾ നഷ്ടപ്പെട്ടുപോയിരിക്കുന്നു. വിശുദ്ധിയെക്കുറിച്ചുള്ള കാഴ്ച പ്പാടുകൾ നഷ്ടപ്പെട്ടുപോയിരിക്കുന്നു. വിശുദ്ധിക്കു വേണ്ടിയുള്ള തീക്ഷ്ണതയും അതിനുള്ള ആവേശവും നഷ്ടപ്പെട്ടു പോയിരിക്കുന്നു. എനിക്ക് ഒരു വിശുദ്ധനാകണം എന്നുള്ള ആഗ്രഹം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

നാം ഇന്ന് കൂട്ടായ്മയിൽ വരുന്നു, വചനം കേൾക്കുന്നു, വചനം വായിക്കുന്നു. പക്ഷേ, ചില ചടങ്ങുകൾ ആചരിക്കുന്നു എന്നുള്ളതല്ലാതെ ആന്തരികമായ അനുഭവത്തിന്റെ തീക്ഷ്ണ തയില്ലാതെ പോയിരിക്കുന്നു.

യഥാസ്ഥാനപ്പെടേണ്ടിയിരിക്കുന്നു. പൗലോസ്ശ്ലീഹ വളരെ വേദനയോടെ പറയുകയാണ്: "നിങ്ങൾക്ക് സന്തോഷം കിട്ടണമെങ്കിൽ യഥാസ്ഥാനപ്പെടണം."

> *"തീർച്ചയ്ക്ക്, സഹോദരന്മാരേ, സന്തോഷിപ്പിൻ; യഥാസ്ഥാനപ്പെടുവിൻ; ആശ്വസിച്ചുകൊൾവിൻ; ഏകമനസ്സുള്ളവരാകുവിൻ; സമാധാനത്തോടെ ഇരിപ്പിൻ; എന്നാൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം നിങ്ങളോടുകൂടെ*

*ഇരിക്കും. വിശുദ്ധചുംബനംകൊണ്ട് അന്യോന്യം വന്ദനം ചെയ്‌വിൻ.”            2 കൊരിന്ത്യർ 13 : 11, 12*

യഥാസ്ഥാനപ്പെട്ടെങ്കിൽ മാത്രമേ ആന്തരികസന്തോഷം ഉണ്ടാവുകയുള്ളൂ. അല്ലെങ്കിൽ ഏതോ ഒന്നിനുവേണ്ടിയുള്ള ദാഹം അകത്തു കിടക്കും. എപ്പോഴും ഒരു അങ്കലാപ്പ് ഉള്ളിലുണ്ടായിരിക്കും. ഏതോ ഒരു അസ്വസ്ഥത ഹൃദയത്തിലുണ്ടായിരിക്കും. ഏതോ ഒരു ശൂന്യത! ഏതോ ഒരു അസംതൃപ്തി!

നിങ്ങളുടെ ജീവിതത്തിൽ എന്തിനെല്ലാമാണ് അസംതൃപ്തിയുള്ളത്? എന്റെ ‘Popularity’ കുറഞ്ഞുപോയി എന്നുള്ള ചിന്ത. എങ്ങനേയും സ്ഥാനങ്ങൾ വീണ്ടെടുക്കാൻ ആഗ്രഹമുണ്ട്. പക്ഷേ, ജഡികമായ രീതിയിലേ അത് പോകുന്നുള്ളു. മാറിയിരുന്ന് ജീവിതത്തിൽ വന്നുപോയ തെറ്റ് എന്താണെന്ന് ഓരോരുത്തരും കണ്ടുപിടിക്കണം.

നിങ്ങൾക്ക് ധാരാളം വചനം കിട്ടിയിട്ടുണ്ട്. എങ്ങനെയാണ് ഒരുങ്ങേണ്ടതെന്ന് നിങ്ങൾക്കറിയാം. ഒരാൾക്ക്, എങ്ങനെ ഒരുങ്ങിയാലാണ് ദൈവം സ്വീകരിക്കുക എന്ന് പറഞ്ഞു കൊടുക്കാനുള്ള ജ്ഞാനവും നിങ്ങൾക്കുണ്ട്. പക്ഷേ, അനുഭവം നഷ്ടപ്പെട്ട് പോയിരിക്കുന്നു.

നിങ്ങൾ യഥാസ്ഥാനപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾക്ക് സന്തോഷം വേണമോ? ആന്തരികമായ തൃപ്തി വേണമോ? മനസ്സിനൊരു ഉന്മേഷം വേണമോ? ഒരു പോംവഴിയേ ഉള്ളൂ. യഥാസ്ഥാനപ്പെടുക. നിങ്ങൾ സ്തുതി സ്തുതി എന്ന് പറഞ്ഞു കൊണ്ടിരിക്കും. വേദപുസ്തകം വായിച്ചുകൊണ്ടിരിക്കും. ചടങ്ങുകളെല്ലാമുണ്ട്. പക്ഷേ, അന്തരാത്മാവിന്റെ ഉൾത്തടങ്ങളിൽ നിന്നുയർന്നു വരുന്ന സ്തുതിയുടെ അത്യത്ഭുതമായ അനുഭവങ്ങളിലേക്ക് കടന്നുവരാൻ ആർക്കും സാധിക്കുന്നില്ല.

യഥാസ്ഥാനപ്പെടുവിൻ! എന്റെ കർത്താവ് എന്നെക്കുറിച്ച് കണ്ടിരുന്ന സ്ഥാനത്തുനിന്ന് ഞാൻ മാറിപ്പോയോ? ഞാൻ പിശാചിന്റെ പക്ഷത്തേക്ക് എവിടെയെങ്കിലും മാറിപ്പോയോ?

എന്റെ ചിന്ത ലോകത്തിലേക്ക് ആയിപ്പോയോ? ലോകസന്തോഷങ്ങളിലേക്ക് ആയിപ്പോയോ? ജഡിക ഇമ്പങ്ങളിലേക്ക് പോകുന്ന മനുഷ്യരോടുള്ള കൂറ് എനിക്ക് വർദ്ധിച്ചു വരികയാണോ?

അതോ, അവരോട് വേർപാട് പാലിക്കാൻ എനിക്ക് തോന്നുകയാണോ? ചിന്തിച്ചു ചിന്തിച്ചു വരുമ്പോഴാണ് നാം മനസ്സിലാക്കുന്നത് യഥാസ്ഥാനപ്പെടേണ്ടിയിരിക്കുന്നു എന്ന്. ശരിയായ സ്ഥാനത്തേക്ക് വരേണ്ടിയിരിക്കുന്നു.

ജീവനുള്ള ക്രിസ്തു എന്നെ വീണ്ടെടുത്തപ്പോൾ എന്നെക്കുറിച്ച് എന്തെല്ലാം ആഗ്രഹിച്ചുവോ ആ സ്ഥാനത്തേക്ക് ഞാൻ കയറിയിരിക്കേണ്ടിയിരിക്കുന്നു. ഇന്ന് ആ ഗോവണിയുടെ ആദ്യത്തെ പടിയിൽപ്പോലും കയറിയിട്ടില്ലാത്ത അനേകരുണ്ട്. ചിലർ ഗോവണിയിൽ ചവിട്ടി രണ്ടോ മൂന്നോ പടവുകൾ കയറി. പക്ഷേ, ഊർന്ന് താഴേയ്ക്ക് പോന്നു. അതുകൊണ്ട് പിറകെ വന്നവരേയുംകൂടി വീഴിച്ചു.

ചിലർ നല്ല ഉയർന്ന തലങ്ങളിലെത്തി. ആളുകളെല്ലാം നല്ല അഭിപ്രായങ്ങൾ പറഞ്ഞു. പെട്ടെന്നാണ് ഏതോ ചില സ്ഥാനമോഹങ്ങളോ, വ്യക്തിപരമായ ചില ഇഷ്ടക്കുറവുകളോ, മുഷിച്ചിലുകളോ വന്നിട്ട് താഴോട്ട് പോന്നത്. ആ പോന്ന ആളു മാത്രമല്ല പുറകെ വന്ന എല്ലാവരേയും താഴോട്ട് വീഴിച്ചു കൊണ്ടിരിക്കുന്നു.

ഈ ഗോവണിയിൽ നിങ്ങൾ എത്രത്തോളം കയറി എന്ന് ചിന്തിച്ചുനോക്കൂ. നിങ്ങൾ ആ ഗോവണിയിൽ കൂടി കയറി ഉയർന്നസ്ഥാനത്ത് എത്താനാണ് കർത്താവ് ആഗ്രഹിച്ചത്. ദൈവത്തിന്റെ ആത്മാവിന്റെ കൃപയുടെ നിറവിൽ നിന്ന് സ്തുതിക്കാനാണ് കർത്താവ് ആഗ്രഹിക്കുന്നത്. അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ ഞങ്ങളും നിന്നെ സ്തുതിക്കുന്നു എന്ന് പറയുന്ന പ്രാർത്ഥനയിൽ അലിഞ്ഞു ചേരാനാണ് കർത്താവ്

ആഗ്രഹിക്കുന്നത്.

ചിന്തിക്കൂ. നിങ്ങൾക്ക് ഒരു കാലത്തുണ്ടായിരുന്ന ആത്മീയസന്തോഷം ഇന്നുണ്ടോ? ഒരു കാലത്തുണ്ടായിരുന്ന ആത്മീയസംതൃപ്തി ഇന്നുണ്ടോ? ആത്മാവിന്റെ തീക്ഷ്ണത കുറഞ്ഞ് ഇന്ന് അലസരായിപ്പോയോ? നിങ്ങൾ ബൈബിൾ വെറുതെ വായിക്കുകയല്ല, അർത്ഥം ഗ്രഹിച്ച് നിർത്തി നിർത്തി വായിച്ച് ധ്യാനിക്കണം.

നിങ്ങളിൽ എത്രപേർ തനിയെ ഇരുന്ന് പ്രാർത്ഥിക്കുന്ന വരുണ്ട്? ഇതുകൂടാതെ ആത്മീയജീവിതം മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കുകയില്ല. സ്വന്തമായി ഒരു പ്രാർത്ഥനാജീവിതം വേണം. രാവിലെയും വൈകിട്ടും പ്രഭാതനമസ്ക്കാരവും സന്ധ്യാനമസ്ക്കാരവും വേണം. അതുപോലും ഇല്ലാത്തവരുണ്ട്. ഇല്ലെങ്കിൽ അത് ഇന്ന് നിങ്ങൾ തുടങ്ങണം.

തനിയെ ക്രിസ്തുവിന്റെ പാദത്തിലിരുന്ന് ശോധന ചെയ്യാറുണ്ടോ? നമ്മുടെ ഹൃദയത്തിലേക്ക് തിരിഞ്ഞ് നോക്കാ റുണ്ടോ? പുറമെ മദ്യപാനമില്ല. വേണ്ടാത്ത ജീവിതമില്ല. പുറമെ മോഷണമില്ല. പ്രകടമായി ആരോടും വഴക്കിനും പിണക്കത്തിനും പോകുന്നില്ല. അതിൽ നാം സംതൃപ്തരായിക്കഴിയുകയാണ്.

എന്നാൽ എന്റെ ഹൃദയം എങ്ങനെയിരിക്കുന്നു? ഞാനും എന്റെ ഭർത്താവും തമ്മിൽ പൂർണ്ണമായ ഐക്യത്തിലാണോ? ഞാനും എന്റെ ഭാര്യയും തമ്മിൽ പൂർണ്ണ ഇഷ്ടത്തിലാണോ? ആ ഒരു ‘harmony’ എന്റെ കുടുംബത്തിലുണ്ടോ?

ഇങ്ങനെ ചിന്തിക്കുമ്പോഴാണ് നാം മനസ്സിലാക്കുന്നത് ഞാൻ സ്ഥാനം തെറ്റിപ്പോയിരിക്കുകയാണെന്നുള്ള സത്യം. നമ്മുടെ തെറ്റുകൾ നാം കാണുമ്പോൾ വാസ്തവത്തിൽ നാം കരഞ്ഞുപോകും. എന്റെ തെറ്റുകൾ പർവ്വതം പോലെ ഉയർന്നിരിക്കുന്നുവല്ലോ. തെറ്റുകൾ ഏറെയാണല്ലോ.

എന്റെ ദൈവമേ, തെറ്റുകളിൽ ജീവിക്കുന്ന ഈ സമയം

ഞാൻ ഈ ഭൂമിയിൽ നിന്ന് കടന്നുപോയാൽ നിത്യഅന്ധകാരത്തിലേക്ക് പോകുമല്ലോ. ഇതെല്ലാം എനിക്ക് നീ വചനത്തിൽക്കൂടി പറഞ്ഞ് തന്നിട്ടുണ്ടല്ലോ. പ്രിയപ്പെട്ടവരേ, യഥാസ്ഥാനപ്പെടുവിൻ. ഒട്ടും വൈകരുത്. നിങ്ങൾ ഇപ്പോൾത്തന്നെ ദൈവത്തോട് വാക്ക് പറയുവിൻ: കർത്താവേ, ഞാൻ വീണുപോയത് അറിഞ്ഞില്ല. ഞാൻ ദൈവത്തിന്റെ വേല ചെയ്ത് ഓടിനടന്നു. ഞാൻ പാട്ടുപാടി, പ്രസംഗിച്ചു, സാക്ഷ്യം പറഞ്ഞു. ആളുകൾ ആവേശംകൊണ്ടു.

പക്ഷേ, എന്റെ ആത്മാവിന്റെ അവസ്ഥ ഞാൻ അറിഞ്ഞില്ല. ഇന്ന് ഞാൻ കടന്നുപോയാൽ നിത്യഅന്ധകാരത്തിലേക്കാണ് പോകുന്നത് എന്ന് ഞാൻ അറിഞ്ഞില്ല. അത് കേൾക്കാനും വിശ്വസിക്കാനും എനിക്ക് സാധിച്ചില്ല.

എനിക്ക് ചില നന്മകളുണ്ടെന്ന് ഞാൻ അഭിമാനിച്ചുകൊണ്ടിരുന്നു. കർത്താവേ, തെറ്റുപറ്റിപ്പോയി. ഞാൻ യഥാസ്ഥാനപ്പെടേണ്ടിയിരിക്കുന്നു. കർത്താവേ, ഞാൻ ആ ആദ്യസ്നേഹത്തിലേക്ക് മടങ്ങിവരികയാണ്. സംതൃപ്തിയുള്ള ആത്മീയാനുഭവത്തിലേക്ക് ഞാൻ മടങ്ങിവരികയാണ്.

നാഥാ! നിന്റെ തിരുമുറിവിലേക്ക് നോക്കിക്കൊണ്ട് ഞാനുമിതാ ഒരു പുതിയ സമർപ്പണമെടുക്കുകയാണ്. എന്റെ ജീവിതത്തിലെ തിന്മകളോട് യാത്രപറഞ്ഞുകൊണ്ട്, സ്വയനന്മകളോട് യാത്രപറഞ്ഞുകൊണ്ട്, സ്വയമഹത്വത്തോട് യാത്രപറഞ്ഞുകൊണ്ട് കർത്താവേ, നിന്റെ കരുണയ്ക്കുവേണ്ടി യാചിച്ചുകൊണ്ട് ഞാനിതാ വരുന്നു.

നിങ്ങൾ സമർപ്പിക്കൂ, ദൈവകരങ്ങളിലേക്ക് ഏൽപ്പിക്കൂ. നിങ്ങൾക്ക് അനുഗ്രഹം ലഭിക്കും.

## രണ്ട്

സന്തോഷം വേണമെങ്കിൽ യഥാസ്ഥാനപ്പെടണം. ആശ്വാസം വേണമെങ്കിൽ യഥാസ്ഥാനപ്പെടണം. സ്നേഹത്തിന്റേയും സമാധാനത്തിന്റേയും അനുഭവം വേണമെങ്കിൽ നിങ്ങൾ യഥാസ്ഥാനപ്പെടണം.

ഇന്ന് നമ്മിൽ പലരും സന്തോഷത്തിനുവേണ്ടി കൊതിക്കുന്നുണ്ട്. നാം ചിന്തിക്കുന്ന സന്തോഷം ഭൗതികമായ ചില സന്തോഷങ്ങളാണ്. ഭൗതികമായ ചില ലാഭങ്ങളാണ്. അതല്ല സന്തോഷം. നമ്മുടെ ഹൃദയത്തിൽ ആന്തരികമായ സന്തോഷം ഉദിച്ചുയരുന്ന അനുഭവങ്ങളുണ്ട്.

നമ്മുടെ ജീവിതത്തിൽ കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുന്ന നഷ്ടങ്ങളുണ്ട്, രോഗങ്ങളുണ്ട്. പ്രയാസങ്ങളും ആകുലങ്ങളും ഭാരങ്ങളുമുണ്ട്. പക്ഷേ, നമ്മുടെ ഉള്ളം യേശുക്രിസ്തുവിൽ സന്തോഷിക്കും. അപ്പൊസ്തലനായ പൗലോസ് ഫിലിപ്പ്യർക്ക് ലേഖനമെഴുതുമ്പോൾ ഈ സന്തോഷത്തെക്കുറിച്ച് പറയുന്നുണ്ട്.

> *‘‘കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ*

*സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും."*

*ഫിലിപ്പിയർ 4 : 4 – 7*

സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളേയും ബുദ്ധിയേയും കാക്കണമെങ്കിൽ യഥാസ്ഥാനപ്പെടേണ്ട അനുഭവം വരേണ്ടിയിരിക്കുന്നു. എന്റെ ദൈവം എന്നെക്കുറിച്ച് പ്രതീക്ഷിച്ച സ്ഥാനത്തേയ്ക്ക് ഞാൻ വരേണ്ടിയിരിക്കുന്നു.

ഒരു കാലത്ത് ദൈവത്തിന്റെ വചനം എന്റെ നാവിൽ വരച്ചുതന്നിരുന്നു. ആ സ്ഥാനത്തേയ്ക്ക് ഞാൻ വരേണ്ടിയിരിക്കുന്നു. ഒരു കാലത്ത് എന്റെ നാവിന്മേൽ സ്വർഗ്ഗീയ തീക്കനൽ തൊടുവിച്ചിരുന്നു. ആ സ്ഥാനത്തേയ്ക്ക് ഞാൻ വരേണ്ടിയിരിക്കുന്നു. യെശയ്യാവിന്റെ അധരത്തെ തൊട്ട തീക്കനൽ എന്റെ അധരത്തേയും തൊട്ട ഒരു അനുഭവം എനിക്കുണ്ടായിരുന്നു. ആ അനുഭവത്തിലേക്ക് ഞാൻ മടങ്ങിവരേണ്ടിയിരിക്കുന്നു.

പഴയകാല അനുഭവങ്ങൾ! സ്തുതിക്കുമ്പോൾ ആത്മാവ് പറന്നിറങ്ങിയ അനുഭവമുണ്ടായിരുന്നു. ഇന്നോ, സ്തുതിയില്ല. പ്രാർത്ഥന ഉരുവിടുന്നു. ഉള്ളത്തിൽ നിന്ന്, ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് വരുന്ന പ്രാർത്ഥന ഇന്നില്ല. ഇതല്ലേ നമ്മുടെ സ്ഥിതി?

ഫിലിപ്യസഭയിലെ യുവൊദ്യ, സുന്തുക എന്ന രണ്ടു സ്ത്രീകളെ വിളിച്ചിട്ട് അപ്പൊസ്തലൻ പറയുകയാണ്: നിങ്ങൾ തമ്മിൽ വഴക്കടിക്കരുത്. കൂട്ടായ്മയിൽ മുൻപന്തിയിലുള്ള രണ്ടു സ്ത്രീകളാണ് ഇവർ. കർത്താവിന്റെ സുവിശേഷഘോഷണത്തിൽ പോരാടിയവരാണ്. ക്ലേമന്ത് എന്ന് പറയുന്ന പരിശുദ്ധനായ ദൈവദാസനോടൊരുമിച്ച് വേല ചെയ്തവരാണ്. എന്നാൽ ഇപ്പോൾ അവർ വഴക്കടിച്ചുകൊണ്ടിരിക്കുകയാണ്.

*"കർത്താവിൽ ഏകചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പി*

*ക്കുന്നു.”* *ഫിലിപ്പിയർ 4 : 2*

ഏകചിന്തയോടിരിപ്പിൻ എന്നുപറഞ്ഞാൽ ഒരു മനസ്സുള്ളവരാകുവിൻ എന്നാണ്. നിങ്ങൾ നിങ്ങളുടെ വീട്ടിൽ ഏകചിന്തയോടെയാണോ ഇരിക്കുന്നത്? ഭാര്യയും ഭർത്താവും ഒരേ അഭിപ്രായത്തിലാണോ നീങ്ങുന്നത്? ഒരു ഹൃദയമാണോ? ചിലപ്പോൾ ചില മുഷിച്ചിലുകളോ നീരസങ്ങളോ വരുന്നില്ലേ?

പാപം വരുന്ന ഉടനെതന്നെ തിരിച്ചറിഞ്ഞ് അത് തിരുത്താൻ തയ്യാറാകാറുണ്ടോ? നിങ്ങളുടെ കുടുംബത്തിൽ ആന്തരികമായ ഐക്യത്തിന്റെ സന്തോഷം പുലരുന്നുണ്ടോ? പല കുടുംബങ്ങളിലും ഇന്ന് തീയാണ്. അകത്ത് തിളച്ചുമറിയുന്ന കോപമുണ്ട്. അത് എപ്പോഴാണ് പൊട്ടിപ്പുറപ്പെടുന്നതെന്ന് ആർക്കും അറിഞ്ഞുകൂടാ.

സംസ്ക്കാരമുള്ളവർ പുറമെ കോപിക്കുകയില്ല. പക്ഷേ, കോപവും വാശിയും വൈരാഗ്യവും അകത്ത് തിങ്ങുകയാണ്. മാന്യതയുള്ളതുകൊണ്ട് പുറമെ കാണിക്കുകയില്ല. അതുകൊണ്ടൊന്നും കർത്താവ് തൃപ്തിപ്പെടുകയില്ല. നിങ്ങളുടെ ഹൃദയത്തിൽ കോപമോ വൈരാഗ്യമോ നീരസമോ ഒന്നും വരാൻ പാടില്ല. പല കുടുംബങ്ങളിലും ഭർത്താവും ഭാര്യയും തമ്മിൽ ആന്തരികമായ ഒരു മനസ്സില്ല. അവർ പുറമേയുള്ള ചില ആചാരങ്ങളിൽ, പുറമേയുള്ള പ്രാർത്ഥനയിലും കൂട്ടായ്മയിലും കുടുങ്ങി നിൽക്കുകയാണ്. അതിനപ്പുറത്തേയ്ക്ക് അവരുടെ മനസ്സ് വളരുന്നില്ല.

കൂട്ടായ്മയ്ക്കും അതീതനായി നിൽക്കുന്ന കർത്താവായ യേശുക്രിസ്തുവിലേയ്ക്ക് നോക്കുന്നില്ല. നമ്മിൽ പലരും അങ്ങനെയാണ്. കൂട്ടായ്മയേയും കൂട്ടായ്മയിൽ ദൈവവചനം പറയുന്നവരേയുമാണ് കാണുന്നത്. പക്ഷേ, നാം കാണേണ്ടത് ക്രിസ്തുവിനെയാണ്. നമ്മെ സ്നേഹിച്ച് ഈ ഭൂമിയിലേക്ക് വന്ന് നമുക്കുവേണ്ടി, നമ്മുടെ പാപത്തിന്റെ ഭാരം വഹിച്ച് ക്രൂശിൽ മരിച്ച കർത്താവായ യേശു!

ഈ ഭൂമിയിൽ ജനിക്കാൻ നമുക്ക് കൃപ തന്ന ദൈവം!

നാം പാപത്തിൽ രസിച്ചുനടന്നപ്പോൾ നമ്മുടെ പിറകെ കരഞ്ഞുകൊണ്ട് നടന്ന യേശു! ആ യേശുവാണ് ഒരു സമയത്ത് നിങ്ങളെ കയറിപ്പിടിച്ചത്. ആ യേശുവിനെയാണ് നിങ്ങൾ കാണേണ്ടത്. ഒരു ദൈവപൈതലായിരിക്കാം നിങ്ങളെ വിളിച്ചത്. അത് കർത്താവായ യേശുവിന്റെ കൃപയാൽ മാത്രമാണ്. ഏത് ദൈവപൈതൽ വിളിച്ചു എന്നതിന് യാതൊരു പ്രസക്തിയുമില്ല.

ക്രിസ്തുവിനെ മാത്രം കാണുക. നമ്മെ വിളിച്ചത്, നമുക്കൊരു മാനസാന്തരം തന്നത് ഭൂമിയിലെ മനുഷ്യരാരുമല്ല. നീ മാനസാന്തരപ്പെട്ടത് ഏതെങ്കിലും ഒരാളുടെ മേന്മകൊണ്ടല്ല. കോഴി കൂവി. പത്രോസ് മാനസാന്തരപ്പെട്ടു. അതുകൊണ്ട് ആ കോഴിക്ക് പ്രശംസിക്കാനൊന്നുമില്ലല്ലോ.

കർത്താവ് സക്കായിയെ അത്തിമരത്തിൽ നിന്ന് വിളിച്ചു താഴെയിറക്കി. ആ അത്തിമരത്തിന് പുകഴാൻ ഒന്നുമില്ല. പക്ഷേ, ഒന്നുണ്ട്. ആ അത്തിമരം അവിടെ നിൽക്കുന്നത് ഒരു കൗതുകമാണ്. ആ അത്തിമരം ഉണങ്ങിപ്പോകാതെ നിൽക്കുന്നത് നല്ലതാണ്. പക്ഷേ, അത്തിമരമല്ല സക്കായിയെ രക്ഷിച്ചത്, യേശുക്രിസ്തുവാണ്.

യെരീഹോവിലേക്ക് വരുന്നതിന് എത്രയോ മുമ്പ് കർത്താവായ യേശു സക്കായിയെ കണ്ടുകഴിഞ്ഞിരുന്നു. എത്രയോ മുമ്പ് ബർത്തിമായി എന്ന കുരുടനേയും കണ്ടിരുന്നു. അവരെ രക്ഷിക്കാനാണ് കർത്താവ് യെരീഹോവിലേക്ക് വന്നത്. എന്നാൽ സക്കായിയ്ക്ക് മാനസാന്തരപ്പെടാൻ ആ അത്തിമരം ഉപകാരമായിത്തീർന്നു. പ്രിയപ്പെട്ടവരേ, അത്തിമരത്തെ പൂജിക്കാൻ പാടില്ല.

ദൈവമക്കളെ ചിലർ പൂജിക്കുന്നു. ദൈവമക്കളെ ആരാധനാവിഗ്രഹങ്ങളായിക്കാണുന്നു. അത് തെറ്റാണ്. നാം കുട്ടിദൈവങ്ങളുടെ പിറകെ പോകരുത്. ക്രൂശിൽ മരിച്ച ക്രിസ്തുവിന്റെ പിറകെയാണ് നാം പോകേണ്ടത്. യേശുക്രിസ്തുവിനെയാണ് നാം ആശ്രയിക്കേണ്ടത്.

ഏതോ ഒരു സമയത്ത് കർത്താവ് നമ്മെ കൃപയാൽ വീണ്ടെടുത്തു. നമ്മെ പേർചൊല്ലി വിളിച്ചു. ഞാൻ മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിന് മഴുവന്നൂർ സ്ക്കൂളിൽ പോയപ്പോഴും കർത്താവ് എന്റെ പിറകെ നടക്കുന്നുണ്ടായിരുന്നു. ഞാൻ ഹൈസ്കൂളിൽ പഠിക്കാൻ വടവുകോട് സ്ക്കൂളിൽ പോകുമ്പോഴും കർത്താവ് എന്റെ പിറകെ ഉണ്ടായിരുന്നു. ഞാനത് അറിഞ്ഞില്ല.

എന്നാൽ എപ്പോഴോ നിരാശയിലാണ്ട് മനസ്സുഷ്ണിച്ച്, മനസ്സ് വേദനിച്ച്, ജീവിതത്തിൽ നിരാശമുറ്റി സമാധാനമില്ലാതെ വിഷമിച്ചിരുന്നപ്പോൾ തക്കസമയത്ത് കർത്താവ് എന്നെ കടന്നുപിടിച്ചു. ദൈവവചനം പറഞ്ഞത് ഒരു ദൈവദാസനാണ്. പക്ഷേ, അപ്പോൾ എന്നെ പിടിച്ചത് കർത്താവായ യേശുക്രിസ്തുവാണ്.

പിന്നീട് വിശുദ്ധീകരണത്തിന്റെ തേജസ്സേറിയ അനുഭവങ്ങളിലേക്ക് ദൈവം എന്നെ നടത്തി. അതിന് ഞങ്ങൾ 'പപ്പാ' എന്നു വിളിക്കുന്ന പരിശുദ്ധ ദൈവപുരുഷനെ ഉപയോഗിച്ചു. എന്നാൽ എനിക്കറിയാം എന്നെ വിശുദ്ധീകരണത്തിലേക്ക് നടത്തിയത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്.

ആരെയും നിങ്ങൾ കാണരുത്. എന്നെയും നിങ്ങൾ കാണരുത്. ഞാനും നിങ്ങളെപ്പോലെയുള്ള ഒരു സാധുമനുഷ്യൻ. ഞാനും വ്യക്തിപരമായ പ്രയാസങ്ങളും ആകുലങ്ങളും രോഗങ്ങളും എല്ലാമുള്ള ഒരു സാധുമനുഷ്യൻ. ഞാൻ ഇതെല്ലാം പറഞ്ഞിട്ട് നരകത്തിലേക്ക് പോകാൻ ഇടവരല്ലേ എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന സാധുമനുഷ്യൻ.

ക്രിസ്തുവാണ് നിങ്ങളെ വീണ്ടെടുത്തതെന്ന് നിങ്ങൾ ഓരോരുത്തരും മറക്കരുത്. നിങ്ങൾ ഒരു വ്യക്തിയുടെ പിന്നാലെയല്ല പോകുന്നത്. നിങ്ങൾ പോകുന്നത് ഗോഗുൽത്തായിലെ മരക്കുരിശിൽ, രണ്ട് കൊലയാളികളുടെ മദ്ധ്യത്തിൽ, മൂന്നാണികളിൽ തൂങ്ങി ഏകനായിക്കിടന്ന് കരയുന്ന യേശുവിന്റെ പിന്നാലെയാണ്. അവൻ ഉയിർത്തെഴുന്നേറ്റ് ജീവി

ക്കുന്നു. ഈ ഉറപ്പ് നിങ്ങൾക്കില്ലെങ്കിൽ നിങ്ങൾ ദൈവമക്കളി ലേക്ക് നോക്കിപ്പോകും. ദൈവമക്കളും വീഴും, നിങ്ങളും വീഴും.

ജീവിതത്തിൽ യഥാർത്ഥമായ സന്തോഷവും സമാധാനവും അനുഭവിക്കണമെങ്കിൽ നിങ്ങൾ യഥാസ്ഥാനപ്പെടണം. ഹൃദയംനിറഞ്ഞ സന്തോഷവും സംതൃപ്തിയും. ഒന്നിലും അതൃപ്തിയില്ല. എന്റെ കർത്താവ് എനിക്ക് ആവശ്യമുള്ളതെല്ലാം തരുന്നുണ്ട്, ഈയുള്ളവന്റെ കാര്യം കർത്താവ് മറന്നുപോകയില്ല എന്നുള്ള ചിന്ത.

എന്റെ രോഗത്തിന്റെ കാര്യം കർത്താവ് മറന്നുപോകയില്ല. എന്റെ പൈസയുടെ ആവശ്യത്തിന്റെ കാര്യം കർത്താവ് മറന്നുപോകയില്ല. എന്റെ മക്കളുടെ ഫീസിന്റെ കാര്യം കർത്താവ് മറന്നുപോകയില്ല.

സ്വർഗ്ഗത്തിലെ ദൈവം നമ്മോട് വാക്ക് പറഞ്ഞവനാണെങ്കിൽ ആ കാര്യം നിവർത്തിക്കുകതന്നെ ചെയ്യും. മകളുടെ വിവാഹത്തിന്റെ കാര്യം, മകൾക്ക് ഒരു കുഞ്ഞിനെക്കിട്ടുന്ന കാര്യം, മക്കളുടെ വിദ്യാഭ്യാസത്തിന്റെ കാര്യം, ഒന്നും കർത്താവ് മറന്നുപോകയില്ല.

നിനക്ക് നല്ലൊരു ഭവനം പണിയണമെന്ന കാര്യം കർത്താവ് മറന്നുകളയുകയില്ല. നീ കൂടെക്കൂടെ പ്രാർത്ഥിക്കുന്ന ഒരു വിഷയം നിന്റെ കോപം മാറണമെന്നല്ലേ? അതും കർത്താവ് മറന്നുകളയുകയില്ല. കോപത്തിന്റെ തീപ്പൊരികൾ നമ്മുടെ കുടുംബാന്തരീക്ഷത്തെ അത്യന്തം കലുഷമാക്കുന്നുണ്ട്. കോപമോ മദ്യപാനമോ ഏത് സ്വഭാവവും മാറ്റിത്തരാമെന്നാണ് കർത്താവ് പറയുന്നത്.

ഞങ്ങൾ ഒരിക്കൽ ദുബായിൽ ചെന്നപ്പോൾ അന്ന് വചനം കേട്ട ഒരു വ്യക്തിയുടെ വീട്ടിൽ പോകയുണ്ടായി. അദ്ദേഹം ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം എന്നോട് പറഞ്ഞു: ഇന്ന് എന്റെ ജീവിതത്തിൽ ഒരു പുതിയ ദിവസമാണ്. ഞാൻ മദ്യപിക്കുന്ന മനുഷ്യനായിരുന്നു. എന്റെ മദ്യപാനം ഇന്ന് നിർത്തിയിരിക്കുകയാണ്. അദ്ദേഹം അലമാര

യിൽ നിന്ന് മദ്യക്കുപ്പികൾ എടുത്ത് എന്റെ മുമ്പിൽ വച്ച് വാഷ് ബേസിനിലേക്ക് ഒഴിച്ചുകളഞ്ഞു.

അദ്ദേഹം മദ്യത്തോട് യാത്രപറഞ്ഞു. അനേകർ ഇതുപോലെ മദ്യപാനം ഉപേക്ഷിച്ചവരുണ്ട്. നിങ്ങളുടെ ബലഹീനതയിൽ കർത്താവ് സഹതാപം കാണിക്കുന്നുണ്ട്. നിങ്ങൾ വിളിച്ചപേക്ഷിച്ചു നോക്കൂ, കർത്താവ് മറന്നുകളയുകയില്ല. യുവാക്കളേ, നിങ്ങൾ ദൈവത്തോട് പറയണം: ഈ അശുദ്ധബന്ധങ്ങൾ എനിക്ക് വേണ്ട കർത്താവേ. അത് എന്നെ നശിപ്പിക്കുന്നതാണ്. കർത്താവ് മാറ്റിത്തരും. നിങ്ങൾ മാറ്റാൻ നോക്കിയാൽ മാറിയെന്ന് വരികയില്ല. കർത്താവേ, എനിക്കിനി മയക്കുമരുന്നും കഞ്ചാവും വേണ്ട, എന്റെ യേശുവിന്റെ സ്നേഹം മാത്രം മതി. നിന്റെ സ്നേഹത്തിന്റെ പ്രഭ എന്റെമേൽ പൊഴിഞ്ഞാൽ മാത്രം മതി.

യഥാസ്ഥാനപ്പെടുവിൻ! സന്തോഷം വേണമോ, യഥാസ്ഥാനപ്പെടണം. സമാധാനം വേണമോ, യഥാസ്ഥാനപ്പെടണം. നിങ്ങൾ അന്യോന്യം സ്നേഹമുള്ളവരായിരിക്കണം. കുടുംബത്തിൽ സ്നേഹം തുടങ്ങണം. സമുദായത്തിൽ സ്നേഹം തുടങ്ങണം. നിങ്ങളുടെ ഇടവകയിൽ സ്നേഹം തുടങ്ങണം. നിങ്ങൾ നിൽക്കുന്ന സഭയിൽ സ്നേഹം തുടങ്ങണം. ജോലി ചെയ്യുന്ന സ്ഥാപനത്തിൽ സ്നേഹം തുടങ്ങണം. അതിന് എനിക്ക് എന്തുചെയ്യാൻ കഴിയും എന്ന് നിങ്ങൾ ചിന്തിക്കണം.

ആ ആള് നേരെയാകട്ടെ എന്ന് ചിന്തിക്കണ്ട. ഞാൻ ഇണങ്ങണം. ഞാനാണ് തെറ്റു ചെയ്തത്. അങ്ങനെ ഓരോരുത്തർക്കും ഹൃദയത്തിൽ ഒരു തീരുമാനം വരണം. ഭാര്യ ഗർവ്വിച്ചിരിക്കുകയാണ്. ഭർത്താവും മിണ്ടുന്നില്ല. എന്നാൽ ഭാര്യ വിനയത്തോടെ ചെന്ന് അദ്ദേഹത്തോട് പറയണം: എന്നോട് ക്ഷമിക്കണം. ഞാൻ അവിവേകമായി എന്തോ പറഞ്ഞുപോയി. പെട്ടെന്നുള്ള ദേഷ്യംകൊണ്ട് പറഞ്ഞുപോയതാണ്. ഇനി അതുണ്ടാകില്ല.

പറഞ്ഞുനോക്കൂ, സ്നേഹം കുടുംബത്തിൽ പരിലസി

ക്കുന്നത് നിങ്ങൾക്ക് കാണാൻ സാധിക്കും.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് വിനയപ്പെടാൻ പറ്റുമോ? സ്നേഹിക്കാൻ സാധിക്കുമോ? ഏതെങ്കിലും തരത്തിൽ അഭി പ്രായവ്യത്യാസം ആരോടെങ്കിലുമുണ്ടോ? അവരോട് നിങ്ങൾ തുറന്ന് പറയുക. ഒരുപക്ഷേ മറ്റേ ആൾക്കും തിരുത്താൻ കാണുമായിരിക്കും. ഇല്ലെങ്കിലും ഉണ്ടെങ്കിലും നിങ്ങൾക്ക് വന്ന നീരസം നിങ്ങൾ തുറന്നുപറയുക. നിങ്ങൾക്ക് വന്ന ഇഷ്ടക്കേടും പരിഭവവും നിങ്ങൾ തുറന്നുപറയുക. ലജ്ജി ക്കണ്ട.

അങ്ങനെ നിങ്ങൾ ഇണക്കമുള്ളവരാകുവിൻ. നിങ്ങളിൽ പലർക്കും അനുഭവം പറയാൻ കാണും. പരസ്പരം ഇണങ്ങി യവർ. അമ്മായിഅമ്മയും മരുമകളും തമ്മിൽ ഭിന്നത ഉണ്ടായി രുന്നവർ. ഐക്യവും സ്നേഹവുമില്ലാത്ത കുടുംബങ്ങൾ.

ഒരു ഭർത്താവും ഭാര്യയും എന്റെ അടുക്കൽ വന്നു. ഭർത്താവ് പറഞ്ഞു: എന്റെ അമ്മ വിധവയാണ്. അമ്മയ്ക്ക് എല്ലാവരോടും സ്നേഹമാണ്. എങ്കിലും എന്നോടാണ് അമ്മ എല്ലാ കാര്യങ്ങളും പറയുന്നത്. എന്റെ ഭാര്യയോട് പറയില്ല. അതുമാറി എന്റെ അമ്മ എന്റെ ഭാര്യയോട് പറയുന്ന സ്ഥിതി വരണമെന്ന് എനിക്കാഗ്രഹമുണ്ട്. പക്ഷേ, അമ്മയ്ക്ക് അത് സാധിക്കുന്നില്ല.

എനിക്ക് ഒരു പെങ്ങളുണ്ട്. പെങ്ങളെ സ്നേഹിക്കുന്നതു പോലെ എന്റെ ഭാര്യയെ സ്നേഹിക്കാൻ അമ്മയ്ക്ക് സാധിക്കു ന്നില്ല. അതുകൊണ്ട് ഇപ്പോൾ എന്റെ ഭാര്യ എന്റെ അമ്മയോട് നേരിട്ടൊന്നും മിണ്ടുകയില്ല. വീട്ടിൽ ഒരു മൂടിയ അന്തരീക്ഷ മാണ്. വളരെ ഉയർന്ന ഉദ്യോഗത്തിലിരിക്കുന്ന ഒരു വ്യക്തി യാണ്. ഭാര്യയും അദ്ധ്യാപികയാണ്.

അദ്ദേഹം പറഞ്ഞത് ഞാൻ ശ്രദ്ധയോടെ കേട്ടു. ഞാൻ പറഞ്ഞു: നിങ്ങൾ സ്വന്തം അമ്മയെപ്പോലെ അമ്മായിഅമ്മയെ കാണണം. അമ്മായിഅമ്മ സ്വന്തം മകളെപ്പോലെ മരുമകളെ കാണണം. അങ്ങനെ കണ്ടില്ലെങ്കിലും സ്വന്തം അമ്മയെപ്പോലെ

അമ്മായിഅമ്മയെ കാണണം. സ്നേഹം വ്യാപാരം ചെയ്യാൻ ഞാൻ പറഞ്ഞു.

സ്നേഹം വ്യാപാരം ചെയ്താൽ സ്നേഹം ലാഭമായി കിട്ടും. കുടുംബത്തിൽ സ്നേഹത്തിന്റെ ഐക്യം ഉണ്ടാകട്ടെ എന്ന് ഞാൻ പറഞ്ഞു. നിങ്ങളിൽ അനേകംപേരുടെ കുടുംബം ഇന്ന് ഊഷരമായ മരുപ്പറമ്പാണ്. ഉണങ്ങിവരണ്ട മരുഭൂമിയാണ്. ഒരു കാരുണ്യമില്ല. ആർദ്രതയില്ല. പക്ഷഭേദമുണ്ട്. പല പല കുഴപ്പങ്ങൾ. എന്നാൽ ഇതെല്ലാം മാറി യഥാസ്ഥാനപ്പെടുവാൻ നിങ്ങൾക്ക് സാധിക്കും.

നിങ്ങളെ യഥാസ്ഥാനപ്പെടുത്താനാണ് കർത്താവായ യേശു ക്രൂശിൽ മരിച്ചത്. ക്രിസ്തുവിന്റെ ക്രൂശിലേയ്ക്ക് നോക്കിയാൽ മാത്രം മതി നിങ്ങൾക്കീ സ്നേഹം കിട്ടും. ക്രൂശിൽ ചൊരിഞ്ഞ രക്തത്തിലേക്ക് നോക്കിയാൽ നിങ്ങൾക്കീ അനുഭവം കിട്ടും. മറ്റെല്ലാം നിങ്ങൾ മറക്കുക. നിങ്ങൾ ക്രിസ്തുവിനെ നോക്കുക. ആ സ്നേഹത്തിലേക്ക് നോക്കുക.

ആ ഹൃദയം പൊട്ടിയൊഴുകുന്ന തിരുരക്തത്തിലേക്ക് നോക്കുക. നിങ്ങൾ കാണും യേശുവിന്റെ തിരുവിലാവ് തുറന്ന് തിരുരക്തം വാർന്നൊഴുകുന്നത്. ആ തിരുരക്തത്തിന്റെ ഒരു തുള്ളി നിങ്ങളുടെ നെറ്റിയിൽ വന്ന് പതിയട്ടെ. അപ്പോൾ നിങ്ങൾ ശുദ്ധരായിത്തീരും.

യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. തെറ്റുകളെല്ലാം ക്ഷമിക്കുന്നു. വൃത്തികേടുകളുണ്ടെങ്കിലും എല്ലാം ക്ഷമിച്ചുതരുന്നു. ഒന്നും കർത്താവ് ഇനി ഓർക്കുകയില്ല. ബോർഡിൽ അദ്ധ്യാപകൻ ചിലതെല്ലാം എഴുതി വച്ചു. എന്നാൽ അടുത്ത അദ്ധ്യാപകൻ വന്നപ്പോൾ അതെല്ലാം മായിച്ചുകളഞ്ഞു. ഇതുവരെ നിങ്ങളുടെ ജീവിതമാകുന്ന ബോർഡിൽ എഴുതിയതെല്ലാം കർത്താവ് മായിച്ചുതരുവാൻ ആഗ്രഹിക്കുന്നു.

കൊള്ളരുതായ്മകൾ, അശുദ്ധികൾ, ചീത്തബന്ധങ്ങൾ,

ചില ദുശ്ശീലങ്ങൾ, ചില വെറിക്കൂത്തുകൾ എല്ലാം നിങ്ങളുടെ ഹൃദയപ്പലകമേൽ എഴുതിവച്ചിരുന്നു. എന്നാൽ കാരുണ്യവാനായ കർത്താവ് വന്ന് അതെല്ലാം തന്റെ രക്തത്താൽ മായിച്ചു കളയുകയാണ്. നിങ്ങൾക്ക് വിശ്വസിക്കാമോ? അത് അനുഗ്രഹകരമായ ഒരു അനുഭവമാണ്.

കർത്താവ് വന്ന്, നാളിതുവരെ വന്ന സകല പാപങ്ങളും ക്ഷമിച്ചു തരികയും മായിച്ചു തരികയും ചെയ്യുന്ന അത്ഭുതസംഭവം നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ?

എങ്കിൽ നിങ്ങൾ പ്രാർത്ഥിക്കുക: കർത്താവേ, എനിക്ക് യഥാസ്ഥാനപ്പെടണം. നീ എനിക്കുവേണ്ടി കരുതിയിരിക്കുന്ന സ്ഥാനത്തേക്ക് എനിക്ക് മടങ്ങി വരണം. നീ എനിക്ക് തന്ന വിശുദ്ധസ്ഥാനത്തേക്ക് എനിക്ക് മടങ്ങി വരണം. യഥാസ്ഥാനപ്പെടുത്താൻ കർത്താവേ, നിന്റെ തൃക്കരം നീട്ടണമേ. പരിശുദ്ധാത്മാവേ, എന്റെമേൽ നിന്റെ തൃക്കരം വയ്ക്കണമേ.

കർത്താവേ, ഐശ്വര്യമായ ഒരു കുടുംബജീവിതത്തിന്റെ സൗഭാഗ്യം എനിക്ക് തരണമേ. സന്തോഷവും ഐക്യവും സമാധാനമുള്ളതുമായ ഒരു കുടുംബജീവിതം എനിക്ക് തരണമേ. ഞാൻ മൂലം അനേകർ ഈ ലോകത്ത് രക്ഷപ്പെടുവാൻ ഇടയാകണേ.

എന്നിൽ നിന്നുകൊണ്ട് നീ അത്ഭുതങ്ങൾ പ്രവർത്തിക്കണമേ. കർത്താവേ, എന്നിലേക്ക് നീ ഇറങ്ങി വരണമേ. എന്നിൽ നീ വസിക്കണമേ. സാത്താനെ ഞാനിതാ ഉപേക്ഷിക്കുന്നു. മശിഹാതമ്പുരാനെ ഞാനിതാ സ്വീകരിക്കുന്നു. യേശുവേ, എന്നെ യഥാസ്ഥാനപ്പെടുത്തണമേ. എന്റെ തെറ്റുകൾ പൊറുക്കണമേ. എന്റെ പാപങ്ങളെ പരിഹരിക്കണമേ. എന്റെ സ്വഭാവം മാറ്റി നിന്റെ രാജ്യത്തിന് എന്നെ അവകാശിയാക്കി മാറ്റണമേ.

## മൂന്ന്

*"യഹോവയിങ്കൽ നിന്നു യിരമ്യാവിന്നുണ്ടായ അരുളപ്പാട് എന്തെന്നാൽ: നീ എഴുന്നേറ്റു കുശവന്റെ വീട്ടിലേക്കു ചെല്ലുക; അവിടെവച്ചു ഞാൻ നിന്നെ എന്റെ വചനങ്ങളെ കേൾപ്പിക്കും. അങ്ങനെ ഞാൻ കുശവന്റെ വീട്ടിൽ ചെന്നപ്പോൾ അവൻ ചക്രത്തിന്മേൽ വേല ചെയ്തുകൊണ്ടിരുന്നു. കുശവൻ കളിമണ്ണുകൊണ്ട് ഉണ്ടാക്കിയ പാത്രം അവന്റെ കൈയിൽ ചീത്തയായിപ്പോയി; എന്നാൽ കുശവൻ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു."*

*യിരമ്യാവ് 18 : 1 – 4*

യിരമ്യാപ്രവാചകന്റെ പുസ്തകം വാസ്തവത്തിൽ ഒരു വിലാപങ്ങളുടെ പുസ്തകമാണ്. യിരമ്യാപ്രവാചകനെ വിളിക്കുന്നത്, 'കരച്ചിലിന്റെ പ്രവാചകൻ' എന്നാണ്. പ്രവാചകൻ ഓടിനടന്ന് കരഞ്ഞുകൊണ്ട് പ്രവചിച്ചു. കരയുന്നത് മറ്റൊന്നും കൊണ്ടല്ല, യിസ്രായേൽജനത്തിന് വരുന്ന നാശം പ്രവാചകൻ മുൻകൂട്ടിക്കണ്ടതുകൊണ്ടാണ്. ദൈവം തന്റെ പ്രവാചകന് അത് കാണിച്ചുകൊടുത്തു. പ്രവാചകന്, തന്റെ സ്വന്തക്കാരും ബന്ധക്കാരും തന്റെ നാട്ടുകാരുമായ ദൈവമക്കൾ – യിസ്രായേൽക്കാർ – യാതന അനുഭവിക്കേണ്ടിവരുമല്ലോ എന്നോർത്തപ്പോൾ കരച്ചിൽ വന്നു.

യിരമ്യാപ്രവാചകന്റെ വേറൊരു പുസ്തകമാണ് വിലാപ

ങ്ങളുടെ പുസ്തകം. വിലാപങ്ങളുടെ പുസ്തകം മുഴുവൻ കര ച്ചിലാണ്. ഈ പശ്ചാത്തലം മനസ്സിലാക്കിക്കൊണ്ട് ആ പുസ്തകം വായിച്ചാൽ നിങ്ങൾക്ക് കൂടുതൽ കൂടുതൽ ആശ യങ്ങൾ മനസ്സിലാകും. വിലാപങ്ങളുടെ പുസ്തകം മുഴുവൻ കണ്ണീരോടെ പറയുന്ന വാക്കുകളാണ്.

“കടന്നുപോകുന്ന ഏവരുമായുള്ളോരേ, നിങ്ങൾക്കിത് ഏതുമില്ലയോ?” എന്നാണ് ചോദിക്കുന്നത്. യെരൂശലേം നശി ച്ചുകിടക്കുന്നത് കണ്ടിട്ട് നിങ്ങൾക്ക് ഒരു വേദനയുമില്ലേ? ദൈവത്തിന്റെ ആലയം തകർന്നുകിടക്കുന്നത് കണ്ടിട്ട് നിങ്ങൾക്ക് വേദനയില്ലേ? ദൈവത്തിന്റെ ആലയത്തിൽ ആരാ ധനയില്ല എന്നു കണ്ടിട്ട് നിങ്ങൾക്ക് ദു:ഖമില്ലേ?

യെരൂശലേം തകർന്നുകിടക്കുന്നു. പ്രവാചകൻ നോക്കി യപ്പോൾ ജനം ചിന്തയില്ലാത്തവരായി ഇരിക്കുന്നു. നശിച്ചു കൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഒരു വിചാരവുമില്ല. ജനം ഒന്നും അറിയുന്നില്ല. കാണുന്നില്ല. അവർക്ക് കാണണമെന്ന് താത്പര്യവുമില്ല.

യിരമ്യാവിന്റെ പ്രവചനത്തിൽ പല ഭാഗത്തും നമുക്ക് കാണാം, യിരമ്യാവ് വളരെ കർക്കശമായി ജനത്തോട് സംസാ രിക്കുന്നു. അവരുടെ ജീവിതത്തിലെ തെറ്റുകൾ ചൂണ്ടിക്കാണി ക്കുന്നു. മനംതിരിഞ്ഞില്ലെങ്കിൽ നിങ്ങൾക്ക് അപകടം വരും എന്ന് പറയുന്നു.

യിരമ്യാവിന്റെ പ്രവചനത്തിൽ ഒൻപത് സ്ഥലത്ത് ‘Repent’ എന്ന വാക്ക് കാണാം. മാനസാന്തരപ്പെടുക അഥവാ അനുതപിക്കുക. പ്രവാചകൻ പറഞ്ഞു: നിങ്ങളുടെ തെറ്റുകളെ ഓർത്ത് അനുതപിക്കുക. കാരണം, മഹാനാശം വരാൻപോ കുന്നു. ബാബിലോണിയൻ ചക്രവർത്തിയായ നെബൂക്കദ്നേ സർ വന്ന് ഈ ദേശത്തുനിന്ന് എല്ലാ നല്ല ആളുകളേയും അടിമ കളായി കൊണ്ടുപോകും.

ദൈവം തന്ന ദേവാലയം നശിപ്പിക്കാൻ പോകുന്നു. ബാബിലോണിയൻ ചക്രവർത്തി എല്ലാം തകർത്തുകളയാൻ പോകുന്നു. വലിയ കെടുതികൾ വരാൻ പോകുന്നു. നമ്മുടെ നാട് മുടിയാൻ പോകുന്നു. പ്രവാചകൻ മുൻകൂട്ടി കാണുന്ന കാര്യങ്ങളൊക്കെയും ജനത്തോട് പറയുകയാണ്. ജനം ആദ്യ മൊന്നും അത് ഗൗനിച്ചില്ല. പക്ഷേ, ചിലർ അനുതപിക്കാനും ചിലർ കരയാനും തുടങ്ങി.

നശിക്കുന്ന കാര്യം പറഞ്ഞപ്പോൾ രാജാവിനുപോലും ഇഷ്ടപ്പെട്ടില്ല. എന്റെ രാജ്യം നശിക്കുമെന്ന് പറയാൻ ഇവനെ ന്താണ് അവകാശം? രാജാവ് പ്രവാചകനെ ചോദ്യം ചെയ്തു. പ്രവാചകനെ വലിയൊരു കിണറ്റിലേക്ക് തള്ളിയിട്ടു. ആഹാരം പോലും കൊടുക്കാതെ ഒരു വീടിന്റെ ചുറ്റുമതിലിനുള്ളിൽ വെറും തറയിൽ ഇരുത്തി. പ്രവാചകനെ വിഷമിപ്പിച്ചു. പ്രവാച കൻ യാതനകളേറ്റു.

അപ്പോഴും പ്രവാചകൻ കരഞ്ഞുകൊണ്ട് പ്രവചിച്ചുകൊ ണ്ടിരുന്നു. ഓർക്കുക. ദൈവം ചില മുൻകരുതലുകൾ തരു ന്നത് നാം നിരാശപ്പെടാനല്ല, തിരിഞ്ഞുവരാനാണ്. കാരണം, യിരമ്യാപ്രവചനം പതിനെട്ടാമദ്ധ്യായത്തിൽ നാം കാണുന്നു, കുശവൻ ഒരു പാത്രം പണിതുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, അത് ഉദ്ദേശിച്ചപോലെ നന്നായില്ല, കേടു വന്നുപോയി. പക്ഷേ, ആ പാത്രം കുശവൻ എറിഞ്ഞുകളഞ്ഞില്ല. അതേ മണ്ണുകൊണ്ടുതന്നെ കുശവൻ വേറൊരു മനോഹരമായ പാത്രമുണ്ടാക്കി. ഇത് 'grace' ആണ്. ദൈവത്തിന്റെ കൃപ യാണ്.

*"യഹൂദാരാജാക്കന്മാരും യെരൂശലേം നിവാസിക ളുമായുള്ളോരേ, യഹോവയുടെ വചനം കേൾപ്പിൻ! യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: കേൾക്കുന്നവന്റെ ചെവി മുഴ ങ്ങത്തക്കവണ്ണം ഞാൻ ഈ സ്ഥലത്തിന്നു ഒര*

*നർത്ഥം വരുത്തും."* *യിരമ്യാവ് 19 : 3*

ഒരാൾക്ക് തെറ്റുപറ്റിയെങ്കിലും ദൈവം അവനെ വീണ്ടും യഥാസ്ഥാനപ്പെടുത്തി എടുക്കുകയാണ്. തെറ്റുപറ്റി. പക്ഷേ, അവൻ അനുതപിച്ചപ്പോൾ അവനെ തിരികെക്കൊണ്ടുവരികയാണ്. എന്നാൽ പത്തൊൻപതാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ, "ഞാൻ നിങ്ങൾക്ക് അനർത്ഥം വരുത്തും" എന്നാണ് പറയുന്നത്.

ഇത്രയേറെ അനുഗ്രഹങ്ങൾ ഞാൻ നിങ്ങൾക്ക് തന്നിട്ടും നിങ്ങൾ മനംതിരിയുന്നില്ലല്ലോ? ഞാൻ നിങ്ങൾക്ക് അനർത്ഥം വരുത്തും. അതിന് കാരണമെന്താണ്?

*"അവർ എന്നെ ഉപേക്ഷിച്ച് ഈ സ്ഥലത്തെ വഷളാക്കി, തങ്ങളും തങ്ങളുടെ പിതാക്കന്മാരും യഹൂദാരാജാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത അന്യദേവന്മാർക്ക് അവിടെവെച്ച് ധൂപം കാട്ടി ഈ സ്ഥലത്തെ കുറ്റമില്ലാത്തവരുടെ രക്തംകൊണ്ട് നിറയ്ക്കയും ബാലിനു ഹോമബലികളായി തങ്ങളുടെ പുത്രന്മാരെ തീയിൽ ഇട്ട് ദഹിപ്പിപ്പാൻ ബാലിന്നു പൂജാഗിരികളെ പണികയും ചെയ്തിരിക്കുന്നു."* *യിരമ്യാവ് 19 : 4, 5*

ജനം ബാൽവിഗ്രഹത്തിന് പൂജാഗിരികളെ പണിതു വിഗ്രഹാരാധന തുടങ്ങി. സത്യദൈവത്തെ അവർ ഉപേക്ഷിച്ചു. എത്രയോ കൃപ ലഭിച്ചിട്ടും അവർ സത്യദൈവത്തെ ഉപേക്ഷിച്ചു. ദൈവം പറയുകയാണ്: അനുഗ്രഹത്തിന്റെ പെരുമാരിയാണ് ഞാൻ നിങ്ങളുടെമേൽ പെയ്തത്. ദൈവത്തിന്റെ സ്നേഹം നിങ്ങളുടെമേൽ അണപൊട്ടി ഒഴുകി. പക്ഷേ, നിങ്ങൾ ആ സ്നേഹം അറിഞ്ഞില്ല. ആ സ്നേഹം നിങ്ങൾ ഗൗനിച്ചില്ല. ഞാൻ തന്ന നല്ല കാലങ്ങൾ നിങ്ങൾ നഷ്ടപ്പെടുത്തി. നിങ്ങൾ വിഗ്രഹാരാധന ചെയ്തു. അതുകൊണ്ട് ഞാൻ

നിങ്ങൾക്ക് അനർത്ഥം വരുത്തും.

എന്താണ് വിഗ്രഹാരാധന? വേദപുസ്തകത്തിൽ പറയുന്ന വിഗ്രഹാരാധനയുടെ ആത്മീയ അർത്ഥം എന്താണ്? നാം ക്രിസ്തുവിനേക്കാൾ കൂടുതൽ ഏതിനെ സ്നേഹിക്കുന്നുവോ, അത് നമ്മുടെ വിഗ്രഹമാണ്. ഞാൻ ക്രിസ്തുവിനേക്കാൾ കൂടുതൽ എന്റെ മക്കളെ സ്നേഹിച്ചാൽ മക്കൾ എന്റെ വിഗ്രഹമാണ്. ഞാൻ ക്രിസ്തുവിനേക്കാൾ കൂടുതൽ എന്റെ ഭാര്യയെ സ്നേഹിച്ചാൽ ഭാര്യ വിഗ്രഹമാണ്.

ക്രിസ്തുവിനേക്കാൾ കൂടുതൽ ഞാൻ പണത്തെ സ്നേഹിച്ചാൽ പണം വിഗ്രഹമാണ്. നമ്മിൽ അനേകംപേർ വിഗ്രഹാരാധികളാണ്. ദൈവത്തിന്റെ കൃപ അറിഞ്ഞിട്ടും നിങ്ങൾ വിഗ്രഹാരാധനയിലേക്ക് തിരിയുന്നു എങ്കിൽ, നിങ്ങൾ പാപം വിട്ട് തിരിയുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്നത് വലിയോരു അനർത്ഥമായിരിക്കും.

പതിനെട്ടാം അദ്ധ്യായത്തിൽ ദൈവത്തിന്റെ 'grace' (കൃപ). 19–ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ 'Judgment' (ന്യായവിധി). ഇത് കൃപയുടെ യുഗമാണ്. ഇന്ന് ഏതൊരു പാപിയ്ക്കും മാനസാന്തരപ്പെടാം. എത്ര നീചപാപിക്കും മാനസാന്തരപ്പെടാം. എത്ര മോശമായി ജീവിക്കുന്നവനും നല്ല ജീവിതം നയിക്കാം.

ഇന്ന് കൃപയുടെ പെട്ടകം തുറന്നു വച്ചിരിക്കുകയാണ്. അവിടെ കരടിയ്ക്കും കടുവയ്ക്കും സിംഹത്തിനും പ്രവേശിക്കാം. കൊള്ളരുതാത്ത ജീവിതം നയിച്ചവർക്കും അവിടെ പ്രവേശിക്കാം. സിംഹവും കരടിയും പുള്ളിപ്പുലിയുമെല്ലാം മറ്റു ജീവികളെ കൊന്ന് തിന്നുന്നവരാണ്. മനുഷ്യരെ ആക്രമിക്കുന്നവരാണ്. അവരേയും അവിടെ പ്രവേശിപ്പിക്കുന്നു.

പുള്ളിപ്പുലിയുടെ കൂടെത്തന്നെ മാനിനെയും പ്രവേശിപ്പിക്കുന്നു. ആർക്കും പ്രവേശിക്കാം. ഇപ്പോൾ നല്ലകാലമാണ്. കൃപയുടെ കാലമാണ്. യഥാസ്ഥാനപ്പെടേണ്ട കാലമാണ്. നാം

യഥാസ്ഥാനപ്പെടുവാൻ ദൈവം വഴി ഒരുക്കിവച്ചിരിക്കുന്നു. ആർക്കും പ്രവേശിക്കാം. കഴിഞ്ഞകാലജീവിതം നോക്കി നിങ്ങൾ നിരാശപ്പെടേണ്ട.

നിങ്ങളുടെ ജീവിതത്തിൽ തിന്മകൾ പലതും വന്നുകാണും. അതിനെ ഓർത്ത് നിങ്ങൾ നിരാശപ്പെട്ട് തളർന്നിരിക്കേണ്ട. നിങ്ങൾ ഒരു കാര്യം മാത്രം ചെയ്യൂ. ഏതെല്ലാം കാര്യങ്ങളിൽ നിങ്ങൾക്ക് തെറ്റ് വന്നുവോ, അതിനെ ഓർത്ത് നിങ്ങൾ അനുതപിക്കുക. രക്ഷപ്പെടാം, പെട്ടകം തുറന്നിരിക്കുകയാണ്.

പ്രവാചകൻ വീണ്ടും വീണ്ടും വിളിച്ചുപറയുകയാണ്: മാനസാന്തരപ്പെടുക. അനുതപിക്കുക.

കർത്താവായ യേശുക്രിസ്തു പരസ്യശുശ്രൂഷ ചെയ്ത കാലത്ത് അനേകം വീര്യപ്രവൃത്തികൾ നടന്ന കോരസീനെ നോക്കിപ്പറഞ്ഞു: “കോരസീനേ, നിനക്ക് ഹാ കഷ്ടം! നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടുതന്നെ രട്ടിലും വെണ്ണീറിലും ഇരുന്ന് കരയുമായിരുന്നു; അനുതപിക്കുമായിരുന്നു.” (മത്തായി 11 : 21.) അവിടെ അനേകം വീര്യപ്രവൃത്തികൾ നടന്നിരുന്നു.

പ്രിയപ്പെട്ടവരേ, ഞാൻ അത്ഭുതത്തോടെ ഓർക്കുകയാണ്. നമ്മുടെ മദ്ധ്യത്തിൽ നടന്നതുപോലെ വീര്യപ്രവൃത്തികൾ എവിടെ നടന്നിട്ടുണ്ട്? എന്താണ് ഏറ്റവും വലിയ അത്ഭുതം? ഏറ്റവും വലിയ അത്ഭുതം മനുഷ്യന്റെ സ്വഭാവം മാറുന്നതാണ്. പിണങ്ങിയിരിക്കുന്ന ഭാര്യയും ഭർത്താവും ഒരു ഹൃദയമായിത്തീരുന്നു.

അകന്നിരുന്ന അപ്പനും മക്കളും ഒരു ഹൃദയമായിത്തീരുന്നു. ഏതോ വലിയ അഹങ്കാരവും നിഗളവും പിടിച്ച്, ഞാൻ വലിയവനാണെന്ന് ഭാവിച്ചുകൊണ്ടിരുന്നവൻ വിനയമുള്ളവനായി, താഴ്മയുള്ളവനായിത്തീരുന്നു.

നിങ്ങളുടെ സ്വഭാവം മാറിയോ? കൂട്ടായ്മയിൽ വരുമ്പോൾ വേദപുസ്തകം വായിക്കും പ്രാർത്ഥിക്കും സാക്ഷ്യം പറയും പാട്ടുപാടും. പക്ഷേ, നിത്യനായ ദൈവം ഹൃദയങ്ങളെ ശോധന ചെയ്യുമ്പോൾ നിങ്ങളുടെ സ്വഭാവം മാറിയതായി കാണുന്നുണ്ടോ? നിങ്ങളുടെ പ്രകൃതം മാറിയതായി കാണുന്നുണ്ടോ? ഇന്നും അഹങ്കാരം പൊങ്ങിവരുന്നില്ലേ? പല കാര്യങ്ങളിലും നിഗളം പൊങ്ങിവരുന്നില്ലേ? പെട്ടെന്ന് കോപിച്ച് ശുണ്ഠി പിടിക്കുന്നില്ലേ? നിങ്ങൾ ഭാര്യയോട് അല്ലെങ്കിൽ ഭർത്താവിനോട് കോപിച്ച് വാശിപിടിക്കുന്നില്ലേ? ഇന്നും പഴയ സ്വഭാവം തന്നെയല്ലേ? കൂട്ടായ്മയിൽ പോകുന്നു പക്ഷേ, സ്വഭാവം മാറിയില്ല. വചനം കേൾക്കാൻ വരുന്നു പക്ഷേ, സ്വഭാവം മാറിയില്ല.

നമ്മുടെ കൂട്ടായ്മയിൽ സ്വഭാവം മാറിയ അനേകരുണ്ട്. പ്രകടമായ മാറ്റം വന്നവർ. പ്രകടമായ പാപങ്ങൾ വിട്ടവർ. മദ്യപാനം വിട്ടവർ. ഒരു വലിയ പിശാചാണ് മദ്യം. ആ ഭൂതാത്മാവ് മനുഷ്യനെ പിടിച്ചാൽ അവന് രക്ഷപ്പെടാൻ സാധിക്കുകയില്ല. അനേകം ചെറുപ്പക്കാർ ഇന്ന് മദ്യപാനത്തിന് അടിമകളായിത്തീർന്നിരിക്കുന്നു. ഇന്ന് കേരളത്തിൽ മാടക്കടകളിൽപ്പോലും സുലഭമായി കിട്ടുന്ന ചില വിഷവസ്തുക്കളുണ്ട്. ലഹരി പിടിപ്പിക്കുന്ന വസ്തുക്കൾ! ഇതെല്ലാം നമ്മുടെ കുഞ്ഞുങ്ങൾ നിസ്സാര വിലയ്ക്ക് വാങ്ങി ഉപയോഗിക്കുന്നു.

ഇന്ന് കഞ്ചാവ്, വാസ്തവത്തിൽ നമ്മുടെ നാടിനെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾ അറിയുന്നില്ല. കുട്ടികൾ പെട്ടെന്നുള്ള ഒരു സന്തോഷത്തിനുവേണ്ടി, ലഹരിക്കുവേണ്ടി എടുത്ത് ഉപയോഗിക്കുന്നു. ആരെല്ലാമോ പറഞ്ഞ് അവരെ പ്രേരിപ്പിച്ചു; അവർ ഉപയോഗിച്ചു. ഉപയോഗിച്ചുകഴിഞ്ഞാണ് അവർക്ക് ബുദ്ധിമാന്ദ്യം വരുന്നത്. പിന്നെ പഠിക്കാൻ പറ്റുന്നില്ല. ബുദ്ധി പോകുന്നു.

എന്നാൽ നമ്മുടെ മദ്ധ്യത്തിൽ എത്രയേറെ അത്ഭുതങ്ങൾ

നടന്നു! എത്രയോ പേരാണ് കഞ്ചാവും മദ്യപാനവും വിട്ട് നല്ല മാർഗ്ഗത്തിലേക്ക് തിരിഞ്ഞത്! ഇന്ന് കൃപയുടെ കാലമാണ്. എല്ലാം വിട്ടുതിരിയാൻ പറ്റിയ കാലമാണ്. നിങ്ങൾ കർത്താവിനോട് ഒരു വാക്ക് പറയുമോ? എന്റെ ഈ ദുശ്ശീലം ഒന്ന് മാറ്റിത്തരണമേ. ഇന്ന് എന്റെ ജീവിതത്തിലെ ദുശ്ശീലങ്ങളുടെ അവസാനത്തെ ദിവസമാകണമേ. എന്റെ കോപാക്രാന്തമായ പെരുമാറ്റം മാറ്റിത്തരണമേ. കർത്താവേ, നീ എന്നോട് മനസ്സലിയണമേ. ഇന്നു നീ എന്നെ ഒന്ന് തൊടണമേ. എന്റെമേലുള്ള ബാധകളൊന്ന് മാറ്റിത്തരണമേ.

ചില ഭവനങ്ങളിൽ ഭാര്യയും ഭർത്താവും പിണങ്ങുന്നു, സുബോധമില്ലാതെ വഴക്കടിക്കുന്നു. കല്യാണം കഴിച്ചിട്ട് ഏതാനും നാളുകളേ ആയുള്ളൂ. എന്നാൽ ഇപ്പോൾ അവർ തമ്മിൽ ഐക്യമില്ലാതായിത്തീർന്നിരിക്കുന്നു.

സ്നേഹം നഷ്ടപ്പെട്ടുപോയി. ഏറ്റവും വിലയേറിയ സ്വത്താണ് നഷ്ടപ്പെട്ടത്. ഭാര്യ കൊണ്ടുവന്ന സ്ത്രീധനം ബാങ്കിൽ കിടപ്പുണ്ട്. സ്ത്രീധനമല്ല നഷ്ടപ്പെട്ടത്. അതിനേക്കാൾ വലിയ നഷ്ടം, സ്വഭാവം ചീത്തയായിപ്പോയി. സ്നേഹം നഷ്ടപ്പെട്ടു.

ഭാര്യയും ഭർത്താവും സ്നേഹമെന്ന ഒരു ചങ്ങലയിൽ കുടുങ്ങിക്കിടക്കേണ്ടവരാണ്. യേശുക്രിസ്തുവിന്റെ കുരിശിൽ നിന്ന് വരുന്ന സ്നേഹത്തിന്റെ ഒരു ചങ്ങലയുണ്ട്. ആ സ്നേഹത്തിൽ ബന്ധിക്കപ്പെട്ടവരായിത്തീരണം. കുരിശിൽക്കൂടി ഒഴുകിയിറങ്ങിയ ആ തിരുരക്തത്തിലുള്ള സ്നേഹത്തിന്റെ അത്ഭുതകരമായ സ്വാധീനം നമ്മെ ഓരോരുത്തരേയും സ്വാധീനം ചെയ്യേണ്ടതാണ്.

സ്നേഹം കുറഞ്ഞുപോയെങ്കിൽ ഒരാൾ എളിമപ്പെടുക. ഭാര്യ എളിമപ്പെടുക. ഭർത്താവ് എളിമപ്പെടുക. അത് തോൽവിയല്ല, വിജയമാണ്. ഒരാൾ താഴുക. കുറെ ദിവസമായി പര

സ്പരം മിണ്ടുന്നില്ല. സൗഹൃദമില്ല, സ്നേഹമില്ല. ഒരാളങ്ങ് താഴുക.

ഭർത്താവ്, പറയണം: ഞാൻ നിന്നെ അടിച്ചത് എന്നോട് ക്ഷമിക്കൂ. ഇനിയില്ല. ഇനി ഞാനൊരു പുതിയ മനുഷ്യനായിരിക്കും. ഭാര്യ പറയണം: ഞാൻ കുറെ ശുണ്ഠിവാക്കുകൾ പറഞ്ഞു. നിങ്ങളെ വേദനിപ്പിക്കുന്ന രീതിയിൽ സംസാരിച്ചു. നിങ്ങളെ കുത്തിമുറിവേൽപ്പിക്കുന്ന വാക്കുകൾ എന്റെ വായിൽ നിന്നും വന്നുപോയി. എന്നോട് ക്ഷമിക്കണം. പറയരുതോ പ്രിയപ്പെട്ടവരേ? കുടുംബം ഐശ്വര്യമാകട്ടെ. സന്തോഷമുള്ളതായിത്തീരട്ടെ. നമ്മുടെ കുടുംബം കൂടുമ്പോൾ ഇമ്പമായിത്തീരട്ടെ. ഭാര്യയും ഭർത്താവും കർത്താവുമായി ഒരു മുപ്പിരിച്ചരടായി തീരട്ടെ.

മുപ്പരിച്ചരട് അറ്റുപോകാൻ സാദ്ധ്യമല്ല. അത് മുറിഞ്ഞുപോകാൻ സാദ്ധ്യമല്ല. അതിന് ശക്തമായ കെട്ടുറപ്പാണുള്ളത്. നമ്മുടെ കുടുംബങ്ങൾ ഐക്യത്തിന്റെ കുടുംബങ്ങളായിത്തീരട്ടെ. ഇന്ന് കർത്താവ് നമുക്ക് അനുഗൃഹീതമായ സമയം തരികയാണ്. ഇത് കൃപയുടെ കാലമാണ്. നിങ്ങൾ പെട്ടകത്തിലേക്ക് ഓടി വരിക. യേശുനാഥന്റെ തിരുവിലാവ് തുറന്നിരിക്കുന്നു. അതാണ് പെട്ടകം. ആ തിരുഹൃദയം മുറിഞ്ഞിരിക്കുന്നു. ആ മുറിവിൽക്കൂടി നിങ്ങൾക്ക് യേശുവിന്റെ സ്നേഹാർദ്രമായ ഹൃദയത്തിലേക്ക് പ്രവേശിക്കാം.

ഇതുവരെ കൊള്ളകൾ നടത്തിയവരോ, അപ്പനെ തല്ലിയവരോ, പ്രാകിയവരോ, ശപിച്ചവരോ എന്തുമാകട്ടെ. ഇതുവരെ ഗർഭച്ഛിദ്രം നടത്തിയവരോ കൊലപാതകം ചെയ്തവരോ ആരുമാകട്ടെ. ഇന്ന് നിങ്ങൾക്ക് ഓടി അണയാം യേശുവിന്റെ പാദത്തിലേക്ക്. നിങ്ങളെ കർത്താവ് യഥാസ്ഥാനപ്പെടുത്തും. ഉടഞ്ഞുപോയ പാത്രത്തെ കർത്താവ് പുതിയ പാത്രമാക്കിത്തീർക്കും.

തകർന്നുപോയ പാത്രമാണ്. ഉപയോഗമില്ലാത്ത പാത്രമാണ്. എറിഞ്ഞുകളയേണ്ട പാത്രമാണ്. പക്ഷേ, കർത്താവ് എറിഞ്ഞുകളയുന്നില്ല. എന്നേ നാം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടേണ്ടവരായിരുന്നു. എന്നേ നമ്മുടെ ആയുസ്സ് അറ്റുപോകേണ്ടതായിരുന്നു. എന്നേ നാം നിത്യതയിലേക്ക് മാറ്റപ്പെടേണ്ടതായിരുന്നു.

പിന്നേയും നമുക്ക് വചനം കേൾക്കാൻ അവസരം തന്നു. ആയുസ്സോടെ, ആരോഗ്യത്തോടെ നിർത്തി. അതുകൊണ്ടല്ലേ നിങ്ങൾക്ക് വചനത്തിന്റെ മുമ്പിൽ വരാൻ ഇടയായത്? ഇത് അനുഗൃഹീതമായ സമയമാണ്. ഈ നല്ല സമയം നിങ്ങൾ കർത്താവിന്റെ അടുത്തേയ്ക്ക് ഓടിവരുവിൻ.

കർത്താവിനോട് നിങ്ങൾ പറയുവിൻ: കർത്താവേ, ആശയറ്റവനായി ഞാൻ വരുന്നു. വലഞ്ഞവളായി ഞാൻ വരുന്നു. ദു:ഖിക്കുന്നവനായി ഞാനിതാ വരുന്നു. മനസ്സ് വാടിയവളായി ഞാൻ വരുന്നു. കർത്താവേ, എന്റെ ഹൃദയം മ്ലാനമായി ഞാനിതാ വരുന്നു. എനിക്ക് ഒരു സമാധാനം തരണമേ.

എന്റെ പാപക്കറകൾ ഒക്കെയും എന്നെ വേട്ടയാടുന്നു. അനേകം ശാപങ്ങളും ബാധകളും ബന്ധനങ്ങളും എന്നെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. ഈ ബന്ധനങ്ങളിൽ നിന്ന് എനിക്കൊരു മോചനം തരണമേ; എന്നെ രക്ഷിക്കണമേ.

നിങ്ങൾ പ്രാർത്ഥിച്ചാൽ ഇപ്പോൾത്തന്നെ നിങ്ങളുടെ മേൽ കർത്താവ് കരം വയ്ക്കും. കർത്താവ് നിങ്ങളെ അനുഗ്രഹിക്കും. എല്ലാ ശാപങ്ങളും മാറ്റും. എല്ലാ ബാധകളും മാറ്റും. എല്ലാ ബന്ധനങ്ങളും അഴിയ്ക്കും. നിങ്ങളുടെ കുടുംബം സ്വർഗ്ഗമായിത്തീരും.

കുടുംബം സ്വർഗ്ഗമായിത്തീരുക! എന്തൊരു ഭാഗ്യമാണത്. മരിച്ചതിന് ശേഷമുള്ള സ്വർഗ്ഗമല്ല, ഈ ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ സ്വർഗ്ഗം തുടങ്ങാം. സ്വർഗ്ഗം സ്നേഹമാണ്.

സ്വർഗ്ഗം വിശുദ്ധിയാണ്. എല്ലാ അശുദ്ധിയും മാറട്ടെ. എല്ലാ തിന്മകളും മാറട്ടെ. എല്ലാ വൈരാഗ്യങ്ങളും മാറട്ടെ. എല്ലാ പകയും വിദ്വേഷവും മാറട്ടെ. എല്ലാ പ്രതികാരചിന്തയും മാറട്ടെ. ഒരു തികഞ്ഞ പുരുഷത്വം പ്രാപിക്കുന്ന ഭാഗ്യകരമായ അനുഭവം! സ്നേഹത്തിന്റെ പുരുഷത്വം പ്രാപിക്കുക. സ്നേഹത്തിന്റെ മൂർത്തിമദ്ഭാവങ്ങളായി നാം തീരുക.

അനുഗ്രഹകരമായ ഒരനുഭവം നിങ്ങൾക്ക് നേടാൻ സാധിക്കും. ഇന്നുവരെയും പാപത്തിന്റെ നാളുകൾ. ഇന്നുവരെയും പാഴായിപ്പോയ നാളുകൾ. ഇന്നുവരെയും നഷ്ടപ്പെടുത്തിയ നാളുകൾ. എന്നാൽ ഇന്നുമുതൽ കർത്താവേ, നിന്റെ ഒരു ദാസനായി, ദാസിയായി എന്റെ ജീവിതം നിനക്കിതാ സമർപ്പിച്ചുതരുന്നു.

ഇനിമേൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കുമെന്ന് ഞാൻ നിന്നോട് വാക്ക് പറയുന്നു. എന്നോട് നീ കരുണ തോന്നണമേ. എന്നെ നീ അനുഗ്രഹിക്കണമേ. എന്റെമേൽ നിന്റെ തൃക്കരം വയ്ക്കണമേ.

# നാല്

*“യഹോവയിങ്കൽ നിന്നു യിരമ്യാവിന്നുണ്ടായ അരുളപ്പാട് എന്തെന്നാൽ: നീ എഴുന്നേറ്റു കുശവന്റെ വീട്ടിലേക്കു ചെല്ലുക; അവിടെവെച്ചു ഞാൻ നിന്നെ എന്റെ വചനങ്ങളെ കേൾപ്പിക്കും. അങ്ങനെ ഞാൻ കുശവന്റെ വീട്ടിൽ ചെന്നപ്പോൾ അവൻ ചക്രത്തിന്മേൽ വേല ചെയ്തുകൊണ്ടിരുന്നു. കുശവൻ കളിമണ്ണുകൊണ്ടു ഉണ്ടാക്കിയ പാത്രം അവന്റെ കൈയിൽ ചീത്തയായിപ്പോയി; എന്നാൽ കുശവൻ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു.”*

*യിരമ്യാവ് 18 : 1 – 4*

കുശവൻ കളിമണ്ണുകൊണ്ടുണ്ടാക്കിയ പാത്രം അവന്റെ കൈയിൽ വച്ചുതന്നെ ചീത്തയായിപ്പോയി. എന്നാൽ കുശവൻ അത് എറിഞ്ഞ് കളഞ്ഞില്ല. കുശവൻ തനിക്ക് ബോധിച്ചതുപോലെ അതിനെ മറ്റൊരു പാത്രമാക്കി തീർത്തു.

അതാണ് കൃപ. അതാണ് ദൈവത്തിന്റെ സ്നേഹം. യേശുക്രിസ്തുവിന് ബോധിച്ചതുപോലെ മറ്റൊരു പാത്രമാക്കി നിന്നെ തീർക്കും. ഒരുപക്ഷേ നിന്നെക്കുറിച്ച് ഉദ്ദേശിച്ച സ്വർഗ്ഗീയ പരിപാടി ഇതുവരെ നടന്നില്ല. എന്നാൽ ദൈവം നിന്നെ ഉപയോഗിക്കും. നിന്നെ മറ്റൊരു പാത്രമാക്കിത്തീർക്കും.

അനേകർക്ക് കരുണയും ദൈവസ്നേഹവും പകർന്നുകൊടുക്കുന്ന ഒരു പാത്രമാക്കി ദൈവം നിന്നെ മാറ്റും. നിന്റെ

നാവിൽക്കൂടി യേശുക്രിസ്തു സംസാരിച്ച് അനേകർക്ക് ആശ്വാസം ലഭിക്കും. നിന്റെ ആളത്വത്തിൽ യേശുക്രിസ്തു ഇറങ്ങിനിന്ന് പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ സ്വാധീനശക്തികൊണ്ട് അനേകരെ ക്രിസ്തുവിലേയ്ക്ക് ആകർഷിക്കാൻ നിനക്ക് സാധിക്കും.

കടന്നുചെല്ലുമ്പോൾ, "നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്നുള്ള വിളി കേൾക്കാൻ നിനക്ക് സാധിക്കും. ഇന്നത്തെ സ്ഥിതിയിൽ പാപം വിടാതെ നാം ജീവിച്ചുപോയാൽ, ദൈവത്തെ മറന്ന് നാം ജീവിച്ചുപോയാൽ, പിന്നേയും വഴക്കും പിണക്കവും കലഹവും ശുണ്ഠിയുമായി ജീവിച്ചുപോയാൽ സംഭവിക്കാൻ പോകുന്നത് അങ്ങ് ചെല്ലുമ്പോൾ, 'കൊള്ളരുതാത്ത ദാസനേ' എന്നുള്ള വിളിയാണ്.

> *"എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും."     മത്തായി 25 : 30*

ദൈവത്തിന്റെ ദൂതന്മാരോട് ദൈവം കൽപ്പിക്കുകയാണ്: "ഇവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ." 'The outer darkness!' ഭയാനകമായ കൂരിരുട്ടാകുന്ന അന്ധകാരനിബിഡമായ നരകത്തിന്റെ ഭീകരതയിലേക്ക് തള്ളിക്കളവിൻ എന്നാണ് പറയുന്നത്. ഇതൊന്നും വെറും വീൺവാക്കുകളല്ല. ഇതെല്ലാം സംഭവിക്കാൻ പോകുന്ന കാര്യങ്ങളാണ്. ഇന്ന് നാം വചനം തുടരെ കേൾക്കുന്നതുകൊണ്ട് വചനത്തിന് വിലയില്ല.

ഒരു അനുഗൃഹീതനായ പട്ടക്കാരൻ പള്ളിയിൽ ആരാധന കഴിഞ്ഞ് തിരിച്ചുവന്നു. ഭാര്യ അന്ന് പള്ളിയിൽ പോയില്ലായിരുന്നു. ഇന്ന് പ്രസംഗിച്ച പ്രസംഗകൻ എന്താണ് പറഞ്ഞത്? ഭാര്യ ചോദിച്ചു. അച്ചൻ പറഞ്ഞു: ഇന്ന് പ്രസംഗിച്ചത് ഒരു പുതിയ സുവിശേഷകനാണ്. അദ്ദേഹം പാപത്തെക്കുറിച്ചാണ് പറഞ്ഞത്. ഭാര്യ ചോദിച്ചു: പാപത്തെക്കുറിച്ച് എന്താണ് പറ

ഞ്ഞത്? അച്ചൻ പറഞ്ഞു: "പാപത്തിൽ നിന്ന് അകന്നുകൊള്ളണം. പാപം ദൈവത്തിന് ഇഷ്ടമല്ല, ജീവിതത്തിൽ പാപം വരരുത്" എന്നാണ് പറഞ്ഞത്.

അച്ചന്റെ ഭാര്യ ആ വാക്കുകൾ ഉൾക്കൊണ്ടു. അവളുടെ ജീവിതം കർത്താവിന് സമർപ്പിച്ചു. അന്ന് ആരാധനയ്ക്ക് പോകാതെ വീട്ടിലിരുന്നത് നഷ്ടമായല്ലോ എന്നവൾക്ക് തോന്നി. അവൾ തീരുമാനിച്ചു: പാപം ദൈവത്തിൽനിന്ന് എന്നെ അകറ്റുന്നതാണ്. ഇനി എന്നിൽനിന്ന് ഒരു പാപവും വരികയില്ല. ആ പട്ടക്കാരന്റെ കുടുംബം സ്വർഗ്ഗമായിത്തീർന്നു.

കുടുംബം അനുഗ്രഹമാകണമോ, പാപം മാറണം. ദൈവത്തിന്റെ കൈയിൽ ചീത്തയായിപ്പോയെങ്കിലും കർത്താവ് ചീത്തയാണെന്ന് പറഞ്ഞ് എറിഞ്ഞുകളയുന്നില്ല. സഹോദരങ്ങളേ, നിങ്ങളെ എല്ലാവരേയും യേശു സ്നേഹിക്കുന്നു. ആരേയും കർത്താവ് അന്യരായി കാണുന്നില്ല. അതുകൊണ്ടാണ് നിങ്ങൾക്ക് ഈ വചനം വായിക്കാൻ ഇടയായത്.

ദൈവം എല്ലാവരെയും സ്നേഹിക്കുന്നു. സ്നേഹമായതുകൊണ്ട് കർത്താവ് നിങ്ങളുടെ തെറ്റ് ചൂണ്ടിക്കാണിച്ചുതരുന്നു. ദൈവത്തിന്റെ കൃപ! കുശവന്റെ കൈയിൽ പാത്രം ചീത്തയായിപ്പോയി. കളിമണ്ണുകൊണ്ടാണ് പാത്രമുണ്ടാക്കിയത്.

ആ കാലത്ത് യിരമ്യാവ് സ്ഥിരമായി നടന്നുപോകുന്ന വഴിയിൽ, വഴിയോരങ്ങളിൽ കുശവന്മാരിരുന്ന് പാത്രം മെനയുന്നത് പലപ്പോഴും കാണാറുണ്ട്. അന്ന് യിരമ്യാവിന്റെ മനസ്സിൽ ഒരു കാര്യം കുറിക്കൊണ്ടു. കുശവൻ പാത്രം മെനയുന്നു. ആ പാത്രം ഉദ്ദേശിച്ചപോലെ ആയില്ലെങ്കിൽ കുശവൻ ആ പാത്രം ഉടച്ചുകളയുന്നു.

ഉടച്ചിട്ട് അത് പൊടിയ്ക്കുന്നു. നല്ല പൊടിയായി കഴിഞ്ഞിട്ട് കുശവൻ അതിട്ട് കുഴയ്ക്കുന്നു. കുശവൻ കുഴയ്ക്കുമ്പോൾ കഷ്ടപ്പാടുകൊണ്ട് അവന്റെ വിയർപ്പ് അതിൽ കല

രുന്നു. നഷ്ടപ്പെട്ടു പോയല്ലോ എന്നുള്ള ദു:ഖംകൊണ്ട് കണ്ണിൽ നിന്ന് കണ്ണുനീരു വരികയും ചെയ്യുന്നു.

കണ്ണുനീരും വിയർപ്പും എല്ലാം ഇഴുകിച്ചേർന്ന് പാത്രം വീണ്ടും കുഴച്ച് കുശവൻ അത് പണിയാൻ തുടങ്ങുന്നു. കുശവൻ മണ്ണ് കാലുകൊണ്ടാണ് ചവിട്ടിക്കുഴയ്ക്കുന്നത്. അപ്പോൾ കാലിൽ ചെറിയ ചെറിയ തരികൾ വന്ന് കൊള്ളുന്നു. കുശവന് വേദനിക്കുന്നു. ചിലയിടത്ത് കുശവന് മുറിവേൽക്കുന്നു. ആ മുറിവിൽനിന്ന് വരുന്ന രക്തവും കൂടിയാണ് ഇത് കുഴയ്ക്കുന്നത്. കുശവൻ ആ പാത്രത്തെ പുതിയൊരു രീതിയിൽ മെനഞ്ഞെടുക്കുന്നു. ഇതിനുമുമ്പ് ഉദ്ദേശിച്ച ആകൃതിയിലല്ല, വേറൊരു പുതിയ ആകൃതിയിൽ മനോഹരമായ ഒരു പാത്രമായിത്തീരുന്നു!

ഈ മണ്ണ്, അനേകം ജീവികൾ മേഞ്ഞുനടന്നിടത്തു നിന്ന് എടുത്തതാണ്. ഈ മണ്ണ് ഒരു പ്രയോജനവുമില്ലാതെ കിടന്നതായിരുന്നു. കുശവൻ കിളച്ചുകിളച്ച് അടിയിൽനിന്ന് മണ്ണെടുത്ത് അദ്ധ്വാനിച്ച് തന്റെ വീട്ടിൽ കൊണ്ടുവന്ന് ചക്രത്തിൽവച്ച് അത് പണിയുകയാണ്.

എന്തായിരുന്നു നമ്മുടെ പഴയകാലം? നമ്മുടെ വീട്ടിൽ കോപത്തിന്റെ അട്ടഹാസങ്ങൾ! ചെറുപ്പക്കാർ കോപിച്ച് അപ്പനോടോ അമ്മയോടോ ധിക്കാരം പറയുന്നു. അപ്പനേയും അമ്മയേയും നിരസിക്കുന്നവരില്ലേ? അപ്പനേയും അമ്മേയേയും വേദനിപ്പിക്കുന്നവരില്ലേ? ഒരുപക്ഷേ അപ്പനെ തല്ലിയവരില്ലേ? അമ്മയെ തല്ലിയവരില്ലേ?

*"അപ്പനെ ശപിക്കയും അമ്മയെ അനുഗ്രഹിക്കാതിരിക്കയും ചെയ്യുന്നോരു തലമുറ!"*

*സദൃശവാക്യങ്ങൾ 30 : 11*

അപ്പനെ ശപിക്കുന്നു. അപ്പനെ പ്രാകുന്നു. അപ്പനെ അപ്പാ, എന്ന് വാത്സല്യത്തോടെ വിളിക്കാൻ തോന്നുന്നില്ല. വാർദ്ധക്യത്തിൽ അപ്പനെ തലോടാനോ അപ്പന്റെ കാര്യം നോക്കാനോ

തോന്നുന്നില്ല. അപ്പൻ ഒരു ശാപമായും അധികപ്പറ്റായും തീർന്നിരിക്കുകയാണ്. അതുപോലെ അമ്മയും.

ഒരു കാലത്ത് ആ വീട് അടക്കിഭരിച്ചിരുന്ന അമ്മ ഇന്ന് ഒരു അധികപ്പറ്റായിത്തീർന്നിരിക്കുന്നു. അമ്മയെ മക്കൾ മാനിക്കുന്നില്ല, ആദരിക്കുന്നില്ല, സ്നേഹിക്കുന്നില്ല. ഒരു ശല്യമാണല്ലോ എന്നാണ് ചിന്തിക്കുന്നത്. അങ്ങനെ ചിന്തിക്കുന്ന എത്രയോ ആളുകളുണ്ട്. എല്ലാം ശാപകരമാണ്.

> *"തങ്ങൾക്കുതന്നെ നിർമ്മലരായിത്തോന്നുന്നവരും അശുദ്ധി കഴുകിക്കളയാത്തവരുമായോരു തലമുറ! അയ്യോ ഈ തലമുറയുടെ കണ്ണുകൾ എത്ര ഉയർന്നിരിക്കുന്നു-അവരുടെ കണ്ണിമകൾ എത്ര പൊങ്ങിയിരിക്കുന്നു."*
>
> *സദൃശവാക്യങ്ങൾ 30 : 12, 13*

അശുദ്ധി കഴുകിക്കളഞ്ഞിട്ടില്ല. ഞാൻ നിർമ്മലനാണ്. ഞാൻ പള്ളിയിൽ പോകുന്നുണ്ട്. ഞാൻ നമസ്ക്കാരം ചെല്ലുന്നുണ്ട്. ഞാൻ നോമ്പ് നോക്കുന്നുണ്ട്. ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. പിന്നെ എന്താണ് കുഴപ്പം എന്ന് ചിന്തിക്കുന്ന ഒരു തലമുറ.

അഹങ്കാരികളാണ്. കണ്ണ് പൊങ്ങിയിരിക്കുന്നു. എന്നെ ചോദ്യം ചെയ്യാൻ ആരുണ്ട് എന്ന മട്ടിൽ അവർ അഹങ്കാരത്തോടെ നിൽക്കുന്നു. അഹങ്കരിക്കുന്നവരായ ചെറുപ്പക്കാർ. അപ്പനെ പരിഹസിക്കയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കും.

ദുർഭൂതങ്ങൾ അഥവാ, ദുരാത്മാക്കൾ ആ മനുഷ്യനെ പിടികൂടി നശിപ്പിക്കും. മാതാപിതാക്കളെ ആദരിച്ചുകൊള്ളണം. മാതാപിതാക്കളെ ബഹുമാനിച്ചുകൊള്ളണം. ഏറ്റവും കാര്യമായി നോക്കിക്കൊള്ളണം. അവരുടെ അജ്ഞതകൊണ്ടോ വിവേകക്കുറവുകൊണ്ടോ എന്തെങ്കിലും പറഞ്ഞാലും നിങ്ങൾ ക്ഷമിക്കണം.

മക്കൾ ക്ഷമിക്കണം. അമ്മായിയമ്മ ഒരു പക്ഷേ വിവരക്കേടുകൊണ്ട് എന്തെങ്കിലും പറഞ്ഞാലും മരുമകൾ അത് ക്ഷമിക്കണം. സഹിക്കണം. അങ്ങനെ കുടുംബം ഐശ്വര്യമായിപ്പോകണം.

ഇന്ന് അനേകം കുടുംബങ്ങൾ തകർന്നു കിടക്കുന്നത് ഇങ്ങനെയെല്ലാമുള്ള കാര്യങ്ങളിലാണ്. പ്രാർത്ഥനയുണ്ട്. സണ്ടേസ്ക്കൂളിൽ മക്കളെ വിടുന്നുണ്ട്. യുവജനപ്രസ്ഥാനത്തിലും വിടുന്നുണ്ട്. എല്ലാ പ്രാർത്ഥനകളും നമസ്ക്കാരങ്ങളുമുണ്ട്. ചടങ്ങുകൾ എല്ലാമുണ്ട്. പള്ളിപ്പെരുന്നാളുകളുണ്ട്.

എന്തിനാണ് കുറവ്? പക്ഷേ, സ്വന്തം വീട്ടിൽ നാശമാണ്. സ്വന്തം വീട്ടിൽ നരകമാണ്. പരസ്പരം ഇണക്കമില്ല. കുടുംബം മുടിഞ്ഞു കിടക്കുന്നു. അനേകം കുടുംബങ്ങളുടെ സ്ഥിതി അറിയുന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. ദൈവനാമമഹത്വത്തിനുവേണ്ടി ഞാൻ പറയുകയാണ്, ഞങ്ങളുടെ കുടുംബം ഇന്ന് ഒരു സ്വർഗ്ഗമാണ്.

ദൈവമാണ് അങ്ങനെയാക്കിത്തന്നത്. നരകത്തിന്റെ വേദനയുണ്ടായിരുന്നു ഇവിടെ. മരണത്തിന്റെ വേദനയുണ്ടായിരുന്നു. അപ്പൻ മരിച്ചു. ചേട്ടൻ മരിച്ചു. അമ്മ പ്രസവിച്ച മൂന്ന് കുഞ്ഞുങ്ങൾ നേരത്തെ മരിച്ചുപോയിരുന്നു. അഞ്ചു മരണം നടന്ന കുടുംബമാണിത്. ഈ വീട്ടിൽ എന്നും ദു:ഖമായിരുന്നു. എന്നും വേദനയായിരുന്നു. എന്നും കരച്ചിലായിരുന്നു. അമ്മ നെഞ്ചത്തടിച്ച് കരയുന്നത് ഞാൻ കണ്ടിട്ടുണ്ട്.

അപ്പോഴെല്ലാം ഞാനും കരയും എന്റെ പെങ്ങളും കരയും. ഞങ്ങൾ മൂന്നുപേരേ അന്ന് വീട്ടിലുള്ളൂ. ദു:ഖത്തിന്റെ കാലങ്ങൾ! ദുരിതത്തിന്റെ കാലങ്ങൾ! അതെല്ലാം കഴിഞ്ഞ് കർത്താവായ യേശു ഈ ഭവനത്തിലേക്ക് എഴുന്നള്ളി വന്നു. യേശു എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നു. യേശു എന്റെ അമ്മയുടെ ഹൃദയത്തിലേക്ക് കടന്നുവന്നു.

യേശു എന്റെ ഭാര്യയുടെ ഹൃദയത്തിലേക്ക് കടന്നു

വന്നു. കുടുംബം സ്വർഗ്ഗമായിത്തീർന്നു. എല്ലാം തികഞ്ഞു എന്നൊന്നുമല്ല പറയുന്നത്. എന്നാൽ ഒരു സ്നേഹത്തിന്റെ സുഗന്ധമാണ് ഇവിടെയുള്ളത്. ഒരിക്കലും സ്നേഹശൂന്യത എവിടെയും കാണാനില്ല. ഇവിടെ നിരന്തരം വരുന്നവർക്ക് കാണാമല്ലോ, ഇവിടെ സ്നേഹമേ ഉള്ളൂ.

ഞങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ചിലപ്പോൾ പൊട്ടിച്ചിരിക്കും. സന്തോഷത്തിന്റെ വർത്തമാനങ്ങൾ പറയും. അപ്പോഴെല്ലാം ഉള്ളം സന്തോഷിക്കുകയാണ്. അവിടെ ഈർഷ്യയില്ല. ആരേയും തരം താഴ്ത്തുകയില്ല. എല്ലാവരേയും ആദരിക്കുന്നു. എല്ലാവരേയും സ്നേഹിക്കുന്നു.

കുടുംബം സ്വർഗ്ഗമാക്കിയെടുക്കണം. സഹോദരങ്ങളേ, ഇന്ന് ചീത്തയായിപ്പോയെങ്കിലും ഈ പാത്രത്തെ നന്നാക്കാൻ കർത്താവിന് കഴിയും. അങ്ങ് ദൂരെ മലമ്പ്രദേശത്തുണ്ടായിരുന്ന കളിമണ്ണ് കഷ്ടപ്പെട്ട് കോരിയെടുത്തുകൊണ്ടുവന്ന് കർത്താവ് ചവിട്ടിക്കുഴച്ച് കർത്താവിന്റെ തിരുരക്തം കലർത്തി കർത്താവിന്റെ വിയർപ്പുചാലുകൾ ഒഴുക്കി അങ്ങനെ ഇത് നന്നാക്കി നന്നാക്കി കൊണ്ടുവന്നു. പക്ഷേ, അതെല്ലാം ചീത്തയായിപ്പോയി.

കഷ്ടപ്പെട്ട അദ്ധ്വാനമെല്ലാം ചീത്തയായിപ്പോയി. അപ്പോഴാണ് അത് എറിഞ്ഞുകളയാതെ, വേണ്ട എന്നുപറഞ്ഞ് ഉപേക്ഷിച്ചുകളയാതെ കർത്താവ് അതിനെ വീണ്ടും എടുത്ത് പൊടിച്ച് വീണ്ടും വീണ്ടും കുഴച്ച് മറ്റൊരു മനോഹരമായ പാത്രമാക്കിത്തീർത്തത്.

> *"അപ്പോൾ യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: യിസ്രായേൽഗൃഹമേ, ഈ കുശവൻ ചെയ്തതുപോലെ എനിക്ക് നിങ്ങളോട് ചെയ്‌വാൻ കഴികയില്ലയോ എന്ന് യഹോവയുടെ അരുളപ്പാട്; യിസ്രായേൽഗൃഹമേ, കളിമണ്ണു കുശവന്റെ കൈയിൽ ഇരിക്കുന്നതുപോലെ നിങ്ങൾ*

*എന്റെ കൈയിൽ ഇരിക്കുന്നു. ഞാൻ ഒരു ജാതി യെക്കുറിച്ചോ ഒരു രാജ്യത്തെക്കുറിച്ചോ അതിനെ പറിച്ച് ഇടിച്ച് നശിപ്പിച്ചുകളയും എന്ന് അരുളി ച്ചെയ്തിട്ട് ഞാൻ അങ്ങനെ അരുളിച്ചെയ്ത ജാതി തന്റെ ദുഷ്ടത വിട്ടുതിരിയുന്നുവെങ്കിൽ അതി നോടു ചെയ്‌വാൻ നിരൂപിച്ച ദോഷത്തെക്കുറിച്ചു ഞാൻ അനുതപിക്കും." യിരമ്യാവ് 18 : 5 – 8*

നിങ്ങൾക്ക് നാശം വരും, അപകടം വരും എന്ന് ഞാൻ പറയുമ്പോൾ അവർ മനം തിരിയുകയാണെങ്കിൽ അവരുടെ അപകടം ഞാൻ മാറ്റിക്കൊടുക്കും. അവർക്ക് വരാൻപോകുന്ന നാശം ഞാൻ മാറ്റിക്കൊടുക്കും. അവർ അനുതപിക്കുമ്പോൾ അവരുടെ ശിക്ഷ അവരിൽ നിന്ന് മാറ്റിക്കളയും.

ഇന്ന് നിങ്ങളുടെ ജീവിതത്തിൽ വ്യക്തമായ ഒരു പ്രതിഷ്ഠ വരണം. എന്റെ കർത്താവേ, നിന്റെ ആർദ്രസ്നേഹം! ഗോഗുൽത്തായിൽ രക്തം ചിന്തിയ സ്നേഹം! ആ തിരുരക്തം എന്റെ സകല പാപവും കഴുകാൻ മതിയായതാണ്. ആ തിരു രക്തം എന്നിൽ പുരട്ടി, എന്നിൽ ചേർത്ത് എന്നെ നീ മെനയു മ്പോൾ കർത്താവേ, നീ ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു മാനപാത്രമായി ഞാൻ തീരും.

ഇന്ന് ഞാനൊരു നിന്ദാപാത്രമാണ്. ആർക്കും എന്നെ ഒരു വിലയുമില്ല. എനിക്കുള്ള സമ്പത്തുകൊണ്ട് ആരുടേയും മുമ്പിൽ വിലകിട്ടാൻ പോകുന്നില്ല. എനിക്കുള്ള ആരോഗ്യം കൊണ്ട് എനിക്ക് വിലകിട്ടാൻ പോകുന്നില്ല. എനിക്ക് ഉന്നത ഡിഗ്രിയുണ്ട്. അതുകൊണ്ടും ആർക്കും വിലയില്ല. ഞാൻ ഇന്നൊരു നിന്ദാപാത്രമാണ്. എല്ലാവരുടേയും മുമ്പിൽ ഞാൻ ഒരു ആക്ഷേപപാത്രമാണ്. എല്ലാവരും എന്നെ പരിഹസി ക്കുന്നു, ആക്ഷേപിക്കുന്നു. എന്നെക്കുറിച്ച് ഇല്ലാത്തതെല്ലാം പറയുന്നു.

എന്നാൽ പ്രിയരേ, ഈ നിന്ദാപാത്രത്തെ ഒട്ടും മാറ്റം വരു

ത്താതെ അത് ഉടച്ച് പൊടിച്ച് തകർത്ത് അതിനെ വീണ്ടും കുഴച്ച് ഒരു മാനപാത്രമാക്കാൻ, സ്വർഗ്ഗത്തിലെ ദൈവത്തിന് അഭിമാനമുള്ള ഒരു പാത്രമാക്കാൻ കർത്താവ് ആഗ്രഹിക്കുന്നു.

സ്നേഹിതരേ, നിങ്ങളെ ഓരോരുത്തരേയും അഭിമാനഭാജനങ്ങളായി കർത്താവ് കാണുന്നു. സ്വർഗ്ഗത്തിലെ ദൈവം പ്രവർത്തിച്ചതിന്റെ ഫലമായി ഇന്നയാൾ മാനസാന്തരപ്പെട്ടു എന്ന് നിങ്ങളെക്കുറിച്ച് പറയുവാൻ തക്കവണ്ണം നിങ്ങളുടെ ജീവിതം ശോഭനമാക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എങ്കിൽ കർത്താവ് ഇപ്പോൾ നിങ്ങളെ തൊടും.

നിന്ദാപാത്രം മാനപാത്രമായിത്തീർന്നു. കോപപാത്രം രക്ഷാപാത്രമായിത്തീർന്നു. ദൈവത്തിന്റെ കോപം മാത്രം പകരേണ്ട പാത്രമായിരുന്നു നാം ഓരോരുത്തരും. എന്നാൽ, ആ കോപം പകരേണ്ട പാത്രങ്ങൾ കർത്താവ് രക്ഷയുടെ പാനപാത്രമാക്കി മാറ്റി.

*"കരുണാപാത്രങ്ങളായ നമ്മിൽ തന്റെ തേജസ്സിന്റെ ധനം വെളിപ്പെടുത്തുവാനും ഇച്ഛിച്ചിട്ടു നാശയോഗ്യമായ കോപപാത്രങ്ങളെ വളരെ ദീർഘക്ഷമയോടെ സഹിച്ചു എങ്കിൽ എന്ത്?" റോമർ 9 : 24*

നാശത്തിനു യോഗ്യമായ കോപപാത്രങ്ങളായിരുന്നു. പക്ഷേ, കർത്താവ് ദീർഘക്ഷമയോടെ സഹിച്ച് അവസരം നീട്ടിത്തരികയാണ്. എന്തൊരു ഭാഗ്യമാണ്! കർത്താവ് ദീർഘക്ഷമയോടെ നമ്മെ സഹിക്കുന്നു; കർത്താവ് നമ്മെ സ്വീകരിക്കുന്നു; നമ്മെ ചേർത്തണയ്ക്കുന്നു. ഒരു മാനപാത്രമാക്കി, കരുണാപാത്രമാക്കി മാറ്റുന്നു.

*"യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും."*

*സങ്കീർത്തനങ്ങൾ 116 : 12, 13*

ഈ സാധുവായ മനുഷ്യനെ ദൈവം തന്റെ കരങ്ങളിൽ എടുത്തു. നിങ്ങൾക്ക് വേണമോ ഈ ഭാഗ്യം? ഇന്ന് കർത്താവ് നിങ്ങളെ കരത്തിലെടുത്ത് വാഴ്ത്താൻ ആഗ്രഹിക്കുകയാണ്. കർത്താവ് ഇരുകരവും നിങ്ങളുടെ തലയിൽ വച്ച് നിങ്ങളെ അനുഗ്രഹിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കർത്താവിനോട് പറയൂ: കർത്താവേ, ഞാൻ നിന്ദാപാത്രമായിരുന്നു. കോപം മാത്രം വഹിക്കേണ്ട പാത്രമായിരുന്നു. എന്നാൽ നീ എന്നെ ഉടച്ച് രൂപാന്തരപ്പെടുത്തി എന്നെ നിന്റെ രക്ഷാപാത്രമാക്കി ത്തീർക്കണമേ. എന്നെ നിന്റെ കരുണാപാത്രമാക്കിത്തീർക്ക ണമേ. നാഥാ, എന്നെ നിന്റെ സ്നേഹപാത്രമാക്കിത്തീർക്ക ണമേ. എന്നിൽക്കൂടി രക്ഷ പലരിലേക്കും പകരാൻ തക്കവണ്ണം കൊടുക്കുന്ന ഒരു പാത്രമാക്കിത്തീർക്കണമേ.

അനേകരുടെ ഹൃദയത്തിന് കർത്താവ് ആശ്വാസം തരുന്ന അവസരമാണിത്. നിങ്ങൾ വാസ്തവമായി തീരു മാനമെടുത്താൽ യേശു നിങ്ങളുടെ കരത്തിൽ കയറി പിടിക്കും. നിങ്ങളുടെ കഴിഞ്ഞകാല പാപങ്ങൾ ഒന്നും കർത്താവ് ചോദിക്കയില്ല. മുടിയൻ പുത്രൻ തിരിച്ചുവന്ന പ്പോൾ അപ്പൻ ഒന്നും ചോദിച്ചില്ല. അപ്പൻ കൈനീട്ടി അവനെ വാരിപ്പുണർന്നു. അവനെ ആലിംഗനം ചെയ്തു. അവന്റെ നെറുകയിൽ ഉമ്മവെച്ചു. അവനെ ചേർത്തണച്ചു.

ഈ വചനങ്ങൾ നിങ്ങൾക്കുവേണ്ടി കർത്താവ് തരുന്ന സ്വർഗ്ഗീയ മുത്തുമണികളാണ്. ഇത് നിങ്ങൾ ഏറ്റെടുക്കുക. കർത്താവേ, ഇനി ഞാൻ പഴയ മനുഷ്യനല്ല. ഇനി എനിക്ക് പഴയ സ്വഭാവമല്ല. ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യ നായി ജീവിക്കുമെന്ന് തീരുമാനിക്കുന്നു. യേശുവേ, നീ എനി ക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിന ക്കായി ജീവിക്കും.

# അഞ്ച്

*"തീർച്ചയ്ക്ക്, സഹോദരന്മാരേ, സന്തോഷിപ്പിൻ; യഥാസ്ഥാനപ്പെടുവിൻ; ആശ്വസിച്ചുകൊൾവിൻ; ഏകമനസ്സുള്ളവരാകുവിൻ; സമാധാനത്തോടെ ഇരിപ്പിൻ; എന്നാൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം നിങ്ങളോടുകൂടെ ഇരിക്കും."*

*2 കൊരിന്ത്യർ 13 : 11*

നിങ്ങൾ ഒരു നല്ല സ്ഥാനത്ത്, ശ്രേഷ്ഠകരമായ ഒരു പദവിയിൽ ഇരിക്കുകയായിരുന്നു. അതിൽനിന്ന് നിങ്ങൾ വീണുപോയി. വീണ്ടും ആ സ്ഥാനത്തേക്ക് വരിക എന്ന് കർത്താവ് സ്നേഹത്തോടെ നിങ്ങളെ മാടിവിളിക്കുന്നു. നിങ്ങൾ മടങ്ങിവരിക. അപ്പോഴാണ് നിങ്ങൾക്ക് സാക്ഷാത്തായ സന്തോഷം ലഭിക്കുന്നത്.

എപ്പോഴും നാം സന്തോഷവും സമാധാനവും ആഗ്രഹിക്കുന്നു. സന്തോഷവും സമാധാനവും വേണമെങ്കിൽ ദൈവം നമ്മെ ആക്കിയ സ്ഥാനത്ത്, ദൈവം നമ്മെ ഓരോരുത്തരെയും കുറിച്ച് പ്രതീക്ഷിച്ച സ്ഥാനത്ത് നാം കയറി ഇരിക്കണം.

*"പ്രവാചകശിഷ്യന്മാർ എലിശായോട്: ഞങ്ങൾ പാർക്കുന്ന ഈ സ്ഥലം ഞങ്ങൾക്കു തീരെ ഇടുക്കമായിരിക്കുന്നു എന്നു നീ കാണുന്നുവല്ലോ. ഞങ്ങൾ യോർദ്ദാനോളം ചെന്നു അവിടെ നിന്ന് ഓരോരുത്തൻ ഓരോ മരം കൊണ്ടുവന്ന്. ഞങ്ങൾക്ക് പാർക്കേണ്ടതിന്നു ഒരു സ്ഥലം ഉണ്ടാക്കട്ടെ എന്ന് ചോദിച്ചു. പോകുവിൻ എന്ന് അവൻ*

*പറഞ്ഞു. അവരിൽ ഒരുത്തൻ: ദയ ചെയ്ത് അടിയങ്ങളോടുകൂടെ പോരേണമേ എന്ന് അപേക്ഷിച്ചതിന്നു പോരാം എന്ന് അവൻ പറഞ്ഞു. അങ്ങനെ അവൻ അവരോടുകൂടെ പോയി; അവർ യോർദ്ദാങ്കൽ എത്തി മരം മുറിച്ചു. എന്നാൽ ഒരുത്തൻ ഒരു മരം മുറിക്കുമ്പോൾ കോടാലി ഊരി വെള്ളത്തിൽ വീണു: അയ്യോ കഷ്ടം; യജമാനനേ, അത് വായ്പ വാങ്ങിയതായിരുന്നു എന്ന് അവൻ നിലവിളിച്ചു. അത് എവിടെ വീണു എന്നു ദൈവപുരുഷൻ ചോദിച്ചു; അവൻ ആ സ്ഥലം അവനെ കാണിച്ചു; അവൻ ഒരു കോൽ വെട്ടി അവിടെ എറിഞ്ഞു; ആ ഇരുമ്പു പൊങ്ങിവന്നു. അത് എടുത്തുകൊൾക എന്ന് അവൻ പറഞ്ഞു. അവൻ കൈ നീട്ടി അതു എടുത്തു.” 2 രാജാക്കന്മാർ 6 : 1 – 7*

യഥാസ്ഥാനപ്പെടുക എന്നുപറഞ്ഞാൽ അതൊരു അത്ഭുതമാണ്. നദിയിലെ വെള്ളത്തിൽ മുങ്ങിപ്പോയ ഒരു ഇരുമ്പു കോടാലി തനിയെ പൊങ്ങി വന്നു എന്നു പറയുന്നത് ഒരത്ഭുതമാണ്. എന്നതുപോലെ ഒരത്ഭുതമാണ് യഥാസ്ഥാനപ്പെടുക എന്ന് പറയുന്നത്.

എലീശാപ്രവാചകൻ ദൈവജനത്തിന് വചനം കൊടുത്ത് നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു. ഏലിയാപ്രവാചകൻ തന്റെ കാലത്ത് വളരെ അനുഗൃഹീതമായ ശുശ്രൂഷകൾ ചെയ്തു. ഏലിയാപ്രവാചകൻ എട്ട് അത്ഭുതങ്ങൾ ദൈവനാമത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇരട്ടി ആത്മാവിന്റെ ശക്തിയോടെ വന്ന എലീശാപ്രവാചകൻ പതിനാറ് അത്ഭുതങ്ങൾ പ്രവർത്തിച്ചു. എല്ലാം ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി മാത്രം. പ്രവാചകന്റെ കഴിവുകൊണ്ടല്ല. പ്രവാചകന്റെ മേന്മ കൊണ്ടുമല്ല. ദൈവം പ്രവാചകനെ അതിനുവേണ്ടി തിരഞ്ഞെടുത്തു. പ്രവാചകൻ ദൈവത്തിന്റെ വേല ചെയ്തു.

അന്ന് പ്രവാചകശിഷ്യന്മാർ ഉണ്ടായിരുന്നു. പ്രവാ

ചകസ്കൂളുകളും ഉണ്ടായിരുന്നു. പ്രവാചകസ്കൂളുകൾ എന്നുപറഞ്ഞാൽ ഓരോ പ്രാദേശിക കൂട്ടായ്മകൾ. നാം ഓരോരുത്തരും ഓരോ സമുദായത്തിലും സഭയിലും നിൽക്കുന്നവരാണ്. അവരവർ നിൽക്കുന്ന സഭയിൽ തന്നെ നാം നിൽക്കണം. അവരവർ ചേർന്നു നിൽക്കുന്ന സമുദായത്തിൽ തന്നെ ചേർന്നുനിൽക്കണം.

അതൊന്നും മാറണ്ട ആവശ്യമില്ല. പക്ഷേ, നമുക്ക് പ്രാദേശികമായ പ്രവാചകസ്കൂളുകൾ വേണം. എന്നുപറഞ്ഞാൽ കൂട്ടായ്മയോഗങ്ങൾ വേണം. കൂട്ടായ്മ ഇല്ലെങ്കിൽ നമ്മുടെ ആത്മീയജീവിതം പുഷ്ടിപ്പെടുകയില്ല. ദൈവത്തിന്റെ വചന ശുശ്രൂഷ ഇല്ലെങ്കിൽ, വചനം കേൾക്കാനുള്ള അവസരമില്ലെങ്കിൽ, ദൈവമക്കൾക്ക് ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുവാനും പാടുവാനും കൂട്ടായ്മ ആചരിക്കുവാനുമുള്ള സൗകര്യമില്ലെങ്കിൽ അവിടെയെല്ലാം ആത്മീയമായ വരൾച്ചയായിരിക്കും.

ദൈവമക്കൾക്ക് ഒരു കൂട്ടായ്മ കൂടിയേ കഴിയൂ. എന്റെ ബാല്യകാലം മുതൽ എന്റെ ഇടവകപ്പള്ളിയിൽ - വലമ്പൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ - നല്ലൊരു കൂട്ടായ്മയുണ്ടായിരുന്നു. വളരെ നല്ല ആത്മീയമായ ഔന്നത്യമുള്ള ദൈവമക്കളുണ്ടായിരുന്നു. ഇന്ന് അവരിൽ പലരുംതന്നെ ഈ ഭൂമിയിലില്ല. ഞാൻ അത്ഭുതത്തോടെ അവരുടെ ആത്മീയവീര്യം കണ്ടിട്ടുണ്ട്.

ഞാൻ ഒരു ശിഷ്യനെപ്പോലെ അവരുടെ പിറകെ നടന്നിട്ടുണ്ട്. അവരിൽ ദൈവത്തിന്റെ ആത്മാവുണ്ടെന്നും ദൈവത്തിന്റെ വചനമുണ്ടെന്നും എനിക്ക് അനുഭവമായി. അക്കാലത്ത് കൂടുതൽ കാര്യങ്ങളൊന്നും അറിയാൻ പാടില്ലായിരുന്നു. കാരണം, വചനത്തെക്കുറിച്ചൊന്നും വലിയ നിശ്ചയമുണ്ടായിരുന്നില്ല.

പക്ഷേ, അവരിൽ ഏതോ വലിയ ശക്തിയുണ്ടെന്നും പ്രത്യേക സ്നേഹമുണ്ടെന്നും ഞാൻ മനസ്സിലാക്കി. ദൈവ

ത്തിന്റെ ചില അനുഗൃഹീതരായ ദൈവമക്കളുടെ സ്നേഹം, എനിക്കുവേണ്ടി അവർ സമയം ചിലവഴിച്ചത് എല്ലാം ഞാനിപ്പോഴും ഓർക്കുന്നു.

ആ ദൈവമക്കൾ എനിക്ക് അനേകം കാര്യങ്ങൾ പറഞ്ഞുതന്നുകൊണ്ടിരുന്നു. അന്ന് അവരുടെ ശിഷ്യനെപ്പോലെ ഇരുന്ന് ഞാനതെല്ലാം പഠിച്ചു. ഒരു കൂട്ടായ്മ ഉണ്ടായിരുന്നതുകൊണ്ടാണ് എനിക്ക് ആത്മീയമായി കൂടുതൽ ചിന്തിക്കാനും പഠിക്കാനും തോന്നിയത്.

എപ്പോഴും നാട്ടിൽ ഒരു കൂട്ടായ്മ വേണം. നമ്മുടെ പള്ളികളിൽ യോഗമുണ്ട്. തീർച്ചയായും അതിൽ സംബന്ധിക്കണം. പക്ഷേ, അതിലുമുപരിയായി നാം കൂടിയേ കഴിയൂ എന്ന് വയ്ക്കേണ്ടതാണ് ഒരു കൂട്ടായ്മ.

എലീശാപ്രവാചകൻ അന്ന് ദൈവത്തിൽ നിന്ന് വചനം പ്രാപിച്ച് ജനത്തിന് വചനം കൊടുത്തുകൊണ്ടിരുന്നു. അതിനു മുമ്പ് തന്നെ ഏലിയാപ്രവാചകന്റെ കാലത്ത് ഈ സ്കൂളുകൾ തുടങ്ങിയിരുന്നു. അതിനും മുമ്പ് ശമൂവേൽപ്രവാചകന്റെ കാലത്ത് പ്രവാചകസ്കൂളുകൾ ഉണ്ടായിരുന്നു.

ശമൂവേൽപ്രവാചകനാണ് ഇരുണ്ട കാലത്തിന് ശേഷം വന്ന ഒരു ഉദയനക്ഷത്രം! ദൈവത്തിന്റെ വചനം ദുർല്ലഭമായിരുന്ന കാലത്ത് വചനത്തിന്റെ അനുഗ്രഹം പ്രാപിച്ചുകൊണ്ട് ശമൂവേൽപ്രവാചകൻ എഴുന്നേറ്റു. ശമൂവേൽപ്രവാചകനിൽ തുടങ്ങിയ ആത്മീയ ഉണർവ്വ് പല സ്ഥലങ്ങളിലും വളർന്നുകൊണ്ടിരുന്നു.

പിന്നീട് ഒരു കൊടുങ്കാറ്റുപോലെയാണ് ഏലിയാപ്രാവചകൻ എഴുന്നേറ്റു വന്നത്. രാജാവിന്റെ കൊട്ടാരത്തിലേക്ക് കടന്നുചെന്ന് അന്നത്തെ വിഗ്രഹാരാധനയെ എതിർത്തുകൊണ്ട് ഏലിയാവ് സംസാരിച്ചു: “ഇനി ഞാൻ പറഞ്ഞിട്ടല്ലാതെ ഈയാണ്ടുകളിൽ മഞ്ഞോ മഴയോ ഈ ദേശത്ത് ഉണ്ടാവുകയില്ല” എന്ന് സുധീരം പ്രസ്താവിക്കാൻ ഏലിയാവിന് സാധിച്ചു.

അത് ഏലിയാവിന്റെമേൽ ഉണ്ടായ ദൈവത്തിന്റെ ആത്മാവിന്റെ കൃപയാണ്. ഏലിയാപ്രവാചകന് ശേഷം പിന്നീട് വന്നത് എലീശാപ്രവാചകനാണ്. എലീശാപ്രവാചകന്റെ കാലത്ത് പ്രവാചകസ്കൂളുകളുടെ എണ്ണം പെരുകി. ശീലോവിലും ബേഥേലിലും യോർദ്ദാനിലും ഗിൽഗാലിലും യെറീഹോവിലും എല്ലാം പ്രവാചകസ്കൂളുകൾ ഉണ്ടായിരുന്നു.

ഈ പ്രവാചകസ്കൂൾപോലുള്ള കൂട്ടായ്മകളിലൂടെയാണ് വചനം കിട്ടുന്നത്. എലീശാപ്രവാചകന്റെ കാലത്ത് കൂട്ടായ്മയിൽ ഒരു പ്രശ്നമുണ്ടായി. കൂട്ടായ്മയിൽ എണ്ണം പെരുകിയപ്പോൾ അവർക്ക് പാർക്കാൻ സ്ഥലം പോരാ, കൂടിയിരുന്ന് പ്രാർത്ഥിക്കാൻ സ്ഥലം പോരാ എന്ന് അവർ കണ്ടു. കാട്ടിൽ പോയി തടി വെട്ടിക്കൊണ്ടുവന്ന് ഒരു കെട്ടിടം പണിയാമെന്ന് അവർ തീരുമാനിച്ചു.

> *"പ്രവാചകശിഷ്യന്മാർ എലിശായോട്: ഞങ്ങൾ പാർക്കുന്ന ഈ സ്ഥലം ഞങ്ങൾക്കു തീരെ ഇടുക്കമായിരിക്കുന്നു എന്നു നീ കാണുന്നുവല്ലോ. ഞങ്ങൾ യോർദ്ദാനോളം ചെന്നു അവിടെനിന്ന് ഓരോരുത്തൻ ഓരോ മരം കൊണ്ടുവന്നു ഞങ്ങൾക്ക് പാർക്കേണ്ടതിന്നു ഒരു സ്ഥലം ഉണ്ടാക്കട്ടെ എന്ന് ചോദിച്ചു. പോകുവിൻ എന്ന് അവൻ പറഞ്ഞു."* *2 രാജാക്കന്മാർ 6 : 1, 2*

പ്രവാചകനോട് ചോദിച്ചിട്ടാണ് അവർ പോകുന്നത്. പ്രവാചകൻ ആത്മീയാനുഭവവും ആത്മീയാധികാരവും ഉള്ള വ്യക്തിയാണ്; ആത്മാവിനുവേണ്ടി ജാഗരിക്കുന്ന ഒരു ദൈവ പൈതലാണ്. ദൈവമക്കൾക്ക് ഉപകാരം കിട്ടത്തക്കവണ്ണം എന്തെല്ലാം ദൈവം തരുന്നുണ്ടോ അതെല്ലാം ചോദിച്ചുവാങ്ങുന്ന ദൈവപൈതലാണ്.

അങ്ങനെ ദൈവസന്നിധിയിൽ കടന്നുചെല്ലാനുള്ള കൃപയും അധികാരവുമുള്ള ദൈവപുരുഷൻ അവർ ചോദിച്ച

തിന് മറുപടി പറയുകയാണ്. ഇവിടെ നാം കാണുന്ന ഒരു പ്രത്യേകത അവർക്ക് പ്രവാചകനോടുള്ള വിധേയത്വമാണ്. ദൈവത്തിന്റെ അടുക്കൽ നിന്നുള്ള അരുളപ്പാടുകൾ ചോദിച്ചു വാങ്ങി, ദൈവം തരുന്ന അരുളപ്പാടുകൾ ജനത്തിന് കൊടുക്കുന്ന ദൈവപുരുഷനാണ് പ്രവാചകൻ.

നാം ഓരോരുത്തരും പ്രവാചകന്മാരാകേണ്ടതാണെന്നാണ് അപ്പൊസ്തലനായ പൗലോസ് പറയുന്നത്. നാം പ്രവാചകശുശ്രൂഷ ചെയ്യുന്നവരായിരിക്കണം. ദൈവസന്നിധിയിൽ കടന്നുചെല്ലുവാനുള്ള അനുവാദം ലഭിക്കുന്നവരായിരിക്കണം. കൃപാസനത്തിലേക്ക് കടന്നുചെല്ലാൻ നമുക്ക് ഒരു അനുവാദം കിട്ടണം.

അതിനുള്ള കൃപ, അവകാശം നമുക്ക് കിട്ടണം. നാം ഓരോരുത്തരും വിലപ്പെട്ടവരാണ് എന്ന കാര്യം നാം മറക്കരുത്. ദൈവസന്നിധിയിലേക്ക്, കൃപാസനത്തിന് മുമ്പിലേക്ക് നാം കടന്നുചെല്ലണം.

അങ്ങനെ കടന്നുചെല്ലണമെങ്കിൽ ആദ്യം നാം തന്നെത്താൻ ദൈവസന്നിധിയിലിരുന്ന്, നമ്മുടെ ജീവിതത്തെ ശോധന ചെയ്ത് കർത്താവിനോട് പറയണം: കർത്താവേ, എവിടെയെല്ലാമാണ് എനിക്ക് തിരുത്തുവാനുള്ളത്? എന്റെ സ്വഭാവത്തിൽ എന്തെല്ലാമാണ് മാലിന്യമുള്ളത്? ദൈവസന്നിധിയിലിരുന്ന് ആരായണം, തിരുത്തണം.

> *"തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ. സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെമേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്ക്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും. എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ*

*ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ.”*
*സങ്കീർത്തനങ്ങൾ 19 : 12 – 14*

പ്രവാചകന്മാർ അത് പറയുന്നവരായിരിക്കണം. മറഞ്ഞിരിക്കുന്ന തെറ്റുകൾ, ഞാൻ പാപമാണെന്ന് പരിഗണിക്കാത്ത അനേകം തെറ്റുകൾ എനിക്കുണ്ട്. കർത്താവേ, ഈ തെറ്റുകൾ എനിക്ക് സ്വയം ബോദ്ധ്യപ്പെടാൻ നീ എന്നോട് മനസ്സലിഞ്ഞ് എനിക്ക് കാണിച്ചുതരണമേ. ഞാൻ അറിയാതെതന്നെ വന്നു കൂടുന്ന അനേകം പാപങ്ങൾ – പാപത്തിന്റെ പ്രവൃത്തി അല്ലായിരിക്കാം – പാപത്തിന്റെ പ്രവണത എന്റെ ഉള്ളത്തിലുണ്ട്.

ആ പാപത്തിന്റെ പ്രകൃതി എന്നിൽനിന്നും മാറ്റി എന്നെ ഒരു വിശുദ്ധനാക്കിത്തീർക്കണമേ എന്നാണ് പ്രാർത്ഥിക്കേണ്ടത്. നീ എനിക്ക് എന്റെ പാപങ്ങളെ മോചിച്ച് തന്നാൽ ഞാൻ പാപമില്ലാത്തവനായിത്തീരും.

നമ്മുടെ വായിലെ വാക്കുകൾ ദൈവത്തിന് പ്രസാദകരമാകണം. നമ്മുടെ ഹൃദയത്തിലെ ധ്യാനം ദൈവത്തിന് പ്രസാദകരമാകണം.

ഈ ലോകത്ത് ജീവിക്കുമ്പോൾ ഒന്നും ശാശ്വതമല്ല. സുഖങ്ങളും ശാശ്വതമല്ല, ദു:ഖങ്ങളും ശാശ്വതമല്ല. ഈ ലോകത്തിൽ ജീവിക്കുന്ന ചുരുങ്ങിയ കാലത്തിൽ നാം സമ്പാദിക്കേണ്ടത് യേശുക്രിസ്തുവിനെയാണ്. ക്രിസ്തുവിന്റെ അതേ സ്വഭാവമാണ്. ഓരോ പ്രാവശ്യവും ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ നാം തീരുമാനമെടുക്കുന്നുണ്ട്.

തീരുമാനമെടുക്കുമ്പോൾ ദൈവത്തിന്റെ പ്രകാശം കിട്ടുന്നുമുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളിലേക്ക് വ്യാപരിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ ജീവൻ നിങ്ങളിലേക്ക് പകരുന്നുണ്ട്. പക്ഷേ, എന്ത് കിട്ടിയെന്ന് തിരിച്ചറിയാതെ പോകുന്നു.

ഒന്നു കൈപൊക്കി, ഒരു തീരുമാനം പറഞ്ഞു എന്നുള്ളതുകൊണ്ടൊന്നും കാര്യമായില്ല. തുടർന്നുള്ള ജീവിതം എങ്ങ

നെയാണ്? നമ്മുടെ ജീവിതത്തിൽ വെളിച്ചം നിലനിൽക്കണമെങ്കിൽ ഞാൻ എങ്ങനെയുള്ള ഒരാളായിരുന്നു എന്ന് ചിന്തിച്ചിട്ട് ഇതെല്ലാം കർത്താവ് ക്ഷമിച്ചുതന്നല്ലോ എന്നുള്ള നന്ദിയോടെ കർത്താവിനെ സ്തുതിക്കണം.

ഇത്രയേറെ മഹാപാപം ചെയ്ത, ഇത്രയേറെ തിന്മകളിൽ ജീവിച്ച എന്റെ ജീവിതത്തിൽ നീ ഒരു അത്ഭുതം ചെയ്ത് എനിക്ക് മോചനം തന്നല്ലോ എന്നുള്ള നന്ദിയിൽ നിറഞ്ഞ് ദൈവത്തെ സ്തുതിക്കണം. അതാണ് ആത്മാവിന്റെ ആരാധന.

അങ്ങനെയുള്ള സ്തുതിയിൽ തുടർന്ന് നിൽക്കുകയാണെങ്കിൽ തീർച്ചയായിട്ടും ജയജീവിതം നമുക്ക് സാദ്ധ്യമായിത്തീരും. ആത്മാവിന്റെ ജീവൻ കെട്ടുപോകയില്ല. ആത്മാവിന്റെ വിളക്ക് കെടാതിരിക്കണമെങ്കിൽ നാം നമ്മെത്തന്നെ കാണുകയും ഇത്രയും നീചപ്രകൃതിയുള്ള എന്നെ നീ സ്നേഹിച്ചല്ലോ എന്നുള്ള നന്ദി നമ്മുടെ ഹൃദയത്തിൽ വരികയും ചെയ്യണം.

ഇവിടെ പ്രവാചകശിഷ്യന്മാർ പ്രവാചകനോട് ചോദിച്ചു: ഞങ്ങൾ ഒന്ന് യോർദ്ദാൻ വരെ പോയിക്കൊള്ളട്ടെ. ഞങ്ങൾക്ക് പാർക്കാനുള്ള സ്ഥലം ഇടുക്കമായിരിക്കുന്നു. “പോകുവിൻ” എന്ന് പ്രവാചകൻ പറഞ്ഞു. നല്ല കാര്യങ്ങളൊന്നും പ്രവാചകൻ തടയുന്നില്ല. പ്രവാചകന് ദൈവനാമം മഹത്വപ്പെടണം എന്നു മാത്രമേയുള്ളൂ.

> *“അവരിൽ ഒരുത്തൻ: ദയ ചെയ്ത് അടിയങ്ങളോടുകൂടെ പോരേണമേ എന്ന് അപേക്ഷിച്ചതിന്നു പോരാം എന്ന് അവൻ പറഞ്ഞു.”*
>
> *2 രാജാക്കന്മാർ 6 : 3*

അവരിൽ ഒരുത്തൻ നല്ല ഒരു വിശ്വാസിയാണ്. അവൻ പറഞ്ഞു: ഞങ്ങൾ പോകുമ്പോൾ ദയവു ചെയ്ത് ഞങ്ങളുടെ കൂടെ ഒന്ന് പോരാമോ? അങ്ങ് ഞങ്ങളുടെ കൂടെയുണ്ടെങ്കിൽ ഞങ്ങൾക്കുണ്ട് ഒരു ബലം, ഞങ്ങൾക്ക് ഒരു ധൈര്യമുണ്ട്.

“പോരാമല്ലോ.” പ്രവാചകൻ പറഞ്ഞു.

അതൊരു വലിയ കാര്യമാണ്. പ്രവാചകൻ കൂടെ പോരുക എന്ന് ഇന്നു നാം ചിന്തിക്കുമ്പോൾ, പ്രവാചകനല്ല, ക്രിസ്തു നമ്മുടെ കൂടെ വേണമെന്നാണ് നാം ചിന്തിക്കേണ്ടത്. ക്രിസ്തു നമ്മുടെ കൂടെ പോരണം.

എവിടെപ്പോയാലും ക്രിസ്തു നമ്മുടെ കൂടെ പോരണം. ഒരുപക്ഷേ ഭൗതികമായ കാര്യങ്ങൾക്കായിരിക്കാം നാം പോകുന്നത്; തീർച്ചയായിട്ടും ക്രിസ്തു കൂടെ പോരണം. നിങ്ങൾ ഹോസ്പിറ്റലിൽ പോകുകയാണോ? നിങ്ങൾ പറയണം: കർത്താവേ, നീ എന്റെകൂടെ പോരണമേ. ഡോക്ടറെ ഞാൻ കാണുമ്പോൾ കർത്താവേ, നീ എന്റെ മുമ്പിൽ നിന്ന് ഡോക്ടർക്ക് ആവശ്യമുള്ള ബുദ്ധി കൊടുക്കണമേ. ഡോക്ടറുടെ കൈകളെ നീ അനുഗ്രഹിക്കണമേ.

ഞാൻ കടയിൽ സാധനം വാങ്ങാൻ പോകുകയാണ് കർത്താവേ. അനാവശ്യമായി പത്ത് പൈസപോലും ചിലവാക്കാതെ നീ എന്നെ കാക്കണമേ. അനാവശ്യമായി പത്ത് പൈസ എന്റെ കൈയിൽ വരാതെ നീ എന്നെ കാത്തുകൊള്ളണമേ. പ്രാർത്ഥിച്ചുകൊള്ളണം.

ഞാൻ ഇന്നും ഓർക്കുന്നു. ഞാൻ കെട്ടിടം പണിയുന്ന സമയത്ത് പെരുമ്പാവൂരിൽ പോയി കുറെ തടി വാങ്ങിച്ചു. ഇവിടെ തിരിച്ച് വന്നുകഴിഞ്ഞ് ഞാൻ നോക്കിയപ്പോൾ എന്റെ കൈയിൽ കുറച്ച് പൈസ കൂടുതൽ. ഞാൻ കൊടുത്തത് അദ്ദേഹം വാങ്ങിച്ചുവെച്ചു. അദ്ദേഹം നോക്കിയില്ല. ഒരു മുസ്ലീം സഹോദരനാണ്.

എന്റെ കൈയിൽ കൂടുതൽ പൈസ വന്നത് അദ്ദേഹം അറിഞ്ഞില്ല. ഞാൻ അപ്പോൾത്തന്നെ അടുത്ത ബസിന് പെരുമ്പാവൂർ പോയി ആ പൈസ കൊടുത്തു. അദ്ദേഹം അത്ഭുതപ്പെട്ടു. എന്റേതല്ലാത്ത പൈസ എന്റെ കൈയിൽ ഇരിക്കുന്നത് നല്ലതല്ലാത്തതുകൊണ്ട് ഞാൻ കൊണ്ടുതന്നതാണ് എന്ന്

ഞാൻ അദ്ദേഹത്തോട് പറഞ്ഞു.

അദ്ദേഹം കുറെനേരം അത്ഭുതത്തോടെ എന്റെ മുഖത്തേക്ക് നോക്കിക്കൊണ്ട് നിന്നു. ഞാനിത് ഒരു അഭിമാനമായിട്ടോ മേന്മയായിട്ടോ പറയുകയല്ല. നമ്മുടെ കൈയിൽ ദൈവം പ്രസാദിക്കാത്ത ഒരു പത്തുപൈസ വരരുത്. ദൈവം പ്രസാദിക്കാതെ പത്തുപൈസ ചിലവഴിക്കാൻ ഇടവരരുത്.

ചിലവഴിക്കുന്നത് സൂക്ഷിക്കണം. ആർക്കെങ്കിലും കൊടുക്കുന്നത് സൂക്ഷിക്കണം. നമ്മുടെ ഓരോ ചലനത്തിലും ദൈവം പ്രസാദിക്കണം. ദൈവം കൂടെ വേണം.

നിങ്ങൾ ഒരു വിവാഹാലോചനയ്ക്ക് പോകുകയാണ്, പ്രാർത്ഥിച്ചിട്ട് പോകണം. നിങ്ങൾ ബിസിനസ്സ് തുടങ്ങാൻ പോകുകയാണ്, നിങ്ങൾ തനിയെ ഇരുന്ന് പ്രാർത്ഥിക്കണം. നിങ്ങൾ ഏതെങ്കിലും ദൈവദാസന്റെ അടുക്കൽ വന്ന് സാറേ, ഒന്നുവന്ന് പ്രാർത്ഥിച്ച് തുടങ്ങിത്തരണം എന്ന് പറയരുത്. തെറ്റാണത്.

ദൈവമക്കളിലുള്ള ആശ്രയം നിങ്ങൾ വിടണം. ഒരാൾ ഒരു വാഹനം വാഴ്ത്താനായിട്ട് എന്റെ അടുക്കൽ കൊണ്ടുവന്നു. ഞാൻ പറഞ്ഞു: അത് കർത്താവല്ലേ വാഴ്ത്തിത്തരേണ്ടത്. ഞാൻ ഒന്ന് പ്രാർത്ഥിച്ചു എന്നുള്ളതുകൊണ്ട് നിങ്ങൾക്ക് പ്രയോജനം കിട്ടുകയില്ല. നിങ്ങൾ ക്രിസ്തുവിനോട് കൂടെയാണെങ്കിൽ മാത്രമേ പ്രയോജനം കിട്ടുകയുള്ളൂ.

ഒരിക്കലും ദൈവമക്കളിൽ നിങ്ങൾക്ക് ആശ്രയം വരരുത്. ദൈവമക്കളെ നിങ്ങൾ പൂജാവിഷയമായി കാണരുത്. ദൈവമക്കളെ ആദരവ് വേണം പക്ഷേ, ആരാധിക്കരുത്. ദൈവമക്കളെ ഏതോ പുണ്യപുരുഷനായി കണ്ടുപോകരുത്.

എന്നെ ഒരു പുണ്യപുരുഷനായി കാണരുത്. നിങ്ങൾ ഓർത്തുകൊള്ളണം. ഈ ലോകത്തിൽ പുണ്യപുരുഷനായി ഒരാളേ ഉള്ളൂ, അത് കർത്താവായ യേശുക്രിസ്തു മാത്രമാണ്.

വിശുദ്ധപുരുഷനായി ഒരാളേ ഉള്ളൂ, അത് കർത്താവായ യേശുക്രിസ്തു മാത്രമാണ്.

ക്രിസ്തുവിന്റെ ഭാവം പ്രാപിക്കാനായി സമർപ്പിക്കുന്ന ദൈവമക്കൾ പയ്യെപ്പയ്യെ വളർന്നുകൊണ്ടിരിക്കും. അവരുടെ ജീവിതത്തിലെ തിന്മകൾ വിട്ടുകൊണ്ടിരിക്കും. നമുക്ക് ഓരോരുത്തർക്കും വ്യക്തിപരമായി യേശുക്രിസ്തുവുമായി ഒരു ബന്ധം വേണം. യേശുക്രിസ്തുവിനോട് നാം പ്രാർത്ഥിക്കണം.

അഖിലാണ്ഡത്തെ മെനഞ്ഞവനായ ക്രിസ്തു! ഈ അണ്ഡകടാഹത്തെ മെനഞ്ഞ് അതിന്റെ സ്ഥാനത്താക്കിയവനായ ക്രിസ്തു! ആകാശഗോളങ്ങളെ മെനഞ്ഞ് അതിന്റെ സ്ഥാനത്താക്കിയവനായ ക്രിസ്തു! ക്രിസ്തുവായിരിക്കണം നമ്മുടെ ലക്ഷ്യം. ക്രിസ്തുവിലായിരിക്കണം നമ്മുടെ നോട്ടം. ക്രിസ്തുവിലേക്കായിരിക്കണം നമ്മുടെ വീക്ഷണം മുഴുവൻ.

തന്റെ മക്കളുടെ നല്ല ആവശ്യങ്ങൾ സാധിപ്പിച്ചു കൊടുക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു. പ്രവാചകൻ പറഞ്ഞു: ഞാൻ പോരാമല്ലോ. പ്രവാചകന്റെ സ്ഥാനത്ത് നാം ക്രിസ്തുവിനെ കാണുക. ക്രിസ്തു പറയുകയാണ്: "ഞാൻ പോരാമല്ലോ." നാം വിളിച്ചാൽ ക്രിസ്തു നമ്മുടെ കൂടെ പോരും. നിർബ്ബന്ധിച്ചാൽ നമ്മുടെ കൂടെ പാർക്കും, ഉറപ്പാണ്.

നിങ്ങൾ നേരിട്ട് ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നവരായിത്തീരണം. അല്ലാതെ നിങ്ങൾ ആരേയും ചാരിനിൽക്കരുത്. ആരിലും ആശ്രയിച്ചു നിൽക്കരുത്. അവനവൻ നേരിട്ട് ക്രിസ്തുവിനെ പിടിക്കണം.

അങ്ങനെ നിങ്ങൾ പ്രാർത്ഥിച്ച് മറുപടി നേടണം. അതാണ് ശരിയായ ആത്മീയ വഴി. ദൈവത്തോട് യാചിച്ചാൽ ദൈവം തരും എന്നുള്ളതിന് ഒരു സംശയവുമില്ല.

ചില വ്യവസ്ഥകളുണ്ട്. "ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവ് കേൾക്കയില്ലാ

യിരുന്നു.” ജീവിതം വിശുദ്ധമാകാതെ പ്രാർത്ഥിച്ചാൽ കർത്താവ് പ്രാർത്ഥന കേൾക്കയില്ല. ജീവിതം വിശുദ്ധമാക്കിക്കൊണ്ട് പുതിയ തീരുമാനം എടുത്തുകൊണ്ട് നാം പ്രാർത്ഥിച്ചാൽ കർത്താവ് പ്രാർത്ഥന കേൾക്കും, സംശയിക്കേണ്ട.

നിന്റെ കൂടെ ഞാൻ പോരാം എന്നാണ് കർത്താവ് പറയുന്നത്. നീ ഭർതൃഗൃഹത്തിലേക്ക് പോകുമ്പോൾ ഞാൻ നിന്റെകൂടെ പോരാം. മോനേ, നീ ഭാര്യയുടെ കൈയിൽ പിടിക്കുമ്പോൾ ഞാൻ നിന്റെ കൂടെ നിന്നുകൊള്ളാം. നിന്റെ വിവാഹസമയത്ത് ഞാൻ നിന്റെ കൂടെ നിന്നുകൊള്ളാം. നിന്റെ വിവാഹസമയത്ത് ഞാൻ നിന്റെ കരം ചേർത്ത് പിടിച്ചുകൊള്ളാം. അങ്ങനെ നമുക്ക് മുപ്പിരിച്ചരടായി നിൽക്കാം എന്ന് കർത്താവ് പറയുന്നു.

കർത്താവിന്റെ ആഗ്രഹമാണ് നാം ഒരുമിച്ചുനിൽക്കുക എന്നുള്ളത്. നാം ചോദിച്ചാൽ തരുന്ന ഒരു ദൈവമുണ്ട്. നിങ്ങൾ മടികൂടാതെ ചോദിക്കണം. ഹൃദയത്തെ ശുദ്ധീകരിച്ചുകൊണ്ട് ചോദിക്കണം. പാപത്തെ വെറുത്തുകൊണ്ട് ചോദിക്കണം. പിശാചിന് അവകാശമുള്ളതെല്ലാം ഹൃദയത്തിൽ നിന്ന് പറിച്ചെറിഞ്ഞുകൊണ്ട് ചോദിക്കണം.

എനിക്ക് ആരുടേയും ബഹുമതി വേണ്ട, ആരുടേയും സ്നേഹം വേണ്ട, ഒന്നുമാത്രം മതി. എനിക്ക് യേശു മതി; യേശുവിന്റെ കരമെന്നെ പിടിച്ചാൽ മതി. യേശു എന്നോടുകൂടെ ഇരുന്നാൽ മതി. ഈയൊരു ആഗ്രഹത്തോടെ നാം പ്രാർത്ഥിക്കുമ്പോൾ കർത്താവ് നമ്മുടെകൂടെ വരികയും നമ്മെ അനുഗ്രഹിക്കുകയും നമ്മെ കാത്തുകൊള്ളുകയും ചെയ്യും.

# ആറ്

*"അവരിൽ ഒരുത്തൻ: ദയചെയ്തു അടിയങ്ങളോ ടുകൂടെ പോരേണമേ എന്നു അപേക്ഷിച്ചതിന്നു പോരാം എന്ന് അവൻ പറഞ്ഞു."*

*2 രാജാക്കന്മാർ 6 : 3*

പ്രവാചകശിഷ്യന്മാർ എലീശായോട് ചോദിച്ചു. ഞങ്ങ ളുടെ കൂടെ പോരാമോ? എലീശാ പറഞ്ഞു: ഞാൻ പോരാമ ല്ലോ. എലീശാ അവരുടെ കൂടെ പോയി. അവർ യോർദ്ദാങ്കൽ എത്തി മരം മുറിച്ചു. അവർ നല്ല അദ്ധ്വാനികളാണ്. ദൈവമ ക്കൾ അദ്ധ്വാനികളായിരിക്കണം. ഏത് ജോലി നാം ചെയ്യുന്നോ അതിൽ ഉഴപ്പരുത്.

പഠിക്കുന്ന കുട്ടികൾ ഒരുകാരണവശാലും അവരുടെ പഠനം ഉഴപ്പരുത്; അലസരാകരുത്. ശരിയായിട്ട് പഠിക്കുന്ന കുട്ടി ഒരിക്കലും പിറകിലായിപ്പോകുകയില്ല. നിങ്ങൾക്ക് കർത്താവ് കൃപയാൽ ബുദ്ധി തന്നിട്ടുണ്ട്. പഠിച്ചാൽ ഗ്രഹിക്കാ നുള്ള ഗ്രഹണശക്തി തന്നിട്ടുണ്ട്. ഇതെല്ലാം ദൈവം തന്ന ചില ദാനങ്ങളാണ്.

പക്ഷേ, കുട്ടികൾ പലരും പഠിത്തം ഉഴപ്പിക്കളയുന്നു. ഒന്നുകിൽ അവർ ടിവിയുടെ മുമ്പിലിരുന്ന് സമയം കളയുന്നു. ക്രിക്കറ്റ് കളിയോ ഫുട്ബോൾകളിയോ കണ്ട് സമയം കള യുന്നു. കാർട്ടൂണുകളും വീഡിയോ ഗെയിമുകളും കണ്ട് സമയം കളയുന്നു. ഒന്നും പ്രയോജനമുള്ളതല്ല. അതുകൊണ്ട് അല്പനേരം ക്രിക്കറ്റ്കളി കണ്ടാലോ നിശ്ചിതസമയം ഫുട്ബോൾ കളി കണ്ടാലോ തെറ്റാണെന്നൊന്നും ഞാൻ പറയുകയില്ല.

പക്ഷേ, നിങ്ങളുടെ വിലയേറിയ സമയം അതിനൊന്നും കളയാനുള്ളതല്ല. വിലപ്പെട്ടസമയമാണ് നിങ്ങൾക്കുള്ളത്. ആ വിലയേറിയ സമയം നിങ്ങൾ പ്രയോജനമുള്ളതിനുവേണ്ടി ചിലവഴിക്കണം. കുട്ടികൾ തീർച്ചയായിട്ടും അദ്ധ്വാനിച്ച് പഠിക്കണം. ഞാൻ പഠിക്കുന്നത് എന്റെ ആവശ്യമാണെന്ന് നിങ്ങൾക്ക് തോന്നണം.

നിങ്ങൾ ജോലിയിൽ വിശ്വസ്തരായിരിക്കണം. "നിങ്ങളുടെ യജമാനന്മാർക്ക്, മൂർഖന്മാർക്കുകൂടി കീഴടങ്ങിയിരിപ്പിൻ" (1 പത്രോസ് 2 : 18) എന്നാണ് കർത്താവിന്റെ വചനം പറയുന്നത്. എത്ര ക്രൂരസ്വഭാവമുള്ളവരാണെങ്കിലും അവർക്ക് നിങ്ങൾ കീഴടങ്ങിയിരിക്കണം. നിങ്ങളുടെ ജോലി ഏറ്റവും വിശ്വസ്തമായി ചെയ്യണം. എങ്കിലേ ദൈവം പ്രസാദിക്കുകയുള്ളൂ.

*"വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ"*

*കൊലോസ്യർ 3 : 17*

ദൈവത്തിന്റെ കൃപയാലാണ് എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നത്. ജോലി ചെയ്യുന്ന അനേകം ദൈവമക്കൾ ജോലിസ്ഥലങ്ങളിൽ കൃത്യതയുള്ളവരല്ല; സമയനിഷ്ഠയുള്ളവരല്ല. ജോലിയെക്കുറിച്ചുള്ള ആത്മാർത്ഥതയുള്ളവരല്ല. കൂട്ടായ്മയിൽ വരും. വചനം കേൾക്കും. പക്ഷേ, ജോലിയിൽ വിശ്വസ്തരല്ല. ജോലി നിങ്ങളുടെ ഒരു അഭിമാനവിഷയമാക്കി മാറ്റണം. ഞാൻ എന്റെ ജോലി കൃത്യമായി ചെയ്യുന്നു എന്ന് എനിക്ക് തന്നെ ഒരു ബോദ്ധ്യമുണ്ടായിരിക്കണം. മറ്റുള്ളവർക്കും ബോദ്ധ്യമുണ്ടാകണം.

ഇവിടെ പ്രവാചകശിഷ്യന്മാർ മരം മുറിയ്ക്കാൻ പോയി. നല്ലപോലെ അദ്ധ്വാനിച്ചു. കാരണം, അത് അവരുടെ ആവശ്യമാണ്. ഇന്ന് പറ്റിയിരിക്കുന്ന കുഴപ്പം നാം പലരും ആവശ്യക്കാ

രല്ല എന്നുള്ളതാണ്. എന്നാൽ അവനവന്റെ ഭാവി അവനവൻ തന്നെ കെട്ടിപ്പടുക്കണം.

ഈ പ്രവാചകശിഷ്യന്മാർ നല്ലപോലെ അദ്ധ്വാനിച്ചു. അദ്ധ്വാനിച്ചുകൊണ്ടിരുന്നപ്പോൾ ഒരു അബദ്ധം പറ്റി. ഒരുത്തൻ മരംമുറിച്ചുകൊണ്ടിരുന്നപ്പോൾ കോടാലി ഊരി വെള്ളത്തിൽ വീണു. കോടാലി പിടിയിൽ നിന്ന് ഊരി നദിയുടെ നടുക്ക് ചെന്ന് വീണു.

ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾത്തന്നെ കേടുപറ്റി. നഷ്ടം വന്നു. കോടാലി പെട്ടെന്നങ്ങ് ഊരിപ്പോയതല്ല. കുറെ നേരമായി അത് പയ്യെപ്പയ്യെ അയഞ്ഞു വരികയായിരുന്നു. ഒറ്റ ദിവസം കൊണ്ടല്ല ആരും വീഴുന്നത്. ഒറ്റദിവസംകൊണ്ടല്ല നമുക്കാർക്കും നഷ്ടം വരുന്നത്. ഒന്ന് ശ്രദ്ധിച്ചാൽ മതിയായി രുന്നു. എന്റെ ആയുധം ശരിയായിട്ടാണോ ഇരിക്കുന്നത്?

ഒരു സംഭവകഥ ഞാൻ വായിച്ചത് ഓർക്കുന്നു. രണ്ട് പേർ ഒന്നിച്ച് വിറകുവെട്ടാൻ പോയി. രണ്ടുപേരും വിറക് വെട്ടി. വൈകുന്നേരം ആകുമ്പോഴേയ്ക്കും കൂലി കിട്ടുമല്ലോ. ഇത്രയും ഭാഗം പൂർത്തീകരിക്കണം എന്നൊരു കണക്കുണ്ട്. അതാണ് അവരെ ഏല്പിച്ചു വിട്ടത്.

ഒരാൾ ഇടയ്ക്കിടയ്ക്ക് വിശ്രമിക്കും. പിന്നെയും വന്ന് ജോലി ചെയ്യും. മറ്റേ ആള് നിരന്തരം ജോലി ചെയ്തുകൊണ്ടി രുന്നു. വൈകുന്നേരമായപ്പോൾ ഇടയ്ക്കിടയ്ക്ക് വിശ്രമിച്ച ആൾക്കാണ് കൂടുതൽ ജോലി ചെയ്യാൻ പറ്റിയത്. മറ്റേ ആൾ ഇടയ്ക്കിടയ്ക്ക് വിശ്രമിച്ച് ജോലി ചെയ്ത വ്യക്തിയോട് ഇതിന്റെ രഹസ്യം ചോദിച്ചു.

അയാൾ പറഞ്ഞു: ഞാൻ ഇടയ്ക്കിടയ്ക്ക് വിശ്രമിക്കു മ്പോൾ വെറും വിശ്രമമായിരുന്നില്ല. ഞാൻ എന്റെ കോടാ ലിയ്ക്ക് മൂർച്ച കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നു. മറ്റേ ആൾ നിരന്തരം ജോലി ചെയ്തു. പക്ഷേ, അതിന് മൂർച്ച ഇല്ലാതായി പ്പോയിരുന്നു.

ഓർക്കുക, വിശ്രമിച്ച്, ഇടയ്ക്കൊന്ന് പിറകോട്ടു മാറി നിങ്ങൾ നിങ്ങളുടെ കോടാലിയ്ക്ക് മൂർച്ച വരുത്തണം; നിങ്ങളുടെ ശുശ്രൂഷയ്ക്ക് മൂർച്ച വരുത്തണം. ഏതെല്ലാം ശുശ്രൂഷ നിങ്ങൾ ചെയ്യുന്നുണ്ടോ, നിങ്ങൾ ഇടയ്ക്കിടയ്ക്ക് ഇരുന്ന് മൂർച്ച കൂട്ടണം.

അത് തീയിൽ വച്ച് പഴുപ്പിച്ച്, അടിച്ച് കാച്ചി അതിന്റെ വായ്ത്തല നല്ലതുപോലെ രാകി മിനുക്കണം. എന്നും മൂർച്ചയുള്ള ആയുധത്തോടെ ജോലി ചെയ്യാൻ സാധിക്കണം. നമ്മുടെ പലരുടേയും ജീവിതത്തിൽ പറ്റുന്ന അപകടമതാണ്. ആയുധത്തിന് മൂർച്ചയില്ല. നിങ്ങൾ സാക്ഷ്യം പറയുന്നു. സാക്ഷ്യത്തിന് മൂർച്ച വേണം. മൂർച്ച വേണമെങ്കിൽ മൂർച്ച കൂട്ടാനായിട്ട് ഇരുന്ന് പ്രാർത്ഥിക്കണം.

നിങ്ങളുടെ വാക്കുകൾക്ക് മൂർച്ച കൂട്ടാൻ നിങ്ങളിരുന്ന് പ്രാർത്ഥിക്കണം. കർത്താവേ, എന്റെ നാവിൽ നിന്ന് വരുന്ന വാക്കുകൾ നിനക്ക് പ്രസാദകരമാകത്തക്കവണ്ണം മൂർച്ചയുള്ള വാക്കുകൾ പറയാൻ കൃപ തരണമേ.

മക്കളെ വളർത്തുന്നവർ മൂർച്ചയുള്ള വാക്കുകൾ പറയണം. കോപിച്ചു പറയണം എന്നല്ല പറഞ്ഞത്. ദൈവസന്നിധിയിലിരുന്ന് മൂർച്ചകൂട്ടിയ വാക്കുകൾ പറയണം. എന്താണ് മൂർച്ച? പരിശുദ്ധാത്മാവിന്റെ തീ നിങ്ങളിൽ കത്തിയിട്ട് നിങ്ങളുടെ സ്വഭാവത്തിന്റെ മാറ്റങ്ങളെല്ലാം അവരിലേക്ക് പകരുവാൻ തക്കവണ്ണം നിങ്ങളുടെ ജീവിതം മൂർച്ചയുള്ളതായിരിക്കണം.

പറയുന്ന വാക്കിന് ഘനം വേണം. വെറുതെ നിങ്ങൾ അതുമിതും പറയേണ്ടവരല്ല. തോന്നിയതുപോലെ സംസാരിക്കേണ്ടവരല്ല ദൈവമക്കൾ. പറയേണ്ടത് മാത്രം പറയുക. പറയേണ്ടതുപോലെ പറയുക. അതിനുള്ള കൃപ നിങ്ങൾക്ക് കർത്താവ് തരും. അങ്ങനെ വരുമ്പോൾ വെറുതെ കോപിക്കുകയില്ല.

മക്കളെ നിങ്ങൾ വെറുതെ ശകാരിച്ച് കോപിപ്പിയ്ക്കരുത്. ഗൗരവമായിട്ട് പറയാം. ഉപദേശിക്കാം. വേണമെങ്കിൽ ശാസിക്കുകയും ചെയ്യാം. പക്ഷേ, അവർക്ക് അത് പ്രയോജനപ്രദമായിത്തീരണമെങ്കിൽ നിങ്ങളുടെ വാക്കിന് മൂർച്ച വേണം. വെറുതെ വീൺവാക്കുകൾ പറഞ്ഞുകൊണ്ടിരിക്കരുത്.

പഠിക്ക് മോനേ, പഠിക്ക് മോനേ എന്ന് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കരുത്. ഏതെങ്കിലും ഒരു സമയത്ത് മക്കളെ വിളിച്ച് പറഞ്ഞുകൊടുക്കണം: "മക്കളേ, നിങ്ങൾ ഇങ്ങനെ ഇരുന്നാൽ പോരാ. നല്ലതുപോലെ പഠിക്കണം. അത്യുത്സാഹത്തോടെ പഠിക്കണം. നിങ്ങൾ പ്രാർത്ഥിക്കണം." അങ്ങനെ നിങ്ങൾ മൂർച്ചയുള്ള വാക്കുകളും മൂർച്ചയുള്ള പ്രവൃത്തികളും ഉള്ളവരാകണം.

നിർഭാഗ്യവശാൽ പ്രവാചകശിഷ്യൻ മരം മുറിച്ചുകൊണ്ടിരുന്നപ്പോൾ കോടാലി അയഞ്ഞയഞ്ഞ് വന്നു. കോടാലിക്കൈയുടെ അറ്റം മരത്തിലേക്ക് മുട്ടിക്കൊണ്ടിരുന്നപ്പോൾ നല്ല ശബ്ദം ഉണ്ടാകുന്നുണ്ടായിരുന്നു. അതുകൊണ്ട് മൂർച്ചയില്ല എന്ന് മനസ്സിലാവുകയില്ലായിരുന്നു.

ഇന്ന് അനേകം കൂട്ടായ്മകളിൽ ശബ്ദകോലാഹലമുണ്ട്. ആളുകൾ വിചാരിക്കും എന്തു നല്ല ആത്മീയ കൂട്ടായ്മയാണ് ഇതെന്ന്! എന്നാൽ ഈ ബഹളങ്ങളും ഒച്ചപ്പാടുകളും ഹീനമായ രീതിയിലുള്ള ചില അത്ഭുതങ്ങളും അടയാളങ്ങളും എന്നെല്ലാം പറഞ്ഞ് ചിലതെല്ലാം കാണിച്ചുകൊണ്ടിരിക്കുന്നു. അതെല്ലാം പിശാചിന്റെ കൂട്ടായ്മയാണ്. അതിന്റെ ഉള്ളുകളികൾ അറിയുമ്പോഴാണ് അതൊന്നും യഥാർത്ഥമല്ല എന്ന് മനസ്സിലാകുന്നത്. അനേകം ആളുകൾ ഇമ്മാതിരിയുള്ള ബഹളങ്ങളുടേയും ഒച്ചപ്പാടുകളുടേയും പിറകെ പോകുന്നുണ്ട്.

പ്രിയപ്പെട്ടവരേ, ഓർക്കുക, കൂട്ടായ്മയിൽ ഒച്ചപ്പാടുകൾ വേണ്ട. വളരെ ശാന്തമായി നമുക്ക് ദൈവത്തെ സ്തുതിക്കാമല്ലോ. ആത്മാവിന്റെ നീർച്ചാട്ടപ്രവാഹത്തിൽ നിങ്ങൾക്ക് ഉച്ചത്തിൽ സ്തുതിക്കാൻ പറ്റിയെന്ന് വരും, നല്ലതാണ്. പക്ഷേ,

അവിടെ അപശബ്ദങ്ങൾ വരരുത്.

ദൈവത്തിന്റെ ആത്മാവിന്റെ പ്രവർത്തനം ശാന്തതയിലാണ്. സൗമ്യതയിലാണ്. അത് പ്രശാന്തമോഹനമായ, ഹൃദയത്തിൽ സന്തോഷം കോരിയിടുന്ന ഒരു അനുഭവമാണ്. ആത്മാവിന്റെ ശുശ്രൂഷ എന്ന് പറയുമ്പോൾ കേൾക്കുന്നവരുടെയെല്ലാം ഹൃദയത്തിൽ കുളിര് കോരിയിട്ടുകൊണ്ടിരിക്കും. ആത്മാവിന്റെ സ്തുതി കേൾക്കുന്നവരുടെ ഹൃദയത്തിൽ ആശ്വാസം വന്നുകൊണ്ടിരിക്കും. ആനന്ദം കരകവിഞ്ഞ് ഒഴുകിക്കൊണ്ടിരിക്കും.

ഇവിടെ പ്രവാചകശിഷ്യന്റെ കൈയിൽ നിന്ന് കോടാലി ഊരിത്തെറിച്ചുപോയി. കുറെക്കൂടി ശ്രദ്ധിക്കാമായിരുന്നു, ശ്രദ്ധിച്ചില്ല. ഉടനെ അവൻ നിലവിളി തുടങ്ങി. അവൻ പ്രവാചകന്റെ അടുത്ത് ഓടിച്ചെന്നു. "അയ്യോ! യജമാനനേ, അത് വായ്പ വാങ്ങിയതായിരുന്നു. എന്റെ കോടാലി ഊരിപ്പോയി."

വായ്പ വാങ്ങിയത് തെറ്റല്ല. പക്ഷേ, അത് സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ടതായിരുന്നു. എനിക്ക് അബദ്ധം പറ്റിപ്പോയി.

നമ്മുടെ ജീവിതത്തിൽ വായ്പ വാങ്ങുന്നത് തെറ്റല്ല. പക്ഷേ, വായ്പ വാങ്ങിയാൽ അത് ഏറ്റവും യോഗ്യമായ രീതിയിൽ തിരിച്ച് കൊടുക്കുക എന്നത് നമ്മുടെ കടമയാണ്. വായ്പ വാങ്ങാൻ നേരത്ത് നല്ല വർത്തമാനവും സ്നേഹവും! വായ്പ വാങ്ങിക്കഴിഞ്ഞാൽ പിന്നെ തിരിഞ്ഞുനോട്ടമില്ല!

അയ്യോ! കിട്ടാനുള്ളത് തന്നില്ലല്ലോ എന്ന് ചോദിച്ചാൽ പിന്നെ ദേഷ്യം വരും. അങ്ങനെയുള്ള ആളുകളുണ്ട്. വാങ്ങിയത് ചോദിച്ചു എന്നുള്ളതുകൊണ്ട് ദേഷ്യം വരുന്ന ആളുകളുണ്ട്.

വായ്പ വാങ്ങാം. പക്ഷേ, അതേ തീക്ഷ്ണതയോടെ നമുക്ക് തിരിച്ചുകൊടുക്കാൻ ഉത്സാഹം വേണം. വായ്പ വാങ്ങാൻ ഉത്സാഹമുണ്ട്. തിരിച്ചുകൊടുക്കാൻ ഉത്സാഹമില്ല.

അങ്ങനെയുള്ള ആളുകൾ കൂട്ടായ്മയിലുമുണ്ട്. അത് തെറ്റായ പ്രവണതയാണ്. പറഞ്ഞ അവധിയ്ക്ക് തിരിച്ച് കൊടുക്കാൻ കൈയിലില്ലാതെ വന്നാൽ ഒരു കാര്യം ചെയ്യാം.

നാം പറയണം: "ക്ഷമിക്കണം. പറഞ്ഞ അവധിയ്ക്ക് എനിക്ക് തരാൻ പറ്റിയില്ല. എനിക്ക് വലിയ മനപ്രയാസമുണ്ട്. ഞാൻ എത്രയുംവേഗം തന്നുകൊള്ളാം." ഇങ്ങനെ ഒരു നല്ല വാക്ക് പറയാനെങ്കിലും മനസ്സ് വേണം. കൂട്ടായ്മയിൽ സംബ ന്ധിക്കുന്നവർ ആ കാര്യങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതാണ്.

നിവൃത്തിയുണ്ടെങ്കിൽ വായ്പ വാങ്ങരുത്. ചിലവ് ചുരു ക്കണം. അല്ല വായ്പ വാങ്ങിയാൽ അത് തിരിച്ചുകൊടുക്കാൻ അത്യുത്സാഹം കാണിക്കണം. ഈ പ്രവാചകശിഷ്യന് തിരിച്ചുകൊടുക്കാൻ ഉത്സാഹമുണ്ട്. പക്ഷേ, കോടാലി നഷ്ട പ്പെട്ടുപോയി.

> *"അയ്യോ കഷ്ടം; യജമാനനേ, അത് വായ്പ വാങ്ങിയതായിരുന്നു എന്ന് അവൻ നിലവിളിച്ചു. അത് എവിടെ വീണു എന്നു ദൈവപുരുഷൻ ചോദിച്ചു; അവൻ ആ സ്ഥലം അവനെ കാണിച്ചു; അവൻ ഒരു കോൽ വെട്ടി അവിടെ എറിഞ്ഞു; ആ ഇരുമ്പു പൊങ്ങിവന്നു."      2 രാജാക്കന്മാർ 6 : 5, 6*

അത് ആറ്റിന്റെ ഏതുഭാഗത്താണ് വീണത് എന്ന് പ്രവാച കൻ ചോദിച്ചു. പ്രവാചകശിഷ്യൻ എലീശായെ ആ ഭാഗം കാണിച്ചു. പ്രവാചകൻ ഒരു കോൽവെട്ടി ആ ഇരുമ്പ് താണു പോയ സ്ഥലത്തേയ്ക്ക് എറിഞ്ഞു.

എവിടെ വീണു എന്നു നാം കണ്ടെത്തണം. എവിടെയാ ണെനിക്ക് ക്ഷയം പറ്റിയത്? എവിടെയാണെനിക്ക് കേട് പറ്റി യത്? ആരോട് സംസാരിച്ചപ്പോഴാണ് എനിക്ക് അശുദ്ധി പറ്റി യത്? എവിടെപ്പോയി സംസാരിച്ചപ്പോഴാണ് എനിക്ക് കോപം വന്നത്? എവിടെയാണ് എനിക്ക് നഷ്ടം വന്നത്?

നഷ്ടപ്പെട്ടത് എവിടെ എന്ന് പ്രവാചകൻ ചോദിച്ചു.

നിങ്ങളിൽ അനേകംപേർ നഷ്ടപ്പെട്ടത് എവിടെ എന്ന് കണ്ടെത്തുന്നില്ല. ആരുമാരും ആത്മാവിന്റെ ജീവൻ നഷ്ടപ്പെട്ടു എന്ന് അറിയുന്നില്ല. ഏത് പ്രത്യേക സാഹചര്യത്തിലാണ് എനിക്ക് നഷ്ടപ്പെട്ടത്, ഏത് പ്രത്യേക വിഷയത്തിലാണ് നഷ്ടപ്പെട്ടത് എന്ന് ചിന്തിക്കുന്നില്ല.

> *"ആ ഇരുമ്പ് പൊങ്ങിവന്നു. അത് എടുത്തുകൊൾക എന്ന് അവൻ പറഞ്ഞു. അവൻ കൈനീട്ടി അത് എടുത്തു."* *2 രാജാക്കന്മാർ 6 : 7*

ആ ആറ്റിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തേയ്ക്ക് പ്രവാചകൻ മരം വെട്ടി എറിഞ്ഞു. അപ്പോൾ, എറിഞ്ഞ സ്ഥലത്തുനിന്നും ആ കോടാലി പൊങ്ങിവന്നു. ആരുടേയും സഹായം കൂടാതെ ഇരുമ്പ് പൊങ്ങിവരുമോ? സാധാരണ രീതിയിൽ സാദ്ധ്യമല്ലാത്ത ഒരു കാര്യം അവിടെ ദൈവം സാധിപ്പിച്ചുകൊടുത്തു.

ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ അങ്ങനെയാണ്. എവിടെയാണ് നഷ്ടം വന്നത്? അത് ചൂണ്ടിക്കാണിച്ച് അയ്യോ, എനിക്ക് നഷ്ടം വന്നല്ലോ എന്ന് പറയുമ്പോൾ കർത്താവ് തക്കസമയത്ത് നഷ്ടം മാറ്റി നമുക്ക് അനുഗ്രഹം തരും. പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾക്ക് എവിടെയാണ് വീഴ്ച പറ്റിയതെന്ന് നിങ്ങൾ കണ്ടുപിടിച്ച്, എനിക്ക് തെറ്റുപറ്റിപ്പോയി എന്നുപറഞ്ഞാൽ കർത്താവ് ക്ഷമിച്ചുതരും.

എവിടെയാണ് തെറ്റു പറ്റിയതെന്ന് അറിഞ്ഞ് അതു തിരുത്താൻ തയ്യാറാകുന്നതാണ് ഏറ്റവും നല്ല ലക്ഷണം. ആരും തികഞ്ഞവരല്ല. എന്റെ ജീവിതത്തിലെ തോൽവി എവിടെയാണ് സംഭവിച്ചത്? എവിടെയാണ് എനിക്കീ അബദ്ധം പറ്റിയത് എന്നു നാം കണ്ട് തിരുത്തുവാൻ തയ്യാറായാൽ തീർച്ചയായും കർത്താവ് നമ്മെ കൈക്കൊള്ളും; നമ്മെ യഥാസ്ഥാനപ്പെടുത്തും. നാം വീണുപോയ സ്ഥാനത്തേക്ക് ദൈവം നമ്മെ തിരികെ കൊണ്ടുവരും.

നിങ്ങളിൽ പലരും ഇതൊന്നും ചിന്തിക്കുന്നില്ല. നിങ്ങൾ

കൂട്ടായ്മയിൽ വന്നിരിക്കുന്നു. പ്രാർത്ഥിക്കുന്നു. വചനം കേൾക്കുന്നു. പക്ഷേ, കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കുന്നില്ല.

ഓരോ ദിവസവും രാത്രി ഉറങ്ങാൻ പോകുന്നതിനുമുമ്പ് നിങ്ങൾ അല്പസമയം ദൈവസന്നിധിയിൽ ഇരിക്കണം. വേണമെങ്കിൽ നിങ്ങളുടെ ഭാര്യയെയോ ഭർത്താവിനെയോ കൂടെ ഇരുത്താം. ഏതെങ്കിലും കാര്യത്തിൽ തെറ്റുപറ്റിയെങ്കിൽ ഭാര്യയോട് തുറന്ന് പറയാം. ഭർത്താവിനോടും പറയാം. ഹൃദയത്തിൽ, തെറ്റുപറ്റിപ്പോയല്ലോ എന്നുള്ള നീറ്റൽ വരണം. വേണ്ടായിരുന്നല്ലോ, കഷ്ടം! ഞാൻ ആ പാപത്തിൽ വീഴരുതായിരുന്നുവല്ലോ എന്നു ഹൃദയത്തിൽ നീറ്റൽ വന്ന് കർത്താവിനോട് പറയണം: കർത്താവേ, ക്ഷമിച്ചുതരണമേ. അയ്യോ! കർത്താവേ, എന്റെ വെളിച്ചം കെട്ടുപോയല്ലോ, എന്റെ ദീപം അണഞ്ഞുപോയല്ലോ, എന്റെ ആത്മീയശക്തി നഷ്ടപ്പെട്ടുപോയല്ലോ.

കർത്താവ് കേൾക്കും എന്ന് മാത്രമല്ല നിങ്ങൾ മുമ്പ് ആയിരുന്ന സ്ഥാനത്തേക്കാൾ ഉയരത്തിലേക്ക് നിങ്ങളെ കയറ്റിനിർത്തും. നിങ്ങളെ ഉയർത്താനാണ് കർത്താവാഗ്രഹിക്കുന്നത്. തെറ്റുകൾ തിരുത്തിത്തരാൻ, നിങ്ങൾക്ക് ശോഭനമായ ഭാവി തരാനാണ് കർത്താവാഗ്രഹിക്കുന്നത്.

ഒരുപക്ഷേ നിങ്ങൾക്ക് അബദ്ധം പറ്റിപ്പോയി. എന്നാൽ നിങ്ങൾ വേഗം മടങ്ങി വരിക. എന്തെല്ലാം തെറ്റുകൾ വന്നെങ്കിലും നിങ്ങൾക്ക് യഥാസ്ഥാനപ്പെടാം. ഏതെല്ലാം പാപങ്ങളിൽ കുടുങ്ങിപ്പോയെങ്കിലും നിങ്ങൾക്ക് യഥാസ്ഥാനപ്പെടാം. ഇനിയും നിങ്ങൾക്ക് തിരിച്ചുവരാം. കാരണം, കർത്താവ് കരുണയുള്ളവനാണ്.

പ്രവാചകൻ ഒരു മരത്തിന്റെ കൊമ്പ് വെട്ടി അങ്ങോട്ടെറിഞ്ഞു. ഈ മരത്തിന്റെ കൊമ്പ് ഏതാണ്? അത് കർത്താവായ യേശുക്രിസ്തു തന്നെയാണ്. ഗോഗുൽത്തായിലെ കുരിശുമരത്തിൽ ജീവനർപ്പിച്ച കർത്താവായ യേശുക്രിസ്തു വെട്ടപ്പെട്ട

മരമാണ്. അവനെ യഹൂദന്മാർ ആക്ഷേപിച്ചു; പരിഹസിച്ചു. തലയിലേക്ക് മുൾമുടി വച്ചപ്പോൾ തലയോട്ടി തകർന്ന് അത് അകത്തേക്ക് കയറി. കരണത്തേയ്ക്ക് അടിയ്ക്കുകയും തുപ്പുകയും ചെയ്തു. രോമങ്ങൾ പിഴുതെടുത്തു. കർത്താവിന്റെ ചങ്കിലേക്ക് കുന്തംകൊണ്ട് കുത്തി. കൈകളിലും കാലുകളിലും ആണിയടിച്ച് മുറിച്ചു.

എന്നാൽ പ്രിയപ്പെട്ടവരേ, ഈ വെട്ടപ്പെട്ട മരം എവിടെ വീഴുന്നോ, അവിടെ നഷ്ടപ്പെട്ടത് തിരികെ പൊങ്ങിവരും.

ഇന്ന് നിങ്ങൾ കർത്താവിനോട് പറയണം: എന്റെ കർത്താവേ, എനിക്ക് നഷ്ടപ്പെട്ട ചില കാര്യങ്ങളുണ്ട്. എനിക്ക് സമാധാനം നഷ്ടപ്പെട്ടുപോയിട്ടുണ്ട്. സ്നേഹം നഷ്ടപ്പെട്ടുപോയിട്ടുണ്ട്. കർത്താവേ, എനിക്ക് കനത്ത നഷ്ടങ്ങൾ സംഭവിച്ചുപോയിട്ടുണ്ട്. എന്റെ ജീവിതത്തിൽ പല പരാജയങ്ങളും വന്നുപോയിട്ടുണ്ട്. പല തോൽവികളും വന്നുപോയിട്ടുണ്ട്. ഞാനിന്ന് ദു:ഖിക്കുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് യോർദ്ദാനാറ്റിൽ വെട്ടപ്പെട്ട മരം വീണതുപോലെ കർത്താവേ, ഇന്ന് ഇവിടെയിരുന്ന് പ്രാർത്ഥിക്കുന്ന എന്നെ നിന്റെ കുരിശിലെ സ്നേഹം ഒന്ന് പൊതിയണമേ.

യേശുക്രിസ്തുവിന്റെ കുരിശ് എന്റെ ഹൃദയത്തിലേക്ക് വരണമേ. എന്റെ യേശുവേ, നിന്റെ തിരുരക്തം എന്നെ തൊടണമേ. നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങൾ തിരികെത്തരണമേ. നഷ്ടപ്പെട്ടുപോയ സന്തോഷങ്ങൾ തിരികെത്തരണമേ. നഷ്ടപ്പെട്ടുപോയ സമാധാനം തിരികെത്തരണമേ. ദൈവത്തിന്റെ കൃപ നിങ്ങളുടെമേൽ വരട്ടെ. ദൈവത്തിന്റെ ആത്മാവ് നിങ്ങളുടെമേൽ വരട്ടെ. യേശുക്രിസ്തുവിന്റെ അത്ഭുതകൃപ നിങ്ങളുടെമേൽ പകരട്ടെ.

# ഏഴ്

*"ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ."* *സങ്കീർത്തനങ്ങൾ 80 : 3*

*"സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ."*

*സങ്കീർത്തനങ്ങൾ 80 : 7*

*"സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ."*

*സങ്കീർത്തനങ്ങൾ 80 : 19*

ഞങ്ങൾ സ്ഥാനം തെറ്റി നിൽക്കുകയാണ്. നിൽക്കേണ്ട സ്ഥാനത്തല്ല നിൽക്കുന്നത്. മുൻപുണ്ടായിരുന്ന സ്ഥാനത്തേക്ക് എത്തിച്ചേരണമെന്ന് ഞങ്ങൾക്ക് താല്പര്യമുണ്ട്. ഞങ്ങൾക്ക് വന്നുപോയ നഷ്ടങ്ങൾ നികത്തിയെടുക്കാൻ ഭാഗ്യം തരണമേ. ഓരോരുത്തരും പ്രാർത്ഥിക്കേണ്ട പ്രാർത്ഥനയാണ്: ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ.

ഇന്ന് ദൈവം ആഗ്രഹിക്കുന്ന സ്ഥാനത്തുനിന്ന് നാം മാറിനിൽക്കുകയാണ്. ദൈവം ഭാഗ്യവശാൽ നമ്മെ എല്ലാവരേയും ഒരു നല്ല സ്ഥാനത്ത് ആക്കിയിരുന്നു. ഒരു നല്ല പദവി തന്നിരുന്നു. മാനസാന്തരത്തിന്റെ വില പലപ്പോഴും നാം ചിന്തിക്കാറില്ല. ഗൗരവം മനസ്സിലാക്കുന്നതുമില്ല. മാനസാന്തരം കിട്ടു

ന്നത് ഒരു മഹാഭാഗ്യമാണ്. മാനസാന്തരപ്പെട്ടപ്പോൾ ദൈവം നമ്മളെ ഉയർത്തി സ്വർഗ്ഗോന്നതികളിന്മേൽ ഇരുത്തിയതാണ്. ജീവന്റെ പുസ്തകത്തിൽ നമ്മുടെ പേര് എഴുതിത്തന്നതാണ്. തന്മൂലം സ്വർഗ്ഗീയ പൗരത്വം നമുക്ക് കിട്ടിയതാണ്.

എന്നാൽ നമ്മിൽ പലരും അതിന്റെ വിലയറിയാതെ ഇന്നത് കളഞ്ഞുകൊണ്ടിരിക്കുന്നു. എന്താണ് കിട്ടിയത് എന്ന് മറന്നുപോകുന്നു. ഏലിയാപ്രവാചകൻ എലീശയോടു പറഞ്ഞു: "പോയി വരിക, ഞാൻ നിനക്ക് എന്തു ചെയ്തു എന്ന് നീ ഓർക്ക." നിനക്ക് എന്താണ് ലഭിച്ചത് എന്ന് നീ ഓർക്കണം.

ഇന്ന് സത്യവചനം വളരെ ദുർല്ലഭമാണ്. ജീവന്റെ വചനം ഒരിടത്തും കേൾക്കാനില്ല. അനേകം പ്രസംഗങ്ങളുണ്ട്. പക്ഷേ, ജീവന്റെ വചനമില്ല. ആത്മാക്കളെ വീണ്ടെടുക്കുന്ന വചനമില്ല. ആത്മാക്കളെ വീണ്ടെടുക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദമില്ല. ആത്മാക്കൾക്കു ശുദ്ധീകരണം തരുന്ന പരിശുദ്ധാത്മാവിന്റെ കൃപയുടെ വചനമില്ല.

നല്ല പഠിപ്പുള്ള, സാമർത്ഥ്യമുള്ള, നല്ല കഴിവുള്ള പ്രസംഗകരുണ്ട്. പക്ഷേ, പരിശുദ്ധാത്മാവിന്റെ വചനം എന്താണെന്നുപോലും അറിയാൻ വയ്യാതിരിക്കുന്നു. പരിശുദ്ധാത്മാവ് എന്നു വാക്കാൽ പറയുമെങ്കിലും എന്താണെന്നു മനസ്സിലാക്കുന്നില്ല.

ഞാൻ എഴുതിയ 'പരിശുദ്ധാത്മപ്രവാഹം' എന്ന പുസ്തകം വായിച്ചാൽ നിങ്ങൾക്ക് കാണാം പരിശുദ്ധാത്മാവിന്റെ നീരൊഴുക്ക് എന്താണ് എന്ന്. നമ്മുടെ ജീവിതത്തിലേക്ക് തീവ്രമായ വാഞ്ഛയോടെ പരിശുദ്ധാത്മാവ് ഒഴുകി എത്തുകയാണ്. നമ്മെ ഓരോരുത്തരേയും പരിശുദ്ധാത്മാവ് കാണുകയാണ്, രൂപാന്തരപ്പെടുത്തുകയാണ്.

നിങ്ങൾ ചിന്തിച്ചുനോക്കൂ, ഈ വചനം കേൾക്കുന്നതിനു മുമ്പുള്ളതിനേക്കാൾ എന്തുമാത്രം നിങ്ങളുടെ ചിന്താഗതികളിലും മനോഭാവങ്ങളിലും വ്യത്യാസം വന്നിട്ടുണ്ട്? കുറഞ്ഞത്

ഇത്രയെങ്കിലും നിങ്ങൾക്ക് ഇപ്പോൾ ചിന്തയുണ്ട്: “എന്റെ കർത്താവ് എന്നിൽ വലിയ ആശവച്ചിരുന്നു, എന്നാൽ ഞാൻ അതിനൊത്ത് നിന്നിട്ടില്ല. Self realization! തന്നത്താൻ ഉള്ള ബോദ്ധ്യം!

എനിക്ക് തന്ന അനുഗ്രഹം ഞാൻ പ്രയോജനപ്പെടുത്തിയില്ലല്ലോ. നമ്മിൽ പലർക്കും ആ ദാരിദ്ര്യബോധമുണ്ട്. അത് നല്ലതാണ്. എനിക്ക് ഇന്നുവരെ യേശുവിനെ പ്രസാദിപ്പിക്കാൻ കഴിഞ്ഞില്ലല്ലോ. ഈ ചിന്തകൾ വരുന്നത് നല്ലതാണ്. പക്ഷേ, അത് ഒരു നിഷേധാത്മക ചിന്തയായിപ്പോകരുത്.

ഇതുവരെ നിന്നില്ലെങ്കിലും ഇനി ഞാൻ നിൽക്കും എന്ന ഉറപ്പുണ്ടായിരിക്കണം. ഇതുവരെ ജയജീവിതം കിട്ടിയില്ല. എന്റെ കോപവും അസൂയയും വിദ്വേഷവും മുഴുവൻ മാറിയിട്ടില്ല. എന്റെ സ്വയം ഇപ്പോഴും മാറാതെ നിൽക്കുന്നുണ്ട്. കർത്താവേ, ഇതെല്ലാം എനിക്ക് മാറ്റിത്തരണമേ എന്ന പ്രാർത്ഥനയോടെ വേണം നമ്മൾ വചനം കേൾക്കാൻ.

വചനം കേൾക്കുമ്പോൾ തന്നെ വിശ്വാസത്തിന്റെ കുറ്റികൾ ഉറപ്പിക്കണം; സമർപ്പണങ്ങൾ ആഴത്തിലാക്കണം.

> *“നിന്റെ കയറുകളെ നീട്ടുക; നിന്റെ കുറ്റികളെ ഉറപ്പിക്ക.”* *യെശയ്യാവ് 54 : 2*

“Lengthen thy cords, and strengthen thy stakes.”

വിശാലതയിലേക്ക് കയറ് നീട്ടുക. വിശ്വാസത്തിന്റെ കുറ്റികൾ ഉറപ്പിക്കണം. നമ്മൾ എന്നുമെന്നും വചനം കേട്ടും വായിച്ചും ഇരിക്കേണ്ടവരല്ല. ഓടിനടന്നു വചനം പറയണം. കർത്താവിന്റെ വേലയ്ക്കുവേണ്ടി നമ്മെത്തന്നെ ചെലവഴിക്കണം. നമ്മുടെ സമയവും കഴിവും സ്വാധീനശക്തിയും ചെലവഴിക്കണം.

നിങ്ങൾ ഒരാളെ ഫോൺ ചെയ്ത് എന്റെ ടിവിയിലെ പ്രസംഗം ഒന്നു കേൾക്കൂ എന്നുപറഞ്ഞാൽ, നിങ്ങളോട്

സ്നേഹമുള്ളതുകൊണ്ടും നിങ്ങൾക്കും സ്നേഹമുള്ളതു കൊണ്ടും അനുസരിക്കും. മറ്റാരും പറഞ്ഞാൽ അനുസരിച്ചു എന്നു വരികയില്ല. അങ്ങനെ നിങ്ങൾ അനേകരെ വചനം കേൾപ്പിക്കണം. അതും കർത്താവിന്റെ വേലയാണ്.

എല്ലാവരും പ്രസംഗിക്കുകയും ഭവനസന്ദർശനം നട ത്തുകയും ചെയ്യണമെന്നില്ല. അത് ഓരോരുത്തർക്കുമുള്ള വിളിയാണ്. എന്നാൽ ഇന്നു ചെയ്യേണ്ട വേല ചെയ്തില്ല എന്നു പരാജയബോധത്തോടെ കർത്തൃസന്നിധിയിൽ ചെന്നു നിന്നു പറയണം: "ഇത്രയും കാലം നഷ്ടപ്പെടുത്തി. ഏല്പിച്ച വേല കളും പദവികളും അനുഗ്രഹങ്ങളുമെല്ലാം ജ്വലിപ്പിച്ചുകൊണ്ട് മുഴുവനായി നിനക്കുവേണ്ടി ചെലവഴിക്കപ്പെടുവാനുള്ള ഭാഗ്യം എനിക്കു തരണമേ."

ഇതെല്ലാം പ്രാർത്ഥിക്കേണ്ടതാണ്. ഇതുവരെ നിന്നില്ല എന്നു നിരാശപ്പെട്ട് ഇരിക്കാനല്ല, എന്റെ കർത്താവ് എനിക്ക് ജയം തരും എന്നു വിശ്വസിക്കണം. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ജയം നൽകുന്ന ദൈവത്തിന്നു സ്തോത്രം." (റോമർ 7 : 25, 1 കൊരിന്ത്യർ 15 : 57) വിശ്വാസത്തോ ടെ, കർത്താവിൽ പ്രത്യാശയോടെ യാചിക്കണം.

ഈ ഭൂമിയിൽ നിന്നു കടന്നുപോകുന്നതിനുമുമ്പ് എനിക്ക് എന്റെ യേശുവിന്റെ തിരുഹിതം നിവർത്തിക്കണം. ഈ ഭൂമിയിൽ നിന്നു മാറിപ്പോകുന്നതിനുമുമ്പ് എന്റെ യേശു വിന്റെ വേല ചെയ്തു തീർക്കണം. യേശുക്രിസ്തുവിന്റെ വേല ചെയ്യാൻ ഇന്ന് അധികം ആളുകളില്ല.

ഇന്നു സത്യവചനം കേൾക്കാനില്ല. ഇന്നു കേൾക്കുന്ന വചനങ്ങൾ പലതും ദൈവമക്കളെ വഴിതെറ്റിക്കുന്ന പ്രസ്താവ നകളാണ്. ടിവിയിലെ ചിലരുടെ പ്രസംഗങ്ങൾ കണ്ടാൽ ചില പ്പോൾ അറപ്പ് തോന്നും. ചിലർ രോഗം സൗഖ്യമാക്കുന്നതിനു വേണ്ടി അലറുകയും പിശാചിനോടു ഇറങ്ങിപ്പോ, ഇറങ്ങിപ്പോ എന്നു പറഞ്ഞുകൊണ്ട് അട്ടഹസിക്കുകയും ചെയ്യുന്നതു

കാണാം. അതൊന്നുമല്ല ആത്മീയം.

ക്രിസ്തുവിനെയാണ് പ്രസംഗിക്കേണ്ടത്. **"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു!"** പാപിയെ വീണ്ടെടുക്കുന്നതാണ് സുവിശേഷം. പാപം മാറുന്നതോടൊപ്പം നമുക്ക് കരുണയുള്ള കർത്താവ് രോഗസൗഖ്യവും തന്നു എന്നു വരും.

ബെഥെസ്ദാ കുളക്കരയിൽ മുപ്പത്തെട്ടു വർഷമായി കിടന്ന തളർവാതരോഗിക്ക് കർത്താവ് സൗഖ്യം കൊടുത്തു. അവനെ പിന്നെ കണ്ടപ്പോൾ കർത്താവ് പറഞ്ഞു:

> *"നോക്കൂ, നിനക്കു സൗഖ്യമായല്ലോ; അധികം തിന്മയായത് ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത് എന്നു പറഞ്ഞു."* *യോഹന്നാൻ 5 : 14*

നിന്റെ തളർന്നു കിടന്ന രോഗാവസ്ഥയ്ക്കു കാരണം പാപമാണ്. ഇപ്പോൾ ഞാൻ പാപം ക്ഷമിച്ചു തന്നിട്ടുണ്ട്; നിനക്ക് രോഗസൗഖ്യം കിട്ടിയിട്ടുണ്ട്. എന്നാൽ ഇനി പാപം ചെയ്താൽ ഇതിനെക്കാൾ വലിയ തിന്മ നിനക്കു വരും. അതുകൊണ്ട് പാപമോചനമാണ് ഏറ്റവും പ്രധാനപ്പെട്ടത്.

നിങ്ങൾ ഓരോ സ്ഥലത്തു ചെന്നു പ്രസംഗിക്കുകയും സാക്ഷ്യം പറയുകയും ചെയ്യുമ്പോൾ പാപമോചനത്തിന്റെ കാര്യമാണ് ശക്തമായി പറയേണ്ടത്. പാപം മോചിച്ചു തരുന്ന ക്രിസ്തു! ക്രിസ്തുവിന്റെ രക്തത്താലുള്ള പാപമോചനം! സൗജന്യമായ രക്ഷ! ഏതു പാപിക്കും രക്ഷപ്പെടാമെന്നുള്ള രക്ഷാസന്ദേശം! ആ സ്നേഹത്തിന്റെ സന്ദേശമാണ് കൊടുക്കേണ്ടത്.

പാപം മാറിക്കഴിയുമ്പോൾ, ക്രിസ്തുവിന്റെ വകയായി തീർന്നു കഴിയുമ്പോൾ ആ മനുഷ്യന് ആവശ്യമുള്ളതെല്ലാം കർത്താവ് കൊടുക്കും. ആ മനുഷ്യന് പഠിത്തം ആവശ്യമാണോ, അത് കർത്താവ് കൊടുക്കും. ജോലി ആവശ്യമാണോ, അത് കർത്താവ് കൊടുക്കും. രോഗസൗഖ്യമാണോ ആവശ്യം,

അത് കർത്താവ് തരും.

യേശുക്രിസ്തു നമ്മുടെ ഹൃദയത്തിൽ വാഴുക എന്ന താണ് ഒന്നാമത്തെ കാര്യം. യേശുക്രിസ്തു നമ്മുടെ ഹൃദയ ത്തിൽ വാഴാതെ എന്തെല്ലാം അത്ഭുതങ്ങൾ കണ്ടാലും അടയാ ളങ്ങൾ കണ്ടാലും അതിന്റെ പുറകെ പോകരുത്; അത് അബദ്ധ മാണ്. പാവപ്പെട്ട മനുഷ്യനെ വഴിതെറ്റിക്കാനുള്ള ചില കുതന്ത്ര ങ്ങളാണ്.

ഞാൻ കേട്ടിട്ടുണ്ട്, പണ്ട് കടമറ്റം പള്ളിയിൽ പെരുന്നാ ളിന്റെ ദിവസം ഭ്രാന്തു ബാധിച്ചവരെ, പ്രത്യേകിച്ചും സ്ത്രീകളെ പള്ളിയിൽ കൊണ്ടുപോകും. പെരുന്നാൾ ശുശ്രൂഷകളുടെ ഇടയ്ക്ക് ഈ സ്ത്രീകൾ അവർക്ക് നിശ്ചയിച്ച സ്ഥലത്ത് തുള്ളി ക്കൊണ്ടിരിക്കും. തുള്ളിക്കൊണ്ടിരിക്കുന്ന സമയത്ത് കുർബ്ബാന ചൊല്ലുന്ന വികാരി വന്ന്, പിശാചേ ഇറങ്ങിപ്പോ എന്നുപറഞ്ഞ് ഈ സ്ത്രീകളെ തല്ലുന്നു. തങ്ങളിൽ പിശാചുണ്ടെന്ന് ആ സ്ത്രീകൾ വിചാരിക്കുന്നു. തല്ലി പിശാചിനെ ഇറക്കുന്നു. ഇതെല്ലാം മന:ശാസ്ത്രപരമായ ചില കുത്സിത പ്രവൃത്തികളാണ്.

ഇപ്രകാരമുള്ള പ്രവൃത്തികൾ ഇന്നു സുവിശേഷലോക ത്തേയും കീഴ്പ്പെടുത്തിയിരിക്കുന്നു. നിർമ്മലസുവിശേഷം കേൾക്കാനില്ല.

നമ്മുടെ പ്രിയപ്പെട്ട ജോൺ കുര്യാക്കോസിന്റെ അപ്പനായ കുര്യാക്കോസ് ഭ്രാന്തു മാറാനായി എങ്ങും തുള്ളാൻ പോയില്ല. എങ്ങും അടികൊള്ളാനും പോയില്ല. പരിശുദ്ധാത്മാവ് ഹൃദയ ത്തിൽ വന്നു, പാപബോധം കൊടുത്തു. പാപമോചനം കൊടു ത്തു. പാപമോചനം കിട്ടിയപ്പോൾ സുബോധം കിട്ടി, ഭ്രാന്തു മാറി.

പാപമോചനം കിട്ടുമ്പോൾ രോഗസൗഖ്യം കിട്ടുന്നു. അത് ദൈവത്തിന്റെ കരുണയാണ്. കർത്താവിനെ കൈക്കൊ ള്ളുക എന്നതാണ് നാം ഒന്നാമത് ആഗ്രഹിക്കേണ്ടത്.

അപ്പൊസ്തലനായ പത്രോസ് പെന്തക്കൊസ്തിനാളിൽ

ചെയ്ത പ്രസംഗത്തിൽ മൂന്നു കാര്യങ്ങളാണ് ജനത്തോടു പറഞ്ഞത്. നിങ്ങൾ രക്ഷകനെ ക്രൂശിച്ചു. ദൈവം അവനെ ഉയർത്തെഴുന്നേല്പിച്ചു. ഞങ്ങൾ അതിനു സാക്ഷികൾ. ഇതാണ് സുവിശേഷം.

അതല്ലാതെ പറയുന്നതോ, ചെയ്യുന്നതോ ആയ കാര്യങ്ങൾ ഒന്നും സുവിശേഷമല്ല. അത് ആത്മീയമല്ല. അത് പൈശാചികമാണ്, ദുഷ്ടപ്പിശാച് ചെയ്യുന്ന തന്ത്രങ്ങളാണ്. രക്ഷ കിട്ടും എന്നുകരുതി പാവപ്പെട്ട ജനം അവിടെ ചെന്നു കുടുങ്ങുന്നു. ഈയാംപാറ്റകൾ തീ കത്തുന്നിടത്തേക്കു വന്നു തീയിൽ വീണു ചാകുന്നതുപോലെ പാവപ്പെട്ട ജനം ഇതുപോലെയുള്ള പ്രസംഗം കേട്ട്, ഏതോ രക്ഷ കിട്ടി എന്നു കരുതി ആത്മീയപ്രവർത്തനം തുടങ്ങുകയായി.

ആരെയും വിഷമിപ്പിക്കാനല്ല ഞാൻ ഇത് എഴുതുന്നത്. നിങ്ങൾ നിർമ്മലസുവിശേഷം കേൾക്കുക. യഥാസ്ഥാനപ്പെടുത്തുന്ന ദൈവത്തിന്റെ കൃപയെക്കുറിച്ചു കേൾക്കുക.

> *"അമാലേക്യർ അപഹരിച്ചു കൊണ്ടുപോയിരുന്നതൊക്കെയും ദാവീദ് വീണ്ടുകൊണ്ടു; തന്റെ രണ്ടു ഭാര്യമാരെയും ദാവീദ് ഉദ്ധരിച്ചു. അവർ അപഹരിച്ചു കൊണ്ടുപോയതിൽ ചെറുതോ വലുതോ പുത്രന്മാരോ പുത്രിമാരോ കൊള്ളയോ യാതൊന്നും കിട്ടാതിരുന്നില്ല; ദാവീദ് എല്ലാം മടക്കിക്കൊണ്ടു പോന്നു. ദാവീദ് ആടുമാടുകളെ ഒക്കെയും പിടിച്ചു അവയെ അവർ തങ്ങളുടെ നാല്ക്കാലികൾക്കു മുമ്പായി തെളിച്ചു നടത്തിക്കൊണ്ടു: ഇതു ദാവീദിന്റെ കൊള്ള എന്നു പറഞ്ഞു."*
>
> *1 ശമുവേൽ 30 : 18 – 20*

ദാവീദ് എല്ലാം മടക്കിക്കൊണ്ടു വന്നു. ഇന്ന് അനേകരും നഷ്ടങ്ങളെയോർത്ത് കരഞ്ഞുകൊണ്ടിരിക്കുകയാണ്. നാളുകൾ നഷ്ടപ്പെട്ട് പോയല്ലോ. കുറെക്കൂടി പ്രവർത്തിക്കാ

വുന്ന സമയങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ.

എന്റെ നാളുകൾ ഏറ്റവും വിലപ്പെട്ടതിനുവേണ്ടി, യേശുവിനുവേണ്ടി ചെലവഴിച്ചില്ലല്ലോ. യേശുവിന്റെ രാജ്യവും യേശുവിന്റെ സുവിശേഷവുമായ വിലയേറിയതിനുവേണ്ടി ഞാൻ ചിലവഴിച്ചില്ല. അതിനുവേണ്ടി ഞാൻ ഓടി നടക്കേണ്ടതായിരുന്നു. യേശുവിന്റെ സുവിശേഷത്തിന്റെ പ്രചുരപ്രചാരണത്തിനുവേണ്ടി എന്നാലാവത് പ്രവർത്തിക്കേണ്ടതായിരുന്നു. പക്ഷേ, ചെയ്തില്ല.

എന്നാൽ നഷ്ടപ്പെട്ടതെല്ലാം മടക്കിക്കൊണ്ടുവരുവാൻ ഒരു സാദ്ധ്യതയുണ്ട്. മദ്യത്തിനുവേണ്ടി ലക്ഷങ്ങൾ നഷ്ടപ്പെടുത്തിയവരുണ്ട്. മദ്യത്തിനുവേണ്ടി കാരണവന്മാരുടെ കാലത്ത് സമ്പാദിച്ചതെല്ലാം നഷ്ടപ്പെടുത്തിയവരുണ്ട്. ഇന്നും മക്കൾക്കു കൊടുക്കേണ്ട സ്വത്ത് കൊടുക്കാതെ, അതെല്ലാം വിറ്റ് കുടിക്കുന്ന ആളുകളുണ്ട്. നഷ്ടം നിസ്സാരമല്ല.

പൈസ നഷ്ടപ്പെടുന്നു, സ്വഭാവശുദ്ധി നഷ്ടപ്പെടുന്നു. ഒരു കാലത്ത് നല്ല തീക്ഷ്ണതയായിരുന്നു. വിശുദ്ധി വേണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു. ഒരു വാക്കിൽ തെറ്റിയാൽ വെപ്രാളപ്പെടുമായിരുന്നു. കർത്താവേ, എനിക്ക് പരിഭവം വന്നുപോയല്ലോ. പുറമെ കോപിച്ചില്ലെങ്കിലും എനിക്കുള്ളിൽ കോപം വന്നുപോയല്ലോ എന്ന നിലവിളിയുണ്ടായിരുന്നു.

നിങ്ങൾ തനിയെ ഇരുന്ന് പ്രാർത്ഥിക്കണം. എന്റെ കർത്താവേ, എനിക്ക് തെറ്റുപറ്റിപ്പോയി. എല്ലാം മടക്കിക്കൊണ്ടുവരുവാനുള്ള ഭാഗ്യം എനിക്ക് തരണമേ. നഷ്ടപ്പെട്ടത് തിരികെതരുന്നതാണ് ദൈവത്തിന്റെ സ്നേഹം.

നിങ്ങൾക്ക് എന്തെല്ലാമാണ് നഷ്ടപ്പെട്ടത്? വിശുദ്ധി കൈമോശം വന്നവരുണ്ട്. ചില നിഷ്ഠകൾ കൈമോശം വന്നവരുണ്ട്. സമർപ്പണം ആഴത്തിലാക്കാതെ എല്ലാം നഷ്ടപ്പെടുത്തിയവരുണ്ട്. ദൈവത്തോടു പറഞ്ഞ ഉടമ്പടികൾ ലംഘിച്ചവരുണ്ട്.

ഞാൻ മൂലം ഈ വീട്ടിൽ കലാപം ഉണ്ടാകയില്ല എന്നുപറഞ്ഞവർ വീണ്ടും കലാപം തുടങ്ങിയിരിക്കുന്നു. ഇനി മദ്യം തൊടുകയില്ല, കാണുകയില്ല എന്നുപറഞ്ഞവർ വീണ്ടും മദ്യത്തിന്റെ അടിമയായിത്തീർന്നിരിക്കുന്നു. കഞ്ചാവ് ഉപയോഗിക്കയില്ല, എന്റെ ശരീരത്തിന് ദോഷമാണ് എന്നുപറഞ്ഞവർ കൂട്ടുകൂടി പിന്നെയും ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു.

ആയുസ്സ് തീർന്നുതീർന്നു പോകുന്നു. നമ്മുടെ ജീവിതാന്ത്യത്തോട് അടുത്തടുത്ത് വരുന്നു. നഷ്ടങ്ങൾ എല്ലാം തിരികെ കൊണ്ടുവരാതെ നാം ഇനി മുന്നോട്ടു പോകരുത്. ശത്രുവായ പൈശാചികൻ നമ്മുടേതെല്ലാം അപഹരിച്ചുകൊണ്ടുപോയി. നമ്മുടെ സമയം, സമ്പാദ്യം, സൽബുദ്ധി, സ്നേഹം, ഒരുമനസ്സ് എല്ലാം അപഹരിച്ചുകൊണ്ടുപോയി.

ഒരു ചെറിയ പേന പോയാൽപ്പോലും നമുക്ക് വെപ്രാളമാണ്. എന്നാൽ നിങ്ങളുടെ ജീവിതത്തിൽ വിലയേറിയ പലതും നഷ്ടപ്പെട്ടു പോയിരിക്കുന്നു. ദാവീദ് നഷ്ടപ്പെട്ടതെല്ലാം തിരികെ കൊണ്ടുവന്നു. ദാവീദ് ദൈവസന്നിധിയിലിരുന്ന് പ്രാർത്ഥിച്ചു കരഞ്ഞു.

> *"ദാവീദും അവന്റെ ആളുകളും മൂന്നാം ദിവസം സിക്ലാഗിൽ എത്തിയപ്പോൾ അമാലേക്യർ തെക്കെ ദേശവും സിക്ലാഗും ആക്രമിച്ചു സിക്ലാഗിനെ ജയിച്ചു അതിനെ തീവെച്ചു ചുട്ടുകളഞ്ഞിരുന്നു. അവിടെയുള്ള വലിയവരും ചെറിയവരുമായ സ്ത്രീകളെ പിടിച്ചുകൊണ്ട് തങ്ങളുടെ വഴിക്കു പോയതല്ലാതെ ആരെയും കൊന്നില്ല. ദാവീദും അവന്റെ ആളുകളും പട്ടണത്തിലേക്കു വന്നപ്പോൾ അത് തീ വെച്ചു ചുട്ടിരിക്കുന്നതും ഭാര്യമാരെയും പുത്രീപുത്രന്മാരെയും അടിമകളായി കൊണ്ടുപോയിരിക്കുന്നതും കണ്ടു. അപ്പോൾ ദാവീദും കൂടെയുള്ള ജനവും കരവാൻ ബലമില്ലാതാകുവോളം ഉറക്കെ കരഞ്ഞു."* *1 ശമൂവേൽ 30 : 1 – 4*

ദാവീദും കൂടെയുള്ളവരും കരവാൻ ബലമില്ലാതാകുവോളം കരഞ്ഞു. എല്ലാം നഷ്ടമായല്ലോ!

മദ്യംകൊണ്ട് നിങ്ങളുടെ ആരോഗ്യവും ആയുസ്സും നഷ്ടപ്പെടുത്തിയിട്ടുണ്ടോ? വേണ്ടാതനത്തിൽപ്പെട്ട് നിങ്ങളുടെ ആരോഗ്യം നഷ്ടപ്പെടുത്തിയിട്ടുണ്ടോ? നശിപ്പിക്കുന്നവൻ പിശാചാണ്. നിങ്ങൾക്ക് നഷ്ടം വരുത്തുന്നത് പിശാചാണ്. എല്ലാം ചുട്ടുകളയുന്നത് പിശാചാണ്.

വചനനിശ്ചയം നഷ്ടപ്പെട്ടു പോയവരുണ്ട്. വചനത്തിലെ പ്രാഗത്ഭ്യം നഷ്ടപ്പെട്ടുപോയവരുണ്ട്. ആത്മാവിന്റെ കരുത്ത് നഷ്ടപ്പെട്ടുപോയവരുണ്ട്.

ഒരു ദിവസം പ്രഭാതത്തിൽ എഴുന്നേറ്റു, അന്ന് ചെയ്യാനുള്ളതെല്ലാം കർത്താവിനെ ഏൽപ്പിച്ചു. ഒരു സെക്കൻഡ് പോലും നഷ്ടപ്പെടുത്തുകയില്ല, എല്ലാം എനിക്കു വിലയേറിയ നിമിഷങ്ങളാണ്, ഞാൻ അതെല്ലാം പ്രയോജനപ്പെടുത്തും എന്നു തീരുമാനിച്ചു. നിങ്ങൾ സന്ധ്യയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ കാണാം പലതും നഷ്ടപ്പെടുത്തിയിരിക്കുന്നു. സമയങ്ങൾ പാഴാക്കിക്കളഞ്ഞു.

അലസതമൂലം പലതും നഷ്ടപ്പെട്ടുപോയി. രാത്രിയിൽ ഏതെങ്കിലും സമയത്ത് എഴുന്നേറ്റ് നിങ്ങളുടെ പ്രിയപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ടോ? രാത്രിയുടെ യാമങ്ങളിൽ ഇരുന്ന് കരയാറുണ്ടോ? നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ, നിങ്ങളുടെ ആഗ്രഹത്തെ മാനിച്ച് കർത്താവ് നിങ്ങളെ വിളിച്ചെഴുന്നേൽപ്പിക്കും. രാത്രിയിൽ കർത്താവ് എന്നെ വിളിച്ചെഴുന്നേൽപ്പിക്കുന്നതുപോലെ എഴുന്നേറ്റിട്ടുള്ള അനുഭവം എനിക്കുണ്ട്.

രാത്രിയുടെ സമയങ്ങളിൽ ഇരുന്ന് ഏങ്ങലടിക്കാറുണ്ടോ? കർത്താവ് കേട്ടാൽ മതി. ഭർത്താവോ ഭാര്യയോ കുഞ്ഞുങ്ങളോ അറിയണ്ട. നിങ്ങൾ തനിയെയിരുന്നു പ്രാർത്ഥിക്കുക.

നഷ്ടപ്പെട്ടതെല്ലാം തിരികെ കൊണ്ടുവരണം. ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നിങ്ങളുടെ നഷ്ടങ്ങൾ എല്ലാം ലാഭമാക്കിത്തരാൻ കർത്താവ് നിങ്ങളുടെ അരികെ വന്നിരിക്കുകയാണ്. കർത്താവ് പറയുന്നു: മോനേ, നീ പരിഭ്രമിക്കേണ്ട. ഇതുവരെ വന്ന നഷ്ടങ്ങളെല്ലാം നികത്തിത്തരാം.

നഷ്ടപ്പെട്ട സൗഭാഗ്യം തിരികെ തരാം. നഷ്ടപ്പെട്ടുപോയ സ്നേഹം, സന്തോഷം, സമാധാനം എല്ലാം തിരികെത്തരാം.

ഇപ്പോൾ നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, എന്റെ ജീവിതത്തിലെ നഷ്ടങ്ങൾ നികത്തി എന്റെ ജീവിതം ലാഭമാക്കിത്തരണമേ. ഇനിയുള്ള ഓരോ സെക്കൻഡും വിലയേറിയത് എന്ന് എണ്ണി നിന്റെ ആത്മാവ് എന്നിൽ പ്രവൃത്തിക്കത്തക്കവണ്ണം ഞാൻ എന്നെ വിട്ടുതരുന്നു. യേശുവേ, ഇനി എനിക്ക് സ്വന്തമായ ആയുസ്സില്ല. സ്വന്തമായ അഭിപ്രായമില്ല. സ്വന്തമായ ഇഷ്ടമില്ല. എന്റെ പദ്ധതികളെല്ലാം ഞാൻ താഴെ വയ്ക്കുന്നു.

എനിക്ക് ഒന്നേയൊന്നു മാത്രം. എന്റെ രക്ഷകനെ സാക്ഷിക്കുക. എന്റെ യേശുവിനെ വാഴ്ത്തിപ്പാടുക. എനിക്ക് ജീവൻ തന്ന യേശുവിനെ വാഴ്ത്തുക. നിത്യനരകം മാറ്റിത്തന്ന, എനിക്ക് നിത്യസ്വർഗ്ഗത്തിന്റെ അവകാശം തന്ന യേശുവിനെ വാഴ്ത്തുക.

വേല തികച്ച്, വിശ്വാസം കാത്ത്, നീതിയുടെ കിരീടം ലഭിക്കാനായി എനിക്ക് പറന്നുപോകണം. ഈ ഭൂമിയിൽ ജീവിച്ച നാളെല്ലാം വീൺനാളായിപ്പോയി. ഞാൻ ഇപ്പോൾ ഭാരത്തോടെ കേഴുകയാണ്. എന്നെ യഥാസ്ഥാനപ്പെടുത്തണമേ. ഞാൻ അലസനായി പോയതൊന്നും എന്റെമേൽ കണക്കിടരുതേ. എനിക്ക് വന്നിരിക്കുന്ന ഏറ്റവും വലിയ നഷ്ടം, പരസ്പരസ്നേഹം നഷ്ടപ്പെട്ടുപോയിരിക്കുന്നു എന്നതാണ്.

ഭാര്യയും ഭർത്താവും തമ്മിൽത്തമ്മിൽ സ്നേഹമാണ്; വലിയ വഴക്കും പിണക്കവുമൊന്നുമില്ല. എങ്കിലും അകത്തു

ചില കിറുകിറുപ്പുകളും പരിഭവങ്ങളുമുണ്ട്. മറക്കാൻ പറ്റാത്ത ചില കാര്യങ്ങൾ ഓർമ്മയിലേക്ക് തെളിഞ്ഞുവരുന്നു. ഒരു പക്ഷേ ഭർത്താവ് പറഞ്ഞ ചില വാക്കുകൾ, ഭാര്യ അവിവേകത്തോടെ പെരുമാറിയ കാര്യങ്ങൾ ഓർമ്മയിലേക്ക് തെളിഞ്ഞു വരും. പാടില്ല. ഒന്നും മനസ്സിൽ വച്ചുകൊണ്ടിരിക്കരുത്.

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്. നമ്മോട് തെറ്റ് ചെയ്തവരോടു നാം ക്ഷമിക്കണം. ക്ഷമിക്കുന്നതിലാണ് ക്രിസ്തുവിന്റെ സ്നേഹം വ്യക്തമാകുന്നത്. മറ്റുള്ളവരിൽ നിന്നു നേരിട്ട ഉപദ്രവം നാം മറക്കണം. ഹൃദയം ശുദ്ധമായിരിക്കണം. സ്നേഹം മാത്രമായിരിക്കണം.

ഇന്ന് കുടുംബങ്ങളിൽ പരസ്പരം സ്നേഹമില്ല, വിശ്വാസമില്ല. ഭാര്യയ്ക്കും ഭർത്താവിനും തമ്മിൽത്തമ്മിൽ വിശ്വാസമില്ല. ഹൃദയം നിറയെ പരാതികൾ. പുറമെ ഒന്നും പറയാനില്ലതാനും. ഹൃദയത്തിൽ മാറിപ്പോകാത്ത ഇഷ്ടക്കുറവുകൾ.

ഈ വചനം വായിക്കുമ്പോൾ തന്നെ അതെല്ലാം നിങ്ങളുടെ ഹൃദയത്തിൽ നിന്നു പറിച്ചെറിഞ്ഞു കളയുക. ഞാൻ ആരോടു പരിഭവമായിരിക്കുന്നോ അതെല്ലാം ഞാൻ പറിച്ചെറിയുന്നു. എനിക്കതൊന്നും വേണ്ട. അതെന്നെ നശിപ്പിക്കുകയേയുള്ളൂ. എന്റെ പരിഭവങ്ങൾ, ക്ഷമക്കേടുകൾ, ചിലർ എന്നോടു പെരുമാറിയപ്പോൾ എന്റെ ഹൃദയത്തെ മുറിപ്പെടുത്തിയ ചില വാക്കുകൾ, എല്ലാം ഞാൻ ക്ഷമിക്കുന്നു. ഇപ്പോൾ നിങ്ങൾക്കതു സാധിച്ചാൽ, ഇന്ന് ആത്മീയ ഉണർവ്വ് ആരംഭിക്കാം.

ബാലിന് മുട്ടുകുത്താത്ത ഏഴായിരങ്ങൾ ഇനിയുമുണ്ട്. പക്ഷേ, അവർക്ക് രംഗത്തുവരാൻ പേടിയാണ്. പിശാചിന്റെ കൂടെ പോകുകയില്ല എന്നുറപ്പുണ്ട്. പക്ഷേ, ധൈര്യമില്ല. അവർക്ക് കൈത്താങ്ങൽ കൊടുത്ത് മുമ്പോട്ടുകൊണ്ടുവരണം.

നിങ്ങൾ ഓരോരുത്തരും നഷ്ടപ്പെട്ടതിനെ ഓർത്ത് നിരാ

ശപ്പെടാതെ, നഷ്ടപ്പെട്ടതെല്ലാം തിരികെ പ്രാപിക്കും എന്നു വിശ്വസിച്ചുകൊണ്ട് കർത്താവിന്റെ കാല്ക്കലേക്കു ചെല്ലുക. സ്നേഹം ആയുധമായി പിടിച്ചുകൊണ്ട് സ്നേഹത്തിന്റെ നിറകുടമായ ക്രിസ്തുവിന്റെ പാദപീഠത്തിലേക്കു ചെല്ലുക.

പരസ്പരസ്നേഹം! ആരെയും ഒരിക്കലും തുച്ഛീകരിക്കാതെ എല്ലാവരേയും ബഹുമാനിക്കുന്ന, ആദരിക്കുന്ന സ്വഭാവം. എന്നേക്കാൾ ശ്രേഷ്ഠനാണെന്ന് ഓരോരുത്തരേയും കുറിച്ച് ചിന്തിക്കുക. ഓരോരുത്തനും സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണം അന്വേഷിക്കുക. ആർക്കെല്ലാം ഉപകാരം ചെയ്യാൻ പറ്റുമോ അവർക്കെല്ലാം ഉപകാരം ചെയ്തുകൊണ്ടു ഓടി നടക്കുക.

വിലപ്പെട്ട ആയുസ്സാണ് നമുക്ക് കിട്ടിയത്. അത് കർത്താവിനുവേണ്ടി ചിലവഴിക്കുക. ഓരോ നിമിഷവും യേശുവിനുവേണ്ടി വച്ചുമാറുക.

> *"യിസ്രായേൽക്കാരത്തി അഹീനോവം, കർമ്മേല്ക്കാരൻ നാബാലിന്റെ ഭാര്യയായിരുന്ന അബീഗയിൽ എന്നീ ദാവീദിന്റെ രണ്ടു ഭാര്യമാരെയും അവർ പിടിച്ചുകൊണ്ടുപോയിരുന്നു. ദാവീദ് വലിയ കഷ്ടത്തിലായി; ജനത്തിൽ ഓരോരുത്തന്റെ ഹൃദയം താന്താന്റെ പുത്രന്മാരേയും പുത്രിമാരേയും കുറിച്ച് വ്യസനിച്ചിരിക്കകൊണ്ട് അവനെ കല്ലെറിയേണമെന്നു ജനം പറഞ്ഞു; ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു."*
>
> *1 ശമൂവേൽ 30 : 5, 6*

ദാവീദ് വലിയ കഷ്ടത്തിലായി. നമ്മിൽ പലരും ചിലതെല്ലാം നഷ്ടപ്പെട്ടതുകൊണ്ട് വലിയ കഷ്ടത്തിലായിരിക്കുകയാണ്. ഒട്ടേറെ രൂപ കടം കൊടുത്തു തീർക്കാനുണ്ട്. വാക്ക് പാലിക്കുവാൻ കഴിഞ്ഞില്ല, കഷ്ടത്തിലായിരിക്കുകയാണ്. ദാവീദ് ബലമില്ലാതാകുവോളം കരഞ്ഞു. ശത്രു എല്ലാം അപഹ

രിച്ചുകൊണ്ടുപോയി.

ദാവീദിന് നഷ്ടം വന്നിരിക്കുന്നു. അപ്പോൾ കൂടെയുണ്ടായിരുന്നവർ പറയുന്നു: ഇവൻ ഒരുത്തൻ മൂലമാണ് ഇതെല്ലാം സംഭവിച്ചത്. അതുകൊണ്ട് ഇവനെ കല്ലെറിയണം. ദാവീദ് ഒന്നും ചെയ്തില്ല. പക്ഷേ, അവർ ദാവീദിൽ കുറ്റം ആരോപിക്കുകയാണ്.

ഇന്ന് പലയാളുകളും, അറിവില്ലായ്മ കൊണ്ടായിരിക്കാം, പറയുന്നു: വലിയ ഭക്തനായിട്ട് എന്താണ് രോഗം വന്നത്? വലിയ ഭക്തനായിട്ട് എന്താണ് പ്രാർത്ഥിച്ചിട്ടു രോഗം സൗഖ്യമാകാത്തത്? പലരും പുച്ഛിക്കുന്നു. പലരും പരിഹസിക്കുന്നു.

ഈ ആക്ഷേപങ്ങളെല്ലാം, മനുഷ്യർ പറയുന്ന ധിക്കാര വാക്കുകളെല്ലാം യേശു കേൾക്കുന്നു. കർത്താവ് എല്ലാം സംഗ്രഹിച്ചു വയ്ക്കുന്നു. ഉടനടി പ്രവർത്തിക്കുന്നില്ല. കൂട്ടായ്മയിൽ പോയിട്ട് എന്തുകൊണ്ടാണ് നിങ്ങൾക്കിങ്ങനെ വന്നത് എന്നു ചോദിക്കുന്നു. അങ്ങനെ ആക്ഷേപിക്കുന്നതും കർത്താവ് കേൾക്കുന്നു.

> *"പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളത്; ഞാൻ പകരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു." റോമർ 12 : 19*

നമ്മുടെ കൂട്ടായ്മയുടെ പ്രവർത്തനം എന്തെന്ന് തിരിച്ചറിയാതെ നമ്മെ ദുഷിക്കുന്നയാളുകളുണ്ട്. വെറുതെ തെറ്റിദ്ധരിക്കുന്നു. ആരൊക്കെയോ എന്തൊക്കെയോ പറയുന്നത് കേട്ടു വിശ്വസിക്കുന്നു. ചോദിച്ചും അന്വേഷിച്ചും ചെല്ലുമ്പോൾ അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ.

ഈ വചനം വായിച്ച് രക്ഷപ്പെടേണ്ട അനേകർ ഈ ആരോപണങ്ങൾ കാരണം മാറി നിൽക്കുന്നു. ഒരു പ്രത്യേക സഭയുടെയോ കൂട്ടായ്മയുടെയോ സമുദായത്തിന്റെയോ വചനമല്ല, ഇത് ക്രിസ്തുവിന്റെ സുവിശേഷമാണ്. അതുവായിച്ച്

അനുസരിച്ചാൽ നിങ്ങളുടെ കുടുംബത്തിന് ഐശ്വര്യം കിട്ടും.

ഈ മഹാസന്തോഷത്തിലേക്കു വരാതെ അനേകർ തടുക്കുന്നു. അതിനെല്ലാം കർത്താവ് മറുപടി പറയും. കർത്താവ് ഓർത്തു വയ്ക്കും.

ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു. നഷ്ടത്തിന്റെ മുമ്പിൽ ഒരു കാര്യം മാത്രം നമുക്കു ചെയ്യാം. ദൈവത്തിൽ ധൈര്യപ്പെടാം. എനിക്കൊരു അപ്പനുണ്ട്. എന്റെ കാര്യം നോക്കാൻ സ്വന്തമായി ഒരു ഉടമസ്ഥനുണ്ട്. എനിക്കു വേണ്ടി വാദിക്കാൻ എനിക്കൊരു അഡ്വക്കേറ്റ് ഉണ്ട്. എല്ലാം ഏറ്റെടുത്തു നടത്താൻ എനിക്ക് കർത്താവുണ്ട്.

ഞാൻ അനുഭവിക്കുന്ന യാതനകളും വേദനകളും നീ അറിയുന്നല്ലോ കർത്താവേ എന്നു പറഞ്ഞു കരയാനല്ലാതെ നമുക്ക് മറ്റൊന്നിനും കഴിവില്ല. ആർക്കും പ്രതികാരം ചെയ്യരുത്. മറുത്തൊരു വാക്കുപോലും പറഞ്ഞു പോകരുത്. നമ്മെ തെറ്റിദ്ധരിക്കുന്നവരെക്കുറിച്ചും കുറ്റം പറയുന്നവരെക്കുറിച്ചും നമുക്ക് ഒരു അവമതിപ്പും പാടില്ല.

അവർ കാര്യം ഗ്രഹിക്കാതെയാണ് പറയുന്നത്. ഗ്രഹിപ്പിച്ചുകൊടുത്താൽ അവരും വിശ്വാസികളാകും. ഗ്രഹിപ്പിച്ചുകൊടുക്കാൻ ഇന്ന് ആളില്ല. നാമാണ് അതിന് ഇറങ്ങി പുറപ്പെടേണ്ടത്.

കർത്താവേ, മനുഷ്യരുടെ തെറ്റിദ്ധാരണ മാറ്റാൻ ഞാൻ ഇതാ പുറപ്പെടുന്നു. എന്റെ യേശു ജീവിക്കുന്നു എന്നുപറയുവാൻ ഞാൻ ഇതാ, പുറപ്പെടുന്നു. ജീവിതത്തിലെ എല്ലാം ഏറ്റെടുത്തു നടത്തുവാൻ യേശു മതിയായവനാണ് എന്ന് പറയുവാൻ ഞാൻ ഇതാ, പുറപ്പെടുന്നു. എന്റെ കുറവ് മാറ്റിയ യേശു നിങ്ങളുടെയും കുറവ് മാറ്റാൻ ശക്തനാണെന്നു പറഞ്ഞുകൊണ്ട് ഓടി നടക്കാൻ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

കർത്താവിന്റെ വേല ചെയ്യാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? നിങ്ങൾ ഓരോരുത്തരും ഓരോ സുവിശേഷകരാണ്

എന്നോർക്കണം. നിങ്ങൾ ഓരോരുത്തരും ശിഷ്യന്മാരാണ്. Discipleship! ശിഷ്യത്വം! അതു വളരെ വിലയേറിയതാണ്.

ശിഷ്യൻ എന്നുപറഞ്ഞാൽ സ്വന്ത ഇഷ്ടങ്ങൾ എല്ലാം ത്യജിക്കുകയാണ്. ശിഷ്യൻ ഗുരുവിന്റെ ഇഷ്ടം മാത്രം നോക്കുന്നു. ഗുരു പറഞ്ഞുകൊടുക്കുന്നത് പഠിക്കുന്നു. പഠിപ്പിക്കുന്ന ഗുരുവിനെ ചോദ്യം ചെയ്താൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് നഷ്ടം.

നമ്മുടെ ഗുരുനാഥൻ കർത്താവായ യേശുവാണ്. ആ ഗുരുവിന്റെ വഴിയിലൂടെ ശിഷ്യരായ നാം പിന്നാലെ നടക്കുകയാണ്. സ്വന്തമായ വഴിക്കു പോവുകയില്ല. ഗുരു പോകുന്നത് തെറ്റായ വഴിക്കാണോ എന്ന് ചോദിക്കയില്ല. ഗുരു ശരിയായ വഴിയിൽക്കൂടി പോകുന്നു. നാം പിന്നാലെ പോകുന്നു.

ഭൂമിയിലെ ഗുരുക്കന്മാർക്ക് തെറ്റുപറ്റാം. പക്ഷേ, നമ്മുടെ ഗുരുനാഥന് തെറ്റുപറ്റുകയില്ല. കർത്താവിന്റെ പിന്നാലെ നമുക്ക് ബലമില്ലാതാകുവോളം കരഞ്ഞുകൊണ്ട് നാം പോകുകയാണ്. വന്ന തെറ്റുകളെയോർത്ത് കരഞ്ഞുകൊണ്ട്, അനുതാപത്തോടെ പോകുകയാണ്.

ഇന്ന് നമുക്ക് വ്യക്തമായ കാഴ്ചപ്പാടു വരട്ടെ. ദാവീദ് വലിയ കഷ്ടത്തിലായതുപോലെ വലിയ കഷ്ടത്തിലായ അനേകം ആളുകളുണ്ട്. നാളത്തെ ദിവസത്തെ ഞാൻ എങ്ങനെ അഭിമുഖീകരിക്കും? ചില പ്രശ്നങ്ങൾ എന്നെ തുറിച്ചു നോക്കുന്നു, ഞാൻ എങ്ങനെ നേരിടും? ഭാര്യ അല്ലെങ്കിൽ ഭർത്താവ് രോഗിയായി ഹോസ്പിറ്റലിൽ കിടക്കുന്നു. ഞാൻ എന്താണ് ചെയ്യേണ്ടത്? ഇങ്ങനെ ജീവിതത്തിലെ അനേകം പ്രയാസങ്ങളിൽ കരയുന്നവരാണ് പലരും.

എത്രയോ പേർ ഉഴലുന്നു! നമുക്ക് ഉത്തരവാദിത്വമുണ്ട്. അവരെ ഈ ഗുരുനാഥന്റെ പിന്നാലെ നടത്തുക. സത്യഗുരുനാഥനായ യേശുവിന്റെ പിന്നാലെ ശിഷ്യരായി നടക്കാൻ അവരെ അഭ്യസിപ്പിക്കുക. നാം ശിഷ്യരാകണം. അനേകരെ ശിഷ്യരാ

ക്കണം. പടനായകന്മാരും കൂടെ യാത്രയിൽ ഉണ്ടായിരുന്നവരും എല്ലാം പ്രതികൂലമായി. ദാവീദ് കഷ്ടത്തിലായപ്പോൾ അവർ ദാവീദിനെ എറിയാൻ കല്ലെടുത്തു. ദാവീദ് ദൈവസന്നിധിയിൽ കരഞ്ഞു; യഹോവയിൽ ധൈര്യപ്പെട്ടു.

രോഗക്കിടക്കയിൽ കിടക്കുകയാണെങ്കിലും യഹോവയിൽ ധൈര്യപ്പെടുക. എല്ലാം കാണുന്ന ദൈവം എനിക്കുണ്ട്. എന്നെ സ്നേഹിക്കുന്ന കർത്താവെനിക്കുണ്ട്. യേശുവേ, എന്റെ രോഗക്കിടക്കയിൽ നീ ഒന്നു വന്നിരിക്കണമേ. നിന്റെ ആണിപ്പാടുള്ള കരം ഉയർത്തി എന്റെ ശിരസ്സിന്മേൽ ഒന്നു വയ്ക്കണമേ. രോഗം മാറണമോ വേണ്ടയോ എന്നുള്ളത് അവിടുത്തെ ഹിതം. രോഗം മാറിയില്ലെങ്കിലും എനിക്ക് നിന്നെ കിട്ടിയല്ലോ; അതു മതി.

കടം വന്നുമൂടുന്നു, എങ്ങനെ മുന്നോട്ടു പോകും? അപ്പോൾ നിങ്ങൾ ഒറ്റയ്ക്കിരുന്നു പ്രാർത്ഥിക്കണം; കർത്താവേ, ഒരു ചീത്തപ്പേര് വരാതവണ്ണം, സാക്ഷ്യമില്ലാത്ത ജീവിതം വരാതവണ്ണം, ‘ഇവനോ കൂട്ടായ്മക്കാരൻ’ എന്നു ചോദിക്കാതവണ്ണം എന്റെ ജീവിതത്തിൽ സൗമ്യത തരണമേ; താഴ്മയും വിനയവും തരണമേ.

മറ്റുള്ളവരിൽ കുറ്റം ചാരാതെ എന്റെ കുറ്റം കാണാൻ കൃപ തരണമേ. ഞാൻ എങ്ങനെയാണ് ഈ പ്രശ്നത്തെ നേരിടേണ്ടത്? എന്റെ വാക്ചാതുര്യംകൊണ്ട് നേരിടാൻ പറ്റുകയില്ല. എന്റെ ബുദ്ധികൗശലംകൊണ്ട് നേടുകയില്ല. എന്റെ കർത്താവേ, നീ എനിക്കുവേണ്ടി പ്രവർത്തിക്കണമേ.

നിഗൂഢമായ ലക്ഷ്യം വച്ചുകൊണ്ട് പ്രാർത്ഥിച്ചാൽ ഫലമില്ല. വ്യക്തമായ വിനയത്തോടെ പ്രാർത്ഥിക്കണം. മരണത്തോളം യേശുനാഥൻ നയിക്കുന്ന വഴിയിൽ, യേശുവിന്റെ സ്വഭാവം പ്രാപിച്ചുകൊണ്ടുപോകും. അങ്ങനെ നിങ്ങൾ തീരുമാനിച്ചാൽ നിങ്ങളുടെ കടങ്ങളെല്ലാം ആവിയായിപ്പോകുന്നത് കാണാം.

ദാവീദ്, ദൈവം കൂടെയുണ്ടെന്നുള്ള ഉറപ്പോടെ ഇറങ്ങിപ്പുറപ്പെട്ടു. ചെറിയ കൂട്ടം സൈന്യത്തോടെ ദാവീദ് ചെന്ന് വലിയ കൂട്ടം സൈന്യമായ അമാലേക്യരെ തോല്പിച്ചു. തനിക്ക് നഷ്ടപ്പെട്ടതെല്ലാം തിരികെ കൊണ്ടുവന്നു.

> *"അമാലേക്യർ അപഹരിച്ചു കൊണ്ടുപോയിരുന്നതൊക്കെയും ദാവീദ് വീണ്ടുകൊണ്ടു; തന്റെ രണ്ടു ഭാര്യമാരെയും ദാവീദ് ഉദ്ധരിച്ചു. അവർ അപഹരിച്ചു കൊണ്ടുപോയതിൽ ചെറുതോ വലുതോ പുത്രന്മാരോ പുത്രിമാരോ കൊള്ളയോ യാതൊന്നും കിട്ടാതിരുന്നില്ല; ദാവീദ് എല്ലാം മടക്കിക്കൊണ്ടു പോന്നു."* *1 ശമൂവേൽ 30 : 18, 19*

നഷ്ടപ്പെട്ടതെല്ലാം കിട്ടി. നിങ്ങൾ പറയണം. ദാവീദിന് നഷ്ടപ്പെട്ടതെല്ലാം തിരികെ കിട്ടിയല്ലോ. എനിക്കും നഷ്ടപ്പെട്ടതെല്ലാം തിരികെത്തരണമേ. നഷ്ടപ്പെട്ട ആരോഗ്യം തിരികെത്തരണമേ. നഷ്ടപ്പെട്ടുപോയ പണം തിരികെ തരണമേ. നഷ്ടപ്പെട്ട സ്നേഹവും വിശുദ്ധിയും വിശ്വാസവും തിരികെ തരണമേ.

നഷ്ടപ്പെട്ടതെല്ലാം തിരികെത്തന്ന് എന്നെ യഥാസ്ഥാനപ്പെടുത്തണമേ. എന്റെ ആയുസ്സ് എത്ര എന്ന് എനിക്കറിഞ്ഞുകൂടാ. ഒരു ദിവസമേയുള്ളൂ എങ്കിലും ഞാൻ നിനക്കായി ജീവിക്കും. എന്റെ ശരീരം നിനക്കുള്ളതാണ്. എന്റെ ബുദ്ധിയും കഴിവും വിദ്യാഭ്യാസവും എല്ലാം യേശു തന്നതാണ്.

കേരളായൂണിവേഴ്സിറ്റിയുടെ M.A. ഡിഗ്രി സർട്ടിഫിക്കറ്റ് വൈസ്ചാൻസലർ ഒപ്പിട്ടാണ് എനിക്ക് തന്നത്. ഞാൻ വിശ്വസിക്കുന്നു, അത് യേശുക്രിസ്തുവിന്റെ കൈയടയാളം വച്ചാണ് തന്നത് എന്ന്.

കരുണയുള്ള കർത്താവ് തന്നതേ എന്റെ ജീവിതത്തിലുള്ളു. എൺപതാമത്തെ വയസ്സിനു മുമ്പേ ഞാൻ ഈ ഭൂമിയിൽ നിന്നു കടന്നുപോകേണ്ടതായിരുന്നു. തീർന്നുപോയി എന്നു ചിന്തിച്ച എന്നെ കർത്താവ് ഉയിർത്തെഴുന്നേൽപ്പിച്ചു.

വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു യേശുവുണ്ട്. നിങ്ങൾ ഈ യേശുവിന്റെ ശിഷ്യന്മാരാകുക. നിങ്ങൾക്ക് നഷ്ടപ്പെട്ട തെല്ലാം തിരികെ കൊണ്ടുവരാൻ സാധിക്കും. ദാവീദ് നഷ്ടപ്പെ ട്ടതെല്ലാം തിരികെ കൊണ്ടുവന്നു.

നിങ്ങൾക്ക് എന്തെല്ലാമാണ് നഷ്ടപ്പെട്ടത്? എല്ലാം യേശു വിനോട് പറയാം. ഭർത്താവിന്റെ സ്നേഹം നഷ്ടപ്പെട്ടുപോയി. ഭാര്യയുടെ പ്രിയം നഷ്ടപ്പെട്ടുപോയി, മക്കളുടെ ബഹുമാനം നഷ്ടപ്പെട്ടുപോയി, മാതാപിതാക്കളുടെ വാത്സല്യം നഷ്ടപ്പെ ട്ടുപോയി, ജോലിസ്ഥലത്ത് എന്നെ ഒറ്റപ്പെടുത്തുന്നു.

ഈ നഷ്ടങ്ങളെല്ലാം ചുമന്നുകൊണ്ട് ക്രൂശിന്റെ പാദ പീഠത്തിലേക്കു ഞാൻ വരുന്നു. പാപഭാരച്ചുമടെടുത്ത് തളർന്നുപോയ ജീവിതമിതാ ആ ക്രൂശിൻ ചുവട്ടിലേക്ക് ഞാൻ അർപ്പിക്കുന്നു. നല്ലതൊന്നും അർപ്പിക്കാൻ എനിക്കില്ല. ഈ നിസ്സാരമായ ജീവിതം ക്രൂശിൻ ചുവട്ടിൽ അർപ്പിക്കുന്നു.

എന്റെ ദു:ഖങ്ങളും ആകുലങ്ങളും മാറ്റാൻ നിനക്കു മാത്രമേ കഴിയുകയുള്ളൂ. ഈ ചുമടുകളെല്ലാം എന്നിൽ നിന്നു മാറ്റി എനിക്കു സ്വാതന്ത്ര്യം തരണമേ. രണ്ടായിരം വർഷം മുമ്പ് നീ കുരിശ് വഹിച്ച് പോയതുപോലെ എന്റെ ഭാരച്ചുമടു വഹി ച്ചുകൊണ്ട് നീ മുമ്പോട്ട് പോകണമേ. നിന്റെ പിന്നാലെ ഭാരമി ല്ലാത്തവനായി ഞാൻ നടന്നുകൊള്ളാം.

എല്ലാ ഭാരങ്ങളും ഏല്പിച്ചുകൊടുക്കുക. എല്ലാ ബന്ധന ങ്ങളും അഴിയട്ടെ. ദുഷ്ടന്റെ കെണികൾ നീങ്ങിപ്പോകട്ടെ. ദുഷ്ടപ്പിശാച് കെണിവയ്ക്കുന്നിടത്തെല്ലാം തിരുരക്തം തളി ക്കട്ടെ. ഇപ്പോൾ തന്നെ നിങ്ങളുടെ ജീവിതം കർത്താവിന്റെ കര ങ്ങളിലേക്ക് കൊടുക്കുക.

# എട്ട്

നൂറ്റാണ്ടുകൾക്കുമുമ്പ് ഏലിയാപ്രവാചകന്റെ പ്രാർത്ഥന കേട്ട് കർമ്മേൽ പർവ്വതത്തിൽ തീയിറങ്ങി. തീയിറക്കിത്തര ണമേ എന്നു പ്രവാചകൻ പ്രാർത്ഥിച്ചു. കാളയെ ഖണ്ഡം ഖണ്ഡമായി നുറുക്കി യാഗപീഠത്തിൽ വച്ചിട്ടുണ്ട്. തീയിറങ്ങി യാഗപീഠത്തിലെ വിറകുകളെ കത്തിച്ച്, ഈ കാളയേയും ദഹി പ്പിച്ച്, ഈ യാഗപീഠത്തെ ദഹിപ്പിക്കണമേ എന്ന് പ്രവാചകൻ പ്രാർത്ഥിച്ചു. സ്വർഗ്ഗത്തിൽനിന്ന് തീയിറങ്ങി വന്നു. പരിശുദ്ധാ ത്മാവിന്റെ തീ!

യാചിക്കുന്നവർക്കു ലഭിക്കുന്ന പരിശുദ്ധാത്മാവ്! പ്രാർത്ഥിക്കുന്നവർക്കു ലഭിക്കുന്ന പരിശുദ്ധാത്മാവ്! ഇതു വായിക്കുമ്പോൾ നിങ്ങളും പ്രാർത്ഥിക്കണം, എന്റെമേൽ നിന്റെ തീയിറങ്ങണമേ എന്ന്.

പരിശുദ്ധാത്മാവിന്റെ കുടിയിരിപ്പ് ഭവനമാണ് നാം ഓരോരുത്തരും. ശുദ്ധമുള്ള റൂഹാ, ശുദ്ധമുള്ള നിന്റെ കുടിയി രുപ്പിന് ഭവനങ്ങളായി ഞങ്ങളെ നീ ചമയ്ക്കണമേ എന്നു സൂത്താറാ നമസ്ക്കാരത്തിൽ പ്രാർത്ഥിക്കും. ശുദ്ധമുള്ള റൂഹായുടെ കുടിയിരുപ്പ് ഭവനമാണ് നമ്മുടെ ഓരോരുത്തരു ടേയും ഹൃദയം. ഈ ഹൃദയത്തിൽ പരിശുദ്ധാത്മാവിന്റെ തീ വന്നു കത്തണം.

പരിശുദ്ധാത്മാവിന്റെ തീ കത്തിയാൽ നാം സ്വതന്ത്രരാ യിത്തീരും. പൂർണ്ണസന്തോഷമുള്ളവരായിത്തീരും. കർമ്മേൽ ഗിരിയിൽ ഏലിയാവിന്റെ പ്രാർത്ഥന കേട്ട് തീ ഇറങ്ങിയതു പോലെ മനസ്സുതളർന്ന്, ജീവിക്കേണ്ട എന്നു തോന്നുമാറ്

ഉള്ളം വലഞ്ഞു വിഷമിച്ചിരിക്കുന്ന എന്റെ മേൽ നിന്റെ തീയിറങ്ങണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കണം.

*"അങ്ങനെ അവൻ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ പെട്ടെന്ന് ഒരു ദൂതൻ അവനെ തട്ടി അവനോട്: എഴുന്നേറ്റ് തിന്നുക എന്നു പറഞ്ഞു. അവൻ ഉണർന്നു നോക്കിയപ്പോൾ കനലിന്മേൽചുട്ട ഒരു അടയും ഒരു തുരുത്തി വെള്ളവും തലയ്ക്കൽ ഇരിക്കുന്നത് കണ്ടു; അവൻ തിന്നുകുടിച്ചു പിന്നെയും കിടന്നുറങ്ങി. യഹോവയുടെ ദൂതൻ രണ്ടാംപ്രാവശ്യം വന്നു അവനെ തട്ടി: എഴുന്നേറ്റ് തിന്നുക; നിനക്ക് ദൂരയാത്ര ചെയ്വാനുണ്ടല്ലോ എന്നു പറഞ്ഞു." 1 രാജാക്കന്മാർ 19 : 5 – 7*

സ്വർഗ്ഗത്തിലെ ദൈവത്തിന്റെ പ്രത്യേക കരുണ ലഭിച്ച അനുഗൃഹീത പുരുഷനാണ് ഏലിയാ പ്രവാചകൻ. ദൈവം കല്പിക്കുന്നു, ഏലിയാവ് അനുസരിക്കുന്നു. എന്നും അങ്ങനെയാണ് ഉണ്ടായിട്ടുള്ളത്.

ഒരു ദിവസം ദൈവം കല്പിച്ചു: നീ രാജകൊട്ടാരത്തിലേക്ക് ചെല്ലുക. അന്ന് ആഹാബ് രാജാവും ഈസേബെൽ രാജ്ഞിയുമാണ് ഭരിക്കുന്നത്. അവർ ദൈവകോപത്തിന് പാത്രീഭൂതരായ രണ്ടു വ്യക്തികളാണ്. അവർ ബാൽ വിഗ്രഹങ്ങളേയും അസ്തോരത്ത് ദേവിയേയും അശേരാപ്രതിഷ്ഠയേയും ആരാധിക്കുന്നവരാണ്. അവർ സത്യദൈവത്തെ തിരസ്ക്കരിച്ചു കളഞ്ഞു.

ഏലിയാവ് രാജകൊട്ടാരത്തിൽ കടന്നു, രാജാവിന്റെ മുമ്പിലേക്കു ധൈര്യത്തോടെ ചെന്നു. രാജാവ് അമ്പരന്നു. ഏലിയാവിനെ പിടികൂടി കൊല്ലുവാൻ രാജാവ് പരിപാടിയിട്ടതാണ്. ആ ഏലിയാവ് ഇതാ, മുമ്പിൽ വന്നു നിൽക്കുന്നു. ഒട്ടും പ്രതീക്ഷിച്ചില്ല.

രാജസിംഹാസനത്തിൽ ഇരിക്കുന്ന രാജാവിന്റെ നേരെ

ഏലിയാവ് തന്റെ വിരൽചൂണ്ടി പറഞ്ഞു: "ഞാൻ സേവിച്ചു നില്ക്കുന്ന യഹോവയാണ, ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞോ മഴയോ ഉണ്ടാവുകയില്ല." (1 രാജാക്കന്മാർ 17 : 1) ഗൗരവമേറിയ താക്കീതാണ് കൊടുത്തത്. രാജാവ് ഞെട്ടിയെഴുന്നേറ്റപ്പോൾ ഏലിയാവ് നടന്നു നീങ്ങുകയാണ്. ഏലിയാവിനെ കൈയിൽ കിട്ടി. കൊല്ലാൻ കിട്ടിയ സമയമായിരുന്നല്ലോ എന്നു ചിന്തിച്ചെങ്കിലും സാധിച്ചില്ല.

ദൈവം പറഞ്ഞിട്ടാണ് ഏലിയാവ് ഇതെല്ലാം ചെയ്തത്. ദൈവം ഏലിയാവിനോട് പറഞ്ഞു: നീ കെരീത്തിന്റെ വക്കിൽ പോയി ഒളിച്ചിരിക്കുക. അവിടുത്തെ തോട്ടിലെ വെള്ളം നിനക്കു കുടിയ്ക്കാം. ആഹാരത്തിന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം. നിനക്കു ഭക്ഷണം തരാൻ ഞാൻ കാക്കയെ കല്പിച്ചാക്കിയിട്ടുണ്ട്. ഏലിയാവിന് ഇതെല്ലാം വിശ്വാസമാണ്.

കാക്ക എങ്ങനെയാണ് ആഹാരം കൊണ്ടു വരുന്നത്? ഏലിയാവ് ചിന്തിച്ചില്ല. ദൈവത്തിന്റെ വചനം നമുക്ക് സ്വീകാര്യയോഗ്യമായിരിക്കുകയില്ല. മനുഷ്യബുദ്ധിക്ക് അത് അങ്ങനെ തന്നെയോ എന്നു ചിന്തിച്ചു പോകും. എന്നാൽ ദൈവത്തിന്റെ വചനമാണെന്നറിഞ്ഞാൽ, എന്ത് എന്നു നോക്കാതെ അനുസരിക്കുക.

ഏലിയാവ് അനുസരിച്ചു. കെരീത്തിന്റെ വക്കിൽ പോയി ഒളിച്ചിരുന്നു. കാക്ക എന്നും രാവിലെയും വൈകുന്നേരവും അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുക്കും. എങ്ങനെയാണ് കൊണ്ടുവന്നത് എന്നു വേദപുസ്തകം പറയുന്നില്ല.

ഇതു വായിക്കുമ്പോൾ വിദ്യാഭ്യാസമുള്ള ചിലർക്കു തോന്നും എങ്ങനെയാണ് ഇത് സാധിക്കുന്നതെന്ന്. എന്നാൽ നിങ്ങൾ ചിന്തിക്കേണ്ട ആവശ്യമില്ല, കണ്ണുമടച്ചു വിശ്വസിക്കുക. ആരുടെയെങ്കിലും കൈയിൽ അപ്പമോ മറ്റെന്തെങ്കിലുമോ കണ്ടാൽ തട്ടിയെടുക്കുന്ന കാക്ക എങ്ങനെയാണ് കൃത്യസമയത്ത് അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുക്കുന്നത്?

ഇതാണ് തിരുവചനം വിശ്വസിക്കുക എന്നു പറയുന്നത്. ഇത് വായിക്കുമ്പോൾ, 'ഒരു സംശയവും ഇല്ല' എന്നു നിങ്ങളുടെ ഉള്ളം പറയുന്നുവെങ്കിൽ, ഹൃദയത്തിൽ പറയാമെങ്കിൽ നിങ്ങൾ ഭാഗ്യശാലികളാണ്.

ദൈവം എനിക്കുതന്ന മഹാഭാഗ്യമാണത്. വചനത്തിലുണ്ടോ, ഞാൻ അത് കണ്ണുമടച്ചു വിശ്വസിക്കുന്നു, യുക്തി കൊണ്ടു ചിന്തിക്കുകയില്ല. പലതും എനിക്ക് മനസ്സിലായില്ല എന്നു വരും പക്ഷേ, എനിക്കുറപ്പാണ്, എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്.

ഏലിയാവ് കെരീത്തിന്റെ വക്കിൽ ഒളിച്ചിരുന്നു. കാക്ക കൃത്യമായി ആഹാരം കൊടുത്തുകൊണ്ടിരുന്നു. പക്ഷേ, ഏലിയാവ് നോക്കുമ്പോൾ കെരീത്ത് വറ്റി വറ്റി വരുന്നു. ഏലിയാവിനു പരിഭ്രമമില്ല. എന്നെ ഇങ്ങോട്ട് അയച്ച ദൈവത്തിന് എന്റെ സ്ഥിതി അറിയാം. എനിക്ക് വെള്ളം വേണമെന്ന് ദൈവത്തിനറിയാം.

ദേശത്തെങ്ങും വരൾച്ചയാണ്. എല്ലാ കൃഷികളും നശിച്ചു കിടക്കുന്നു. ജനം ദാരിദ്ര്യത്തിൽ വലയുകയാണ്. എല്ലാവരും ആഹാബ് രാജാവിന്റെ കൊട്ടാരത്തിലേക്കു നോക്കുന്നു. അവിടുന്ന് യാതൊരു അറിയിപ്പുമില്ല. ജനത്തിന് ആഹാരം കൊടുക്കുവാൻ ഭരണാധികാരിക്കു യാതൊരു ചിന്തയുമില്ല.

എല്ലാം കാണുന്ന ദൈവം കെരീത്ത് വറ്റുന്നതും കാണുന്നു. ദൈവം ഏലിയാവോടു പറഞ്ഞു: "നീ സാരഫാത്തിലേക്കു ചെല്ലുക. അവിടെ ഒരു വിധവയെ ഞാൻ കല്പിച്ചാക്കിയിട്ടുണ്ട്. അവിടെ പാർക്കുക." ഏലിയാവ് സാരഫാത്തിലേക്കു പോയി.

ആഹാബിന്റെ പടയാളികൾ ഏലിയാവിനെ അന്വേഷിച്ചു നടക്കുകയാണ്. രാജകൊട്ടാരത്തിൽ വന്നതിനുശേഷം അവൻ എവിടെപ്പോയി ഒളിച്ചിരിക്കുകയാണ്? വലിയ ഒളിവിടങ്ങളില്ലാത്ത കെരീത്തിന്റെ വക്കിൽനിന്ന് വേണമെങ്കിൽ പിടിക്കാമാ

യിരുന്നു. ഏലിയാവു ധീരതയോടെ വെളിമ്പ്രദേശത്തുകൂടി നടന്നു സാരാഫാത്തിൽ എത്തി.

അവിടെ വിധവയുടെ വീട്ടിൽ, ദൈവം കൊടുത്ത ആഹാരമുണ്ട്. കലത്തിൽ മാവു കുറഞ്ഞില്ല, ഭരണിയിലെ എണ്ണ കുറഞ്ഞില്ല. വിധവയുടെ മകൻ മരിച്ചു. ഏലിയാവ് ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ ബാലകന്റെ ജീവൻ അവനിൽ മടങ്ങി വന്നു. അവൻ ഉയിർത്തെഴുന്നേറ്റു.

ഇനി ആശയ്ക്കു വകയില്ല, പ്രതീക്ഷയ്ക്കു വകയില്ല, ഒരു കാരണവശാലും ജീവിച്ചിരിക്കില്ല എന്നു പറഞ്ഞു കേട്ടവർ ആരെങ്കിലും ഇതു വായിക്കുന്നുണ്ടോ? വീണ്ടും ജീവിച്ചെങ്കിൽ അത് ഉയിർത്തെഴുന്നേൽപ്പാണ്. പിന്നെയുള്ള ഓരോ സെക്കൻഡും ദൈവത്തിനുള്ളതാണ്. കർത്താവിനുവേണ്ടി ഓടുക, എരിയുക.

അതിനുശേഷമാണ് പരസ്യമായി കർമ്മേൽ ഗിരിയിലേക്ക് ഏലിയാവു പോകുന്നത്. ഏലിയാവു പറഞ്ഞു: എല്ലാവരും വരിക. സ്വർഗ്ഗത്തിൽനിന്നു തീയിറങ്ങുന്നതു കാണാം. ബാലിന്റെ പ്രവാചകന്മാരും വന്നു യാഗം കഴിക്കട്ടെ. സ്വർഗ്ഗത്തിൽനിന്നു തീയിറങ്ങി യാഗം ദഹിപ്പിക്കണം. ഞാനും യാഗപീഠത്തിന്മേൽ കാളയെ ഖണ്ഡം ഖണ്ഡമായി വയ്ക്കാം. സ്വർഗ്ഗത്തിൽനിന്നു തീയിറങ്ങി ദഹിപ്പിക്കുന്നത് നിങ്ങൾക്കു കാണാം.

വലിയൊരു വെല്ലുവിളിയായിരുന്നു അത്. ഏലിയാവിനെ മാനിക്കാതിരുന്നവരും പറഞ്ഞു: നല്ലൊരു ടെസ്റ്റ് ആണല്ലോ അത്. അങ്ങനെ ഏലിയാവിന്റെ പ്രാർത്ഥനയിൽ സ്വർഗ്ഗത്തിൽ നിന്ന് തീയിറങ്ങി. ബാലിന്റെ പ്രവാചകന്മാർ പ്രാർത്ഥിച്ചപ്പോൾ തീയിറങ്ങിയില്ല. വലിയോരു അത്ഭുതം നടന്നു. ദേശം ആകമാനം ഇളകി.

ഏലിയാവിന്റെ ദൈവം സത്യദൈവം എന്ന് ആളുകൾ വിളിച്ചു പറയാൻ തുടങ്ങി. ഇതുവരെ ബാലിനെ ആരാധിച്ചി

രുന്നവരുടെ മുനയൊടിഞ്ഞു. രാജാവിന്റേയും രാജ്ഞിയുടേയും ചിന്താഗതികൾ തെറ്റ് എന്നു ജനങ്ങൾക്കു മനസ്സിലായി. സാക്ഷാൽ ദൈവം യഹോവയായ ദൈവം ആണെന്നും ആ ദൈവത്തിന്റെ പ്രവാചകനാണ് ഏലിയാവ് എന്നും എല്ലാവർക്കും മനസ്സിലായി.

നമ്മുടെ ദൈവം സത്യദൈവമാണെന്ന് ലോകത്തിന് അറിയത്തക്കവണ്ണം നമ്മിൽ ചില അടയാളമുണ്ടായിരിക്കണം. നമുക്ക് അനുഭവങ്ങളുണ്ടായിരിക്കണം. നാം demanding ആയിരിക്കരുത്. കിട്ടിയതുപോരാ എന്നു പറഞ്ഞ് സമരം ചെയ്യരുത്. ഞാൻ 42 വർഷം അദ്ധ്യാപകനായി ജോലി ചെയ്തു. പല സമരങ്ങളുണ്ടായി. എന്നാൽ ഞാൻ ഒന്നിലും പങ്കെടുത്തില്ല. എന്റെ വിശ്വാസപ്രമാണമാണത്. എനിക്കു കിട്ടുന്ന ശമ്പളം പോരായെന്നുണ്ടെങ്കിൽ വേണമെങ്കിൽ രാജിവച്ചു പോകാം. ശമ്പളം പോരായെന്നു പറഞ്ഞ് സമരം ചെയ്യുകയില്ല. ദൈവമക്കൾ, ദൈവമക്കളാണെന്നു കാണിച്ചു കൊടുക്കേണ്ട സമയങ്ങളാണിതെല്ലാം.

നമ്മുടെ ജീവിതത്തിൽ വ്യക്തമായ അനുഭവങ്ങൾ ഉണ്ടായിരിക്കണം. വ്യക്തമായ ചില തീരുമാനങ്ങളും സമർപ്പണങ്ങളും വേണം. ലോകമനുഷ്യരെപ്പോലെ സംസാരിക്കാൻ പറ്റുകയില്ല. പണസംബന്ധമായ കാര്യങ്ങൾ വരുമ്പോൾ നമുക്കു മറ്റുള്ളവരെപ്പോലെ പെരുമാറാൻ പാടില്ല. നമുക്ക് ചില principles (തത്വദീക്ഷ) വേണം.

ഏലിയാവ് തീയിറക്കി, നാടാകെയിളകി. ആഹാബ് രാജാവും ഈസേബെൽ രാജ്ഞിയും ദുഃഖിതരായി. ബാലിന്റെ പ്രവാചകന്മാർ തോറ്റു. അവരിൽ അനേകം പേർ വധിക്കപ്പെട്ടു. തീയിറങ്ങിക്കഴിഞ്ഞ് ഏലിയാവ് ഒരിടത്ത് ശാന്തമായിരുന്നു. തല മുഴങ്കാലുകൾക്കിടയിൽ പൂഴ്ത്തിവച്ചുകൊണ്ട് ഏലിയാവിരുന്ന് കരയുകയാണ്.

കർത്താവേ, നീ എന്റെ പ്രാർത്ഥന കേട്ടു സ്വർഗ്ഗത്തിൽ നിന്നു തീയിറക്കി തന്നല്ലോ. ഈ ഗ്രാമീണനായ എന്നെ നീ

മാനിച്ചല്ലോ. ഏലിയാവ് കൂടെയുള്ള ബാല്യക്കാരനോട് പറഞ്ഞു: നീ ആകാശത്തിലേക്ക് നോക്കി എന്തെങ്കിലും അടയാളം കാണുന്നുണ്ടോ എന്നു നോക്കുക. ആറു പ്രാവശ്യം അവൻ നോക്കിയിട്ടു വന്നു. അടയാളമൊന്നും കാണുന്നില്ല. ഏഴാം പ്രാവശ്യം അവൻ പറഞ്ഞു: "ഒരു കൈപ്പത്തിയോളം മേഘം കാണുന്നുണ്ട്."

ഏലിയാവ് പറഞ്ഞു: വലിയ മഴയുടെ മുഴക്കമുണ്ട്. വേഗം എഴുന്നേറ്റ് പുറപ്പെടുക. ഏലിയാവ് രാജാവിനോട് പറഞ്ഞു: ഇപ്പോൾ മഴപെയ്യും, വേഗം പുറപ്പെട്ടുകൊള്ളുക. രാജാവ് വേഗം രഥത്തിൽ കയറി, രഥം ഓടിച്ചുപോയി. ഏലിയാവ് വർദ്ധിച്ച ശക്തിയോടെ ആ രഥത്തിന്റെ മുമ്പായി ഓടി. നല്ല കരുത്തായിരുന്നു! ദൈവം കൊടുത്ത കരുത്ത്!

എല്ലാം ദൈവത്തിന്റെ ദാനം! ആരോഗ്യവും കരുത്തും എല്ലാം ദൈവത്തിന്റെ ദാനം! ഓടാനുള്ള ശക്തി ദൈവം തരുന്നതാണ്. ഏലിയാവ് ഓടി. അങ്ങനെ ആ ദിവസം കഴിഞ്ഞു.

അപ്പോഴാണ് ഒരു വാർത്ത കേൾക്കുന്നത്. ഈസേബെലിന്റെ ഒരു വലിയ ഭീഷണി. ഈസേബെൽ ഒരു ദുഷ്ടസ്ത്രീയാണ്. അവൾ ദൈവവിശ്വാസത്തെ എതിർക്കുന്ന സ്ത്രീയാണ്.

> *"ഈസേബെൽ ഏലിയാവിന്റെ അടുക്കൽ ഒരു ദൂതനെ അയച്ചു: നാളെ ഈ നേരത്ത് ഞാൻ നിന്റെ ജീവനെ അവരിൽ ഒരുത്തന്റെ ജീവനെപ്പോലെ ആക്കുന്നില്ല എങ്കിൽ ദേവന്മാർ എന്നോട് തക്കവണ്ണവും അധികവും ചെയ്യുമാറാകട്ടെ എന്നു പറയിച്ചു. അവൻ ഭയപ്പെട്ടു എഴുന്നേറ്റു ജീവരക്ഷയ്ക്കായി പുറപ്പെട്ടു യെഹൂദെക്കുൾപ്പെട്ട ബേർ-ശേബയിൽ ചെന്നു അവിടെ തന്റെ ബാല്യക്കാരനെ താമസിപ്പിച്ചു."* *1 രാജാക്കന്മാർ 19 : 2, 3*

ആ സ്ത്രീ ഭീഷണിപ്പെടുത്തി. ഇനി ഒരു ദിവസംപോലും

ഏലിയാവ് ജീവിച്ചിരിക്കാൻ സമ്മതിക്കുകയില്ല. നാളെ ഈ നേരത്തിനുമുമ്പ് ഏലിയാവിനെ ഞാൻ കൊന്നിരിക്കും.

ഞാൻ പണ്ട് ചേർന്ന് നിന്നിരുന്ന ഒരു കൂട്ടായ്മയിൽ - പപ്പയുടെ നേതൃത്വത്തിൽ നന്നായി നടന്നിരുന്ന കൂട്ടായ്മയായിരുന്നു - പപ്പ കടന്നുപോയശേഷം, ആ കൂട്ടായ്മയുടെ ഗതി ശരിയല്ല എന്നു കണ്ട്, ഞങ്ങൾ വിളിച്ചു പറഞ്ഞു: ഇനി ആത്മീയം പറഞ്ഞുകൊണ്ട് കോലഞ്ചേരിക്ക് വരണ്ട എന്ന്.

അന്നുരാത്രി മൂന്നു പ്രാവശ്യം അവർ എന്നെ വിളിച്ചു പറഞ്ഞു: യോഹന്നാൻ സാർ ഇന്നു രാത്രി മരിച്ചുപോകും എന്ന് കർത്താവ് കല്പിക്കുന്നു, വേഗം തിരിച്ചു വരിക. അവർ പിന്നീട് അവരുടെ കൂട്ടായ്മയിൽ പറഞ്ഞു: യോഹന്നാൻ സാർ ഇന്നു മരിച്ചിട്ടില്ല, മൂന്നു മാസത്തിനുള്ളിൽ മരിച്ചു പോകും. അവരുടെ കൂട്ടുകാരെല്ലാം അത് വിശ്വസിച്ചു. അതിനുശേഷം വീണ്ടും പറഞ്ഞു: ഒരു വർഷം ആയുസ്സു നീട്ടിക്കൊടുത്തിരിക്കുന്നു. ഒരു വർഷത്തിനുള്ളിൽ സാർ മരിച്ചു പോകും.

പിന്നെ സമയം നീട്ടേണ്ടി വന്നില്ല. അവരുടെ വാക്ക് പൊളിയാണെന്ന് അവർക്കു തന്നെ മനസ്സിലായി. ഇപ്പോൾ മുപ്പത്തിരണ്ടു വർഷമായി ആ വിടുതൽ കൂട്ടായ്മയുമായി ഒരു ബന്ധവുമില്ലാതെ നില്ക്കുന്നു.

അതുപോലൊരു ഭീഷണിയാണ് ഏലിയാവിന് വന്നത്. നാളെ ഈ നേരത്തിനു മുമ്പെ നിന്നെ കൊല്ലും. ഏലിയാവ് ആ ഭീഷണി കേട്ട് ഭയപ്പെട്ടു. ദൈവത്തിന്റെ ഏലിയാവിന് ജീവൻ നീട്ടിക്കൊടുക്കാൻ ദൈവം തീരുമാനിച്ചു. ഈസേബെലിന്റെ തന്ത്രങ്ങൾ ഫലിക്കാതിരിക്കാൻ ദൈവം തീരുമാനിച്ചു.

ഏലിയാവ് ബേർശേബയിൽ എത്തി. ബാല്യക്കാരനെ അവിടെ താമസിപ്പിച്ചു. ഏലിയാവിന്റെ ഉള്ളം കത്തിക്കാളുകയാണ്. ഏലിയാവ് പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗത്തിൽ നിന്നു തീയിറങ്ങി, മൂന്നരവർഷം മഴപെയ്യാതിരുന്ന ദേശത്തു മഴ

പെയ്തു. ഇത്രയെല്ലാമായിട്ടും ഒരു ദുഷ്ടസ്ത്രീയുടെ ഭീഷണിയിൽ ഏലിയാവ് ഭയന്നു വിറച്ചു. ഏലിയാവ് ബേർശേബ മരുഭൂമിയിൽക്കൂടി ഓടുവാൻ തുടങ്ങി.

ദൈവത്തിന്റെ കൃപയിൽനിന്ന് ഏലിയാവ് അകന്നു പോവുകയായിരുന്നു; ദൈവത്തിന്റെ അനുഗ്രഹത്തിൽനിന്ന് അകന്നുപോവുകയായിരുന്നു. നമ്മെപ്പോലെ സമസ്വഭാവമുള്ള ഏലിയാവ് ഭീരുത്വത്തോടെ ഓടുകയായിരുന്നു.

അനുഗൃഹീതമായ പദവി വിട്ട് ഏലിയാവ് ഓടുകയാണ്. സ്വർഗ്ഗത്തിലെ ദൈവം പ്രാർത്ഥന കേൾക്കുന്ന ദൈവമാണെന്ന് അവനു മനസ്സിലായി, ആ അനുഭവം കിട്ടി. അവന്റെ വാക്കിന്റെ വില അവനു മനസ്സിലായി. അവൻ പറഞ്ഞതുപോലെയെല്ലാം സംഭവിച്ചു. ഇത്രയും വലിയ അനുഗ്രഹങ്ങൾ കിട്ടിയിട്ടും ഒരു സ്ത്രീയുടെ ഭീഷണിയുടെ മുമ്പിൽ ഏലിയാവ് ഭയപ്പെട്ടുപോയി.

ചില നിസ്സാരകാര്യങ്ങൾ വരുമ്പോൾ നാമും ചിലപ്പോൾ അന്ധാളിച്ചുപോകും. എങ്ങനെ മുന്നോട്ടു പോകേണ്ടൂ എന്നറിയാതെ അമ്പരന്നു പോകും, സ്വാഭാവികമാണ്. നാമും ഏലിയാവിനെപ്പോലെ സമസ്വഭാവമുള്ള മനുഷ്യരാണ്. നമുക്കും ഭീരുത്വമുണ്ട്. ഭയപ്പെടാതെ, വിശ്വസിച്ചു ചേർന്നു നില്ക്കുക.

കൂട്ടായ്മയെയോ ദൈവവചനം പറയുന്ന ആരെയെങ്കിലുമോ അല്ല വിശ്വസിക്കേണ്ടത്. ഗോഗുൽത്തായിൽ ജീവൻ വെടിഞ്ഞ യേശുക്രിസ്തുവിനെ വിശ്വസിക്കുക. ഉറപ്പായും വിശ്വസിക്കാം. ജീവിതം അവന്റെ കരങ്ങളിലേക്കു കൊടുക്കാം. ഭയപ്പെടേണ്ട, നിങ്ങളുടെ ജീവിതം ഭദ്രമായിരിക്കും.

എല്ലാ ഭാരച്ചുമടുകളും കർത്താവിന്റെ ചുമലിലേക്കു വച്ചു കൊടുക്കുക. എല്ലാം ഏറ്റെടുക്കാൻ കർത്താവ് കൂടെയുണ്ട്. “അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ.” (1 പത്രോസ് 5 : 7).

ഇന്നു പലരും ദുഃഖം നിറഞ്ഞവരാണ്. ജീവിതം വിരസത പൂണ്ട് കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. മനസ്സ് ചിന്താകുലങ്ങളിൽ പെട്ട് കറങ്ങിക്കൊണ്ടിരിക്കുന്നു. കടത്തിന്റെ ഭാരമാകാം. വിവാഹത്തിന്റെ കാര്യമാകാം. കുഞ്ഞില്ല എന്ന പ്രശ്നമാകാം. എല്ലാ ചുമടുകളും കർത്താവായ യേശുക്രിസ്തുവിന്റെ പാദപീഠത്തിലേക്കു കൊണ്ടുവരിക. ഭീരുക്കളാകണ്ട. മരിച്ചാൽ മതി എന്നോർക്കണ്ട. കർത്താവായ യേശുക്രിസ്തു ജീവിക്കുന്നുണ്ട്.

ഏലിയാവ് ഭയചകിതനായി ഓടിപ്പോയപ്പോഴും ദൈവം കണ്ടുകൊണ്ടിരുന്നു. ദൈവം ഏലിയാവിന്റെ പിന്നാലെ ദൂതനെ അയയ്ക്കുകയാണ്.

മകനേ, കർത്താവ് നിന്നെ സ്നേഹിക്കുന്നതുകൊണ്ടാണ് ഇപ്പോൾ നീ ഇതു വായിക്കാനിടയായത്. അവൻ നിന്നെ ചേർത്ത് അരികിലണച്ചു സംസാരിക്കുകയാണ്. പലതിനെക്കുറിച്ചും ഭയമുണ്ട്, ആശങ്കകളുണ്ട്, ദുരിതങ്ങളുണ്ട്. യേശുക്രിസ്തു പറയുന്നു: "മകനേ ഭയപ്പെടേണ്ട. മകളേ, നീ ഭീരുവാകേണ്ട."

ഇതു വായിക്കുമ്പോൾ തന്നെ നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കാം. ഒരു സെക്കൻഡ് വൈകാതെ നിങ്ങൾക്കു കർത്താവിനോട് പറയാം: കർത്താവേ, എന്റെ ജീവിതം നിന്റെ കരങ്ങളിലേക്ക് തരുന്നു. ഈ ഭീരുത്വമുള്ള ജീവിതം നിന്റെ കരങ്ങളിലേക്ക് തരുന്നു. ക്ഷീണിതമായ ജീവിതം നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിക്കണമേ.

നിന്റെ തൃക്കരം എന്റെ തലമേൽ വയ്ക്കണമേ. ഇന്നു നിങ്ങളുടെ ജീവിതത്തിൽ അതിശയങ്ങൾ നടക്കും. ഭാരങ്ങൾ മാറും. നിങ്ങൾക്കു സമാധാനം ലഭിക്കും. കർത്താവ് നിങ്ങളെ അനുഗ്രഹിക്കും. അത്ഭുതങ്ങൾ നടക്കും.

## ഒൻപത്

*“താനോ മരുഭൂമിയിൽ ഒരു ദിവസത്തെ വഴി ചെന്നു ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു മരിപ്പാൻ ഇച്ഛിച്ചു; ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ; ഞാൻ എന്റെ പിതാക്കന്മാരേക്കാൾ നല്ലവനല്ലല്ലോ എന്നു പറഞ്ഞു.”*

*1 രാജാക്കന്മാർ 19 : 4*

ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടിട്ടല്ല, മാനുഷികമായ ഭയത്തോടെയാണ് ഏലിയാവ് ഓടിപ്പോയത്. ഏലിയാവ് ഓടിപ്പോയെങ്കിലും ദൈവം ഏലിയാവിനെ മറന്നില്ല. ദൈവം ഏലിയാവിനെ യഥാസ്ഥാനപ്പെടുത്തുവാൻ ആഗ്രഹിച്ചു.

വിട്ടുപോയവനെ തിരികെ കൊണ്ടുവരുവാൻ കർത്താവാഗ്രഹിച്ചു. മറക്കരുത്, കർത്താവ് സ്നേഹം മാത്രമാണ്. ഒരു പക്ഷേ, മാനുഷികബലഹീനതകൊണ്ട് നമുക്ക് ഭയം വന്നാലും കർത്താവ് നമ്മെ തള്ളിക്കളയുകയില്ല. നീ എന്നെ വിശ്വസിച്ചില്ലല്ലോ, എന്നോടു ചേർന്നു നിന്നില്ലല്ലോ എന്നു പറഞ്ഞ് കർത്താവ് നമ്മെ ഉപേക്ഷിച്ചുപോവുകയില്ല.

ഏലിയാവിന്റെ സൂത്താറാനമസ്ക്കാരം! ഉറങ്ങാൻ നേരത്തെ നമസ്ക്കാരം: “മതി, എന്നെ എടുത്തുകൊള്ളണമേ.” വല്ല വണ്ടിയും വന്നിടിച്ചിട്ടു ഞാൻ മരിച്ചുപോയാൽ മതിയായിരുന്നു എന്നു ചിന്തിക്കുന്നവരുണ്ട്. ഇമ്മാതിരി ചിന്തകളെല്ലാം ദൈവത്തെ ദുഃഖിപ്പിക്കുന്നതാണ്. എനിക്കു മരിച്ചാൽ മതി എന്നു ചിന്തിക്കരുത്.

നമുക്കു ജീവൻ തന്ന രക്ഷകൻ തീരുമാനിക്കട്ടെ നാം എത്രനാൾ ജീവിച്ചിരിക്കണമെന്ന്. നാം തീരുമാനിക്കണ്ട. എന്നെ ഈ ഭൂമിയിലേക്കാക്കിയ രക്ഷകനറിയാം ഞാൻ എന്ന് ഈ ഭൂമിയിൽ നിന്ന് പോകണം എന്ന്. ഒരിക്കലും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കരുത്. മരിച്ചാൽ മതി എന്ന് നിരാശ വരരുത്.

നിരാശ മാറുക എന്നത് ദൈവമക്കൾക്കുണ്ടാകേണ്ട ഭാഗ്യകരമായ പ്രത്യാശയാണ്. വിശ്വാസത്തിലും പ്രത്യാശയിലും ഉറച്ചു നില്ക്കുക.

*"ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശവയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശവയ്ക്കുക."*

*സങ്കീർത്തനങ്ങൾ 27 : 13, 14*

ഞാൻ ജീവനുള്ളവരുടെ ദേശത്ത് - ഈ ഭൂമിയിൽ - യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം. നാളെയിലേക്കു നോക്കി നിരാശപ്പെടരുത്. നാളെ നമ്മൾ വിചാരിക്കുന്ന നാശമോ കഷ്ടമോ വന്നു എന്നു വരികയില്ല. ഒരു പക്ഷേ, കർത്താവ് ഉത്കൃഷ്ടമായ അനേകം അനുഗ്രഹങ്ങൾ തരാൻ വച്ചിരിക്കുന്ന ദിവസമായിരിക്കാം നാളെത്തെ ദിവസം. അത് വേണ്ട എന്നു പറയരുത്.

കർത്താവേ, നീ തരുന്ന ആയുഷ്ക്കാലം നിനക്കുവേണ്ടി ജീവിച്ച്, എന്റെ ആയുസ്സ് തികയ്ക്കണമെന്നേ എനിക്കുള്ളൂ എന്നു നിങ്ങളുടെ ഹൃദയത്തിൽ തീരുമാനമെടുക്കണം.

നിങ്ങളുടെ ജീവിതത്തിൽ നിരാശപ്പെടുത്തുന്ന സാഹചര്യങ്ങൾ പലതുമുണ്ട്. വലിയ പ്രതീക്ഷയോടെ വിവാഹിതയായി. ആദ്യം വലിയ സ്നേഹമായിരുന്നു. പിന്നീടാണ് അറിഞ്ഞത്, അദ്ദേഹം മറ്റൊരു സ്ത്രീയുടെ അടിമയാണ്. സങ്കട

ത്തോടെയാണ് ഒരു സ്ത്രീ എനിക്ക് വാട്ട്സാപ്പ് മെസ്സേജ് അയച്ചത്: "ഞാൻ അങ്ങ് മരിച്ചാലോ? മക്കളുണ്ടല്ലോ, എന്തു ചെയ്യും? ഭർത്താവിനെ തിരിച്ചു കിട്ടും എന്ന് എനിക്കു പ്രതീക്ഷയില്ല."

ഞാൻ പറഞ്ഞുകൊടുത്തു: "വിശ്വാസത്തോടെയിരിക്ക; പ്രാർത്ഥിക്കുക. ഞാനും പ്രാർത്ഥിക്കാം. പ്രവർത്തിക്കുന്നത് കർത്താവല്ലേ." നീറിപ്പുകയുന്ന ജീവിതങ്ങൾ! എങ്ങനെ മക്കളെ വളർത്തും എന്നോർത്തു സങ്കടപ്പെടുന്നു.

ഏലിയാവ് ചൂരച്ചെടിയുടെ തണലിലിരുന്നു മരിപ്പാൻ ഇച്ഛിച്ചു: മതി, കർത്താവേ മതി. ഇത്രയുമെല്ലാം ചെയ്തല്ലോ. ഇനി എനിക്കു വയ്യ. നിരാശയുടെ വാക്കുകളാണ് ദൈവത്തിന്റെ പ്രവാചകനിൽ നിന്നു വന്നത്. ദൈവത്തിന്റെ ഏലിയാവിൽ നിന്നു വന്നത്.

ദൈവത്തിന്റെ ഏലിയാവ്! നാം ഓരോരുത്തരും ദൈവത്തിന്റെ പ്രിയമക്കളായിരിക്കണം. നമ്മുടെ പേരിന്റെ കൂടെ 'ദൈവത്തിന്റെ' എന്നു വയ്ക്കുവാൻ സാധിക്കണം. 'എന്റെ മകൻ ഇന്നവൻ, എന്റെ മകൾ ഇന്നവൾ എന്നു പറയത്തക്കവണ്ണം ദൈവത്തിനു നമ്മെത്തന്നെ വിട്ടുകൊടുത്തുവോ?

ഏലിയാവ് അവിടെക്കിടന്ന് മരിപ്പാൻ ഇച്ഛിച്ചു. ഏലിയാവ് ചിന്തിച്ചതുപോലെ മരിക്കുകയാണെങ്കിൽ, ആളുകൾ പറയും: കണ്ടോ ഒരു അനാഥപ്രേതം കിടക്കുന്നു. ഒരു നാടൻ മനുഷ്യനെപ്പോലെ തോന്നുന്നു. എവിടെയെങ്കിലും അടക്കണമല്ലോ. ആളുകൾകൂടി മണൽക്കാട്ടിൽ എവിടെയെങ്കിലും അടക്കും. ഏലിയാവ് അത്രയ്ക്കൊന്നും ചിന്തിച്ചുകാണില്ല. എന്നാൽ ദൈവം തന്റെ ദൂതനെ അയച്ചു.

> *"യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു."*
>
> *സങ്കീർത്തനങ്ങൾ 34 : 7*

ദൈവത്തിന്റെ ദൂതൻ നമുക്കു കാവലുണ്ട്. രാത്രി കിട

ക്കുമ്പോൾ പ്രാർത്ഥിക്കണം: “കർത്താവേ, നീ ഉറങ്ങാത്തവ നായി എന്നോടു കൂടെയിരിക്കണമേ. നിന്റെ മാലാഖമാർ എന്റെ ചുറ്റും നിൽക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഈ രാത്രിയുടെ യാമത്തിൽ ഭീകരനായ അന്ധകാരശക്തി എന്നെ തൊടാതിരിപ്പാൻ എന്നെ നീ കാത്തുകൊള്ളണമേ.”

ഏലിയാവിനു വേണ്ടി ദൈവം മാലാഖയെ അയച്ചു.

*“അങ്ങനെ അവൻ ചൂരച്ചെടിയുടെ തണലിൽ കിട ന്നുറങ്ങുമ്പോൾ പെട്ടെന്ന് ഒരു ദൂതൻ അവനെ തട്ടി അവനോട്: എഴുന്നേറ്റു തിന്നുക എന്നു പറഞ്ഞു. അവൻ ഉണർന്നുനോക്കിയപ്പോൾ കനലിന്മേൽ ചുട്ട ഒരു അടയും ഒരു തുരുത്തി വെള്ളവും തലയ്ക്കൽ ഇരിക്കുന്നത് കണ്ടു; അവൻ തിന്നുകുടിച്ചു പിന്നെയും കിടന്നുറങ്ങി.” 1 രാജാക്കന്മാർ 19 : 5, 6*

മരുഭൂമിയിൽ കുടിക്കാൻ വെള്ളവും കഴിക്കാൻ ഭക്ഷ ണവും! എന്തത്ഭുതം! എന്നാൽ അവൻ തിന്നുകുടിച്ചു പിന്നെയും കിടന്നുറങ്ങി. ഈ കരുതലിൽ അവന് അത്ര വിശ്വാസം വന്നില്ല. ദൈവം അയച്ചതാണെന്ന് ബോധ്യവുമില്ല.

നിരാശ വന്നു മൂടിയിരിക്കുകയാണ്. പിന്നെയും കിടന്നു റങ്ങുകയാണ്. നിങ്ങളുടെ അടുക്കൽ നിങ്ങൾക്കുള്ള സഹായ ഹസ്തവും നീട്ടിക്കൊണ്ട് യേശു വന്നു നിൽക്കുന്നു എന്നു നിങ്ങൾക്കു വിശ്വസിക്കാമോ?

മൂന്നു വർഷം മുമ്പ് ജൂലൈ മാസത്തിലാണ് ഞാൻ ബൈപ്പാസ് സർജറിക്കായി ലേക്ഷോർ ഹോസ്പിറ്റലിൽ പോകുന്നത്. എനിക്കു നല്ല ഉറപ്പുണ്ടായിരുന്നു, ഞാൻ ഭൂമി യിൽ ജീവിച്ചിരിപ്പാൻ ആവശ്യമുണ്ടെങ്കിൽ കർത്താവു ജീവൻ തരും, ഇല്ലെങ്കിൽ വേണ്ട, കർത്താവിന്റെ ഇഷ്ടം. അന്ന് മന സ്സിൽ ഒരു ഭാരവുമുണ്ടായില്ല. എന്റെ ജീവിതം കർത്താവ് ഏറ്റെടുത്തു എന്നെനിക്കുറപ്പുണ്ടായിരുന്നു.

വെന്റിലേറ്ററിലും ഐ.സി.യു-വിലും കിടക്കുമ്പോഴും എനിക്കൊരു ഭാരവുമുണ്ടായില്ല. എന്നാൽ എന്റെ ഹൃദയത്തിൽ ചിന്തയുണ്ടായിരുന്നു, ഇനി എന്തെങ്കിലും ചെയ്തു തീർക്കാനുണ്ടോ? എനിക്കു തിരുത്താൻ വല്ലതുമുണ്ടായിരുന്നോ? അന്ന് ചില നിഷ്ഠയോടുകൂടിയ വ്രതങ്ങൾ ഞാനെടുത്തു.

അനേകം ദർശനങ്ങൾ കണ്ടു. വലിയൊരു ഉണർവ്വുണ്ടാകുന്നതായി കണ്ടു. നല്ല ധൈര്യത്തോടെയാണ് ഞാൻ അവിടെ കിടന്നത്. കുറെ യാതനകൾ സഹിക്കേണ്ടി വന്നെങ്കിലും ഒരു ഉയിർത്തെഴുന്നേല്പാണ് എനിക്ക് കിട്ടിയത്. ആയുസ്സ് കർത്താവ് നീട്ടിത്തന്നതാണ്.

2016 ജൂലൈ മാസത്തിൽ ഈ ആയുസ്സ് തീർന്നതാണ്. എന്നാൽ പിന്നീട് കർത്താവ് നീട്ടിത്തന്നു. ഇനി എത്രകാലം? അതെനിക്കറിയില്ല. അറിയേണ്ട ആവശ്യവുമില്ല. ഒരു പ്രാർത്ഥനയേയുള്ളൂ: കർത്താവേ, മരണം വരുമ്പോൾ ഒന്നും ചെയ്തു തീർക്കാൻ ബാക്കിയുണ്ടാകരുതേ. പൂർത്തീകരിക്കേണ്ടത് പൂർത്തീകരിക്കാതെ കടന്നുപോകാൻ ഇട വരരുത്. മറ്റൊന്നും ഒരു ചിന്താവിഷയമല്ലാതാക്കി കർത്താവ് തന്നിരിക്കുന്നു.

എന്റെ അമ്മയുടെ ഗർഭപാത്രത്തിൽ വച്ച് വിളിച്ച് വേർതിരിച്ച ദൈവം! ഇന്നും അവന്റെ ദൃഷ്ടി എന്റെ മേലുണ്ട്. അതാണെന്റെ ആശ്വാസം.

നിങ്ങളുടെ ജീവിതം കർത്താവിനു കൊടുക്കുവാൻ തോന്നുന്നുണ്ടോ? നിങ്ങൾ ക്ഷീണിതരായിരിക്കുമ്പോഴും ഭീരുവായി ഓടുമ്പോഴും നിങ്ങളുടെ പിന്നാലെ വരുന്ന സ്നേഹം നിങ്ങൾ കാണുന്നുണ്ടോ? നിങ്ങൾക്ക് ആഹാരവും പാനീയവുമായി ദൈവം വരുന്നു. നിങ്ങളെ കരുതുന്ന ദൈവമുണ്ട്.

ഇതിൽ ആരും വ്യത്യസ്തരല്ല. നിങ്ങൾ ഹീനപാതകങ്ങൾ ചെയ്തവരായിരിക്കാം. കൈക്കൂലി വാങ്ങിയവരായിരിക്കാം. നിങ്ങളുടെ ഭാര്യയെ വേദനിപ്പിക്കുകയും മർദ്ദിക്കു

കയും ചെയ്തവരായിരിക്കാം. ഭർത്താവിനു ദുഃഖം കൊടുത്ത വരായിരിക്കാം. മാതാപിതാക്കളെ ബഹുമാനിക്കാത്തവരായി രിക്കാം. കഞ്ചാവും മദ്യവും നിങ്ങളുടെ കൂട്ടാളികളായിരിക്കാം. നിങ്ങളുടെ സമ്പത്തും ആരോഗ്യവും നശിപ്പിച്ചിട്ടുണ്ടാകും.

സാരമില്ല. ഒരു കാര്യം മാത്രം കർത്താവിനോട് പറയൂ. അന്ന് ഏലിയാവിനെ ഉണർത്തിയ ആ സ്നേഹം ഇന്ന് എന്റെ പിന്നാലെയുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. എന്നെ യഥാ സ്ഥാനപ്പെടുത്തുവാൻ, നഷ്ടപ്പെട്ട സ്ഥാനത്തുനിന്ന് എന്നെ തിരികെ കയറ്റുവാൻ നീ എന്റെ അരികത്തുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.

കർത്താവേ, എന്റെ പാപങ്ങൾ ഓർക്കരുതേ. അകൃത്യ ങ്ങളെല്ലാം നിന്റെ പുസ്തകത്തിൽ നിന്നു മായിച്ച് കളയണമേ. നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തംകൊണ്ട് എല്ലാം കഴുകപ്പെടും; ആ രക്തം എന്റെ ഹൃദയത്തിൽ വന്നു വീണാൽ എല്ലാം മോചിക്കപ്പെടും എന്നു ഞാൻ വിശ്വസി ക്കുന്നു. ഇനിമേൽ മനസ്സറിഞ്ഞ് ഒരു പാപം പറ്റാതെ ഞാൻ ജീവിച്ചുകൊള്ളാം.

ഏലിയാവ് പിന്നെയും കിടന്നുറങ്ങി. ഉണർത്തിയാലും ഉറക്കം തെളിയാത്തവരാണ് നമ്മിൽ പലരും. ഇടയ്ക്ക് ഒന്നു ണർന്നു, ഒരുത്സാഹം വന്നു. പക്ഷേ പിന്നെയും പാപത്തി ലേക്കു പോയി.

> *“യഹോവയുടെ ദൂതൻ രണ്ടാം പ്രാവശ്യം വന്നു അവനെ തട്ടി; എഴുന്നേറ്റു തിന്നുക; നിനക്കു ദൂര യാത്ര ചെയ്‌വാനുണ്ടല്ലോ എന്നു പറഞ്ഞു.”*
>
> *1 രാജാക്കന്മാർ : 19 :7*

രണ്ടാം പ്രാവശ്യവും അവനെ തട്ടി. Second chance കൊടുക്കുകയാണ്. ദൈവം മടുത്തു പോകാതെ തന്റെ ദൂതനെ അയച്ചു. ഏലിയാവിനെ തട്ടിയുണർത്തിയിട്ടു പറഞ്ഞു: “നീ ഇപ്പോൾ മരിക്കേണ്ട. അത് നിന്റെ ചിന്താവിഷയമാകേണ്ട.

നിനക്ക് ഇനി ബഹുദൂരം യാത്ര ചെയ്യാനുണ്ട്.”

ഇപ്പോൾ വാർദ്ധക്യമായി. പക്ഷേ, നിനക്ക് ഇനിയും ദൂരയാത്ര ചെയ്യാനുണ്ട്. നിനക്ക് ഇപ്പോൾ ശബ്ദമില്ല. പക്ഷേ, നിനക്ക് ഇനിയും ദൂരയാത്ര ചെയ്യാനുണ്ട്. നീ ഇന്ന് ക്ഷീണിതനായി ചൂരച്ചെടിയുടെ തണലിൽ കിടക്കുകയാണ്; എന്നാൽ നിനക്ക് ദീർഘദൂരം യാത്ര ചെയ്‌വാനുണ്ട്.

ഒരിക്കൽ ദൈവാത്മാവ് എന്നോട് പറഞ്ഞു: നിനക്കു ദൂരയാത്ര ചെയ്‌വാനുണ്ട് എന്ന്. അന്ന് ഞാൻ ഇന്ത്യ വിട്ടു പുറത്തു പോയിട്ടില്ല. അന്നെനിക്ക് മനസ്സിലായില്ല. പിന്നീടാണ് ദൈവം ഓരോ സ്ഥലത്തേയ്ക്ക് എന്നെ പറപ്പിച്ചുകൊണ്ടുപോയത്. ദൂരയാത്ര ചെയ്‌വാനുണ്ട് എന്നു മനസ്സിലായി.

നിങ്ങൾക്കും ദൂരയാത്ര ചെയ്‌വാനുണ്ട്. മകനേ, നിന്നെക്കുറിച്ച് നടക്കേണ്ടുന്ന കാര്യങ്ങൾ തീർന്നിട്ടില്ല. നിന്നെ അതിനായി ഞാൻ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

എഴുന്നേറ്റ് തിന്നുക. നിനക്കു ദൂരയാത്ര ചെയ്യാനുണ്ടല്ലോ എന്ന് ദൂതൻ പറഞ്ഞ വാക്ക് ഏലിയാവെ സ്പർശിച്ചു.

> *“അവൻ എഴുന്നേറ്റു തിന്നു കുടിച്ചു; ആ ആഹാരത്തിന്റെ ബലംകൊണ്ട് നാല്പതു പകലും നാല്പതു രാവും ദൈവത്തിന്റെ പർവ്വതമായ ഹോരേബോളം നടന്നു.” 1 രാജാക്കന്മാർ 19 : 8*

സ്നേഹിതാ, ഇന്ന് തരുന്ന ആത്മീയ ആഹാരംകൊണ്ട് നിനക്ക് ബഹുദൂരം യാത്ര ചെയ്യാം. കർത്താവ് സ്വർഗ്ഗീയ മന്ന നിനക്കു തരികയാണ്. സ്വർഗ്ഗത്തിന്റെ മന്നയാകുന്ന വചനം നിനക്കു തരികയാണ്.

നിത്യനായ ദൈവത്തിന്റെ കൈക്കീഴിലേക്ക് വരാൻ നിങ്ങൾക്ക് മനസ്സുണ്ടോ? നമുക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ഒഴുക്കിയവന്റെ പാദപീഠത്തിലേക്കു വരാൻ നിങ്ങൾക്കു താത്പര്യമുണ്ടോ?

ഈ വായിക്കുന്ന വചനം യേശുവിന്റെ വചനമാണ്. യേശു നിങ്ങളെ അനുഗ്രഹിക്കാൻ കൈനീട്ടുകയാണ്. ആ കരത്തിൽനിന്നു രക്തം ഒഴുകുന്നതു കാണുമ്പോൾ നിങ്ങളുടെ ഹൃദയം തകരും. നിങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകൻ നിങ്ങളുടെ മുമ്പിൽ നിന്നു കെഞ്ചുകയാണ്.

എല്ലാവരേയും യേശു സ്നേഹിക്കുന്നു. ആരേയും മാറ്റി നിർത്തുന്നില്ല. ഒരു പക്ഷേ, വിശ്വാസഹീനത വന്നവനായിരിക്കും. എന്നാൽ കർത്താവ് കരം ഉയർത്തി നിന്നെ അനുഗ്രഹിക്കുവാൻ നിൽക്കുന്നു. ഏലിയാവിനെ യഥാസ്ഥാനപ്പെടുത്തിയവൻ, ഏലിയാവിനെ വൻകാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ തീരുമാനിച്ചവൻ, ആ ദൈവം ജീവിക്കുന്നുണ്ട്. ഏലിയാവിന് പിന്നെയും ശുശ്രൂഷയുണ്ട്.

എല്ലാ പാപവും സൗജന്യമായി യേശു ക്ഷമിച്ചുതരും. അതിന് ഒരു മനുഷ്യന്റെ അടുത്തും പോകണ്ട. നിങ്ങളുടെ പാപം ക്ഷമിക്കുന്നത് കർത്താവായ യേശുക്രിസ്തുവാണ്. നിങ്ങൾക്കു സമാധാനം തരുന്നത് കർത്താവായ യേശുക്രിസ്തുവാണ്. അവൻ നിങ്ങളെ യാഥാസ്ഥാനപ്പെടുത്തുവാൻ താത്പര്യപ്പെടുന്നു.

പാപത്തിൽ വീണവരെ ഉദ്ധരിക്കാൻ യേശു ആഗ്രഹിക്കുകയാണ്. പാപത്തിൽനിന്നു കരകയറണമെന്നുണ്ട്. എന്നാൽ പിന്നെയും പിന്നെയും തെറ്റുപറ്റിപ്പോകുന്നു; പിന്നെയും മദ്യപിച്ചു പോകുന്നു; പിന്നെയും വഴക്കടിക്കുന്നു.

മകനേ, ഇനിയും നീ കലഹമുണ്ടാക്കണ്ട. നീ ഇനിയും വൈരാഗ്യം വച്ചുകൊണ്ടിരിക്കണ്ട. നിനക്ക് ഒരു പുതിയ നാളെ തരാൻ അവൻ കൈനീട്ടുകയാണ്. ഏലിയാവിനെ ഉണർത്തിയ ദൈവം നിനക്കുവേണ്ടി ആഹാരവുമായി വന്നിരിക്കുകയാണ്. നെടുനാളെത്തേക്കുള്ള ആഹാരവുമായി യേശു വന്നിരിക്കുകയാണ്.

ഈ വചനമാകുന്ന ആഹാരംകൊണ്ട് സ്വയം ആശ്വസി

ക്കാം. അനേകരെ ആശ്വസിപ്പിക്കാം. അനേകരെ ദൈവത്തിനു വേണ്ടി ഒരുക്കാം.

നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്കു വിശ്വാസത്തോടെ കൊടുക്കുവിൻ. കർത്താവിനോടു പറയുവിൻ: കർത്താവേ, നിന്റെ മഹാസ്നേഹം ഞാൻ അറിഞ്ഞില്ല. ഇത്രയുംകാലം ഈ സ്നേഹത്തെ കാണാതെ അന്ധനെപ്പോലെ ഞാൻ ജീവിച്ചുപോയി. എന്നെ തിരുത്തുന്ന സ്നേഹം! എന്നെ രൂപാന്തരപ്പെടുത്തുന്ന സ്നേഹം! നഷ്ടപ്പെട്ടുപോയ ശുശ്രൂഷ തിരികെത്തരുന്ന സ്നേഹം! നഷ്ടപ്പെട്ട സന്തോഷവും വിശുദ്ധിയും തിരികെത്തരുന്ന സ്നേഹം!

ഈ സ്നേഹത്തെ ഞാൻ അറിഞ്ഞില്ല. ഇപ്പോൾ ഞാൻ കെഞ്ചിക്കൊണ്ട് തിരുമുമ്പാകെ വരുന്നു. ക്രൂശിലെ സ്നേഹത്താൽ എന്റെ ഹൃദയം ത്രസിക്കണമേ. ക്രൂശിലെ സ്നേഹത്താൽ എന്റെ ദൈവത്തെ ആരാധിപ്പാൻ ഭാഗ്യം തരണമേ.

അങ്ങനെ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ നിങ്ങളുടെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനോട് നിങ്ങൾ പറയൂ: യേശുവേ, ഇന്നുമുതൽ ഞാൻ പുതിയ മനുഷ്യൻ. എന്റെ യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും. എന്റെ യേശുവേ, നീ എന്റെ നാഥനാകയാൽ ഞാൻ എന്നെത്തന്നെ നിന്റെ പാദപീഠത്തിങ്കൽ സമർപ്പിക്കുന്നു. ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു. മശിഹായെ സ്വീകരിക്കുന്നു. യേശുവേ, എന്റെ ബന്ധനങ്ങളെ അഴിക്കണമേ. എന്റെ പാപങ്ങൾ കഴുകിക്കളയണമേ. എന്റെ അകൃത്യങ്ങൾ ഓർമ്മ വയ്ക്കരുതേ. നിന്റെ രണ്ടാമത്തെ വരവിനുവേണ്ടി എന്നെ ഒരുക്കണമേ.

# പത്ത്

യഥാസ്ഥാനപ്പെടുവിൻ എന്നതാണ് നമ്മുടെ ചിന്താവിഷയം. തെറ്റിപ്പോയ സ്ഥാനത്തേയ്ക്ക് മടങ്ങിവരിക.

1. Remoulding. നശിച്ചുപോയ പാത്രം കുശവൻ വീണ്ടും പൊടിച്ച് പൊടിച്ച് അത് വീണ്ടും കുഴച്ച് മറ്റൊരു പാത്രമാക്കിത്തീർത്തു. ആദ്യത്തേത് ചീത്തയായിപ്പോയിരുന്നു. പക്ഷേ, കുശവൻ അത് വീണ്ടും remould ചെയ്തു, പുതിയ ഒരു നല്ല പാത്രമാക്കിത്തീർത്തു.

2. Retrieving. കോടാലി ഊരിത്തെറിച്ച് വെള്ളത്തിനടിയിലേക്ക് താണുപോയി. പക്ഷേ, ഏലീശാപ്രവാചകൻ ഒരു മരത്തിന്റെ കമ്പ് വെട്ടിയിട്ടു. ഇരുമ്പ്കോടാലി വെള്ളത്തിന്മീതെ പൊങ്ങിവന്നു. തിരിച്ച് കിട്ടുന്നു.

3. Recovered. ദാവീദ്, എല്ലാം നഷ്ടപ്പെട്ടവനായിത്തീർന്നു. ദാവീദിന്റെ കുടുംബം മുഴുവനും ശത്രുവിന്റെ ആക്രമണത്തിൽ കവർച്ചയായിപ്പോയി. ദാവീദ് നിരാശപ്പെടാതെ എല്ലാം വീണ്ടുകൊണ്ടുവന്നു.

4. Reviving. ഏലിയാപ്രവാചകൻ നല്ല ആത്മീയ തേജസ്സുള്ള ദൈവപൈതലായിരുന്നു. പക്ഷേ, ക്ഷീണിതനായിപ്പോയി. മരിച്ചാൽ മതി എന്ന് ഇച്ഛിച്ച് മരുഭൂമിയിൽ ചൂരച്ചെടിയുടെ തണലിൽ കിടന്നു. കർത്താവ് ഏലിയാവിനെ revive ചെയ്തു.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ പലതര

ത്തിലുള്ള പോരായ്മകൾ, വീഴ്ചകൾ സംഭവിക്കുന്നുണ്ട്; നഷ്ടങ്ങൾ സംഭവിക്കുന്നുണ്ട്. പക്ഷേ, നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാനുള്ള ഒരു സാദ്ധ്യതയുണ്ട് എന്ന അത്ഭുതകര മായ വസ്തുതയാണ് ഈ വചനഭാഗങ്ങളെല്ലാം നമ്മെ ഓർമ്മ പ്പെടുത്തുന്നത്.

പണം നഷ്ടപ്പെട്ടവരുണ്ട്. ആരോഗ്യം നഷ്ടപ്പെട്ടവരുണ്ട്. സൽപേര് നഷ്ടപ്പെട്ടവരുണ്ട്. അഭിമാനം നഷ്ടപ്പെട്ടവരുണ്ട്. ജീവിതത്തിൽ പല നഷ്ടങ്ങളും നമുക്ക് വന്നിട്ടുണ്ട്.

എന്നാൽ നഷ്ടങ്ങളെല്ലാം തിരികെ കിട്ടാൻ ഒരു സാദ്ധ്യ തയുണ്ടെന്നാണ് വേദപുസ്തകം പറയുന്നത്. അത് ആശ്വാസ കരമായ ഒരു വസ്തുതയാണ്. വേണമെന്ന് ആഗ്രഹിച്ചാൽ നഷ്ടപ്പെട്ടതെല്ലാം തിരികെ കിട്ടും. നഷ്ടങ്ങളെല്ലാം തിരികെ ത്തരാൻ കർത്താവിനു സാധിക്കും. മനുഷ്യജാതിയ്ക്ക് നഷ്ട പ്പെട്ട സ്വർഗ്ഗീയമായ വാസസ്ഥലം തിരികെത്തരാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചത്.

പറുദീസ നഷ്ടപ്പെട്ടവനായി ദു:ഖത്തോടെ ആദാം കര ഞ്ഞുകൊണ്ട് ഏദെൻതോട്ടത്തിന്റെ ചുറ്റും നടന്നു എന്ന് പിതാ ക്കന്മാർ പറയുന്നു. എന്നും വൈകുന്നേരം വെയിലാറുന്ന സമ യത്ത് ആദാം ഏദെൻതോട്ടത്തിന്റെ വാതില്ക്കലേക്ക് വരി കയും കർത്താവ് ഈ വാതിൽ തുറന്നു തരുമോ എന്ന് പ്രതീക്ഷയോടെ നോക്കിനിന്നിട്ട് എന്നുമെന്നും നിരാശയോടെ മടങ്ങിപ്പോവുകയും ചെയ്തുകൊണ്ടിരുന്നു.

പറുദീസ നഷ്ടപ്പെട്ടു. എന്നാൽ ആദാം നിരന്തരം യാചി ച്ചുകൊണ്ടിരുന്നു, പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആദാം 930 വർഷം എന്നും ഏദെൻതോട്ടത്തിന്റെ വാതിൽക്കൽ ചെന്ന് ആ വാതിൽ തുറന്ന് കിട്ടുമോ, 'സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കും' എന്നുപറഞ്ഞ വാഗ്ദത്തം നിറവേറിയോ എന്നു നോക്കിക്കൊണ്ടിരുന്നു. സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കുമ്പോഴാണ് ഏദെൻതോട്ടത്തിലേക്ക് മടങ്ങിവരാൻ സാധിക്കുന്നത് എന്ന് ആദാം തിരുവചനത്തിൽ നിന്ന് മനസ്സി

ലാക്കി.

പക്ഷേ, ആ സ്ത്രീയുടെ സന്തതി ജനിച്ചതായി കണ്ടില്ല. ആദാം ദു:ഖത്തോടെ മരണാനന്തരാവസ്ഥയിലേക്ക് പോയി. എന്നാൽ ആദാം മരിച്ചുകിടക്കുന്നിടത്തേയ്ക്ക് നൂറ്റാണ്ടുകൾ കഴിഞ്ഞ് കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് ആദാമിനെ തേടിച്ചെന്നു. ആദാമിനെ അന്വേഷിച്ചു. ആദാം മരിച്ചുകിടക്കുന്നതെവിടെയാണ് എന്ന് കർത്താവ് നോക്കി നോക്കി നടന്ന് ആദാമിനെ കണ്ടെത്തി. പിതാക്കന്മാർ അത് മനോഹരമായി പാടിയിട്ടുണ്ട്:

"നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ
ഖേദിക്കേണ്ടാ നിൻപാപത്തെയോർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻ കനി നീ തിന്നതിനാൽ കയ്പ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നെ അവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ്കോപം താതന്റെ."

ആദാമേ, നീ ഖേദിയ്ക്കേണ്ട. നിന്റെ പാപത്തെ ഓർത്ത് ഇനിയും നീ കരഞ്ഞുകൊണ്ട് നടക്കേണ്ട. നീ കുറ്റം ചെയ്തതിന് ഞാൻ അടികളേറ്റു കഴിഞ്ഞിരിക്കുന്നു. ഏദൻതോട്ടത്തിലെ വിലക്കപ്പെട്ട കനി നീ തിന്നതിന് ഞാൻ കയ്പ്പുകാടി കുരിശിന്മേൽ വച്ച് കുടിച്ചു കഴിഞ്ഞിരിക്കുന്നു. നീ നഗ്നനായി ഏദെൻതോട്ടത്തിൽ നിന്ന് പുറത്തേക്ക് പോകേണ്ടിവന്നു. എന്നാൽ നിന്റെ നഗ്നത മാറ്റാൻ ഞാൻ കുരിശിന്മേൽ നഗ്നനായിക്കിടന്നു. ഞാൻ എന്റെ രക്തം ചിന്തിയതുകൊണ്ട് പിതാവായ ദൈവത്തിന്റെ കോപം മാറി.

പ്രിയപ്പെട്ടവരേ, നഷ്ടപ്പെട്ടത് തിരികെ കിട്ടും. ആദാമിന് നഷ്ടപ്പെട്ട പറുദീസ തിരികെ കിട്ടി. പറുദീസായുടെ അക്ഷരികമായ അനുഭവം നമുക്ക് ഇപ്പോൾ കിട്ടില്ല; എന്നാൽ ആ സ്വർഗ്ഗീയമായ ശാന്തിയും സമാധാനവും നമുക്കിന്ന് കർത്താവ് തരുന്നുണ്ട്. വിശ്വസിക്കുന്ന ദൈവമക്കൾക്കത് ലഭിക്കുന്നുണ്ട്.

മനസ്സ് വളരെ പ്രശാന്തമോഹനമായിരിക്കും; വളരെ ശാന്തതയുള്ളതായിരിക്കും. മനസ്സിൽ കോളിളക്കങ്ങൾ ഉണ്ടായിരിക്കുകയില്ല. നമ്മുടെ പലരുടേയും മനസ്സിൽ കോളിളക്കങ്ങളുണ്ട്. പല തരത്തിലുള്ള ആകുലങ്ങൾ, ആവലാതികൾ നമുക്കുണ്ട്. അതുകൊണ്ട് മനസ്സിൽ കൊടുങ്കാറ്റ് ഊതിക്കൊണ്ടിരിക്കുകയാണ്. പുറമേയുള്ള കൊടുങ്കാറ്റല്ല, അകത്ത് കൊടുങ്കാറ്റ്. പലരുടേയും ജീവിതം അങ്ങനെയാണ്.

ഒരു സമാധാനവും കിട്ടുന്നില്ല. മക്കളിലേയ്ക്ക് നോക്കി, സമാധാനമില്ല. ഭാര്യയിലേക്ക് നോക്കി, സമാധാനമില്ല. ജീവിതത്തിലാകെ വിരക്തിയും വിരസതയും മാത്രം. എന്നാൽ അതിന്റെ മദ്ധ്യത്തിൽ ശാന്തമായ ഒരു ഭാവം ഉൾക്കൊള്ളാൻ നമുക്ക് സാധിക്കും. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വന്നുകഴിഞ്ഞാൽ അവിടെ ശാന്തതയായി. കൊടുങ്കാറ്റ് ശാന്തമാകും.

എത്ര ഭയങ്കരമായ ചുഴലിക്കാറ്റ് ആഞ്ഞു വീശിയാലും അതെല്ലാം ശാന്തമായി കിട്ടും. ക്രിസ്തു അകത്ത് വരിക എന്നു പറയുന്നത് ഒരു മഹാത്ഭുതമാണ്. അതാണ് നാം ആഗ്രഹിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആപത്തുകൾ വന്നവരുണ്ട്. അത്യാഹിതങ്ങൾ വന്നവരുണ്ട്. പെട്ടെന്ന് മരണം സംഭവിച്ച അനേകം കുടുംബങ്ങളുണ്ട്. ക്ഷണിയ്ക്കപ്പെടാത്ത അതിഥിയായി മരണം കടന്നുവന്നു. ആ വീട്ടിൽ കൊടുങ്കാറ്റാണ്. എന്നും കോളിളക്കമാണ്. സമാധാനമില്ല. ഇങ്ങനെ എത്രയെത്ര ജീവിതങ്ങൾ കൊടുങ്കാറ്റിൽപ്പെട്ട് ആടി ഉലയുന്നു!

നമ്മുടെ പലരുടേയും ഹൃദയങ്ങൾ അങ്ങനെയാണ്. എന്നാൽ ഈ യാതനകളുടേയും വേദനകളുടേയും മദ്ധ്യത്തിൽ ശാന്തതയുള്ള ഒരു ജീവിതം നയിക്കാൻ നമുക്ക് സാധിക്കും. പ്രശാന്ത മോഹനമായ ഒരു ജീവിതം നയിക്കാൻ സാധിക്കും. വേണമെങ്കിൽ സ്വസ്ഥതയുള്ള ഒരു ജീവിതം കിട്ടും. ഇത് വെറും പൊളിവാക്കല്ല.

നിങ്ങൾക്ക് വേണമെങ്കിൽ കിട്ടും. അത് ദൂരെദൂരെ പല നാളുകൾക്ക് ശേഷമല്ല. കുറെനാൾ ഉപവാസമെടുത്തതിന്

ശേഷവുമല്ല. കുറെ പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് തിരുവചനം വായിച്ചതിനു ശേഷവുമല്ല.

ഇന്നുതന്നെ കൊടുങ്കാറ്റിനെ ശാന്തമാക്കാൻ, ഹൃദയത്തിലെ കോളിളക്കങ്ങളെ ശാന്തമാക്കാൻ കർത്താവായ യേശുക്രിസ്തു വന്നിട്ടുണ്ട്. യേശുക്രിസ്തു നമ്മുടെ അരികത്തേക്ക് വന്ന് നമ്മുടെ ഹൃദയത്തിലെ അസ്വസ്ഥതകൾ മാറ്റിത്തരുന്നു. മനസ്സിലെ അശാന്തി മാറ്റിത്തരുന്നു.

വിഷാദഭാവങ്ങൾ മാറ്റിത്തരുന്നു. ഹൃദയത്തിന്റെ 'depressions' മാറ്റിത്തരുന്നു. ഹൃദയത്തിൽ സ്വസ്ഥതയും ശാന്തിയും കർത്താവ് പകർന്നു തരുന്നു. ഇതെല്ലാം കർത്താവ് ചെയ്യുന്ന കാര്യങ്ങളാണ്. നമുക്ക് സ്വയമായി പരിഹരിയ്ക്കാൻ കഴിയാത്ത പ്രശ്നങ്ങളാണെങ്കിലും കർത്താവ് അത് ഏറ്റെടുക്കുകയും നമുക്ക് പരിഹാരം തരികയും ചെയ്യുന്നു; കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു.

ആദാം പറുദീസ നഷ്ടപ്പെടുത്തി. ആദാമിന് വലിയ ദു:ഖമായിപ്പോയി. ആദാം നഗ്നനായി ഏദെൻതോട്ടത്തിന്റെ പുറത്തേയ്ക്ക് ലജ്ജയോടെ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോയി. ദൈവത്തിന് മുഖപക്ഷമില്ല. പാപം ചെയ്താൽ അത് തെറ്റാണെന്ന് മാത്രമല്ല, അതുമൂലം വലിയ വിനകൾ സംഭവിക്കുമെന്നും കർത്താവ് പറഞ്ഞിട്ടുണ്ടായിരുന്നു.

ഈ വിലക്കപ്പെട്ട കനി തിന്നാൽ നീ മരിക്കും, തിന്നുന്ന നാളിൽ മരിക്കുമെന്ന് ദൈവം കല്പിച്ചിട്ടുണ്ടായിരുന്നു. ദൈവം എല്ലാം മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. നമുക്കും കർത്താവ് ചില മുന്നറിയിപ്പുകൾ തരുന്നുണ്ട്. കർത്താവ് നമുക്ക് പറഞ്ഞുതന്നിട്ടേ എല്ലാം ചെയ്യുന്നുള്ളൂ.

എന്തുമാത്രം വചനമാണ് നമുക്ക് കിട്ടിയത്! നാം എങ്ങനെയാണ് ജീവിക്കേണ്ടത് എന്നുള്ള വചനം കിട്ടി. എങ്ങനെ ജീവിച്ചാലാണ് ദൈവത്തിന് പ്രസാദകരമാകുന്നത് എന്നുള്ള വചനം കിട്ടി. നമ്മുടെ കുടുംബം സ്വർഗ്ഗമാകുന്നത് എങ്ങനെ

യാണ് എന്നുള്ള വചനം കിട്ടി.

നമ്മുടെ മനസ്സ് ശാന്തമാകുന്നത് എങ്ങനെയാണ് എന്നുള്ള വചനം കിട്ടി. വചനം നിരന്തരം കിട്ടിക്കൊണ്ടിരിക്കുന്നു. പക്ഷേ നാമോ, ഇന്നും മറുതലിക്കുകയും മത്സരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യരോടല്ല, ദൈവത്തോടുതന്നെ. നമുക്ക് കുറ്റബോധം തന്ന പരിശുദ്ധാത്മാവിനോട് നാം മത്സരിക്കുകയാണ്.

പലർക്കും അങ്ങനെയാണ്. പരിശുദ്ധാത്മാവിനോട് അടുപ്പമില്ലാതെ വരുന്നു. എന്റെ കുറ്റം വെളിവാകുന്നത് എനിക്ക് ഇഷ്ടമില്ലാതെ വരുന്നു. കർത്താവ് എന്റെ കുറ്റം തുറന്ന് കാണിച്ചുതരുമ്പോൾ എനിക്ക് നിരാശ വരുന്നു; ഭാരം വരുന്നു.

ദൈവത്തോട് മത്സരിക്കുന്ന സ്വഭാവം വരുന്നു. തെറ്റുകളാരെങ്കിലും ചൂണ്ടിക്കാണിച്ചാൽ അത് തിരുത്താൻ മനസ്സില്ല. അത് ഉള്ളിൽ കോപത്തോടുകൂടി, നീരസത്തോടുകൂടി സ്വീകരിക്കുന്നു. നമ്മിൽ പലരും അങ്ങനെയാണ്. പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിലേക്ക് നാം തിരിഞ്ഞുനോക്കി സ്വയം ശോധന ചെയ്യണം. എന്റെ അവസ്ഥ എന്താണ്? എന്റെ ജീവിതത്തിലെ നൈരാശ്യം മാറ്റാൻ, എന്റെ കോളിളക്കങ്ങളെ ശാന്തമാക്കാൻ യേശു വരുന്നു എന്നുപറഞ്ഞാൽ എനിക്ക് വിശ്വസിക്കാൻ സാധിക്കുന്നുണ്ടോ? നാം ഇതെല്ലാം കേട്ടുകേട്ട് വിട്ടുപോകുകയാണ്.

നാം കേൾക്കുന്നുണ്ട് പക്ഷേ, അനുഭവിക്കുന്നില്ല. എന്നാൽ ഇന്ന് നിങ്ങളുടെ ജീവിതത്തിലെ കൊടുങ്കാറ്റ് മാറ്റാൻ ശക്തനായ യേശുക്രിസ്തുവിലേക്ക് ആശ്രയിക്കുന്ന ദിവസമാകട്ടെ. ഒരു ശാന്തത നമുക്ക് ലഭിക്കുന്ന ഭാഗ്യാനുഭവം! ഒരു സ്വസ്ഥത! ഒന്നിലും ഇളക്കം വരുന്നില്ല. എന്തെല്ലാം കേട്ടാലും മനസ്സ് ഇളകുന്നില്ല, മനസ്സ് ചാഞ്ചാടുന്നില്ല, മനസ്സ് വാടിപ്പോകുന്നില്ല.

എനിക്കെന്റെ യേശു ഉണ്ടല്ലോ, എനിക്കെന്റെ നാഥനുണ്ടല്ലോ എന്ന ഉറപ്പ്. യേശു എന്റെ വലങ്കരത്തിൽ പിടിച്ചിട്ടുണ്ടല്ലോ എന്നുള്ള ഉറപ്പ്. യേശു എന്നോടുകൂടെ നിൽക്കുന്നു എന്നുള്ള ഒരുറപ്പ്.

*"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല."*

*സങ്കീർത്തനങ്ങൾ 16 : 8*

പലരും പലതരം ഭീതിയിലാണ്. ആധിയും ഭീതിയും ഇന്ന് മനുഷ്യനെ ബാധിച്ചിരിക്കുന്നു. മനസ്സ് അങ്കലാപ്പിലായിരിക്കുന്നു. സമാധാനത്തിന് ഒരു വഴി കാണുന്നില്ല. നിങ്ങളുടെ മുമ്പിൽ സമാധാനത്തിന് വഴി കാണുന്നില്ലെങ്കിൽ നിങ്ങൾ യേശുവിനെ വിളിക്കൂ. യേശുവേ, നീ എന്റെ മുമ്പിൽ വന്ന് നിൽക്കണമേ.

ദാവീദ് രാജാവ് പാപം ചെയ്തവനായിരുന്നു. ദാവീദ് അനുതപിച്ചു. ദാവീദ് ദൈവസന്നിധിയിലേക്ക് തിരിഞ്ഞുവന്നു. തിരിഞ്ഞുവന്നപ്പോൾ ദാവീദ് പറയുകയാണ്.

*"ദൈവമേ, നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ. എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു."* *സങ്കീർത്തനങ്ങൾ 51 : 1 – 3*

എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുകയാണ്. എന്നെ ഭീഷണിപ്പെടുത്തിക്കൊണ്ട്, എന്നെ ഭയപ്പെടുത്തിക്കൊണ്ട് എന്റെ പാപം എന്റെ മുമ്പിൽ വന്ന് നിൽക്കുന്നു. കണ്ണ് തുറന്നിരുന്നാലും കണ്ണ് അടച്ചിരുന്നാലും പാപം മുമ്പിൽ

വന്ന് നിൽക്കുന്നു.

ഉറങ്ങിക്കിടക്കുമ്പോഴും പാപം മുൻപിൽ വന്ന് നിൽക്കുകയാണ്. അതുകൊണ്ടാണ് എനിക്ക് ദു:സ്വപ്നങ്ങൾ വരുന്നത്. അതുകൊണ്ടാണ് ചീത്തസ്വപ്നങ്ങൾ വന്ന് എന്റെ ഹൃദയം പരവശമായിത്തീരുന്നത്. എന്നാൽ ദാവീദിന് പാപമോചനം കിട്ടിക്കഴിഞ്ഞപ്പോൾ ദാവീദ് പറയുകയാണ്: "ഞാൻ യഹോവയായ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു." സങ്കീർത്തനങ്ങൾ 16 : 8, 9.

മുമ്പ് പാപം നിന്നിടത്ത് ഇപ്പോൾ നിത്യനായ ദൈവം വന്ന് നിൽക്കുകയാണ്. അതൊരു ഭാഗ്യാനുഭവമല്ലേ? പാപം എപ്പോഴും ദാവീദിനെ തുറിച്ച് നോക്കിക്കൊണ്ട് നിന്നതാണ്. പക്ഷേ, ദാവീദ് അനുതപിച്ചു, പ്രാർത്ഥിച്ചു, തീരുമാനമെടുത്തു, സമർപ്പിച്ചു, പുന:പ്രതിഷ്ഠ ചെയ്തു. അപ്പോൾ മുമ്പിൽ വന്നു നിന്ന പാപം മാറി. അവിടെ യേശു വന്നു നിൽക്കുന്നു.

ഏതേത് പാപത്തിൽ നാം കുടുങ്ങിപ്പോയവരാണെങ്കിലും ഏതെല്ലാം മ്ലേച്ഛതയിൽക്കൂടി സഞ്ചരിച്ചവരാണെങ്കിലും നമ്മുടെ ജീവിതത്തിന്റെ മുമ്പിൽ വന്നു നിൽക്കുന്ന പാപം മാറും. അവിടെ യേശുക്രിസ്തു വന്നുനിൽക്കും.

അത് ഭാഗ്യാനുഭവമാണ്. നമ്മുടെ ജീവിതത്തിൽ യേശുക്രിസ്തു ഉണ്ട് എന്നുള്ള ഉറപ്പേറിയ അനുഭവം! യേശുക്രിസ്തു എന്റെ വലങ്കരത്തിൽ പിടിച്ചിട്ടുണ്ട് എന്നുള്ള അനുഭവം! യേശുക്രിസ്തു തന്റെ തൃക്കരം എന്റെ തലയിൽ വച്ചിട്ടുണ്ട് എന്നുള്ള അനുഭവം! ഇത് നമുക്ക് പ്രാപിക്കാവുന്നതാണ്.

ആ ഒരു വാത്സല്യമസൃണമായ ആശ്ലേഷത്തിന്റെ സൗഖ്യവും സമാധാനവും സ്വസ്ഥതയും നമുക്ക് കർത്താവ് തരുന്നുണ്ട്. എത്ര കൊടിയ പ്രശ്നങ്ങളിൽപ്പെട്ട് നട്ടംതിരിയുന്നവരാണെങ്കിലും അവർക്ക് കർത്താവിന്റെ സാന്നിദ്ധ്യം ലഭിക്കും. കർത്താവ് എന്റെകൂടെ ഉണ്ടെന്നുള്ള ഉറപ്പേറിയ

നിർണ്ണയം നിങ്ങൾ അനുഭവിക്കണം.

യേശു എന്റെ കൂടെയുണ്ടെന്നുള്ള ഒരു ഉറപ്പ്. ഞാൻ പാപിയാണ്, അശുദ്ധനാണ്. എന്നാലും യേശു എന്നെ സ്നേഹിച്ച് എന്റെ അരികിലേക്ക് വരുന്നു. എന്റെ കർത്താവേ എന്റെ പാപം ക്ഷമിക്കണമേ എന്നുപറയുമ്പോൾ എന്റെ പാപ ക്കറകൾ കഴുകിത്തരുന്നു. എന്റെ ജീവിതത്തിൽ ഒരിക്കലും തിരുത്താനാകാത്ത പാപങ്ങൾ വന്നുപോയി എങ്കിലും കർത്താവേ, നീ എന്നോട് മനസ്സലിയണമേ എന്നുപറഞ്ഞ് പ്രാർത്ഥിക്കുമ്പോൾ യേശു മുന്നിൽ വന്ന് നിൽക്കുന്നു.

> *"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ള തുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല."*
>
> *സങ്കീർത്തനങ്ങൾ 16 : 8*

നഷ്ടപ്പെട്ടതിനെ ഓർത്ത് കരഞ്ഞുകൊണ്ടിരുന്ന ആദാം തൊള്ളായിരത്തിമുപ്പത് വർഷം ഭൂമിയിൽ ജീവിച്ചിരുന്നു. അതിനുശേഷം ആദാം മരിച്ചു. പിന്നീട് ആദാമിന് നഷ്ടപ്പെട്ടു പോയ പറുദീസ തിരികെ കിട്ടി. 'Paradise lost and Paradise regained', John Milton, എഴുതിയ മനോഹരമായ കാവ്യമാണ്. നഷ്ടപ്പെട്ട പറുദീസ തിരികെ കിട്ടി.

ഇന്ന് നിങ്ങളുടെ ജീവിതത്തിൽ നഷ്ടപ്പെട്ട സന്തോഷം തിരികെത്തരാൻ, നഷ്ടപ്പെട്ടുപോയ സൗഖ്യം തിരികെത്ത രാൻ കർത്താവ് വന്നിരിക്കുകയാണ്. നിങ്ങൾ യേശുവിനെ മാത്രം കാണുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരു ത്തുന്നവനുമായ യേശുവിനെ നോക്കുക.

> *"സ്വർഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ, നിങ്ക ലേക്കു ഞാൻ എന്റെ കണ്ണ് ഉയർത്തുന്നു. ദാസന്മാ രുടെ കണ്ണ് യജമാനന്റെ കൈയിലേക്കും ദാസി യുടെ കണ്ണ് യജമാനത്തിയുടെ കൈയിലേക്കും എന്നപോലെ ഞങ്ങളുടെ കണ്ണ് ഞങ്ങളുടെ ദൈവ*

*മായ യഹോവയിങ്കലേക്ക്, അവൻ ഞങ്ങളോടു കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു.”*

*സങ്കീർത്തനങ്ങൾ 123 : 1, 2*

അവൻ നമ്മോട് കൃപ ചെയ്യുവോളം, കർത്താവിന്റെ സ്നേഹം നമ്മുടെനേരെ തിരിഞ്ഞുവരുന്നതുവരെയും നോക്കിക്കൊണ്ടിരിക്കണം. ഇന്ന് നമ്മിൽ നിന്ന് അകന്നുപോയ ദൈവസ്നേഹം മടക്കിക്കിട്ടണം. അകന്നുപോയ സ്വസ്ഥത മടക്കിക്കിട്ടണം. ഒരു കാലത്ത് നമുക്ക് ആത്മീയമായ ലഹരി പിടിപ്പിക്കുന്ന അനുഭവമുണ്ടായിരുന്നു. സ്തുതികളിൽ ആഘോഷത്തോടെ ദൈവത്തെ ആരാധിക്കുന്ന അനുഭവമുണ്ടായിരുന്നു.

ആ സ്വർഗ്ഗീയമായ ആരാധനയിലേക്ക് നാം മടങ്ങിവരണം. എത്ര മ്ലേച്ഛമായ ജീവിതം നയിച്ചവനും വേണമെങ്കിൽ സാധിക്കും. ഇന്ന് വേണമെങ്കിൽ സാധിക്കും. എങ്ങനെ? യേശു അരികത്ത് വന്നിട്ടുണ്ട് എന്ന് കാണുമ്പോൾ.

കർത്താവേ, നീ എന്നെ regain ചെയ്യണമേ. നിങ്ങൾക്ക് നഷ്ടപ്പെട്ടത് മടക്കിത്തരാൻ യേശുക്രിസ്തു ഇതാ അടുത്ത് വന്ന് നിൽക്കുന്നു. നിങ്ങൾ യേശുവിങ്കലേക്ക് നോക്കൂ. കൂട്ടായ്മയിലേക്കല്ല, ദൈവമക്കളിലേക്കല്ല, എന്നിലേക്കുമല്ല നിങ്ങൾ നോക്കേണ്ടത്. നോക്കാൻ കൊള്ളാവുന്ന ഒരാളുണ്ട്. അത് കർത്താവായ യേശുക്രിസ്തുവാണ്.

നിങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ചത് ക്രിസ്തുവാണ്. ആ ക്രിസ്തുവിലേക്ക് നോക്കുക. ലജ്ജകൾ മാറിപ്പോകും. സ്വസ്ഥത ലഭിക്കും. സമാധാനം ലഭിക്കും. ഇന്ന് നിങ്ങൾക്ക് പുതിയ സമർപ്പണമെടുക്കാം. കർത്താവേ, ഞാനിതാ നിങ്കലേക്ക് എന്റെ കണ്ണ് ഉയർത്തുന്നു. എന്നോട് മനസ്സലിയണമേ. എന്നെ സഹായിക്കണമേ, എന്നെ താങ്ങണമേ.

## പതിനൊന്ന്

*"യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം യോനയ്ക്ക് ഉണ്ടായത് എന്തെന്നാൽ: നീ പുറപ്പെട്ടു മഹാനഗരമായ നിനെവേയിലേക്കു ചെന്നു ഞാൻ നിന്നോട് അരുളിച്ചെയ്യുന്ന പ്രസംഗം അതിനോടു പ്രസംഗിക്ക. അങ്ങനെ യോനാ പുറപ്പെട്ടു."*

*യോന 3 : 1, 2*

പ്രവാചകൻ വീണുപോയി. പ്രവാചകൻ വഴിതെറ്റിപ്പോയി. പ്രവാചകൻ വിപരീതദിശയിലേക്ക് യാത്ര ചെയ്തുപോയി. പ്രവാചകന് തെറ്റുപറ്റി. പ്രവാചകൻ ദൈവത്തിന്റെ കല്പന അനുസരിച്ചില്ല. പക്ഷേ, കർത്താവ് reinstate ചെയ്തു.

യഹോവയുടെ അരുളപ്പാട് രണ്ടാംപ്രാവശ്യം യോനായ്ക്ക് ഉണ്ടായി. ഞാൻ നിന്നോട് അരുളിച്ചെയ്യുന്ന പ്രസംഗം നിനെവേയിൽ പോയി പ്രസംഗിക്ക. യോനാപ്രവാചകന് കിട്ടിയ ഒന്നാമത്തെ അരുളപ്പാട് എന്താണ്?

*"അമിത്ഥായുടെ മകനായ യോനായ്ക്ക് യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ, നീ പുറപ്പെട്ടു മഹാനഗരമായ നിനവേയിലേക്കു ചെന്ന് അതിനു വിരോധമായി പ്രസംഗിക്ക."*

*യോനാ 1 : 1, 2*

ദൈവം യോനായ്ക്ക് കൊടുത്ത ഒന്നാമത്തെ അരുളപ്പാട് അതാണ്. പ്രവാചകൻ ദൈവത്തിന്റെ വചനം പറയേണ്ടവനാണ്. ദൈവം തരുന്ന വചനം പറയേണ്ടവനാണ്. ദൈവം

തരാത്ത വചനം പ്രവാചകൻ പറയാൻ പാടില്ല. ദൈവം തരാത്ത വചനം പറഞ്ഞാൽ അത് പ്രവാചകന് വലിയ പാപമായിത്തീരും. പ്രവാചകൻ ശിക്ഷിയ്ക്കപ്പെടും.

പ്രാചീനകാലത്തെ ശ്രേഷ്ഠമായ നഗരമായിരുന്നു നിനെവേ നഗരം. വളരെ ജനപ്പെരുപ്പമുള്ള, വളരെയധികം പരിഷ്ക്കാരത്തിന്റെ ഔന്നത്യത്തിൽ നിൽക്കുന്ന നഗരം! ദൈവം പറഞ്ഞു: "നീ ചെന്ന് വളരെ ഭയാനകമായ ശിക്ഷാവിധിയെക്കുറിച്ച് അവരോട് പ്രസംഗിക്ക. അവർക്ക് വിരോധമായിട്ടാണ് എന്റെ വചനം. ഞാൻ അവരുടെ നേരെ കോപിച്ചിരിക്കുകയാണ്. കാരണം, അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു." ഓരോ വാക്യത്തിനും അർത്ഥമുണ്ട്. മനുഷ്യന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തും. മനുഷ്യന്റെ ദുഷ്ടതയും ദൈവസന്നിധിയിൽ എത്തും.

ദുഷ്ടത നമ്മുടെ ഏതെങ്കിലും കാര്യത്തിലുണ്ടോ എന്ന് ചിന്തിച്ചുനോക്കണം. ദുഷ്ടമായ ആഗ്രഹം, ദുഷ്ടമായ മോഹം, ദുഷ്ടമായ വൈരാഗ്യം, ആരെയെങ്കിലും നൊമ്പരപ്പെടുത്തുന്ന വാക്കുകൾ വരുന്നുണ്ടോ? നമ്മുടെ വീട്ടിൽ നാമൊരു സമാധാനപുത്രനാണോ? ഒരു സമാധാന പുത്രിയാണോ? നമ്മുടെ വീട്ടിൽ മറ്റുള്ളവർക്ക് സമാധാനം നാം കൊടുക്കുന്നുണ്ടോ?

നാം പഠിക്കുന്ന ക്ലാസ്സിൽ നാം അദ്ധ്യാപകർക്ക് സമാധാനം കൊടുക്കുന്നുണ്ടോ? അതോ നമ്മുടെ ജീവിതത്തിൽ പല ദുഷ്ടതകൾ വരുന്നുണ്ടോ? ഒരിക്കലും സംഭവിച്ചുപോകരുത്. അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു എന്നാണ് ദൈവം പറയുന്നത്.

നാം വീട്ടിൽ വഴക്കുണ്ടാക്കുന്നുണ്ടോ? ദുഷ്ടത ദൈവസന്നിധിയിൽ ചെല്ലും. ഭർത്താവ് ഭാര്യയെ മർദ്ദിക്കുകയോ അവളോട് ചീത്തവാക്കുകൾ പറയുകയോ അസഭ്യവാക്കുകൾ പറയുകയോ ചെയ്യുന്നുണ്ടോ? അത് ദുഷ്ടതയാണ്. അതും ദൈവസന്നിധിയിൽ ചെല്ലും. ശാപവാക്കുകൾ പറയുമ്പോൾ,

പ്രാകുന്ന വാക്കുകൾ പറയുമ്പോൾ, അസഭ്യവാക്കുകൾ പറയുമ്പോൾ, അതിനെക്കുറിച്ചൊന്നും ചിന്തിച്ചുകൊണ്ടല്ല പറയുന്നത്. പക്ഷേ, അത് ദൈവസന്നിധിയിൽ ചെല്ലും.

നിനെവേയിലെ ജനത്തിന്റെ ദുഷ്ടത ദൈവസന്നിധിയിൽ എത്തിയിരിക്കുന്നു. യോനാപ്രവാചകനോട് ദൈവം പറഞ്ഞു: "നീ എന്റെ നാമത്തിൽ നിനെവേയിലേക്കു ചെല്ലുക. അവിടെ ഞാൻ നിനക്ക് തരുന്ന വചനം നീ പ്രസംഗിയ്ക്ക."

യോനാപ്രവാചകന്റെ പുസ്തകത്തിന്റെ ചിന്താവിഷയം തന്നെ 'God's mercy' എന്നതാണ്.

ദൈവത്തിന്റെ കരുണ! എത്ര ദുഷ്ടത വന്നുപോയെങ്കിലും അത് ക്ഷമിക്കാൻ കരുണയുള്ളവനാണ് ദൈവം. മഹാകാരുണ്യവാനായ ദൈവം. നിങ്ങൾ ഇത് വെറുതെ വായിച്ചുപോകരുത്. എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കണം.

എന്റെ ദൈവം സ്നേഹമാണ്. നിങ്ങൾ ഓർക്കണം: എന്റെ യേശു സ്നേഹം മാത്രമാണ്. അവന് സ്നേഹിക്കാനേ അറിയാവൂ. എന്നെ അവൻ ശാസിക്കുമ്പോഴും എന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോഴും അവന്റെ ഉള്ളം സ്നേഹം കൊണ്ട് നിറയുകയാണ്. എനിക്ക് വിരുദ്ധമായി ചില കാര്യങ്ങൾ സംഭവിക്കുമ്പോഴും ദൈവം സ്നേഹം മാത്രമാണ്.

ദൈവത്തിന്റെ കരുണയുടെ പ്രവാചകനാണ് യോനാപ്രവാചകൻ. ദൈവം പറഞ്ഞു: "നീ ചെന്ന് ആ ദേശത്തിന് വിരോധമായി പ്രസംഗിക്ക." കേൾക്കുമ്പോൾ ഉള്ളിൽ നീറ്റലുണ്ടാകും.

നിനെവേയിലെ ജനത്തിന് നീറ്റലുണ്ടാകുമെന്ന് കർത്താവിനറിയാം. പക്ഷേ, അതിന് വിരോധമായി നീ പ്രസംഗിക്കണം. എന്തിന്? അവർക്ക് കരുണ ലഭിക്കേണ്ടതിന്. ദൈവത്തിന്റെ കരുണ അവർക്ക് കൊടുക്കേണ്ടതിന്. ആ ജനം അനുതപിക്കും. അപ്പോൾ ദൈവത്തിന്റെ കരുണ അവർക്ക് അനുഭവിക്കാൻ സാധിക്കും.

പിതാക്കന്മാർ പണ്ട് പാടി:

നിനുവയരോടുണ്ടായ കോപം
നിലവിളിയാൽ നീ നീക്കിയല്ലോ.
കടലതിൽ യോനാനെന്നപോലെ
കനിയുക ദാസന്മാരിലെന്നും.

വളരെ അർത്ഥവത്തായ ഗീതമാണിത്. നിനെവേയിലെ ജനത്തോടുണ്ടായ കോപം, അവർ നിലവിളിച്ചപ്പോൾ ദൈവമേ, നീ നീക്കിയല്ലോ. കടലിൽ മഹാമത്സ്യത്തിന്റെ ഉദരത്തിൽ കിടന്ന് യോന കരഞ്ഞപ്പോൾ ദൈവം യോനയുടെ പ്രാർത്ഥന കേട്ടുവല്ലോ.

*"അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളൂ. അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്."*

*സങ്കീർത്തനങ്ങൾ 30 : 5*

ദൈവത്തിന്റെ കോപം നിമിഷനേരത്തേക്കേ ഉള്ളൂ. നിനെവേയിലെ ജനങ്ങൾ നിലവിളിച്ചപ്പോൾ അവരുടെ നേരെയുള്ള ദൈവത്തിന്റെ കോപം ശമിച്ചുപോയതുപോലെ, കടലിൽ വച്ച് യോനാപ്രവാചകൻ നിലവിളിച്ചപ്പോൾ യോനായോട് ദൈവം കരുണ കാണിച്ചതുപോലെ ഈ ദാസന്മാരിൽ എന്നും കനിയുക.

'Mercy of God!' നാം വിട്ടുപോയ സ്ഥാനത്തേക്ക്, നമുക്ക് നഷ്ടപ്പെട്ടുപോയ സ്ഥാനത്തേക്ക് ദൈവം നമ്മെ കൊണ്ടുവരുന്നത് ദൈവത്തിന്റെ കരുണയാണ്.

നഷ്ടപ്പെട്ടുപോയ ശുശ്രൂഷകളുണ്ട്. നഷ്ടപ്പെട്ടുപോയ വചനമുണ്ട്. നാവിൽ വചനം തീ കത്തിയിരുന്ന നാളുകളുണ്ട്. നിങ്ങൾ ആരോടെങ്കിലും സംസാരിക്കുമ്പോൾ ആ ആളുടെ ഹൃദയം കത്തത്തക്കവണ്ണം നാവിൽ തീ ഉണ്ടായിരുന്നു. നാവിൽ വചനമുണ്ടായിരുന്നു. ആ വചനം ഇന്നില്ല. നഷ്ടപ്പെട്ടത് എനിക്ക് തിരികെത്തരണമേ എന്ന് നിങ്ങൾ

പ്രാർത്ഥിക്കുക.

യോനാപ്രവാചകന്റെ പുസ്തകം ഒരു അനുഗൃഹീതമായ പുസ്തകമാണ്. നിനെവേ നോമ്പ്, നിനെവേ കൺവെൻഷൻ എന്നെല്ലാം നാം കേൾക്കുന്നുണ്ടെങ്കിലും നമ്മുടെ ജീവിതത്തിൽ വരുന്ന തെറ്റുകൾ നാം മാറ്റിക്കളയുന്നില്ല. ദൈവത്തിന്റെ കോപം നമ്മുടെ നേരെ നിൽക്കുന്ന അനേകം ദുഷ്ടതകൾ നമുക്കുണ്ട്. നാമത് മാറ്റിക്കളയുന്നില്ല.

നിങ്ങൾ ചിന്തിച്ചുനോക്കണം. എന്റെ ജീവിതത്തിൽ എന്തെല്ലാമാണ് ദുഷ്ടത വന്നത്? സ്വന്തം കുടുംബത്തിലെ കാര്യം ആദ്യം നോക്കുക. എന്റെ കുടുംബത്തിൽ എന്റെ ഭാര്യയോട് ഞാൻ ദുഷ്ടതയോടെ സംസാരിച്ചതെന്താണ്? അവളുടെ ഹൃദയം കലങ്ങിപ്പോകത്തക്കവണ്ണം ഞാൻ സംസാരിച്ചതെന്താണ്?

എന്റെ മക്കളെ വേദനിപ്പിക്കുംപോലെ ഞാൻ സംസാരിച്ചിട്ടുണ്ടോ? അവരുടെ ഹൃദയത്തെ ഞാൻ നൊമ്പരപ്പെടുത്തിയിട്ടുണ്ടോ? അവരോട് ഒരു കരുണയില്ലാതെ ഞാൻ സംസാരിച്ചിട്ടുണ്ടോ? വാക്കുകൾ സൂക്ഷിക്കണം. “കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആത്മീയവർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നും പുറപ്പെടരുത്” (എഫെസ്യർ 4 : 29) എന്നാണ് പൗലോസ് അപ്പൊസ്തലൻ പറഞ്ഞത്.

നിങ്ങളുടെ ഓരോ വാക്കുകൊണ്ടും കേൾക്കുന്നവർക്ക് കൃപയാണ് ലഭിക്കേണ്ടത്. പറയുന്ന ആൾക്കും കേൾക്കുന്ന ആൾക്കും ആത്മാവിൽ വർദ്ധനവ് ലഭിക്കണം. നല്ല വാക്ക് മാത്രമേ സംസാരിക്കാവൂ. ചീത്തവാക്ക് ഒന്നും നിങ്ങളുടെ വായിൽനിന്ന് പുറപ്പെടരുത്.

ഇന്ന് അനേകം ആളുകൾ പറയുന്ന വാക്കുകൾ എത്ര നീചമാണെന്നോ എത്ര ഹീനമാണെന്നോ അറിയാതെ പറഞ്ഞു പോകുന്നുണ്ട്. പരിശീലിച്ചുപോന്ന ചില വാക്കുകൾ

നിങ്ങളുടെ നാവിൽ കിടക്കുകയാണ്. തക്കസമയത്ത് ആ ചീത്തവാക്കുകൾ പുറത്തുവരും.

അസഭ്യവാക്കുകൾ, അശ്ലീലവാക്കുകൾ അതെല്ലാം പുറത്ത് വരും. പ്രിയപ്പെട്ടവരേ, നാം ദുഷ്ടതയുള്ള ഹൃദയത്തോടെ ജീവിച്ചാൽ അതെല്ലാം തിരിച്ചടിയ്ക്കും. നമുക്ക് ദോഷമായിത്തീരും. എങ്കിലും ദൈവം പറയുന്നു: "ഞാൻ മഹാകരുണയും മഹാദയയുമുള്ള ദൈവമാണ്."

നിത്യനായ ദൈവം മഹാകരുണയുള്ളവനാണ്. യോനാ പ്രവാചകനോട് കർത്താവ് പറഞ്ഞു: "നീ നിനെവേയിലേക്ക് ചെല്ലുക. ഞാൻ നിന്റെ വായിൽത്തരുന്ന വചനം അവിടെ പ്രസംഗിക്ക. നാല്പതു ദിവസം കഴിഞ്ഞാൽ നിനെവേ ഉന്മൂലമാകും." അതാണ് ദൈവത്തിന്റെ വചനം!

വചനം കേട്ടു. പ്രവാചകൻ പുറപ്പെട്ടു. പ്രവാചകൻ അനുസരണത്തോടെ പോയി. പോകുന്ന വഴിയ്ക്ക് ഒരു ചിന്ത. ചിന്തകൾ ഓരോന്ന് വരുമ്പോൾ നാം സൂക്ഷിക്കണം.

പ്രവാചകൻ ചിന്തിക്കുകയാണ്: നാല്പത് ദിവസം കഴിഞ്ഞ് നിനെവേ ഉന്മൂലമാകും; നിങ്ങളുടെ നാട് മുടിഞ്ഞു പോകും എന്നാണ് ഞാൻ പറയേണ്ടത്. ഞാനത് പറയുമ്പോൾ കേൾക്കുന്നവർക്ക് അനുതാപം വന്നുപോയാലോ? അപ്പോൾ ദൈവം ശിക്ഷ മുടക്കിക്കളയും. അവർ നശിക്കയില്ല.

നാല്പതു ദിവസം കഴിഞ്ഞാൽ നിനെവേ ഉന്മൂലമാകും എന്നേ എന്നോടു പറയാൻ പറഞ്ഞിട്ടുള്ളു. നിങ്ങൾ അനുതപിച്ചാൽ രക്ഷ കിട്ടും എന്നുപറയാൻ പറഞ്ഞിട്ടില്ല. അതുകൊണ്ട് നിനെവേ ഉന്മൂലമാകും എന്നാണ് ഞാൻ പറയാൻ പോകുന്നത്. അതുകേട്ട് ആ ജനം അനുതപിച്ചുപോയെങ്കിലോ? ദൈവം ആ ദേശത്തെ ശിക്ഷിക്കാതെ രക്ഷിച്ചാലോ?

ദൈവം അവരുടെ അനുതാപം കണ്ടാലോ? ഞാൻ മോശക്കാരനാകില്ലേ? ഞാനൊരു പ്രവാചകനല്ലേ? നാട്ടിലൊരു വിലയും

നിലയുമൊക്കെയുള്ള ആളല്ലേ? ഞാൻ പറയുന്ന വാക്കിന് വിലയില്ലാതെ പോകില്ലേ?

ഞാൻ പറയുന്നതുപോലെ ദേശം നശിക്കുകയില്ല. അപ്പോൾ ആളുകൾ വിചാരിക്കും: കണ്ടോ, പ്രവാചകൻ വന്നു പറഞ്ഞെങ്കിലും നാല്പതുദിവസം കഴിഞ്ഞ് ഒന്നും നശിക്കുന്നില്ല. ഉന്മൂലമാകുന്നില്ല. അപ്പോൾ ആളുകളുടെ മുമ്പിൽ ഞാൻ വിലകെട്ടവനായിപ്പോകും. ആളുകൾ എന്നെ പുച്ഛിക്കും. അങ്ങോട്ടു പോകണ്ട.

യോനാപ്രവാചകൻ കപ്പൽ പുറപ്പെടുന്ന തുറമുഖത്തേക്കു നടന്നു. കപ്പലിൽ വേണം നിനെവേയിലേക്കു പോകാൻ. നിനെവേ കിഴക്കാണ്. യോനാപ്രവാചകൻ വിചാരിച്ചു: കിഴക്കോട്ടു പോകാനാണ് ദൈവം പറഞ്ഞത്. വേണ്ട, ഞാൻ നേരെ എതിർ ദിശയിലേക്കാണ് പോകുന്നത്.

പ്രവാചകൻ തർശ്ശീശിലേക്കുള്ള കപ്പലിൽ കയറി. നിത്യനായ ദൈവത്തിന്റെ കരുണയുടെ വചനം പറയേണ്ട ദൈവപൈതൽ നേരെ വിപരീതദിശയിലേക്ക് യാത്ര ചെയ്യുകയാണ്. യോനാപ്രവാചകൻ കപ്പലിൽ കയറി. അതിന്റെ അടിത്തട്ടിലേക്ക് പോയി അവിടെ സാമാനങ്ങൾക്കിടയിൽ കിടന്നുറങ്ങി.

പ്രവാചകൻ കപ്പലിൽ കയറിയപ്പോൾ മുതൽ ഭയങ്കരമായ കൊടുങ്കാറ്റ്. കാരണം, ആ കപ്പലിൽ ഒരു കെടാച്ചരക്ക് കിടപ്പുണ്ട്. ഒരു വേണ്ടാത്തവൻ അവിടെ കിടപ്പുണ്ട്. ദൈവത്തെ ദ്വേഷിച്ചും ദൈവത്തിന്നെതിരായും യാത്ര ചെയ്യുന്നവൻ അവിടെ കിടപ്പുണ്ട്. ആ കപ്പൽ ആടിയുലയാൻ തുടങ്ങി. പെരുവെള്ളത്തിൽ കപ്പൽ ആടിയുലഞ്ഞപ്പോൾ കപ്പലിലെ ചരക്കുകളെല്ലാം വെള്ളത്തിലേക്കെടുത്തെറിഞ്ഞ് കപ്പലിന്റെ ഭാരം കുറയ്ക്കാൻ നോക്കി.

പക്ഷേ, ഭയങ്കരമായ കൊടുങ്കാറ്റ്! പ്രിയപ്പെട്ടവരേ, ജീവിതത്തിൽ കൊടുങ്കാറ്റുകൾ വരുമ്പോൾ ഓർത്തുകൊള്ളണം, എവിടെയെങ്കിലും ഒരു അനുസരണംകെട്ട പ്രവാചകൻ കിട

പ്പുണ്ടോ? അനുസരണക്കേട് എവിടെയെങ്കിലും കിടപ്പുണ്ടോ? ദൈവം തന്ന അരുളപ്പാടുകളെ വിശ്വസിക്കാതെ എവിടെയെങ്കിലും എനിക്ക് തെറ്റ് പറ്റിയിട്ടുണ്ടോ?

കൊടുങ്കാറ്റ് ഊതുമ്പോൾ ചിന്തിക്കണം, എനിക്ക് എവിടെയെങ്കിലും തെറ്റുപറ്റിയോ? ദൈവം വ്യസനിക്കുന്ന എന്തെങ്കിലും ജീവിതത്തിൽ വന്നുവോ? ദൈവം കോപിക്കുന്ന എന്തെങ്കിലും എന്റെ ജീവിതത്തിൽ വന്നുവോ?

മഹാവ്യാധികൾ വരുന്നു; കനത്ത നഷ്ടങ്ങൾ വരുന്നു; വലിയ പ്രതിസന്ധികൾ വരുന്നു; കൊടിയ പ്രശ്നങ്ങൾ വരുന്നു. അപ്പോഴെല്ലാം ചിന്തിക്കണം, എന്തെങ്കിലും കാരണത്തിൽ എനിക്ക് അനുസരണക്കേടുണ്ടോ? എന്റെ ദൈവത്തെ മറന്ന്, ദൈവത്തോട് ധിക്കാരമായി എന്തെങ്കിലും പ്രവർത്തിച്ചുപോയിട്ടുണ്ടോ?

സത്യമായും ദൈവം സ്നേഹമാണ്. ദൈവം കരുണയാണ്. സ്നേഹവാനായ ദൈവത്തെ ഞാൻ സ്നേഹവാനായിക്കാണാതെ എന്റെ വിലകെട്ടുപോയി എന്ന് ചിന്തിച്ചുപോയിട്ടുണ്ടോ? പ്രിയപ്പെട്ടവരേ, സുവിശേഷവേല തുടങ്ങിയ ആദ്യകാലങ്ങളിലെല്ലാം ഒത്തിരി ആക്ഷേപങ്ങൾ കേട്ടപ്പോൾ ഞാൻ ചിന്തിച്ചുപോയി: വേണ്ട, കൂട്ടായ്മയിലൊന്നും പോകണ്ട.

ഞങ്ങളുടെ പള്ളിയിൽ നല്ല ഫെല്ലോഷിപ്പ് ഉണ്ടായിരുന്നു. ആത്മീയ തീക്ഷ്ണതയുള്ള ദൈവമക്കളുണ്ടായിരുന്നു. അതിന് പോകണ്ട. ചീത്തപ്പേര് കേൾപ്പിക്കേണ്ട. മുമ്പ് എന്നെ വലിയ ബഹുമാനമുണ്ടായിരുന്ന ആളുകളെല്ലാം എന്നെ പുച്ഛത്തോടെ കാണുന്നു. എന്റെ 'Students' പോലും എന്നെ പുച്ഛിക്കുന്നു. വേണ്ട, സുവിശേഷവേല എന്നുള്ളത് ഒരു ചീത്തപ്പേരുണ്ടാക്കുന്നു. അങ്ങനെയെല്ലാം ചില സമയങ്ങളിൽ എന്റെ മനസ്സിൽ തോന്നിപ്പോയിട്ടുണ്ട്.

പക്ഷേ, എന്നെ അങ്ങനെ വിടാൻ കർത്താവ് തിരുമനസ്സായിരുന്നില്ല. ഞാൻ അങ്ങനെ നഷ്ടപ്പെട്ടുപോകാൻ കർത്താവ്

അനുവദിച്ചില്ല. അതെല്ലാം സഹിച്ചുനിൽക്കാൻ കർത്താവ് കൃപ തന്നു. അതുകൊണ്ട് ഇന്ന് ഞാൻ സമാധാനമായി ജീവിക്കുന്നു.

നിങ്ങൾ എവിടെയെങ്കിലും ദൈവവഴിയിൽ നിന്ന് മാറിപ്പോയിട്ടുണ്ടോ? ദൈവകല്പന ലംഘിച്ച് പോയിട്ടുണ്ടോ? നിങ്ങൾക്ക് ഏതെങ്കിലും കാര്യം കർത്താവ് തെറ്റ് എന്ന് ചൂണ്ടിക്കാണിച്ചുതന്നത്, ആ പാപം വീണ്ടും ചെയ്യാൻ ഇടവന്നിട്ടുണ്ടോ?

എങ്കിൽ കൊടുങ്കാറ്റ് ഊതും, സംശയമില്ല. കപ്പലിന് കേടു വരും; കപ്പലിന്റെ ചരക്കിന് കേട് വരും; സംശയമില്ല. ഇന്നത് തെറ്റ് എന്ന് ദൈവാത്മാവ് ചൂണ്ടിക്കാണിച്ചുതന്നത് നിങ്ങളുടെ ജീവിതത്തിൽ വന്നുപോയെങ്കിൽ നീ ചെല്ലുന്നേടത്തെല്ലാം കോളിളക്കമായിരിക്കും.

തൽക്കാലം കുഴപ്പമൊന്നുമില്ല എന്നു തോന്നും. പക്ഷേ, നിനച്ചിരിക്കാതെയായിരിക്കും കൊടുങ്കാറ്റ് വീശുന്നത്. കപ്പലിന്റെ അടിത്തട്ടിൽ ഉറങ്ങിക്കിടക്കുന്ന യോന ഇതൊന്നും അറിയുന്നില്ല. ചുറ്റുപാടും നടക്കുന്ന കോളിളക്കങ്ങളറിയാതെ ദൈവപൈതൽ ഉറങ്ങിക്കിടക്കുകയാണ്.

നമ്മിൽ പലരും അങ്ങനെയാണ്. ചുറ്റുപാടും നടക്കുന്ന കോളിളക്കങ്ങൾ അറിയുന്നില്ല. ഇന്ന് അനേകരും പാവപ്പെട്ട ജനം നശിച്ചുപോകുന്നത് അറിയുന്നില്ല. അനേകം പാവങ്ങളായ വിശ്വാസികൾ ഇന്ന് വലയുന്നത് മേൽത്തട്ടിലുള്ളവർ അറിയുന്നില്ല. അറിഞ്ഞാലും അറിഞ്ഞതായി ഭാവിക്കുന്നില്ല. അവിടെ വലിയ കുരിശിൻതൊട്ടികൾ പണിയാനുള്ള ഉദ്യമമാണ്. കോടികൾ മുടക്കിയുള്ള പള്ളിമേടകൾ പണിയാനുള്ള ആഗ്രഹമാണ്. അതിനെല്ലാം ഈ പാവപ്പെട്ടവൻ രൂപ കൊടുക്കുകയും വേണം.

ഇന്ന് പാവപ്പെട്ടവനെ നോക്കാൻ ഉന്നതന്മാർക്ക് നേരമില്ല. അത് അവർക്ക് ചിന്താവിഷയമല്ല. അവർക്ക് അരമനകൾ

പണിതുയർത്തണം. കൊട്ടാരക്കെട്ടുകൾ പണിതുയർത്തണം. മകളെ കല്യാണം കഴിച്ചുവിടാൻ മാർഗ്ഗമില്ലാത്തവരെക്കുറിച്ച് ചിന്താവിഷയമില്ല. ഹോസ്പിറ്റലിൽ മരണത്തോട് മല്ലടിച്ച് കിടക്കുന്ന പാവപ്പെട്ടവരെ നോക്കാൻ നേരമില്ല.

ജീവനുള്ള ദൈവം വലിയോരു പാഠം തരുന്നു. യോനാ കപ്പലിൽ കിടക്കുന്നേടത്തോളം കപ്പലിന് സ്വസ്ഥതയില്ല. കപ്പൽ ആടിയുലയുകയാണ്. വെള്ളം മെത്തി മേതാളിച്ച്, തിരമാലകൾ ഉയർന്ന് പൊങ്ങുകയാണ്.

നിങ്ങളുടെ വീട്ടിൽ പ്രശ്നമുണ്ടാകുന്നതിന് എന്താണ് കാരണം? ഒരുപക്ഷേ ഏറ്റുപറഞ്ഞുപേക്ഷിയ്ക്കാത്ത ഒരു പാപം കിടപ്പുണ്ടായിരിക്കും. ഇതുവരെയും ഏറ്റുപറഞ്ഞുപേക്ഷിക്കാത്ത ചില പാപങ്ങൾ ഉള്ളതുകൊണ്ടാണ് നിന്റെ ജീവിതത്തിൽ കൊടുങ്കാറ്റ് ഊതുന്നത്. കൊടുങ്കാറ്റ് നല്ലതാണ്. കൊടുങ്കാറ്റ് ഊതിയതുകൊണ്ടല്ലേ യോനയ്ക്ക് ഒരു മാനസാന്തരം കിട്ടിയത്?

സ്നേഹിതാ, നിന്റെ ജീവിതത്തിലെ കൊടുങ്കാറ്റുകൾ ശാന്തമാകണമോ, നീ നിന്റെ ജീവിതത്തിൽ ദൈവത്തോട് ചെയ്ത അനുസരണക്കേടുകൾ ഏറ്റുപറയുക. തെറ്റുപറ്റിപ്പോയി എന്ന് പറയുക. അബദ്ധത്തിൽ വീണുപോയി എന്നു പറയുക. ദൈവമേ, ഞാൻ നിന്നോട് മത്സരിച്ചു എന്നു പറയുക.

ഞാൻ നിന്നോട് അനുസരണക്കേട് കാണിച്ചു. ദൈവമേ, തെറ്റു പറ്റിപ്പോയി. നാഥാ! എന്നോട് ക്ഷമിക്കണമേ എന്ന് പറയുക. ദൈവകരങ്ങളിലേക്ക് നിങ്ങളെത്തന്നെ ഏല്പിക്കുക. ജീവിതത്തിൽ ഭയാനകമായ പാപങ്ങൾ വന്നുപോയി എന്നോട് ക്ഷമിക്കണമേ എന്നുപറഞ്ഞ് പ്രാർത്ഥിക്കുക.

യോനയെ ദൈവം യഥാസ്ഥാനപ്പെടുത്തി. യോനയ്ക്ക് ആത്മീയമായ കാഴ്ചപ്പാട് ദൈവം കൊടുത്തു. യോനായെ കപ്പിത്താൻ വിളിച്ചുണർത്തി. കൊടുങ്കാറ്റ് ഊതുമ്പോൾ ഒന്നും അറിയാത്തവനെപ്പോലെ നീ ഇവിടെ ഉറങ്ങുന്നതെന്താണ്?

കപ്പിത്താൻ ചോദിച്ചു.

ചുറ്റുപാട് മുഴുവൻ കോളിളക്കം; നീ അനങ്ങുന്നില്ല; നീ അറിയുന്നില്ല. നീ ഒന്നും കാണാത്തവനെപ്പോലെ ഉറങ്ങുകയാണ്. ഇത് ശരിയോ? അവൻ എഴുന്നേറ്റു. അവൻ കണ്ണ് ചിമ്മിത്തുറന്ന് കപ്പിത്താനെ നോക്കി. കപ്പിത്താൻ ചോദിച്ചു: നീ ഏതു ജാതിക്കാരനാണ്? നീ എവിടത്തുകാരനാണ്?

> *"നിന്റെ തൊഴിൽ എന്ത്? നീ എവിടെ നിന്നു വരുന്നു? നിന്റെ നാട് ഏത്? നീ ഏതു ജാതിക്കാരൻ? എന്നു ചോദിച്ചു."* *യോനാ 1: 8*

പുറജാതിക്കാരൻ ദൈവത്തിന്റെ പ്രവാചകനോട് ചോദിക്കുകയാണ്: നീ ഏതു ജാതിക്കാരനാണ്? നീ എവിടെ നിന്നാണ് വരുന്നത്? എന്താണ് നിന്റെ ഉദ്ദേശ്യം?

> *"അതിന്നു അവൻ അവരോട്: ഞാൻ ഒരു എബ്രായൻ, കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയദൈവമായ യഹോവയെ ഞാൻ ഭജിച്ചുവരുന്നു എന്നു പറഞ്ഞു."* *യോനാ 1: 9*

ദൈവത്തിനു വിരോധമായി സഞ്ചരിക്കുമ്പോഴും ഞാൻ ദൈവത്തെ ഭജിക്കുന്നു എന്നാണ് യോനാ പറയുന്നത്. ദൈവത്തിന് വിരോധമായി പ്രവർത്തിക്കുമ്പോഴും പറയുന്നത് ഞാൻ ദൈവത്തിന്റെ പ്രിയപൈതലാണ്, കടലും കരയും ഉണ്ടാക്കിയ ദൈവത്തിന്റെ വകയാണ് എന്നാണ്. പറയുന്നത് നല്ല വാക്കുകളാണ് പക്ഷേ, ജീവിതത്തിലില്ല. പ്രിയപ്പെട്ടവരേ, നമ്മിൽ പലരും അങ്ങനെയാണ്. ധാരാളം പറയും, പ്രാർത്ഥനകൾ നീട്ടിനീട്ടി ചൊല്ലും.

ഇതെല്ലാം കണ്ട് നിങ്ങളുടെ കണ്ണ് തുറക്കട്ടെ. സമൂഹം മുഴുവൻ കൊടുങ്കാറ്റിൽപ്പെട്ട് ഉഴലുന്നു. കർത്താവേ, എന്റെ വീട് കൊടുങ്കാറ്റിലാണ്. ഭാര്യയും ഭർത്താവും കൊടുങ്കാറ്റിലാണ്. എന്റെ അപ്പനും എന്റെ അമ്മയും കൊടുങ്കാറ്റിലാണ്.

ഞങ്ങൾ മക്കൾ കൊടുങ്കാറ്റിലാണ്. ഞങ്ങളുടെ വീട് മുടിയുന്നല്ലോ കർത്താവേ, അനേകം നാശനഷ്ടങ്ങൾ വരുന്നല്ലോ.

കർത്താവേ, ഈ കൊടുങ്കാറ്റ് നീ ശമിപ്പിച്ച് തരണമേ. ഇന്ന് എന്റെ ജീവിതത്തിലെ തെറ്റുകൾ, എനിക്ക് വന്നുപോയ പാപങ്ങൾ ഞാൻ ഏറ്റുപറയുകയാണ്. വന്നുപോയ തിന്മകൾ ഞാൻ ഏറ്റുപറയുകയാണ്. ഇനിമേൽ അതൊന്നും ആവർത്തിക്കുകയില്ല എന്ന് ഞാൻ തീരുമാനിക്കുകയാണ്. എന്റെ പാപങ്ങൾ ക്ഷമിച്ചുതന്ന നിന്റെ സ്നേഹത്തെ ഞാൻ അറിഞ്ഞില്ല.

കർത്താവേ, പിന്നെയും ഞാൻ പാപത്തിലേക്കുപോയി. എന്നോട് ക്ഷമിക്കണമേ. ഞാനിതാ നിന്റെ സന്നിധിയിലേക്ക് വരികയാണ്. ആ ആണിപ്പാടുള്ള കരം എന്റെ തലമേൽ വയ്ക്കണമേ. കർത്താവേ, എനിക്ക് അത് മാത്രം മതി. കാരണം, അവിടുത്തെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

കർത്താവേ, നീ എന്നെ തൊടണമേ. നിന്റെ സന്നിധിയിൽ വന്നിരിക്കുന്ന എന്നോടു നീ മനസ്സലിയണമേ. എന്നെ സ്വർഗ്ഗത്തിന്റെ അവകാശിയാക്കിത്തീർക്കണമേ. യേശുനാഥന്റെ രാജകീയ നാമത്തിൽ പ്രാർത്ഥിക്കുന്നു കൃപയോടെ കേൾക്കണം പിതാവേ, ആമ്മേൻ.

# പന്ത്രണ്ട്

*“നിന്റെ ദൃഷ്ടിയിൽ നിന്ന് എനിക്കു നീക്കം വന്നിരിക്കുന്നു; എങ്കിലും ഞാൻ നിന്റെ വിശുദ്ധ മന്ദിരത്തിങ്കലേക്കു നോക്കിക്കൊണ്ടിരിക്കും എന്നു ഞാൻ പറഞ്ഞു.” യോനാ 2 : 4*

പ്രവാചകൻ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് പറയുന്ന വാക്കുകളാണ് ഈ പ്രാർത്ഥന. യോനാപ്രവാചകൻ ദൈവത്തിന്റെ അരുളപ്പാട് കിട്ടിയ ഭാഗ്യവാനായ ഒരു പ്രവാചകനായിരുന്നു, കാരണം, ദൈവത്തിന്റെ അരുളപ്പാട് കിട്ടുക എന്നുള്ളത് ഒരു മഹാഭാഗ്യമാണ്.

ദൈവം നേരിട്ട് സംസാരിക്കുക, ദൈവം തന്റെ അരുളപ്പാട് നമുക്ക് തരിക, ദൈവം നമ്മോട് ഇടപെടുക, ദൈവത്തിന്റെ കൃപയുടെ വചനത്തിന് മുമ്പിലേക്ക് വരാൻ സാധിക്കുക. അതെല്ലാം ഭാഗ്യമാണ്. യോനാപ്രവാചകന് ദൈവത്തിന്റെ അരുളപ്പാട് കിട്ടി എന്നാണ് ഒന്നാം അദ്ധ്യായത്തിൽ നാം കാണുന്നത്.

*“അമിത്ഥായുടെ മകനായ യോനയ്ക്ക് യഹോവ യുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ: നീ പുറപ്പെട്ടു മഹാനഗരമായ നീനെവേയിലേക്കു ചെന്ന് അതിനു വിരോധമായി പ്രസംഗിക്ക.”*

*യോനാ 1 : 1, 2*

ഈ ഭൂമിയിലെ നിസ്സാരന്മാരായ നമ്മെക്കൊണ്ട് കർത്താവ് ചില കാര്യങ്ങൾ ചെയ്യുവാനും ചെയ്യിക്കുവാനും ആഗ്രഹിക്കുന്നു.

അഖിലാണ്ഡത്തിന്റെ ഉടയവനായ ക്രിസ്തു തന്റെ മഹത്വമുള്ള വചനം നമ്മെ ഭരമേൽപ്പിക്കുകയാണ്. കർത്താവിന്റെ വേല ചെയ്യാൻ, കർത്താവിന്റെ ശുശ്രൂഷ ചെയ്യാൻ, നാം ആഗ്രഹിക്കേണ്ടതാണ്.

യോനാപ്രവാചകന് ഈ മഹാഭാഗ്യം ലഭിച്ചു. പക്ഷേ പ്രവാചകൻ ദൈവത്തിന്റെ നിയോഗം അനുസരിച്ചില്ല. പ്രവാചകൻ സ്വന്തം കണക്കുകൂട്ടലുകളിലും സ്വന്തം ചിന്താഗതിയിലും ചില കാര്യങ്ങൾ മനസ്സിൽ നിരൂപിച്ചു കൊണ്ട് ദൈവത്തിന്റെ വഴിയിൽനിന്ന് എതിർദിശയിലേക്ക് യാത്രയായി.

ദൈവത്തിന്റെ വചനം കിട്ടുന്നത് ഭാഗ്യമാണ്. അനുസരിക്കാനിടയാകുന്നത് അതിലേറെ ഭാഗ്യമാണ്. വചനം ദൈവത്തിന്റെ സന്നിധാനത്തിൽനിന്ന് ഇറങ്ങിവരുന്ന സ്വർഗ്ഗീയസന്ദേശമാണ്. ഓരോ ദിവസവും നമുക്ക് വചനം കിട്ടിക്കൊണ്ടിരിക്കുന്നു.

എത്രയോപേർ മാനസാന്തരം അനുഭവിക്കുന്നു! എത്രയോ കുടുംബങ്ങളിൽ സമാധാനമുണ്ടാകുന്നു! ഐക്യമുണ്ടാകുന്നു! സ്നേഹമുണ്ടാകുന്നു! എന്തെല്ലാം അത്ഭുതങ്ങളാണ് ദൈവം നമ്മുടെ മദ്ധ്യത്തിൽ വചനത്തിൽക്കൂടി ചെയ്തുകൊണ്ടിരിക്കുന്നത്!

എന്നും കലഹവും ഇഷ്ടക്കേടും മുഷിച്ചിലും കോപാക്രാന്തമായ ആക്രോശങ്ങളുമുള്ള ഭവനങ്ങളിൽ അതെല്ലാം മാറി ശാന്തസുന്ദരമായിത്തീരുന്നത് എന്തൊരു മഹാഭാഗ്യമാണ്! പിണങ്ങിപ്പോയ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് ജീവിക്കുന്നത് എന്തൊരുഭാഗ്യമാണ്! ഒൻപതര വർഷത്തോളം ഭർത്താവിന്റെ അടുക്കൽനിന്ന് മാറിനിന്ന ഒരു സ്ത്രീ എന്നോട് പറഞ്ഞത്; ഇനി ഞങ്ങൾ തമ്മിൽ യോജിക്കില്ല, അതിനെക്കുറിച്ച് പറയണ്ട എന്നാണ്.

ഒരു രണ്ടാം ശനിയാഴ്ച ആ സ്ത്രീ യോഗത്തിന് വന്നു.

നല്ല വിദ്യാഭ്യാസമുള്ള, സ്വന്തമായി ചില ജോലികൾ ചെയ്യുന്ന സ്ത്രീയാണ്. ഇനി ഞങ്ങൾ തമ്മിൽ യോജിക്കാൻ സാദ്ധ്യതയില്ല. ഞാൻ തീരുമാനിച്ചു കഴിഞ്ഞു. ആ സ്ത്രീ പറഞ്ഞു. അദ്ദേഹത്തിനും എനിക്കും യോജിക്കാൻ താൽപര്യമില്ല. അതൊരു closed chapter ആണ്.

എന്നാൽ മൂന്ന് മാസത്തിനുശേഷം കോട്ടയത്ത് ഒരു സ്ഥലത്ത് യോഗത്തിൽ പ്രസംഗിക്കാൻ പോയപ്പോൾ പ്രസംഗം കഴിഞ്ഞ് ഈ സ്ത്രീ എന്റെയടുക്കൽ വന്നുപറഞ്ഞു: സാറേ, ഞങ്ങൾ തമ്മിൽ യോജിച്ചു. ഇതു പറഞ്ഞിട്ട് ആ സ്ത്രീ ഭർത്താവിനെ മാടിവിളിച്ചു. ഭർത്താവ് വന്നു. അദ്ദേഹം എന്റെ നേരെ കൈകൂപ്പിക്കൊണ്ട് പറഞ്ഞു: സാറേ, എനിക്ക് നന്ദിയുണ്ട്. ഒൻപതരക്കൊല്ലം പിരിഞ്ഞിരുന്ന കുടുംബം ഇന്ന് ഒന്നാണ്. ഐക്യമാണ്. വളരെ സന്തോഷത്തോടെ ആ കുടുംബം കഴിയുന്നു.

ദൈവത്തിന്റെ വചനത്തിന്റെ ശക്തി അത്യത്ഭുതമാണ്. പിണങ്ങിപ്പോയവരെ ഇണക്കുന്നതാണ് ദൈവത്തിന്റെ വചനം. അകന്നുപോയവരെ അടുപ്പിക്കുന്നതാണ് ദൈവത്തിന്റെ വചനം. നിരാശയിലാണ്ടുപോയവർക്ക് പ്രത്യാശ നൽകുന്നതാണ് ദൈവത്തിന്റെ വചനം.

ആ വചനമാണ് വാസ്തവത്തിൽ യോനാപ്രവാചകന് കിട്ടിയത്. യോനാപ്രവാചകൻ ആ വചനം ഏറ്റുവാങ്ങി. പക്ഷേ ദൈവത്തിന്റെ വചനം അനുസരിച്ചില്ല. കിഴക്കോട്ട് നിനെവേയി ലേക്ക് പോകാൻ ദൈവം കൽപിച്ചു. യോനാ, പടിഞ്ഞാറോട്ട് തർശീശിലേക്ക് പോകുന്ന കപ്പലിൽ കയറി. ദൈവം യോനാപ്രവാചകനെ യഥാസ്ഥാനപ്പെടുത്താനാണ് ആഗ്രഹിച്ചത്.

എപ്പോഴും ഓർത്തുകൊള്ളൂ, നാം ദൈവത്തിന്റെ വചനം വിട്ടുപോയാലും ദൈവസ്നേഹം നമ്മുടെ പിന്നാലെയുണ്ട്. യോനാപ്രവാചകൻ കപ്പലിൽ കിടന്നുറങ്ങുമ്പോൾ കപ്പിത്താൻ വിളിച്ചുണർത്തി: നീ ആരാണ്? എവിടത്തുകാരനാണ്?

എങ്ങോട്ടുപോകുന്നു? യോനാപ്രവാചകൻ അപ്പോൾ വളരെ അഭിമാനത്തോടെ പറയുകയാണ്: “ഞാൻ കടലും കരയും ഉണ്ടാക്കിയ യഹോവയെ ഭജിച്ചുവരുന്നു.”

യഹോവയ്ക്ക് എതിരായി ജീവിക്കുമ്പോഴും ഞാൻ യഹോവയെ ഭജിക്കുന്നു എന്നാണ് പറയുന്നത്. നമ്മിൽ അനേകംപേർ അങ്ങനെയല്ലേ? ദൈവത്തിന് വിരോധമായി ജീവിക്കുമ്പോഴും ഞാൻ ദൈവത്തെ ഭയപ്പെടുന്നു, ദൈവത്തെ ഭക്തിയോടെ ആരാധിക്കുന്നു എന്നാണ് പറയുന്നത്.

കാരണം, നമുക്ക് പള്ളിയുണ്ട്, ആരാധനകളുണ്ട്, സുന്ദരമായ പള്ളിപ്രസംഗങ്ങളുണ്ട്. നമ്മുടെ ധാരണ നാം ദൈവത്തെ സ്നേഹിക്കുകയാണ് എന്നാണ്. ഞാൻ ദൈവഭക്തനാണ് എന്നാണ്. പ്രകടമായ വലിയ വേണ്ടാതീന ത്തിനൊന്നും പോകുന്നില്ല. മദ്യപാനത്തിനോ വൃത്തികെട്ട ജീവിതത്തിനോ പോകുന്നില്ല.

അതുകൊണ്ട് ഞാൻ ദൈവത്തെ സ്നേഹിക്കുകയാണ്. ദൈവത്തെ അനുസരിക്കുകയാണ്, ദൈവരാജ്യത്തിൽ പോകും എന്നുള്ള ചിന്തയോടുകൂടിയാണ് പലരും ഇരിക്കുന്നത്. പ്രവാചകന് ഒരു വലിയ തെറ്റുപറ്റി എന്നുള്ള ബോധം ഉണ്ടായിരുന്നില്ല. പക്ഷേ കപ്പിത്താന്റെ ചോദ്യം കേട്ടപ്പോൾ ഒന്ന് ഞെട്ടി.

പ്രവാചകൻ പറഞ്ഞു: ഞാൻ ദൈവത്തിന്റെ വചനം കിട്ടിയവനാണ്. പക്ഷേ എന്തോ എനിക്ക് തോന്നി നിനെവേ യിലേക്ക് പോകണ്ട എന്ന്. കാരണം, ഞാൻ ചെന്ന് പ്രസംഗിച്ചാൽ അവർ മാനസാന്തരപ്പെടും. ദൈവത്തിന്റെ വചനമല്ലേ പറയുന്നത്?

അപ്പോൾ നിനെവേ നശിക്കുകയില്ല. ഞാനൊരു മണ്ടനായിപ്പോകും. എന്റെ വാക്കിന് വിലയില്ലാതായിപ്പോകും. ഞാൻ ദൈവവചനം പറയുന്ന പ്രവാചകനല്ലേ? എനിക്കൊരു വിലയും നിലയുമില്ലേ? ആളുകൾ എന്നെ പരിഹസിക്കും.

അതുകൊണ്ട് ഞാൻ തീരുമാനിച്ചു: ഞാൻ പോയി പ്രസംഗിക്കുന്നില്ല. അവർ മാനസാന്തരപ്പെടണ്ട, ആർക്കുചേതം? അത് എന്റെ വിഷയമല്ലല്ലോ. ഇന്ന് ഇങ്ങനെയുള്ള പ്രവാചകന്മാർ ലോകത്തുണ്ട്. ദൈവത്തിന്റെ വചനത്തിന്റെ ശക്തി അറിയുകയോ ശക്തി അനുഭവിക്കുകയോ ചെയ്തിട്ടില്ലാത്തവർ! വചനമറിയാം. വചനം പ്രസംഗിക്കുന്നുണ്ട്. കുർബ്ബാന ചൊല്ലാനറിയാം. കുർബ്ബാന കാണാനറിയാം. കുർബ്ബാന കൊള്ളാനറിയാം.

പെരുന്നാളുകളുണ്ട്. എന്തിനാണ് കുറവ്? എനിക്ക് കുഴപ്പമൊന്നുമില്ല. ഞാൻ കൈയിലില്ലാത്ത പൈസ കടം മേടിച്ചല്ലേ ഈ പെരുന്നാളെല്ലാം ഏറ്റുകഴിക്കുന്നത്? അതുകൊണ്ട് ദൈവം എന്നിൽ പ്രസാദിക്കുന്നു എന്നാണ് പാവപ്പെട്ട ആളുകൾ ചിന്തിച്ചുപോകുന്നത്.

ഞാൻ തീർത്ഥയാത്ര ചെയ്യുന്നുണ്ട്, ദൈവം പ്രസാദിക്കും. പരിശുദ്ധന്റെ അടുത്തേക്കുള്ള തീർത്ഥയാത്രയല്ലേ? ദൈവം പ്രസാദിക്കും. ഇങ്ങനെയൊക്കെയാണ് പലരും വിചാരിച്ചിരിക്കുന്നത്. പ്രവാചകനും അങ്ങനെ ഒരു മൂഢസ്വർഗ്ഗത്തിലായിപ്പോയി; അബദ്ധത്തിലായിപ്പോയി.

നാം ഇന്ന് യാഥാർത്ഥ്യങ്ങളെ ഗ്രഹിക്കണം. പ്രവാചകൻ കയറിയതുകൊണ്ട് മാത്രം ആ കപ്പൽ വെള്ളത്തിനടിയിലേക്ക് താഴാൻ തുടങ്ങി. ഓരോരുത്തരും അവരുടെ ദേവന്മാരെ ചൊല്ലി നിലവിളിക്കാൻ തുടങ്ങി. കപ്പിത്താൻ ഒരുവാക്ക് ചോദിച്ചു: നീ എന്തിനങ്ങനെ ചെയ്തു? അത് അവന്റെ ഹൃദയത്തിൽ തൊട്ടു. ഉടനേ അവൻ പറഞ്ഞു: ഈ കോളിളക്കമെല്ലാം ഞാൻ മുഖാന്തരമാണ് ഉണ്ടായത്. ഞാൻ അനുസരണക്കേട് കാണിച്ചുപോയി. പ്രവാചകന് കുറ്റബോധം വന്നു; തെറ്റ് പറ്റിയെന്ന് മനസ്സിലായി.

ഈ കുടുംബത്തിലെ അലോഹ്യങ്ങളെല്ലാം ഞാൻ ഒരാൾ മൂലമാണ്. ഈ കുടുംബത്തിലെ അസ്വസ്ഥതകളെല്ലാം ഞാനൊരാൾ മൂലമാണ്. എന്റെ ഭാര്യ എപ്പോഴും വിഷമിച്ചിരി

ക്കുന്നത് ഞാനൊരാൾ മൂലമാണ്. എന്റെ മക്കൾ നാനാവിധമായിപ്പോകുന്നത് ഞാനൊരാൾ മൂലമാണ്. വചനം കിട്ടിയ ഞാൻ ഒരാൾമൂലം വചനം കിട്ടാത്ത അനേകർ നശിച്ചുകൊണ്ടിരിക്കുകയാണ്.

> *"അവൻ അവരോട്: എന്നെ എടുത്ത് സമുദ്രത്തിൽ ഇട്ടുകളവിൻ; അപ്പോൾ സമുദ്രം അടങ്ങും; എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്ക് തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു എന്ന് പറഞ്ഞു."* *യോനാ 1 : 12*

വലിയ കൊടുങ്കാറ്റും പ്രക്ഷുബ്ധമായ അന്തരീക്ഷവും വരാൻ കാരണം ഞാൻ ഒരാൾമൂലമാണെന്ന് യോനാപ്രവാചകൻ ഏറ്റുപറഞ്ഞു. എന്നെ കടലിലേക്ക് ഇട്ടുകളയൂ. യോനാ പ്രവാചകൻ പറഞ്ഞു.

ഞാനാണ് ഉത്തരവാദി എന്ന് പറയുവാൻ പ്രവാചകന് മനസ്സുണ്ടായി. ഭാഗ്യം! അവർ പ്രവാചകനെ എടുത്ത് സമുദ്രത്തിലേക്കിട്ടു. പ്രവാചകൻ വീഴുന്നത് കാത്തുകൊണ്ട് ഒരു മഹാമത്സ്യം വായ്പിളർന്ന് കടലിന്റെ അടിയിൽ കിടക്കുകയാണ്.

ആ കപ്പൽ നീങ്ങുന്നതിനൊപ്പം മഹാമത്സ്യം നീങ്ങിക്കൊണ്ടിരുന്നു. ഇത് പുറത്താർക്കും അറിഞ്ഞുകൂടാ. ദൈവമാണ് ആ മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നത്. ദൈവം appoint ചെയ്തതാണ്. നഷ്ടപ്പെട്ട ദൈവഭൃത്യനെ തിരികെ കൊണ്ടുവരുവാനുള്ള ദൈവത്തിന്റെ ഉദ്യമം!

അവനെ യഥാസ്ഥാനപ്പെടുത്താനുള്ള ദൈവത്തിന്റെ ആഗ്രഹം! പ്രവാചകൻ തുറമുഖത്തുനിന്ന് കപ്പലിലേക്ക്, കപ്പലിൽനിന്നും കപ്പലിന്റെ അടിത്തട്ടിലേക്ക്, കപ്പലിന്റെ അടിത്തട്ടിൽനിന്നും താഴെ വെള്ളത്തിലേക്ക്, വെള്ളത്തിൽ നിന്ന് സമുദ്രത്തിന്റെ അഗാധതയിലേക്ക് ഒന്നിനൊന്ന് താണുകൊണ്ടിരിക്കുകയായിരുന്നു.

പക്ഷേ ഭാഗ്യം! ദൈവം കൽപ്പിച്ചാക്കിയ ആ മഹാമത്സ്യം യോനായെ വിഴുങ്ങി. ആ മഹാമത്സ്യത്തിന്റെ വയറ്റിൽ ഓക്സിജൻ bladder ഉണ്ടായിരുന്നു!

എല്ലാം ദൈവത്തിന്റെ കരുതലാണ്. ആ മഹാമത്സ്യത്തിന്റെ bladder-ൽ നിന്ന് അല്പാൽപ്പമായി വരുന്ന ഓക്സിജൻ ശ്വസിച്ചുകൊണ്ട് യോനാ ആ മഹാമത്സ്യത്തിന്റെ വയറ്റിൽ കിടന്നു. യോനാ കരയാൻ തുടങ്ങി. യോനായ്ക്ക് മനസ്സിലായി താൻ അപകടത്തിലായി എന്ന്. യോനാ പ്രാർത്ഥിച്ചു.

> *"നിന്റെ ദൃഷ്ടിയിൽ നിന്ന് എനിക്കു നീക്കം വന്നിരിക്കുന്നു; എങ്കിലും ഞാൻ നിന്റെ വിശുദ്ധ മന്ദിരത്തിങ്കലേക്കു നോക്കിക്കൊണ്ടിരിക്കും എന്നു ഞാൻ പറഞ്ഞു."* *യോനാ 2 : 4*

ഞാൻ വീണുപോയി. ഞാൻ താണുപോയി. എനിക്ക് അബദ്ധം പറ്റിപ്പോയി. ഇനി എനിക്ക് നിന്റെ മുമ്പിൽ നിൽപ്പാൻ യോഗ്യതയില്ല. കർത്താവേ, എനിക്ക് ശാന്തികിട്ടാൻ ഒരു സാദ്ധ്യതയുമില്ല. എല്ലാം നശിപ്പിച്ചവനാണ് ഞാൻ. ഞാൻ നേർച്ച നേർന്നവനായിരുന്നു. എന്നാൽ ഞാൻ നേർച്ച കഴിച്ചില്ല.

എന്നെത്തന്നെ കർത്താവിന്റെ വേലയ്ക്കുവേണ്ടി സമർപ്പിച്ചുകൊണ്ടുള്ള നേർച്ചയായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ നിന്നോട് ഒരു വാക്ക് പറയാം. ഞാൻ നേർന്നിരിക്കുന്നത് ഞാൻ കഴിക്കും. എനിക്ക് ആയുസ്സു കിട്ടുമെന്ന് ഒരുറപ്പുമില്ല. കാരണം, ഞാൻ തീരാൻ പോവുകയല്ലേ? എനിക്ക് ആശയ്ക്ക് വകയില്ല എങ്കിലും എന്റെ എളിമയിൽ ഞാൻ നിന്നോട് പറയുകയാണ്.

കടലിന്റെ അഗാധതയിൽ ഞാൻ മരിച്ച് നിത്യയാതന യിലേക്ക് പോകാൻ ഇടവരരുതേ എന്നുള്ള ഒരു പ്രാർത്ഥന യുണ്ടെനിക്ക്. നാഥാ, നീ എന്നോട് മനസ്സലിയണമേ.

അത്യാപത്തിന്റെ നടുവിൽ കിടന്നുകൊണ്ട് ദൈവദാസൻ

സമർപ്പിച്ച് പ്രാർത്ഥിക്കുകയാണ്. ആ പ്രാർത്ഥനയാണ് യോനാ പ്രവാചകന്റെ പുസ്തകം 2-ാം അദ്ധ്യായം മുഴുവനും. ഒരു ദൈവദാസന്റെ പ്രാർത്ഥന! “കർത്താവേ, നിന്റെ ദൃഷ്ടിയിൽ നിന്ന് എനിക്ക് നീക്കം വന്നിരിക്കുന്നു എങ്കിലും ഞാൻ നിന്റെ വിശുദ്ധമന്ദിരത്തിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്.”

നിങ്ങൾ ആശയറ്റുപോകുന്ന സമയങ്ങളിൽ സഹായത്തിന്റെ പർവ്വതത്തിങ്കലേക്കു നോക്കുക. എല്ലാവഴിയും അടയുമ്പോൾ, ആരും തുണയില്ലാതാകുമ്പോൾ, സ്വന്തക്കാർ, വീട്ടുകാർ ശത്രുക്കളാകുമ്പോൾ ക്രിസ്തുവിങ്കലേക്ക് നോക്കുക.

നിങ്ങൾ വാടിത്തളരുമ്പോൾ ക്രൂശിലേക്ക് നോക്കൂ. യേശുവിങ്കലേക്ക് നോക്കൂ. അവിടെ ആശവയ്ക്കൂ. യേശുവിനോട് നിലവിളിച്ച് പറയൂ. നിന്റെ ദൃഷ്ടിയിൽനിന്ന് ഇപ്പോൾ എനിക്ക് നീക്കം വന്നിരിക്കുന്നു എങ്കിലും, നീ എന്നോട് കരുണ കാണിക്കണമേ.

നീ എന്റെ എളിയ അനുതാപത്തെയും പ്രാർത്ഥനയെയും ശ്രദ്ധിച്ച് എനിക്ക് ഒരു ഉയിർത്തെഴുന്നേൽപ്പ് തരണമേ. ഈ യാതനയിൽ നിന്നും കഷ്ടതയിൽ നിന്നും ഉയർത്തണമേ.

എന്റെ മക്കൾ സുബോധമില്ലാത്തവരെപ്പോലെ ജീവിക്കുന്നു. അവർ മദ്യപിക്കുന്നു അല്ലെങ്കിൽ കഞ്ചാവ് വലിക്കുന്നു. അവർ ഹാൻസ്, പാൻപരാഗ് ഇവയെല്ലാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അവർ മയക്കുമരുന്നിന് അടിമകളായിത്തീരുന്നു. എന്റെ കർത്താവേ, എന്റെ കുഞ്ഞുങ്ങളെ നീ രക്ഷിക്കണമേ. ഞാനൊരാൾ മൂലമാണ് എന്റെ കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

എന്റെ മക്കളുടെ നാശത്തിന് ഞാനാണ് ഉത്തരവാദി. യേശുവേ, എന്റെ മക്കളോട് നീ മനസ്സലിയണമേ. എന്നെ നീ യഥാസ്ഥാനപ്പെടുത്തണമേ. നിങ്ങൾ പ്രാർത്ഥിക്കണം. നിങ്ങളുടെ അടുത്തു നിൽക്കുന്ന യേശുവിനോട് നിങ്ങൾക്ക് പറയാം: യഹോവേ, ഇത് നിനക്ക് പ്രവർത്തിക്കാനുള്ള

സമയമാകുന്നു.

ഞാൻ മുമ്പ് ദൈവത്തിന്റെ വചനം പറഞ്ഞവനാണ്, പ്രവാചകനാണ്. ദൈവത്തിന്റെ ശുശ്രൂഷ ചെയ്തവനാണ്. ഞാൻ സണ്ടേസ്കൂളിൽ പഠിപ്പിച്ചു. പ്രാർത്ഥനായോഗങ്ങളിൽ പ്രസംഗിച്ചു. ദൈവത്തിന്റെ വേല ചെയ്തു. കർത്താവേ, ഞാൻ പലതും നിനക്കുവേണ്ടി ത്യാഗം സഹിച്ചു. പൈസാ മുടക്കി ഞാൻ പലതും ചെയ്തു.

പക്ഷേ, ഇപ്പോഴാണ് മനസ്സിലാക്കിയത് ഞാൻ എന്റെ ഹൃദയത്തിന്റെ പാപം കണ്ടെത്തിയിരുന്നില്ല. എന്റെ ego ഞാൻ കണ്ടെത്തിയില്ല. എനിക്കൊരു 'ഞാൻ' ഉണ്ടായിരുന്നു. ദൈവത്തിന്റെ വേലക്കാരനാണ് എന്നുള്ള അഹംഭാവം എനിക്കുണ്ടായിരുന്നു. കർത്താവേ, അതുകൊണ്ടാണ് ഞാൻ നിനെവേയിലേക്ക് പോകാൻ പറഞ്ഞപ്പോൾ തർശ്ശീശിലേക്ക് പോയത്. യോനാപ്രവാചകൻ ദൈവത്തിന്റെ സന്നിധിയിൽ കരഞ്ഞു.

ഇന്ന് നിങ്ങൾക്ക് പ്രാർത്ഥിക്കാം. നിങ്ങൾ പ്രാർത്ഥിക്കുന്നത് കേൾക്കാൻ കർത്താവ് വന്നിട്ടുണ്ട്. നിങ്ങളെ തൊട്ട് തലോടി ആശ്വസിപ്പിക്കാൻ യേശു വന്നിട്ടുണ്ട്. നിങ്ങൾക്ക് ശോഭനമായ ഭാവി പുതുക്കിത്തരാൻ യേശു വന്നിട്ടുണ്ട്. നിങ്ങളെ യഥാസ്ഥാനപ്പെടുത്തുവാൻ കർത്താവ് വന്നിട്ടുണ്ട്.

യഥാസ്ഥാനപ്പെടുവിൻ. നഷ്ടപ്പെട്ടതിലേക്ക് തിരികെ വരുവിൻ. നിന്റെ പാപത്തെ ഓർത്ത് കരഞ്ഞുകൊണ്ട് യേശുവിങ്കലേക്ക് തിരികെ വരുവിൻ. അനുതപിപ്പിൻ, കരയുവിൻ, ദൈവകൃപയ്ക്കുവേണ്ടി യാചിപ്പിൻ. നിന്നെ ദൈവം യഥാസ്ഥാനപ്പെടുത്തും.

## പതിമൂന്ന്

*"ഞാനോ സ്തോത്രനാദത്തോടെ നിനക്കു യാഗം അർപ്പിക്കും; നേർന്നിരിക്കുന്നത് ഞാൻ കഴിക്കും. രക്ഷ യഹോവയുടെ പക്കൽനിന്നു വരുന്നു."*

*യോനാ 2 : 9*

നീ എന്നെ യഥാസ്ഥാനപ്പെടുത്തിയാൽ സ്തോത്രനാദത്തോടെ ഞാൻ നിനക്കു യാഗമർപ്പിക്കും. നേർന്നിരിക്കുന്നത് ഞാൻ കഴിക്കും. ഒരിക്കൽ ഞാൻ നേർച്ച നേർന്നതാണ്. ഒരിക്കൽ സമർപ്പണമെടുത്തതാണ്. ഒരിക്കൽ നിന്നോട് വാക്കു പറഞ്ഞതാണ്. ഇനി കോപിക്കയില്ല എന്നു പറഞ്ഞതാണ്. ഇനി മദ്യപിക്കയില്ല എന്ന് പറഞ്ഞതാണ്. എന്റെ ഒരു വാക്കുകൊണ്ടു പോലും ഭാര്യയെ വേദനിപ്പിക്കില്ല എന്ന് പറഞ്ഞതാണ്.

എന്റെ ഭർത്താവിനെ ദു:ഖിപ്പിക്കാൻ ഒരിക്കലും ഇടവരികയില്ല എന്ന് പറഞ്ഞതാണ്. പക്ഷേ ഇന്ന് ഞാൻ അദ്ദേഹത്തെ എപ്പോഴും ചോദ്യം ചെയ്തു കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ കുറ്റങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് ഞങ്ങൾ തമ്മിൽ പരസ്പരം ചേർച്ചയില്ലാതിരിക്കുകയാണ്.

ഞാനാണ് ഉത്തരവാദി. കർത്താവേ, ഞാൻ നേർന്ന നേർച്ചകളെല്ലാം ലംഘിച്ചുകഴിഞ്ഞിരിക്കുന്നു. നിന്നോട് പറഞ്ഞ സമർപ്പണത്തിൽനിന്ന് പുറകോട്ട് പോയിരിക്കുന്നു. യോനാപ്രവാചകന് കുറ്റബോധമുണ്ടായി.

*"അവൻ അവരോട്: എന്നെ എടുത്ത് സമുദ്രത്തിൽ ഇട്ടുകളവിൻ; അപ്പോൾ സമുദ്രം അടങ്ങും; എന്റെ*

*നിമിത്തം ഈ വലിയ കോൾ നിങ്ങൾക്ക് തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു എന്ന് പറഞ്ഞു.” യോനാ 1 : 12*

യോനാപ്രവാചകൻ കപ്പിത്താനോട് പറഞ്ഞ ഈ വാക്യത്തിൽ അനേകം ആശയങ്ങളുണ്ട്.

ഒന്ന്, യോനായ്ക്ക് കുറ്റബോധമുണ്ടായി. അയ്യോ, തെറ്റ് പറ്റിപ്പോയല്ലോ എന്ന് മനസ്സിലായി. പ്രിയപ്പെട്ടവരേ, പരിശുദ്ധാത്മാവാണ് നിങ്ങളുടെ മദ്ധ്യത്തിൽ പ്രവർത്തിക്കുന്നത് എങ്കിൽ നിങ്ങൾക്ക് കുറ്റബോധം ഉണ്ടാകും. അരൂപിയായ ദൈവാത്മാവ് കുറ്റബോധം തരികയാണ്.

യോനായ്ക്ക് കുറ്റബോധം കിട്ടി. അതിനോടൊപ്പം തന്നെ തകർന്നും നുറുങ്ങിയതുമായ ഹൃദയം കിട്ടി. കുറ്റബോധം കിട്ടിയപ്പോൾ ഹൃദയം തകർന്നു.

*“തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല.”*
*സങ്കീർത്തനങ്ങൾ 51 : 17*

1973–80 കാലങ്ങളിൽ, വലമ്പൂർ പള്ളിയിൽ ഉപവാസയോഗം നടക്കുമ്പോൾ വരുന്ന ആളുകളെല്ലാം പ്രസംഗം തുടങ്ങുന്നതിനു മുമ്പേ കരയുകയായിരുന്നു. ഞാനും കരയുന്നു. ജനവും കരയുന്നു. ഉള്ളുരുകുകയായിരുന്നു. ആത്മാവ് പ്രവർത്തിക്കുകയായിരുന്നു. കുറ്റബോധം വരികയായിരുന്നു.

സ്കൂളിൽപോകുന്ന കുട്ടികൾപോലും പാപത്തെ ഓർത്ത് എങ്ങലടിച്ച് കരയുകയായിരുന്നു. അമ്മയോട് നുണപറഞ്ഞുപോയത് ഏറ്റുപറയുന്നു, അദ്ധ്യാപകരുടെ ഇടയിൽ ചെന്ന് മാപ്പുചോദിക്കുന്നു. പരിശുദ്ധാത്മാവ് പ്രവർത്തിക്കുകയാണ്. കുറ്റബോധം വന്നു. തകർന്നും നുറുങ്ങിയതുമായ ഹൃദയം കിട്ടി.

Conviction-കുറ്റബോധം. Contrition-തകർന്ന ഹൃദയം.

തകർച്ച കിട്ടുക, അതൊരു ഭാഗ്യമാണ്. പാപത്തെ ഓർത്ത് കരയാൻ സാധിക്കുക, അതൊരു ഭാഗ്യമാണ്.

ഒരു ദിവസം ഒരു വീട്ടിൽ പ്രാർത്ഥനായോഗം നടക്കുകയായിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് ഒന്ന് രണ്ട് പാട്ട് പാടി. ഞാൻ വചനം പറയാൻ എഴുന്നേറ്റു നിന്നു. ജനം കൂട്ടക്കരച്ചിലായി. ഞാൻ വചനം പറഞ്ഞില്ല. പ്രസംഗമല്ല അവരെ തകർത്തത്. കാരണം, വചനം കേട്ടില്ല അതിനുമുമ്പേ അവർ കരച്ചിലായി.

അന്ന് അവിടെ 14 പേർ ജീവിതം കർത്താവിന് സമർപ്പിച്ചു. കുറ്റബോധം കിട്ടി, തകർച്ച കിട്ടി പാപത്തോട് യാത്ര പറഞ്ഞെങ്കിൽ മാത്രമേ കൈ പൊക്കി സമർപ്പണമെടുക്കാവൂ അല്ലെങ്കിൽ ദൈവത്തെ പരിഹസിക്കുകയാണ്.

ഉള്ളിൽ സമർപ്പണമില്ല പക്ഷേ, ഞാൻ സമർപ്പണം എടുത്തു എന്നും പറയുന്നു. തെറ്റാണത്. നാം കൈ പൊക്കുന്നുവെങ്കിൽ ഉള്ളിൽ ദൃഢമായ ബോദ്ധ്യമുണ്ടായിരിക്കണം. ഞാൻ എന്റെ ജീവിതം കർത്താവിന് കൊടുത്തിരിക്കുന്നു. എന്റെ തെറ്റ് ഞാൻ കണ്ടെത്തിയിരിക്കുന്നു. ഇനി മേലിൽ പാപമില്ലാതെ ഞാൻ ജീവിക്കും.

ഈ തീരുമാനമുള്ളവരാണ് കരമുയർത്തി ദൈവത്തെ സ്തുതിക്കേണ്ടത്. അപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ ഇറങ്ങും. അല്ലാത്തവരുടെമേലോ പരിശുദ്ധാത്മാവ് ഇറങ്ങുകയില്ല.

ഈ വചനം വായിക്കുമ്പോൾ നിങ്ങൾക്കും കുറ്റബോധമുണ്ടാകണം. നിങ്ങളുടെ ഉള്ള് തകരണം. കഴിഞ്ഞ കാലങ്ങളിൽ എന്തു കോപിഷ്ഠനും ദുശ്ശാഠ്യക്കാരനുമായിരുന്നു! എന്ത് നിർബ്ബന്ധബുദ്ധിയുള്ള മനുഷ്യനായിരുന്നു! എന്തായിരുന്നു എന്റെ തനി സ്വഭാവം! പ്രകടമായ മദ്യപാനത്തിലേക്കോ വ്യത്തികേടിലേക്കോ പോയില്ല. പക്ഷേ, ഞാൻ ആരാണ്? അശുദ്ധചിന്തകൾ നിറഞ്ഞ മനുഷ്യനായിരുന്നു. അഴുക്കു വികാരങ്ങൾ ഉള്ള മനുഷ്യനായിരുന്നു.

റാഗിംഗ് എന്നുപറയുന്ന ക്രൂരവിനോദം ഇന്ന് നമ്മുടെ കോളേജുകളിലുണ്ട്. സുബോധമില്ലാത്ത വിദ്യാർത്ഥിവൃന്ദം പിശാചിന്റെ പിണിയാളുകളായിത്തീരുന്നു. അവർക്കെല്ലാം ഒരു സുബോധം കിട്ടിയിരുന്നെങ്കിൽ! യോനക്ക് Conviction വന്നു. Contrition വന്നു. Conversion വന്നു. അവന് മാനസാന്തരം വന്നു.

*"എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു."*

*യോനാ 1 : 12*

ഇന്ന് ഏതെല്ലാം തരത്തിൽ ജീവിതം പാഴാക്കിയവരാണെങ്കിലും നിങ്ങൾക്ക് മാനസാന്തരം വരട്ടെ. ചെയ്ത തെറ്റിനെ ഓർത്തുള്ള അനുതാപം വരട്ടെ. അയ്യോ, തെറ്റ് പറ്റിപ്പോയല്ലോ എന്നുള്ള നിലവിളി വരട്ടെ.

മാനസാന്തരം എന്നുള്ള വാക്ക് എനിക്ക് തേനിലും തേൻകട്ടയിലും മധുരമാണ്. എന്നെ ഇന്നത്തെ ഈ സമാധാനത്തിലേക്ക് നയിച്ചത് മാനസാന്തരമാണ്. 17–ാമത്തെ വയസ്സിൽ കിട്ടിയ മാനസാന്തരമാണ് എന്നെ ഇന്നുവരെ നടത്തിയത്, ഐശ്വര്യമായി കൊണ്ടുവന്നത്.

പ്രിയപ്പെട്ടവരേ, നിങ്ങൾ മാനസാന്തരപ്പെടുക. പടിഞ്ഞാറോട്ട് പോകുന്ന മനുഷ്യൻ നേരെ തിരിഞ്ഞ് കിഴക്കോട്ടു നടക്കുക. കൊള്ളരുതായ്മയിലേക്ക് പോകുന്ന മനുഷ്യൻ ഇനിയില്ല എന്ന് തീരുമാനിച്ച്, സകല തിന്മയോടും യാത്ര പറഞ്ഞ് തിരിഞ്ഞുവരിക. യോനാപ്രവാചകന് Conversion ഉണ്ടായി. തുടർന്ന് Conviction, contrition, conversion എന്നിവയും. അതിനെത്തുടർന്ന്, Confession കുമ്പസാരം.

യോനാപ്രവാചകൻ തന്നത്താൻ പറഞ്ഞു: എനിക്ക് തെറ്റുപറ്റിപ്പോയി. തന്നോട് സംസാരിച്ച ആ കപ്പിത്താനോടും പറഞ്ഞു, താൻ നിമിത്തമാണ് ഈ വലിയകോൾ തട്ടിയിരിക്കുന്നത്.

യോനാപ്രവാചകന് മാനസാന്തരമുണ്ടായി. അതോടൊപ്പം കുമ്പസാരം അഥവാ ഏറ്റുപറച്ചിൽ ഉണ്ടായി. കുമ്പസാരം എന്നുപറഞ്ഞാൽ ഇന്നത്തെ രീതിയിൽ പേരിനുള്ള കുമ്പസാരമല്ല. അതെല്ലാം ഇന്ന് വെറും ചടങ്ങുകളായി മാറിയിരിക്കുന്നു.

അച്ചന്റെ മുമ്പിൽ മുട്ടുകുത്തി അച്ചൻ കുറേ കാര്യങ്ങളൊക്കെ പറഞ്ഞു. എന്തെങ്കിലും പറയാനുണ്ടോ എന്ന് ചോദിച്ചു. ഒന്നുമില്ല എന്ന് പറയും. അച്ചൻ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു, എഴുന്നേറ്റുപോയി. അനേകം കുമ്പസാരങ്ങളും ഇന്ന് കള്ളക്കുമ്പസാരങ്ങളാണ്. പാപങ്ങളൊന്നും പറയില്ല.

ദൈവസന്നിധിയിലിരുന്ന് conversion കിട്ടിയിട്ട്, വാസ്തവമായി മാനസാന്തരം കിട്ടിയിട്ട് വേണം കുമ്പസാരിക്കാൻ. എന്നിട്ടാണ് പാപം ഏറ്റുപറയേണ്ടത്. ഇതൊന്നുമില്ലാതെ അച്ചൻ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. പാപമെല്ലാം മോചിച്ചുവെന്ന് പാവങ്ങൾ വിശ്വസിച്ചുകൊണ്ട് പോകുന്നു. പാപം അവിടെത്തന്നെയുണ്ട്. ഇന്നത്തെ കുമ്പസാരങ്ങളൊക്കെ അങ്ങനെയല്ലേ? ഞാനിങ്ങനെയെല്ലാമുള്ള ചില സത്യങ്ങൾ പറയുന്നതുകൊണ്ടാണ് ചിലർക്ക് എന്നോട് ഇഷ്ടക്കുറവ്. വേദപുസ്തകം എന്തുപറയുന്നു?

> *"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."*
>
> *സദൃശവാക്യങ്ങൾ 28 : 13*

> *"മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്ക് മഹത്വം കൊടുത്ത് അവനോട് ഏറ്റു പറക; നീ എന്തു ചെയ്തു എന്നു പറക; എന്നോട് മറച്ചുവയ്ക്കരുത് എന്നു പറഞ്ഞു." യോശുവ 7 : 19*

കൃത്യമായി പാപം ഏറ്റുപറയണം. വേദനയോടെ പാപം ഏറ്റുപറയണം. ഇനിമേൽ അതുണ്ടാവുകയില്ല എന്നുള്ള

തീരുമാനത്തോടെ പാപം ഏറ്റുപറയണം.

*"എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്ക് തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു."*

*യോന 1 : 12*

പ്രവാചകന് സത്യമായി ഒരു അനുതാപം കിട്ടിയപ്പോൾ ദൈവം നിയോഗിച്ച മീൻ കടലിന്റെ അടിയിൽ വന്ന് നിന്നു കഴിഞ്ഞു. മഹാമത്സ്യം പ്രവാചകനെ വിഴുങ്ങാൻ വായ് പിളർന്ന് നിൽക്കുന്നു. കപ്പൽ നീങ്ങുന്നു. മത്സ്യവും നീങ്ങുന്നു.

മൂന്ന് ദിവസം കൊണ്ട് ഈ മത്സ്യം 5000 മൈൽ സഞ്ചരിച്ചു. കാരണം, മത്സ്യത്തിന്റെ വയറ്റിൽ ഈ കെടാച്ചരക്ക് ചെന്നപ്പോൾ മത്സ്യത്തിന് സ്വസ്ഥതയില്ലാതായി. അത് വിറളിപൂണ്ട് ഓടുകയാണ്. പക്ഷേ, അത് ദൈവം നിശ്ചയിച്ച വഴിയിൽക്കൂടിയാണ് ഓടിയത്. നിനവേയുടെ തീരത്ത് മത്സ്യം യോനായെ ഛർദ്ദിച്ചു! ദൈവത്തിനു സ്തോത്രം.

എല്ലാം കണ്ടുകൊണ്ട് നിത്യസ്നേഹമായ ക്രിസ്തു നിൽക്കുകയായിരുന്നു. ദൈവത്തിന് ഒരു ഉദ്ദേശമേ ഉള്ളൂ. മകനേ, നിന്നെ യഥാസ്ഥാനപ്പെടുത്തണം. നഷ്ടപ്പെട്ടുപോയ പദവികൾ നിനക്ക് തരണം. നഷ്ടപ്പെട്ടുപോയ ശുശ്രൂഷ നിനക്ക് തിരികെ തരണം. നഷ്ടപ്പെട്ടുപോയ സമർപ്പണം തിരികെത്തരണം. കാരണം, നിന്റെ നന്മയാണ് ദൈവം ആഗ്രഹിക്കുന്നത്.

ഇന്ന് നമുക്ക് സ്വസ്ഥത വേണമെങ്കിൽ നമ്മുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന ഈ അനുസരണക്കേടിനെ നാം പുറത്തെറിഞ്ഞു കളയണം. അകത്ത് കെടാച്ചരക്കുണ്ട്. ഇതുവരേയും ഏറ്റുപറഞ്ഞുപേക്ഷിക്കാത്ത പാപങ്ങളുണ്ട്. ഈ പാപങ്ങൾ എറിഞ്ഞുകളയാതെ കുഞ്ഞേ, നിന്റെ വീട്ടിൽ സ്വസ്ഥത കിട്ടുകയില്ല. മോളേ, നിന്റെ കുടുംബത്തിൽ സമാധാനം കിട്ടുകയില്ല.

നിന്റെ ജീവിതത്തിലെ പാപങ്ങൾ നീ രഹസ്യത്തിൽ നിത്യനായ ദൈവത്തോട് പറഞ്ഞുകൊണ്ട് ഇനിമേൽ ആ പാപം വരികയില്ല എന്ന് ഏറ്റുപറയുമ്പോൾ നിനക്ക് സമാധാനം കിട്ടും. ഈ കപ്പലിന്റെ കേട് മാറും. ഈ മത്സ്യത്തിന്റെ കേട് മാറും. എല്ലാം മാറും.

കെടാച്ചരക്ക് ഉള്ളിലുണ്ട്. അത് എറിഞ്ഞുകളയുക. മറഞ്ഞിരിക്കുന്ന പാപം എറിഞ്ഞുകളയുക.

> *"സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെമേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും. എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ." സങ്കീർത്തനങ്ങൾ 19 : 13, 14*

ഇത്രയും കാലം എന്റെ വായിലെ വാക്കുകൾ നിനക്കു പ്രസാദമായിരുന്നില്ല. എന്റെ ജീവിതത്തിലെ പ്രവർത്തികളൊന്നും നിനക്ക് പ്രസാദമായിരുന്നില്ല.

> *"തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ." സങ്കീർത്തനങ്ങൾ 19 : 12*

എനിക്ക് മറഞ്ഞിരിക്കുന്ന തെറ്റുകളുണ്ട്. എല്ലാം ഒന്ന് ക്ഷമിച്ചു തരണമേ.

പ്രിയപ്പെട്ടവരേ, എല്ലാം ഏറ്റുപറയുക. നിങ്ങൾ തകർന്ന മനസ്സോടെ, നുറുങ്ങിയ ഹൃദയത്തോടെ, മേലിൽ പാപം ചെയ്യുകയില്ല എന്ന തീരുമാനത്തോടെ, ഹൃദയത്തിൽ സമർപ്പണമെടുത്തുകൊണ്ട് പാപം ഏറ്റുപറയുക. മാനസാന്തരം ഉണ്ടാകട്ടെ.

യോനാപ്രവാചകൻ മത്സ്യത്തിന്റെ വയറ്റിൽ കിടന്നുകൊണ്ട്

പ്രാർത്ഥിച്ചു.

> *"യോനാ മത്സ്യത്തിന്റെ വയറ്റിൽ വച്ചു തന്റെ ദൈവമായ യഹോവയോടു പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ: ഞാൻ എന്റെ കഷ്ടത നിമിത്തം യഹോവയോട് നിലവിളിച്ചു; അവൻ എനിക്ക് ഉത്തരമരുളി; ഞാൻ പാതാളത്തിന്റെ വയറ്റിൽ നിന്ന് അയ്യം വിളിച്ചു; നീ എന്റെ നിലവിളി കേട്ടു. നീ എന്നെ സമുദ്രമദ്ധ്യേ ആഴത്തിൽ ഇട്ടുകളഞ്ഞു; പ്രവാഹം എന്നെ ചുറ്റി നിന്റെ ഓളങ്ങളും തിരകളുമെല്ലാം എന്റെ മീതെ കടന്നുപോയി. നിന്റെ ദൃഷ്ടിയിൽനിന്ന് എനിക്ക് നീക്കം വന്നിരിക്കുന്നു; എങ്കിലും ഞാൻ നിന്റെ വിശുദ്ധമന്ദിരത്തിങ്കലേക്കു നോക്കിക്കൊണ്ടിരിക്കും എന്നു ഞാൻ പറഞ്ഞു. വെള്ളം പ്രാണനോളം എന്നെ വളഞ്ഞു, ആഴി എന്നെ ചുറ്റി, കടൽപ്പുല്ല് എന്റെ തലപ്പാവായിരുന്നു. ഞാൻ പർവ്വതങ്ങളുടെ അടിവാരങ്ങളോളം ഇറങ്ങി, ഭൂമി തന്റെ ഓടാമ്പലുകളാൽ എന്നെ സദാകാലത്തേക്ക് അടച്ചിരുന്നു. നീയോ, എന്റെ ദൈവമായ യഹോവേ, എന്റെ പ്രാണനെ കുഴിയിൽനിന്ന് കയറ്റിയിരിക്കുന്നു. എന്റെ പ്രാണൻ എന്റെ ഉള്ളിൽ ക്ഷീണിച്ചുപോയപ്പോൾ ഞാൻ യഹോവയെ ഓർത്തു എന്റെ പ്രാർത്ഥന നിന്റെ വിശുദ്ധമന്ദിരത്തിൽ നിന്റെ അടുക്കൽ എത്തി. മിഥ്യാബിംബങ്ങളെ ഭജിക്കുന്നവർ തങ്ങളോട് ദയാലുവായവനെ ഉപേക്ഷിക്കുന്നു. ഞാനോ സ്തോത്രനാദത്തോടെ നിനക്ക് യാഗം അർപ്പിക്കും; നേർന്നിരിക്കുന്നത് ഞാൻ കഴിക്കും. രക്ഷ യഹോവയുടെ പക്കൽനിന്നു വരുന്നു. എന്നാൽ യഹോവ മത്സ്യത്തോടു കൽപ്പിച്ചിട്ട് അത്*

*യോനായെ കരയ്ക്ക് ഛർദ്ദിച്ചു കളഞ്ഞു."*

*യോനാ 2 : 1 – 10*

യോനാ താൻ ഒരിക്കൽ ചെയ്ത സമർപ്പണത്തിലേക്ക്, ഒരിക്കൽ ചെയ്ത നേർച്ചയിലേക്ക് തിരികെ വരുന്നു. യോനാ ദൈവത്തോട് പ്രാർത്ഥിച്ചു. യഹോവ മത്സ്യത്തോട് കൽപ്പിച്ചിട്ട് അത് യോനയെ കരയ്ക്കു ഛർദ്ദിച്ചു.

മോചനം കിട്ടുമെന്ന് പ്രതീക്ഷിച്ചതല്ല. തീർന്നു എന്നാണ് വിചാരിച്ചത്. എന്നാൽ തീർന്നുപോയില്ല. അനുതപിച്ചു പ്രാർത്ഥിച്ചാൽ തീർന്നുപോകാതെ രക്ഷിക്കും.

Conviction, contrition, conversion, മാത്രമല്ല confession. അങ്ങനെ പ്രാർത്ഥിച്ചാൽ ദൈവം കേൾക്കും. നിങ്ങൾക്ക് അങ്ങനെയുള്ള അനുഭവങ്ങളുണ്ടോ? കണ്ണീർ പൊഴിച്ചുകൊണ്ട് ദൈവത്തിന്റെ കൃപയ്ക്കുവേണ്ടി യാചിക്കുമ്പോൾ ദൈവം പ്രാർത്ഥന കേട്ടു എന്നുള്ള അനുഭവങ്ങൾ നിങ്ങൾ പ്രാപിച്ചിട്ടുണ്ടോ? കുറ്റബോധത്തോടെ, അനുതാപത്തോടെ, ഹൃദയത്തകർച്ചയോടെ മാനസാന്തരപ്പെട്ടുകൊണ്ട് പാപങ്ങൾ ഏറ്റുപറയുക.

എന്നന്നേക്കുമായി പാപങ്ങളെ ഏറ്റുപറയുക, ഉപേക്ഷിക്കുക. ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുക. വീണു കിടക്കുന്നേടത്തുനിന്ന് ദൈവം ഉദ്ധരിക്കും. ആഴിയുടെ ആഴങ്ങളിൽനിന്ന് ഉദ്ധരിച്ച്, ഉയർത്തി, യോനാപ്രവാചകനെ ദൈവം എത്തേണ്ടിടത്ത് എത്തിച്ചു. യോനായ്ക്ക് പുതിയ നിയോഗം ലഭിച്ചു. Commission.

നിങ്ങൾ ഇന്ന് നിങ്ങളുടെ സമർപ്പണം പുതുക്കണം. ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുക. നിങ്ങളുടെ മുമ്പിൽ കർത്താവ് കരം നീട്ടിക്കൊണ്ട് നിൽക്കുകയാണ്. ആ തൃക്കരങ്ങളിൽ ആണിപ്പാടുണ്ട്. തിരുരക്തം ഒലിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ കരങ്ങളിലേക്ക് നിങ്ങളുടെ ഭാവി നിങ്ങൾ ഏല്പിച്ചുകൊടുക്കുമോ? നിങ്ങളുടെ ജീവിതം ധന്യമാകും.

നിങ്ങളുടെ ജീവിതം പ്രസാദപൂർണ്ണമാകും. നിങ്ങളുടെ മുഖത്തിന്റെ മ്ലാനത മാറും.

ജീവിതത്തിന്റെ ക്ഷീണങ്ങൾ മാറും. നിങ്ങൾക്ക് ധൈര്യം ലഭിക്കും. ആശ്വാസം ലഭിക്കും. ആ തിരുരക്തം നിങ്ങളുടെ പാപങ്ങൾ കഴുകിത്തരും. എല്ലാം ക്ഷമിക്കും. യോനാ പ്രവാചകന് കർത്താവ് എല്ലാം ക്ഷമിച്ചുകൊടുത്തു. യോനാ പ്രവാചകന് കിട്ടിയ അനുഭവമെന്താണ്?

> *"യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം യോനെക്കു ഉണ്ടായത് എന്തെന്നാൽ: നീ പുറപ്പെട്ട് മഹാനഗരമായ നിനെവേയിലേക്ക് ചെന്ന് ഞാൻ നിന്നോട് അരുളിച്ചെയ്യുന്ന പ്രസംഗം അതിനോട് പ്രസംഗിക്ക."* *യോനാ 3 : 1, 2*

യോനാപ്രവാചകന് രണ്ടാംപ്രാവശ്യം അരുളപ്പാടുണ്ടായി. ദൈവം ഒരു second chance തരികയാണ്. എനിക്ക് ഒരു വർഷം മുമ്പ് Heart-ന്റെ bypass surgery കഴിഞ്ഞപ്പോൾ തീർന്നു എന്ന് വിചാരിച്ചതാണ്. ഇനി പ്രസംഗിക്കുകയില്ല എന്ന് കരുതിയ താണ്.

നടക്കാൻ പറ്റുന്നില്ല. സംസാരിക്കുമ്പോൾ വിറ വരുന്നു. ഏതാനും സമയം വെന്റിലേറ്ററിൽ കിടന്നു. വളരെ നിർണ്ണായകമായ സമയമായിരുന്നു. ഇപ്പോഴും അതിന്റെ കേടുകളും കെടുതികളും മാറിയിട്ടില്ല. വചനം പറയാൻ കർത്താവ് കൃപ തരുന്നതുകൊണ്ട് വചനം പറയുന്നു.

Second chance തന്നു എന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇനിയും ശുദ്ധീകരണം പ്രാപിപ്പാൻ, വേല തീർക്കാൻ, ശുശ്രൂഷ തികയ്ക്കാൻ, കർത്താവിന്റെ പാദസേവ ചെയ്യാൻ വീണ്ടും അവസരം തന്നിരിക്കുന്നു. എത്രകാലം? അവിടുത്തെ ഇഷ്ടം. എനിക്ക് ഒന്നും പറയാനില്ല. ഞാൻ അവിടുത്തെ ദാസനാണ്. ഞാൻ നിന്റെ അടിമയാണ്. എന്റെ ജീവിതം ഞാൻ നിനക്ക് തന്നതാണ്. ഒരിക്കൽ തന്നത് ഞാൻ തിരികെ

എടുക്കുകയില്ല. അത് നിനക്ക് സമർപ്പിച്ചതാണ്. ഞാനും എന്റെ കുടുംബവും ഞങ്ങൾ യഹോവയെ സേവിക്കും. ഞാൻ പടകും വലയും വിട്ട് നിന്റെ പിന്നാലെ വരികയാണ്.

ഈ ഭൂമിയിൽ വേറെ ആഗ്രഹങ്ങളൊന്നുമില്ല. കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവന്റെ വിശുദ്ധന്മാരുടെ നിരയിൽ ഞാനും വേണം. 17–ാമത്തെ വയസ്സിൽ ഞാൻ എന്റെ ജീവിതം യേശുവിന് സമർപ്പിച്ചു. 17–ാമത്തെ വയസ്സിൽ തുടങ്ങിയ ആ സ്നേഹബന്ധം ഒന്നിനൊന്ന് ശക്തിപ്പെട്ട് ശക്തിപ്പെട്ട് ഈ 82–ാമത്തെ വയസ്സിലും ആ സ്നേഹ ബന്ധത്തിൽ അടിയുറച്ച് നിൽക്കുകയാണ്.

നിങ്ങൾക്ക് രണ്ടാം പ്രാവശ്യം അരുളപ്പാട് വേണമോ? ഒരു Second chance വേണമോ? എങ്കിൽ നിങ്ങൾ കർത്താവിനോട് പ്രാർത്ഥിക്കുക: യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഞാൻ ഇന്നുമുതൽ നിനക്കായി ജീവിക്കും. നിന്റെ തിരുരക്തത്താൽ എന്റെ പാപങ്ങളെല്ലാം കഴുകണമേ. നീ രണ്ടാമത് വരുമ്പോൾ മഹാപാപിയായ എന്നെയും ഓർക്കണമേ. യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ ആണിപ്പാടുള്ള കരം എന്റെ തലമേൽ വയ്ക്കണമേ. എന്നെ നീ രൂപാന്തരപ്പെടുത്തണമേ. യേശുവിൻ നാമത്തിൽ തന്നേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല
137. പ്രത്യാശയുടെ നറുനാമ്പുകൾ

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| രണ്ടാം ശനിയാഴ്ച (മാസം തോറുമുള്ള പ്രധാന യോഗം) | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള | |
| രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |